Date of publication: 9 മാർച്ച് 2018
വോള്യം 14 / ലക്കം 3 / വില 20₹
ISSN 2319 – 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത




## സ്ത്രീവാദി




കവർ ചിത്രം
കടപ്പാട് :
**ആയിഷാ മെഹമൂദിന്റെ കൈത്തുന്നൽ**

# സംഘടിത

**സംഘടിത/ മാർച്ച് 2018/വോള്യം 14/ലക്കം 3**


സ്ത്രീവാദ ഇടപെടലുകൾ എന്നിലുണ്ടാക്കിയ മാറ്റങ്ങൾ 5
**കെ. അജിത**

'...അടിമകളല്ലിനി നാം..."
**സാറാജോസഫ്** 7

ഉയിരുപ്പ്
**കവിത/ഡോണ മയൂര** 8

മാറുന്ന കേരളവും സ്ത്രീകളും
**കെ. ശാരദാമണി** 9

മഹാസ്വാതന്ത്ര്യമെന്നത് വെറുമൊരു വാക്കല്ല
**എസ്. ശാരദക്കുട്ടി** 10

ഒറ്റയ്ക്ക്
**കവിത/ദീപ വി.കെ.** 12

അനുഭവവും സിദ്ധാന്തവും : ഇസ്ലാമും ലിംഗരാഷ്ട്രീയവും 9/11 നു ശേഷം
**ഉമ്മുൽ ഫായിസ** 12

ഫെമിനിസ്റ്റ് ജീവിതം
**ജെ. ദേവിക** 18

ഇതാണെന്റെ ഫെമിനിസം
**പി. വിജി** 20

ഫെമിനിസത്തിന്റെ ജൈവികമായ കൂടിച്ചേരൽ
**ഗാർഗ്ഗി** 21

സ്ത്രീസമത്വം – കുടുംബങ്ങളിൽ
**ശലഭ** 22

പെൺപാകത്തിൽ വിശാലമാകേണ്ട ലോകം
**വിജില ചിറപ്പാട്** 24

ഒരു പൊരിച്ച മീൻ വിവാദത്തിന്റെ ഉള്ളറകളിലൂടെ
**മഞ്ജു കെ. ആർ.** 26

ക്ഷമാപണമെന്യേ ഫെമിനിസ്റ്റ് ആയിരിക്കുക
**എലിസബത്ത്** 28

മാറുന്ന ലോകവും മാറാത്ത കാഴ്ച്ചകളും
**അശ്വതി** 30

അനുഭവങ്ങൾ
**രാജി രാധാകൃഷ്ണൻ** 31

ഞാൻ എന്ന സ്ത്രീ
**ഗീത** 32

എന്റെ ഫെമിനിസത്തെപ്പറ്റി
**എം. ലീലാവതി** 33

ചുമരുകൾക്കപ്പുറത്തെ വിശാലകുടുംബം
**ഏലിയാമ്മ വിജയൻ** 36

പ്രണയിനി, സുഹൃത്ത്, കോമ്രേഡ് – ബന്ധങ്ങളിലെ ജനാധിപത്യങ്ങൾ
**രൂഹൻ** 39

മതസ്വത്വം , ജാതിസ്വത്വം , സ്വത്വം
**ശ്രീരേഖ** 40

സഹോദരിമാരുടെ മാനം രക്ഷിക്കാനായി ഒരു പുസ്തകം
**മിനി പ്രസാദ്** 48

പുതിയലോകം സൃഷ്ടിക്കുക
**ശ്രീജിത** 51

സ്ത്രീവാദി
**ജ്യോതി നാരായണൻ** 53

മേബിളമ്മായിയുടെ വീട്ടിലേക്കുള്ള യാത്ര
**വിധു വിൻസെന്റ്** 56

സ്ത്രീപക്ഷവും കാലഹരണപ്പെട്ട വർഗ്ഗ സിദ്ധാന്തങ്ങളും
**ഇഞ്ചിപ്പെണ്ണ്** 59

A-B-C-D-E-F-G
**കവിത/ഭദ്ര അജിത്** 61

മനുസ്മൃതിയുടെ മെനുവിലില്ലാത്ത സ്വാതന്ത്ര്യം
**ശാന്തി ജയകുമാർ** 62

സമ്മതപത്രങ്ങൾക്കുള്ള കാത്തിരിപ്പുകൾക്കൊടുവിൽ രൂപപ്പെട്ടവൾ
**അമീറ വി.യു.** 66

ഇടിമുഴക്കങ്ങളും മിന്നൽപ്പിണറുകളും
**വഴിത്താരകൾ/ജാനകി** 68

ഒരു ഏഴാം ക്ലാസുകാരി പറയുന്നു; ഞാനും ഒരു കൊച്ചു ഫെമിനിസ്റ്റ്!
**അലിഷാ അംജദ്** 71

ചില ചെറുനീരസങ്ങൾ
**ആർ. ഷർമിള** 72

വെണ്ടയ്ക്കാത്തോരൻ
**കഥ/നിർമ്മല** 75

അമ്മയെന്ന സ്ത്രീവാദി
**മായാപ്രമോദ്** 77

വാസ്തവം
**ഡോ. ജാൻസി ജോസ്** 78

ഹെൻറീത്ത സ്വാൻ ലെവിറ്റ് നക്ഷത്രങ്ങളുടെ കൂട്ടുകാരി
**ശാസ്ത്രം/സീമ ശ്രീലയം** 79


**ഫോട്ടോഫീച്ചർ : ചിത്രങ്ങൾ – ഷാരോൺ റാണി, ആയിഷ മെഹമൂദ്**

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ** : ഡോ. ജാൻസി ജോസ്, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

കഴിഞ്ഞു പോയ മാസം പ്രസന്നമായി കുറിക്കപ്പെടാൻ കഴിയുന്ന ഒന്നേ ആയിരുന്നില്ല. സംസ്ക്കാരിക ആധിപത്യത്തിന്റെയും ആൾക്കൂട്ട ഹിംസയുടെയും ഒരു ഇരയെക്കൂടി സൃഷ്ടിച്ചിരിക്കയാണ് പ്രബുദ്ധകേരളം. തിരിച്ച് ആക്രമിക്കാൻ സാധ്യതയില്ലാത്തവരുടെ നേർക്ക് കാണിക്കപ്പെടുന്ന ഈ വെറിമരണത്തിൽ കലാശിക്കുമ്പോൾ മാത്രം നമുക്ക് ഞെട്ടലും കോപവും ദുഃഖവും ഉണ്ടാക്കുന്നു. ദൈനംദിനമായി സ്ത്രീകളും, കുട്ടികളും, ദലിതരും, ആദിവാസികളും, കുടിയൊഴിപ്പിക്കപ്പെട്ടവരുമൊക്കെ അനുഭവിക്കുന്ന കടന്നാക്രമണങ്ങൾ നമ്മുടെ മനസ്സാക്ഷിയെ അലോസരപ്പെടുത്താത്തതെന്തുകൊണ്ടാണ്? പരിഹസിക്കപ്പെട്ടും ആക്രമിക്കപ്പെട്ടും മനുഷ്യൻ എന്ന പദവി പോലും നിഷേധിക്കപ്പെട്ടും നിസ്സഹായനായി നിൽക്കുന്ന മധുവിന്റെ മുഖം നമ്മുടെ എല്ലാ മൂലധനാഹന്തകളെയും തകർത്ത് തരിപ്പണമാക്കുന്നുണ്ട്. മധുവിന്റെ കൊലപാതകം നൽകുന്ന മുന്നറിയിപ്പ് മലയാളിയുടെ സമൂലമായ സാംസ്ക്കാരികനവീകരണത്തിന്  ആഹ്വാനമാകേണ്ടതാണ്.

ത്രിപുരയിലെ തെരഞ്ഞെടുപ്പ് ഫലം നിരാശയും ആധിയും ഒരു പോലെ ജനിപ്പിക്കുന്നതായിത്തീർന്നു. മുതലാളിത്തത്തിന്റെയും ഫാഷിസത്തിന്റെയും നൂതനയന്ത്രങ്ങളുടെ ദ്രുതപ്രവർത്തനപരിസരത്ത് ഏറ്റവും ദരിദ്രനായ ഒരു മുഖ്യമന്ത്രിക്ക് പിടിച്ചു നിൽക്കാനാവുമെന്ന് വിചാരിക്കുക വയ്യ! ജനങ്ങളുടെ നൈതികബോധത്തോടെയുള്ള ആഹ്വാനങ്ങളെ തകർക്കുന്ന സമ്പത്തിന്റേയും അധികാരത്തിന്റെയും പ്രലോഭനങ്ങളാണല്ലോ തെരഞ്ഞെടുപ്പ് വിജയങ്ങളെ പലപ്പോഴും സ്വാധീനിക്കുന്നത്. ഇതിനെ മറികടക്കാൻ പോന്ന സംഘാടനവും ആശയപ്രചരണവും അത്രമേൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് നമ്മളെ ഓർമ്മപ്പെടുന്നു.

പാകിസ്ഥാനിലെ സാമൂഹ്യപരിവർത്തനത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന അസ്മ ജഹാംഗീർ (66) അന്തരിച്ചു.നിർണ്ണായകവും സുശക്തവുമായ പല സമരങ്ങളും – പ്രക്ഷോഭക എന്ന നിലയിലും നിയമജ്ഞ എന്ന നിലയിലും – അവർ നടത്തി.മിക്കവയും ഭരണകൂടത്തെ വെല്ലുവിളിക്കുന്നതായിരുന്നു എന്നതാണ് സമരമുഖത്ത് അവരെ വേറിട്ടു നിർത്തിയത്.നിർബന്ധിത ഇസ്ലാമീകരണത്തിനെതിരെ, ’വ്യഭിചാര’ത്തിന് സ്ത്രീകളെ കല്ലെറിഞ്ഞു കൊല്ലുന്ന ഹുദൂദ് ഓർഡിനൻസിനെതിരെ, ദൈവനിന്ദക്കുറ്റം (ബ്ലാസ്ഫെമി) ചുമത്തപ്പെട്ട് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട 14കാരനു വേണ്ടി – അങ്ങനെ രാജ്യത്തിന്റെ കരിനിയമങ്ങളെ ചോദ്യം ചെയ്യുന്ന അനേകം കോരിത്തരിപ്പിക്കുന്ന പോരാട്ടങ്ങളും വിജയങ്ങളും അവരുടെ പേർക്കുണ്ട്. പാകിസ്ഥാൻ പ്രസിഡന്റായിരുന്ന സിയ ഉൽ ഹഖിനെതിരെ ആദ്യം തെരുവിലിറങ്ങിയ വിമൻസ് ഏക്ഷൻ ഫോറത്തിന്റെ പ്രധാന പ്രവർത്തക കൂടിയായിരുന്നു അവർ.പാകിസ്ഥാൻ ഒരു പിന്തിരിപ്പൻ രാജ്യമാണെന്ന് എഴുതിത്തള്ളുന്ന ഇന്ത്യൻ രാഷ്ട്രതന്ത്രനിർമ്മിതികളെ തകർക്കുന്നതുകൂടിയായിരുന്നു അവരുടെ ജീവിതം. ആദരാഞ്ജലികൾ.

മാർച്ച് മാസം വനിതാദിനത്തിന്റേതു കൂടിയാണ്.ഒരു നൂറ്റാണ്ട് മുമ്പ് കുടുതൽ കൂലിയും ഗുണപരമായ തൊഴിൽസമയവും ആവശ്യപ്പെട്ട് ഷിക്കാഗോയിലെ സ്ത്രീത്തൊഴിലാളികൾ തെരുവിലിറങ്ങിയതിന്റെ സമരോർജ്ജത്തിന്റെ ഓർമ്മപ്പെടുത്തൽ.പ്രചോദനം. നമ്മുടെ ജീവിതത്തെ കയ്യടക്കുന്ന  എല്ലാറ്റിനെയുമെന്ന പോലെ  കമ്പോളം ഈ ദിനവും ഏറ്റെടുത്ത് സൗന്ദര്യവർദ്ധകവസ്തുക്കളും വസ്ത്രങ്ങളുമൊക്കെ വിൽക്കാൻ ശ്രമിക്കുമ്പോൾ നമുക്കീദിനം വീണ്ടെടുക്കേണ്ടതുണ്ട്. ഈ ദിനം മാത്രമല്ല എല്ലാ ദിനവും നമുക്കുള്ളതാക്കിത്തീർക്കാൻ! എല്ലാവർക്കും വിപ്ലവവീര്യത്തോടെയുള്ള വനിതാദിന ആശംസകൾ!

‘സ്ത്രീവാദി’ എന്ന വാക്ക് ഉച്ചരിക്കപ്പെടുമ്പോഴേ നെറ്റി ചുളിയുന്ന ഒരു സ്ഥലകാലത്തിൽ നിന്ന് നമ്മളിപ്പോഴും അധികം മുന്നോട്ടു പോയിട്ടില്ല എന്നു വേണം കരുതാൻ. കറുത്ത കണ്ണടയും കൈയ്യില്ലാത്ത ബ്ലൗസും ലിപ്സ്റ്റിക്കും ’പൊങ്ങച്ച’സഞ്ചിയും ചേർത്ത് നമ്മുടെ ചലച്ചിത്രലോകം നിർമ്മിച്ചെടുത്ത ഫെമിനിസ്റ്റ് വാർപ്പുമാതൃക  ഏറെക്കുറേ സജീവമായിത്തന്നെ മലയാളി ഭാവനയെ നിർണ്ണയിക്കുന്നുണ്ട് ഇപ്പോഴും. ഇക്കാലമത്രയും കഴിഞ്ഞിട്ടും ഈ ചേരുവകളെല്ലാം ഒന്നൊഴിയാതെ കൂടിച്ചേർന്ന ഒരു മലയാളി ഫെമിനിസ്റ്റിനെയെങ്കിലും നാം കണ്ടുമുട്ടിയില്ല എന്നതാണ് വികൃതസത്യം! കഴിഞ്ഞ ഇരുപതുവർഷമായി പല തരക്കാരുടെ സദസ്സുകളിൽ സ്ത്രീവാദം സംസാരിക്കാൻ ശ്രമിച്ചതിന്റെ ധാരാളം രസകരവും അതിലേറെ വേദനിപ്പിക്കുന്നതുമായ അനുഭവങ്ങൾ എനിക്കുണ്ട്. തങ്ങൾ ഫെമിനിസ്റ്റുകളാണെന്ന് സമ്മതിക്കാൻ മടിക്കുന്നവരാണ് ഏറെയും പെൺകുട്ടികൾ. ആ ലേബലിൽ അറിയപ്പെടാൻ വയ്യ! എന്നാൽ സ്ത്രീവാദം മുന്നോട്ടു വെയ്ക്കുന്ന ആശയങ്ങളോട് നൂറ്റൊന്ന് ശതമാനം യോജിപ്പ് ആണുതാനും! അവരെ  കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? പല പുരുഷൻമാരുടെയും ഭാഗത്തു നിന്നുണ്ടായിരുന്ന പ്രതികരണങ്ങൾ ഇവിടെ എഴുതാവുന്നതിലുമപ്പുറവുമായിരുന്നു. എന്നാൽ കഴിഞ്ഞ ഇരുപതു വർഷക്കാലയളവിൽ പ്രസക്തവും ആശാവഹവുമായ പല മാറ്റങ്ങളുമുണ്ടായിട്ടുള്ളതും ഇവിടെ കുറിക്കേണ്ടതുണ്ട്.  സ്ത്രീയും പുരുഷനും തമ്മിലുള്ള സംഘട്ടനം അല്ല സ്ത്രീവാദമെന്നും മറിച്ച് സർവ്വതലങ്ങളിലും ആഴ്ന്നിറങ്ങിയ അധികാരങ്ങൾക്കെതിരെയുള്ള പോരാട്ടമാണ് അതുകൊണ്ട് വിവക്ഷിക്കുന്നതെന്നുമുള്ള തിരിച്ചറിവുകളും ധാരാളമായി ഉണ്ടായിട്ടുണ്ട്. തങ്ങൾ സാധാരണമെന്ന് കരുതി ചെയ്തുപോന്ന ദൈനംദിന  പ്രവർത്തികളിലടങ്ങിയ അധികാരപ്രയോഗങ്ങളെ തുറന്നു കാട്ടിയത്  സ്ത്രീവാദമാണെന്ന്  എന്നോട് സമ്മതിച്ച എത്രയോ പുരുഷൻമാർ ഉണ്ട്. വെല്ലുവിളികളെ നേരിടാൻ തയ്യാറായി സ്വന്തം ജീവിതങ്ങളിലും പുറത്തും പോരാട്ടം നടത്തുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും എണ്ണം ഈ കാലയളവിൽ ഗണ്യമായി വർദ്ധിച്ചിട്ടുമുണ്ട്. അതിനാൽത്തന്നെ തിരിച്ചടികളും! അധികാരപദവികൾക്കിളക്കം തട്ടുമ്പോൾ, അവയ്ക്കെതിരെ ഭീഷണികളുയരുമ്പോൾ രോഷാകുലരായി, ഹിംസാത്മകമായി അടിച്ചമർത്തുക മാത്രമേ തന്ത്രമുണ്ടാകൂ അവർക്ക്. അധികാരഭാഷയ്ക്ക് ജനാധിപത്യത്തിന്റെ സംവാദക്രമത്തിൽ ഇടം കണ്ടെത്താനാവില്ലല്ലോ. അതിനാൽത്തന്നെ ‘ഫെമിനിച്ചി’ പദം അഭിമാനപൂർവ്വം സ്വീകരിക്കേണ്ടതാണ്. അധികാരഭർത്സനങ്ങളെ കീഴ്മേൽ മറിച്ചിടുന്ന അനന്തമായ സ്ത്രീവാദാനന്ദത്തോടെ!

പല തലമുറകളിലും പെട്ട സ്ത്രീകൾ തങ്ങളുടെ സ്ത്രീവാദ അനുഭവങ്ങൾ കുറിക്കുകയാണ് ഈ ലക്കം സംഘടിതയിൽ. സിദ്ധാന്തങ്ങളുണ്ടാവുന്നത് ജീവിതാനുഭവങ്ങളിൽ നിന്നാണെന്നും ജീവിതത്തിന് തെളിച്ചങ്ങൾ നൽകാൻ സിദ്ധാന്തങ്ങൾക്ക് കഴിയും എന്നുമാണ് പൊതുവെ കരുതപ്പെടുന്നത്. സ്ത്രീജീവിതങ്ങളെയും സ്ത്രീപക്ഷ അറിവുൽപാദനത്തെയും സംബന്ധിച്ച് ഇത് പ്രത്യേകിച്ചും പ്രസക്തവുമാണ്. സ്വന്തം ജീവിതത്തിൽ സ്ത്രീവാദിയായി മുന്നേറുമ്പോൾ കടന്നുപോന്ന, കടന്നുപോകുന്ന  ചെറുത്തുനില്പുകൾ,  ഐക്യപ്പെടലുകൾ, ഒറ്റപ്പെടലുകൾ, പരിവർത്തനങ്ങൾ, ആനന്ദങ്ങൾ, വേദനകൾ, പങ്കുവെയ്ക്കലുകൾ, പരാജയങ്ങൾ, വിജയങ്ങൾ – ഇങ്ങനെ സ്ത്രീവാദിജീവിതത്തെ നിർണ്ണയിച്ചിട്ടുള്ള അനേകം ജീവിതമുഹൂർത്തങ്ങൾ അടയാളപ്പെടുത്തുകയാണ് മുപ്പതോളം സ്ത്രീകൾ മാർച്ച് മാസം സംഘടിതയിൽ. ഈ ലക്കത്തിൽ എഴുതാൻ കഴിഞ്ഞവരിൽ എത്രയോ മടങ്ങ് പേർ എഴുതിത്തീർക്കാനാവാത്ത ജീവിതാനുഭവങ്ങളുമായി ചുറ്റിലുമുണ്ട്. അവരുടെ ജീവിതങ്ങളും മനസ്സാലെ ഇതിൽ ഉൾക്കൊള്ളിച്ച് സ്ത്രീവാദ – ഐക്യത്തോടെ സമർപ്പിക്കുന്നു.



ചർച്ചാവിഷയം

**കെ.അജിത**
അന്വേഷി പ്രസിഡണ്ട്





# സ്ത്രീവാദ ഇടപെടലുകൾ – എന്നിലുണ്ടാക്കിയ മാറ്റങ്ങൾ

**ഞാ**ൻ എന്റെ പന്ത്രണ്ടുവർഷക്കാലത്തെ നക്സൽബാരി പ്രസ്ഥാനത്തിലെ പ്രവർത്തനത്തിൽ നിന്ന് ഒരു ഫെമിനിസ്റ്റ് ആയി മാറിയത് ഏതാണ്ട് 80കളുടെ അവസാനപകുതിയിലാണ്. ദേശീയതലത്തിലുള്ള സ്വതന്ത്രസ്ത്രീവിമോചന പ്രസ്ഥാനത്തിലെ സജീവപങ്കാളികളായിരുന്ന ഇന്ത്യയിലെ വൻനഗരങ്ങളിലെ കൂട്ടായ്മകൾ- ഫോറം ഐഗൈൻസ്റ്റ് ഒപ്രഷൻ ഓഫ് വിമൻ, മുംബൈ, വിമോചന ബാംഗ്ലൂർ, സഹേലി, ഡൽഹി, ലോയേഴ്സ് കളക്ടീവ്, മുംബൈ-ഡൽഹി, വീണാശത്രുഘ്നൻ എന്ന പ്രശസ്തയായ ഫെമിനിസ്റ്റ് നയിക്കുന്ന ഗ്രൂപ്പ് ആന്ധ്ര എന്നിങ്ങനെയുള്ള ഗ്രൂപ്പുകളുമായുള്ള ബന്ധങ്ങൾ 1985ൽ ഞാൻ പങ്കെടുത്ത ഒരു ദേശീയ സമ്മേളനത്തിൽ നിന്ന് കിട്ടി. ഈ പുതിയ പ്രസ്ഥാനത്തെക്കുറിച്ചുള്ള പല പ്രത്യയശാസ്ത്ര-രാഷ്ട്രീയ അറിവുകളിലേക്കാണ് ഇതിലൂടെ ഞാൻ കടന്നുപോയത്. ഇതിനിടയ്ക്ക് പല പാശ്ചാത്യഫെമിനിസ്റ്റ് പുസ്തകങ്ങളും വായിച്ചു. അതിൽ ഒന്നായിരുന്നു the second sex എന്ന സിമോൺ ദി ബുവ്വേയുടെ പ്രശസ്തമായ പുസ്തകം. റാഡിക്കൽ ഫെമിനിസം, സോഷ്യലിസ്റ്റ്/മാർക്സിസ്റ്റ് ഫെമിനിസം തുടങ്ങിയ വ്യത്യസ്തഭാവങ്ങളുള്ള പുതിയ പ്രസ്ഥാനവുമായുള്ള ഈ ഇടപെടലുകൾ കേരളത്തിലും അത്തരമൊരു പ്രസ്ഥാനത്തിന്റെ ആവശ്യത്തെ വിളിച്ചോതുന്നതായിരുന്നു. അതേ കാലയളവിൽത്തന്നെ കേരളത്തിൽ തിരുവനന്തപുരത്ത് പ്രചോദന, പട്ടാമ്പിയിൽ മാനുഷി, കോട്ടയത്ത് സഹജ, തൃശൂരിൽ ചേതന തുടങ്ങിയ ചെറിയ ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ സംജാതമായി. അതിനെ തുടർന്നാണ് കോഴിക്കോട്ട് ബോധനയും പയ്യന്നൂരിൽ പ്രബുദ്ധതയും നിലവിൽ വന്നത്.

ഈ പുതിയ പ്രസ്ഥാനത്തിൽ ഞാനംഗമായിരുന്നു. തുടർന്ന് ചരിത്രസംഭവങ്ങൾ പലതും നടന്നു. പ്രക്ഷുബ്ധമായ ചലനങ്ങൾ സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങളൊക്കെയും എന്റെ വ്യക്തിജീവിതത്തേയും ബാധിച്ചിരുന്നു. ജയിലിൽ നിന്ന് പുറത്തു വന്നപ്പോൾ ഞാൻ സമൂഹത്തെ കുറേ അകൽച്ചയോടെയായിരുന്നു കണ്ടിരുന്നത്. തിരുവനന്തപുരത്തു നിന്ന് കോഴിക്കോട്ടേക്ക് എന്റെ അച്ഛനുമമ്മക്കും ഒപ്പം കെ.എസ്.ആർ.ടി.സി ബസ്സിൽ പുറപ്പെട്ടപ്പോൾ മുതൽ ഏതാണ്ട് ഒരു വർഷക്കാലം ആളുകൾ ഞാൻ ചെല്ലുന്നിടത്തെല്ലാം തടിച്ചുകൂടുമാ

യിരുന്നു. ഭയത്തോടു കൂടിയാണ് ഞാൻ ആ പ്രതിഭാസത്തെ നോക്കിക്കണ്ടത്. 1977ലായിരുന്നു ഈ പുതിയ തുടക്കം. തുടർന്ന് അച്ഛനുമമ്മയ്ക്കുമൊപ്പം ദരിദ്രമായ ഒരവസ്ഥയിൽ ജീവിക്കാൻ തുടങ്ങി. ദാരിദ്ര്യമുണ്ടെങ്കിലും എന്റെ പ്രിയപ്പെട്ടവരോടൊപ്പമുള്ള ആ ജീവിതത്തിൽ ഞാൻ സന്തുഷ്ടയായിരുന്നു. സ്നേഹസമ്പന്നനായ ഒരു അച്ഛനായിരുന്നു സഖാവ് കുന്നിക്കൽ നാരായണൻ. പക്ഷേ, പുരുഷാധികാരം പ്രയോഗിക്കുന്നതിൽ ആ മനുഷ്യസ്നേഹിയും

**സ്നേഹസമ്പന്നനായ ഒരു അച്ഛനായിരുന്നു സഖാവ് കുന്നിക്കൽ നാരായണൻ. പക്ഷേ, പുരുഷാധികാരം പ്രയോഗിക്കുന്നതിൽ ആ മനുഷ്യസ്നേഹിയും ഒട്ടും മോശമായിരുന്നില്ല. ഞാനാണെങ്കിൽ അച്ഛനോട് കടുത്ത ആരാധന വെച്ചുപുലർത്തിയ ഒരു മകളായിരുന്നു. അദ്ദേഹം പറഞ്ഞതിലപ്പുറം നടക്കാൻ ഞാൻ തയ്യാറായില്ല.**



ഒട്ടും മോശമായിരുന്നില്ല. ഞാനാണെങ്കിൽ അച്ഛനോട് കടുത്ത ആരാധന വെച്ചുപുലർത്തിയ ഒരു മകളായിരുന്നു. അദ്ദേഹം പറഞ്ഞതിലപ്പുറം നടക്കാൻ ഞാൻ തയ്യാറായില്ല. പലപ്പോഴും അച്ഛൻ പറയുന്നത് എത്രത്തോളം ശരിയാണെന്ന സംശയങ്ങൾ മനസ്സിലുണ്ടായിരുന്നെങ്കിലും, ആ സംശയങ്ങൾ പ്രകടിപ്പിച്ചുനോക്കാറുണ്ടായിരുന്നെങ്കിലും അച്ഛൻ പറയുന്നത് അക്കാര്യത്തിൽ അവസാന വാക്കാണ്. എന്റെ മാ പലകാര്യങ്ങളിലും കുറച്ചുകൂടി എന്ന മനസ്സിലാക്കിയിരുന്നുവെങ്കിലും അച്ഛന്റെ ഉറച്ച അഭിപ്രായം വന്നുകഴിഞ്ഞാൽ പിന്നെ എതിർക്കാറുണ്ടായിരുന്നില്ല. രാഷ്ട്രീയകാര്യങ്ങളിലും വിപ്ലവചിന്തകളിലും അച്ഛൻ തന്നെയാണ് ശരിയെന്ന് പൂർണ്ണമായി വിശ്വസിച്ചിരുന്നത് കൊണ്ട് ഞങ്ങൾ ഒരർത്ഥത്തിൽ അച്ഛന്റെ വാക്കുകൾ ശിരസാവഹിച്ചു. പക്ഷേ, വീട്ടുജോലികൾ അച്ഛനുമമ്മയും ഒന്നിച്ചുചെയ്യണമെന്ന നിലപാട് അദ്ദേഹത്തിനുണ്ടായിരുന്നത് കൊണ്ട് അക്കാലത്തെ സ്ത്രീവാദിയായിരുന്നു അദ്ദേഹം എന്നു വേണമെങ്കിൽ പറയാം. വീട്ടുലുള്ളപ്പോൾ ഭക്ഷണം പാകം ചെയ്യുന്നതിൽ അദ്ദേഹം തത്പരനായിരുന്നു. അദ്ദേഹമായിരുന്നു അത് പ്രധാനമായും ഏറ്റെടുത്തിരുന്നത്.

1979ൽ അച്ഛൻ മരിച്ചു. അതിനുശേഷമാണ് ഞാൻ കുടുംബജീവിതത്തിലേക്കും ഏതാനും വർഷങ്ങൾക്കു ശേഷം 'ബോധന' യിലേക്കും 'അന്വേഷി'യിലേക്കുമൊക്കെ നീങ്ങിയത്. ബോധനയിലെ പ്രവർത്തനങ്ങൾക്കിടയിൽ പെട്ടെന്ന് ദേഷ്യംപിടിക്കുന്ന, ആളുകളോട് അസഹിഷ്ണുതയോടെ പെരുമാറുന്ന എന്റെ സ്വഭാവം യഥാർത്ഥത്തിൽ തടസ്സമായിരുന്നു. സംഘടനാപ്രവർത്തനങ്ങൾ പരീക്ഷണങ്ങളിലൂടെ കടന്നുപോയപ്പോഴാണ് ഒരു കൂട്ടായ്മയുടെ നിലനില്പ്പിനും വളർച്ചക്കും തികച്ചും വിരുദ്ധമായ, ജനാധിപത്യമെന്ന ആശയത്തോട് ഒട്ടും യോജിക്കാത്ത ഈ സ്വഭാവം ഒഴിവാക്കേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കാലക്രമേണെ മനസ്സിലാക്കിതുടങ്ങിയത്. ഇപ്പോഴും അത് പൂർണ്ണമായും ഇല്ലാതായെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ, മാറ്റങ്ങളുണ്ടായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു. കൂടുതൽ പറയേണ്ടത് എന്റെ കൂടെ പ്രവർത്തിക്കുന്നവരാണ്. എനിക്ക് മറ്റൊരു മാറ്റമുണ്ടായത് വളരെ വിലപ്പെട്ട വിരലിലെണ്ണാവുന്ന സുഹൃത്തുക്കളെകിട്ടിയെന്നതാണ് ഫെമിനിസ്റ്റ് പ്രസ്ഥാനത്തിലുൾപ്പെട്ടതുകൊണ്ടാണ്. എനിക്ക് ഈ ഭാഗ്യം സിദ്ധിച്ചത് ഇനിയും നന്നായി ചിന്തിച്ചാൽ കുറച്ചു കൂടി പറയാം.





**സാറാജോസഫ്**
എഴുത്തുകാരി, പ്രക്ഷോഭക

# "...അടിമകളല്ലിനി നാം..."

വ്യക്തിപരം എന്നതിലേറെ സാമൂഹികം ആയിരുന്നു, സ്ത്രീവാദിയാവുക എന്ന ആവശ്യം എനിയ്ക്ക്. എന്റെ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്താൻ എനിക്ക് കഴിഞ്ഞേക്കും. എന്നാൽ, തങ്ങൾക്ക് എന്തെങ്കിലും അവകാശങ്ങളുണ്ടെന്നു പോലും തിരിച്ചറിയാനാവാത്ത സ്ത്രീകളുടെ നിശ്ശബ്ദ വേദനകൾ എന്നെ നിരന്തരം വേട്ടയാടി. അവർ ഒരു പരമ്പരയാണ്. അവർ തുടരുക തന്നെയാണ്. ചരിത്രത്തിൽ ചിലപ്പോൾ ചില ചൂട്ടു വെളിച്ചങ്ങൾ കണ്ടു. അതിനു് തുടർച്ചയുണ്ടായില്ല. എന്റെ അമ്മയും അമ്മയുടെ അമ്മയും അവരുടെ അമ്മയും ജീവിച്ചു മണ്ണടിഞ്ഞ വഴികളിൽ ഒരു പാട് കണ്ണീരും പീഡനങ്ങളും അപമാനങ്ങളും ചോരപ്പാടുകളായി വീണു കിടക്കുന്നുണ്ട്. എന്റെ മകളും അവളുടെ മകളും അതേ ജീവിതം തന്നെ ജീവിച്ചാൽ മതിയോ? പോരാ എന്നെനിക്കറിയാം. അതിനു വേണ്ടി എന്തു ചെയ്യണം എന്നറിഞ്ഞുകൂടാ.ശബ്ദമുയർത്തുക.

'അടിമകളല്ലിനി നാം.'

ഞാൻ പാടി. അതേറ്റു പാടാൻ നിരവധി കണ്ഠങ്ങൾ ,നാനാ ശ്രുതികൾ ,പ്രതിരോധത്തിന്റെയും കണ്ണുനീരിന്റെയും ഈണങ്ങൾ. കൊല്ലപ്പെട്ടവൾ, ആത്മഹത്യ ചെയ്തവൾ, ഇതു രണ്ടിനുമിടയിൽ തീ തിന്നു ജീവിയ്ക്കുന്നവൾ, അനുനിമിഷം അപമാനിക്കപ്പെടുന്നവൾ, ആഹാരത്തിനായി ശരീരം വിൽക്കേണ്ടി വരുന്നവൾ, ആട്ടിയോടിക്കപ്പെടുന്നവൾ, ദരിദ്ര, കറുത്തവൾ, താഴ്ന്ന ജാതിക്കാരി, ഉപേക്ഷിക്കപ്പെട്ടവൾ ഒരേ സ്വരത്തിൽ ഞങ്ങൾ പാടി ' ഉണർന്നെണീക്കുക, സോദരീ.... അടിമകളല്ലിനി നാം.' അവളുടെ കൈ പിടിച്ചു മുന്നോട്ടു, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നടന്നു കയറാനാണ് ഞാൻ സ്ത്രീവാദിയായത്. എന്റെ ഹൃദയം നിറയെ കണ്ണുനീർ തളം കെട്ടി നിൽക്കുകയായിരുന്നു.

ഭർതൃഗൃഹത്തിൽ അപരിചിത മനുഷ്യർക്കിടയിൽ, സ്ത്രീധനത്തിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടുകയും ഭേദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ദരിദ്രയായ പെൺകുട്ടിയുടെ ആരോടും പറയാനാവാത്ത ദു:ഖവും സഹനവും ഏറ്റെടുത്തതിനാലാണ് എനിക്ക് സ്ത്രീവാദിയാകേണ്ടി വന്നത്. ആരാണൊരു സ്ത്രീവാദി എന്ന സൈദ്ധാന്തിക പഠനങ്ങളും അന്വേഷണങ്ങളുമൊക്കെ ഈ നിലവിളികൾക്കു പിന്നാലെയാണുണ്ടായത്.

ഒരു സ്ത്രീവാദി എന്ന നിലയിൽ എന്റെ എഴുത്തും, ചിന്തയും, വായനയും സവിശേഷമായി പുതുക്കപ്പെട്ടു. ഏത് കൃതിയും സ്ത്രീയുടെ കണ്ണിലൂടെ പുതിയ പരിപ്രേക്ഷ്യത്തിൽ വായിക്കാൻ തുടങ്ങിയത് എന്റെ വായനയെ ജനാധിപത്യവൽക്കരിച്ചു. ഭാഷ, എഴുത്ത്, വിമർശനം, ലാവണ്യ ശാസ്ത്രം, സൗന്ദര്യ നിയമങ്ങൾ ഇവയിലൊക്കെ അട്ടിമറികളുണ്ടാക്കാൻ കഴിഞ്ഞു. പലപ്പോഴും മുഖ്യധാരാ ഭാഷ സ്ത്രീവിരുദ്ധമെന്ന് ചൂണ്ടിക്കാണിക്കാനും അതിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിയ്ക്കാനും കഴിഞ്ഞു.തിരുത്താൻ തയ്യാറായ ഒരു പാടു പേർ ഉണ്ടായി.

നിലവിലുള്ള നിയമങ്ങളിലെ സ്ത്രീവിരുദ്ധത പരിഹരിക്കുന്നതിനും, സ്ത്രീക്ക് അനുകൂലമായി പുതിയ നിയമനിർമ്മാണം നടത്തുന്നതിനുമൊക്കെ സ്ത്രീവാദ ആശയങ്ങൾ ഈ ദശകങ്ങളിൽ കാരണമായിട്ടുണ്ടെന്നുള്ളതിൽ സ്ത്രീവാദിയായിരുന്ന എന്റെ പങ്കു കൂടിയുണ്ടെന്ന അഭിമാനം എനിയ്ക്കുണ്ട്.നിയമങ്ങളുടെയും നിയമ നടത്തിപ്പിലെയും അപാകതകൾ ചൂണ്ടിക്കാണിക്കാനും ഒരു സ്ത്രീവാദിക്ക് കഴിയുന്നതു കൊണ്ട് സമൂഹത്തെ സദാ ജാഗ്രത്താക്കാൻ ഞാൻ ശ്രദ്ധിക്കുന്നു.

സ്ത്രീവാദിയെന്ന നിലയിൽ എന്നെ പരിശോധിക്കുമ്പോൾ എന്റെ വ്യക്തിപരമായ കാര്യത്തിൽ 100 % സ്ത്രീവാദിയാണോ ഞാൻ എന്ന സ്വയം വിമർശനം എനിക്കുണ്ട്. എനിയ്ക്കു മാത്രം നഷ്ടം വരുത്തുന്ന അത്തരം കാര്യങ്ങളിൽ എന്നേക്കാളധികം ഞാൻ മറ്റുള്ളവരെയാണ് പരിഗണിച്ചത് വാക്കും പ്രവൃത്തിയും ഒന്നായിരിയ്ക്കണമെന്ന് നിർബ്ബന്ധമുള്ളപ്പോഴും ചില വീഴ്ച്ചകൾ, ചില തോറ്റു കൊടുക്കലുകൾ, പ്രത്യയശാസ്ത്ര കടുംപിടുത്തത്തേക്കാൾ സുന്ദരമായി ഭവിക്കുന്ന സന്ദർഭങ്ങൾ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അതിനെ വിലമതിച്ചിട്ടുണ്ട്.



കവിത

# ഉയിരുപ്പ്


**ഡോണ മയൂര**
പ്രശസ്ത കവയിത്രി, ചിത്രകാരി




വര : ഡോണ മയൂര

ഒരുപക്ഷേ
ഉപ്പൂതരികൾ
ഉരസിയമർന്ന
നാഡീവ്യൂഹങ്ങളിലൂടെ
എരിഞ്ഞുപടർന്നു
ഞെരിഞ്ഞമർന്ന
തീയായിരിരുന്നിരിക്കാം.

നീലമയുടെ
വർണ്ണഭേദങ്ങൾ.

ലാവണ്ടർ തടത്തിൽ
അതേ നിറമുള്ള പുതപ്പ്
വിയർപ്പു പടർന്നു
മുഷിഞ്ഞിരിന്നു.

കാറ്റിനൊപ്പമിളകുന്നു
നിഴൽ.

ഒരുപക്ഷേ
വിയർപ്പുണങ്ങി
ഭൂപടങ്ങൾ
തെളിച്ചു കാട്ടിയ
പുതപ്പെന്ന്,
ഉണക്കി
എടുക്കാനെന്ന പോലെ
നിവർത്തി
ഇട്ടിരുന്നതായിരിക്കാം.

പൂക്കളുണങ്ങി
അടർന്നു വീണിരുന്നു.


ചൂടകന്നുപോയ കുളിർ
നിഴൽ...
നിശ്ചലം കാറ്റും.



**ചർച്ചാവിഷയം**

**കെ. ശാരദാമണി**
സ്ത്രീവാദപണ്ഡിത

# മാറുന്ന കേരളവും സ്ത്രീകളും




**1951**-52ലെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് മാഗസിനിൽ എന്റെ ഒരു ലേഖനമുണ്ട്. ഞാൻ അവിടെ ചേർന്ന വർഷമായിരുന്നു. ഞാൻ കോളേജ് മാഗസിന്റെ ഇംഗ്ലീഷ് വിഭാഗം എഡിറ്ററാകാൻ മത്സരിച്ചു തോറ്റു. സ്ത്രീകൾ പലരും എനിക്ക് വോട്ടു ചെയ്തില്ല എന്നു കേട്ടു.

അതിനു ശേഷം പലതും സംഭവിച്ചു. കേരളസംസ്ഥാനപ്പിറവി, സ്വതന്ത്രഭാരതത്തിൽ ആദ്യമായി ഒരു കോൺഗ്രസ്സേതര പാർട്ടി അധികാരത്തിൽ എത്തിയതും വലിയ വാർത്തയായി. ആ സർക്കാര് അധികകാലം അധികാരത്തിൽ തുടർന്നില്ലെങ്കിലും നമുക്ക് എന്തോ പ്രത്യേകതകളുണ്ടെന്നു നമ്മൾ വിശ്വസിക്കാൻ തുടങ്ങി. ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളുള്ള, ആയുർദൈർഘ്യത്തിൽ മുന്നിൽ നിൽക്കുന്ന, ചെറുകുടുംബത്തെ സ്വാഗതം ചെയ്ത, കൂടാതെ വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ മുന്നേറിയ സ്ഥലമായി ഇവിടം ആഘോഷിക്കപ്പെട്ടു.

മേൽ പറഞ്ഞവയിൽ ചില്ലറ അപാകതകൾ കണ്ടേക്കാമെങ്കിലും അംഗീകാരം കിട്ടാതെ പോയ കാര്യമാണ് ഇവിടുത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും, പ്രത്യേകിച്ചു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജനനത്തിലും വളർച്ചയിലും ഉള്ള സ്ത്രീകളുടെ പങ്ക്. ഇന്നുവരെ നമ്മൾ ഉയർത്തിയിട്ടില്ലാത്ത ചോദ്യങ്ങളിൽ ചിലവ താഴെ കൊടുക്കുന്നു, ഒരു സ്ത്രീ ഇവിടെ എന്തുകൊണ്ട് മുഖ്യമന്ത്രി ആയില്ല, കൂടുതൽ പേർ അസംബ്ലി അംഗങ്ങളും മന്ത്രിമാരും ആയില്ല ?

അറുപതാം ജന്മദിനം ആഘോഷിച്ച കേരളത്തിലേയ്ക്കു നോക്കാം. പിഞ്ചു കുഞ്ഞു മുതൽ പ്രായമായ സ്ത്രീകൾവരെ പീഢനത്തിന് വിധേയരാകുന്നു. വൻ പട്ടണങ്ങളിൽ മാത്രമല്ല ഊക്കൻ ഷോപ്പിംഗ് കോംപ്ലക്സുകളും ആകാശം മുട്ടുന്ന ഫ്ളാറ്റുകളും ഉയരുന്നത്. അവയോടൊപ്പം ഉയർന്ന ഉപഭോഗസംസ്ക്കാരം നമ്മൾ കാത്തുസൂക്ഷിച്ചു വന്ന ഒരു ജീവിത-ലാളിത്യം പാടെ ഇല്ലാതാക്കി. ഇത് സ്ത്രീ ജീവിതം തൊഴിൽ, വസ്ത്രം, ഭക്ഷണം, ആരോഗ്യം മൊത്തത്തിൽ സ്വാധീനിച്ചു. നെൽകൃഷിയും സ്ത്രീകളും ഞാൻ സന്തോഷത്തോടെ ഗവേഷണം ചെയ്ത വിഷയമാണ്. ആ നല്ല കാലം ആരോർക്കുന്നു? നെല്ലും ഗോതമ്പും കൃഷി ചെയ്യുന്നു നമ്മൾ. ചോറും ചപ്പാത്തിയും കഴിക്കുന്നു.

സംഘടിതയുടെ വായനക്കാർക്ക് എന്തു തോന്നുന്നു ? കേരളത്തിന്റെ പോക്ക് ചർച്ച ചെയ്യണ്ടേ. ?



**ചർച്ചാവിഷയം**


**എസ്. ശാരദക്കുട്ടി**
എഴുത്തുകാരി

# മഹാസ്വാതന്ത്ര്യമെന്നത് വെറുമൊരു വാക്കല്ല



***I am not moved by tricks.Or if I am, they have to be good tricks, honest tricks, Lovely tricks.***
**- മാർഗററ്റ് ആറ്റ്വുഡ്**

അമ്മായിയപ്പന്റെ ശാരീരികാസക്തികളെ ചെറുത്തു നിൽക്കാനാകാതെ പേടിച്ച് ഹോസ്റ്റലിൽ തന്നെ ജീവിക്കാൻ തീരുമാനിച്ച സ്റ്റെല്ല എന്ന കൂട്ടുകാരി തിരുവനന്തപുരത്തുള്ള ഹോസ്റ്റലിന്റെ മുറ്റത്തിരുന്ന് ഒരു രാത്രി മുഴുവൻ അവളുടെ കഥകൾ പറയുന്നത് ഇന്നലെ എന്നതു പോലെ ഞാൻ ഓർക്കുന്നു. 1985 -87 കാലഘട്ടത്തിലാണ്. അവൾ എന്നേക്കാൾ വളരെ മുതിർന്നവൾ. പക്ഷേ സ്വന്തം ജീവിതം പറയാൻ അവൾ എന്നെയാണ് തിരഞ്ഞെടുത്തത് എന്ന തിരിച്ചറിവ് എന്നിൽ വല്ലാത്ത ഒരു ഉത്തരവാദിത്തബോധവും ആകുലതയുമുണ്ടാക്കി. അന്നെന്റെ വിവാഹം കഴിഞ്ഞിട്ടില്ല. എങ്കിലും കുടുംബത്തിലെ സ്ത്രീകളെ നമ്മളും കാണുന്നുണ്ടല്ലോ. എനിക്കറിയാമായിരുന്നു സ്ത്രീജീവിതം ഇങ്ങനെയൊന്നുമായിരിക്കരുത് എന്ന്. ദേഹത്തോട് ചേർത്തു പിടിക്കുമ്പോൾ സ്റ്റെല്ല അന്നു വിറച്ച ആ വിറയൽ അത് ചില സമയങ്ങളിൽ ഇന്നും എന്റെ ശരീരത്തിലേക്ക് പടർന്നു കയറാറുണ്ട്. അന്ന് സിമോങ് ഡി ബുവ്വേയുടെ സെക്കൻഡ് സെക്സ് ഒരു കോപ്പി കയ്യിലുണ്ടായിരുന്നത് കൊടുത്തിട്ട് വായിക്കുവാൻ അവളോടു പറയുമ്പോൾ, ലോകമെമ്പാടുമുള്ള സ്ത്രീകൾ നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധങ്ങളിലെ ഒരു പോരാളിയാണ് താനും അവളും എന്ന് അവളോടു പറയുക മാത്രമാണ് ഞാൻ ചെയ്തത്. അന്നെനിക്ക് കൂടുതലൊന്നും പറഞ്ഞു കൊടുക്കാൻ അറിയുമായിരുന്നില്ല. അന്നാണ് ഒരു സ്ത്രീവാദി ലോകത്തിന് എന്താണ് എന്ന് ഞാൻ തിരിച്ചറിഞ്ഞത്. സിമോങ് ഡി ബുവ്വേ ആണ് അവളുടെ സങ്കടങ്ങൾക്കുള്ള ഉത്തരമായി എന്റെ മുന്നിൽ തെളിഞ്ഞത്. ഒരാഴ്ചക്കു ശേഷം , സ്വന്തം ഇച്ഛാശക്തിയുടെ കൂർത്ത ഉളികൊണ്ട് കൊത്തിയെടുത്ത മറ്റൊരു പെണ്ണായിട്ടാണ് സ്റ്റെല്ല എന്റെ മുന്നി



ലൂടെ തലയുയർത്തി ഓഫീസിലേക്ക് നടന്നു പോയത്. ഇനി ഞാൻ കരയില്ല, എന്നൊരു തീരുമാനം അവളെന്റെ കയ്യിൽ മുറുകെ പിടിച്ചു കൊണ്ടു പറഞ്ഞത് ഇന്നും കേൾക്കുന്നു ഞാൻ. തിരിച്ചറിവോടെ വായിക്കുന്ന സ്ത്രീക്ക് ലോകത്തെ കീഴടക്കാൻ കഴിയും എന്നതിന് ഒരു ഉദാഹരണമായി സ്റ്റെല്ല ഇന്നും എന്റെ മുന്നിലുണ്ട്. തളരുന്ന സ്ത്രീയേ, നീ പുസ്തകം കയ്യിലെടുക്കൂ എന്ന് എപ്പോഴും പറയുവാൻ പ്രേരിപ്പിക്കുന്ന അത്തരം എത്രയോ അനുഭവങ്ങൾ.

പരസ്യമായി സ്വാഭിപ്രായങ്ങൾ പറഞ്ഞു തുടങ്ങുന്നതിനു മുൻപ്, വെറും അദ്ധ്യാപികയും വീട്ടമ്മയുമായി ജീവിതത്തോട് മത്സരിച്ചും യുദ്ധം ചെയ്തും കരഞ്ഞും ജീവിച്ച വേറൊരു ഘട്ടമുണ്ടായിരുന്നത് ഏതോ പൂർവ്വജന്മത്തിലെന്നതു പോലയാണ് ഞാനിന്ന് ഓർത്തെടുക്കുന്നത്. സ്വയം തളർന്നു നിന്നു പോയ അത്തരം ഘട്ടങ്ങളിൽ, പാവമായിരുന്ന ഈ പെണ്ണിന് കൈത്താങ്ങുമായി വന്ന് ആത്മാഭിമാനം രക്ഷിച്ച കൂട്ടുകാരികൾ എത്രയോ ഉണ്ട്. പിന്നീട് അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും എഴുതാനും തുടങ്ങിയപ്പോൾ, ആ പാവം പെണ്ണ് ഉള്ളിൽ മരിച്ചു കെട്ടുപോയപ്പോൾ, സാമൂഹികമായ ഒരംഗീകാരമൊക്കെ കിട്ടിത്തുടങ്ങിയപ്പോൾ, 'ഇവളെവിടുത്തെ ഫെമിനിസ്റ്റ് ഇവളെ എനിക്ക് പണ്ടേ അറിയാം' എന്ന് പരിഹസിച്ചവരും ഈ കൂട്ടുകാർക്കിടയിൽത്തന്നെയുണ്ട്. പാവം പെണ്ണ് മിണ്ടിത്തുടങ്ങിയതോടെ, സ്വാഭിമാനങ്ങൾ വീണ്ടെടുത്തതോടെ, മുറിവേറ്റതൊക്കെ തങ്ങൾക്കാണെന്ന മട്ടിൽ കുറ്റപ്പെടുത്തിയവർ വീട്ടുകാർക്കിടയിലുമുണ്ട്. 'സേവിച്ചീടുക പൂജ്യരെ' എന്ന മട്ടിൽ വാണാൽ 'കന്യയാൾ ഗൃഹണിയാം അല്ലെങ്കിലോ ബാധ താൻ' എന്ന കണ്വമുനിയുടെ മകളോടുള്ള ഉപദേശം അതിന്റെ അർത്ഥവ്യാപ്തിയോടെ ഗ്രഹിച്ചു തുടങ്ങി. അപ്പോഴൊക്കെ കണ്ണു നിറയാൻ സമ്മതിക്കാതെ കയ്യിൽ തങ്ങളുടെ പുസ്തകക്കെട്ടുകളുമായി മുൻ തലമുറയിലെ എഴുത്തുകാർ മുന്നിൽ വന്നു നിന്നിട്ടു പറഞ്ഞു 'പുസ്തകം കയ്യിലെടുക്കൂ, നീ വലിയ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കൂ. ചെറിയ മനുഷ്യരെ, അവരുടെ ചെറിയ നുണകളെ വിട്ടു കളയൂ' എന്ന്. 'മറ്റൊരു ലോകമുണ്ട് എന്നാൽ ആ ലോകം ഈ ലോകത്തിൽ തന്നെയാണ്' എന്ന് പറഞ്ഞത് യേറ്റ്സ് ആണെന്നു തോന്നുന്നു. ആരാണ് പറഞ്ഞതെങ്കിലും അതാണ് സത്യം.

അപവാദങ്ങൾ കേട്ടാലും തളരാതെ അതിജീവനത്തിനു ശ്രമിക്കുന്ന പതിനായിരങ്ങളിലൊരാൾ മാത്രമാണ് ഞാനുമെന്ന തിരിച്ചറിവ് വീണ്ടും വീണ്ടും അപവാദങ്ങൾക്ക് ഇട തരുന്ന വിധത്തിൽ സത്യങ്ങൾ വിളിച്ചു പറയാൻ പ്രേരണയായി. പ്രണയങ്ങളിൽ ഏർപ്പെടാനും, പ്രണയി ഭാരമാകുന്നു എന്നു തോന്നുന്ന നിമിഷത്തിൽ ഉപേക്ഷിച്ചു രക്ഷപ്പെടാനും കരുത്തു കിട്ടിയത് കല്ലേറുകളുടെ മൂർച്ച കൂടിയപ്പോഴാണ്. പ്രണയമില്ലാത്തപ്പോഴൊക്കെ ഓക്സിജൻ കിട്ടാനില്ലാത്തതു പോലെ ഞാൻ പിടഞ്ഞു. പ്രണയി കഴുത്തിലൊരു കുരുക്കു പോലെ മുറുകുവാൻ തുടങ്ങുന്നു എന്നു തിരിച്ചറിയുമ്പോൾ ആദ്യകാല ഫെമിനിസ്റ്റ് എഴുത്തുകാരിയായ കേറ്റ് ചോപ്പിന്റെ എവേക്കണിങ്ങിലെ എഡ്ന ചെയ്തതുപോലെ സ്വാതന്ത്ര്യത്തിലേക്ക് പുഴമീന്റെ വഴക്കത്തോടെ കുതറി ഓടുവാൻ പഠിച്ചിരുന്നു. ഒരു കുരുക്കിനും പിടി കൊടുക്കാതെ, ഒരു ട്രിക്കിലും പെടാതെ സ്വയം രക്ഷിച്ചെടുക്കുക എന്നത് ഒരു ആനന്ദകരമായ പ്രവൃത്തി ആയിത്തുടങ്ങി. അപ്പോഴേക്കും. എന്റെ മേൽ വന്നു വീണ ഓരോ കല്ലും എനിക്ക് കയറി നിൽക്കുവാനുള്ള ചവിട്ടുപടികളാക്കി മാറ്റുന്നതിലാണ് പിന്നീട് ആനന്ദം കണ്ടെത്തിയത്. അപവാദങ്ങൾക്ക് എന്റെ മേൽ ഒരു പുല്ലും ചെയ്യാനില്ലെന്ന് തിരിച്ചറിഞ്ഞ ആ നിമിഷങ്ങളിൽ എന്നെത്തന്നെ ഞാൻ കൂടുതൽ സ്നേഹിച്ചു തുടങ്ങുകയും എന്റെയൊപ്പം നടക്കുവാൻ കുറെയേറെ സാധാരണസ്ത്രീകൾ ഉണ്ടെന്നു മനസ്സിലാക്കുകയും ചെയ്തു.

തനിയെ നിൽക്കാൻ കഴിയുന്ന വ്യക്തിയാണ് ലോകത്തെ ഏറ്റവും വലിയ വിജയി എന്ന് ലോകമെമ്പാടുമുള്ള എഴുത്തുകാരികളുടെ ആത്മകഥകൾ കരുത്തു പകർന്നു. ജപ്പാനിലെ 9-0 നൂറ്റാണ്ടിലെ

**'പുസ്തകം കയ്യിലെടുക്കൂ, നീ വലിയ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കൂ. ചെറിയ മനുഷ്യരെ, അവരുടെ ചെറിയ നുണകളെ വിട്ടു കളയൂ' എന്ന്. 'മറ്റൊരു ലോകമുണ്ട് എന്നാൽ ആ ലോകം ഈ ലോകത്തിൽ തന്നെയാണ് എന്ന് പറഞ്ഞത് യേറ്റ്സ് ആണെന്നു തോന്നുന്നു. ആരാണ് പറഞ്ഞതെങ്കിലും അതാണ് സത്യം.**

കവയിത്രി ഓനാനോ കോമാച്ചി മുതൽ കൊട്ടാര ദാസി സീ ഷൊണാഗൺ മുതലുള്ള എഴുത്തുകാരി കളുടെ ആത്മകഥകളും ജീവചരിത്രങ്ങളും യാത്രാ നുഭവങ്ങളും എന്റെ ജീവിതത്തിനു ഉറച്ചു നിൽക്കാനുള്ള തൂണുകൾ നൽകി. ഒരിക്കൽ എഴുത പ്പെട്ടു കഴിഞ്ഞാൽ പുസ്തകങ്ങൾക്കു പിന്നെ അവ യുടെ രചയിതാവിന്റെ ആവശ്യമില്ല. അത് വായിക്കു ന്നവരുടേതായി മാറുകയാണ്. അങ്ങനെ ഓരോ ദിവ സവും രാത്രി ഉറങ്ങാൻ കിടക്കുന്നത് സീഷൊണാ ഗണായി, എലേനഫെറാന്റെ ആയി, മാർഗരറ്റ് ആറ്റ്വു ഡായ്, ആലീസ് മൺറോ ആയി, സാറാ ജോസഫാ യി, അജിതയായി, മാധവിക്കുട്ടിയായി പുതിയൊരു ജന്മത്തിലേക്കുള്ള ഉണർച്ചക്ക് തയ്യാറെടുത്തു കൊണ്ടാണ്. ഇവരാരുമില്ലായിരുന്നുവെങ്കിൽ എനിക്ക് ഒരിക്കലും എന്നെ തിരിച്ചറിയുവാൻ കഴി യുമായിരുന്നില്ല. നേരും വിശ്വസ്ഥതയും സ്ഥിര തയും കൊണ്ട് എന്നെ അമ്പരപ്പിച്ചവർ കൂടെയു ള്ളതു കൊണ്ട് ജീവിതത്തിൽ സ്ഥിരമായി മിത്രങ്ങ ളുമില്ല. ശത്രുക്കളുമില്ല. വാക്കും വാക്കിന്റെ വീര്യവും തമ്മിലുള്ള ആനുപാതികത്തിൽ മാത്രമേ ശ്രദ്ധിക്കേണ്ടതുള്ളു. വാക്കാണ് ജീവിതത്തിന് മുറി വുകളും വേദനയും നീറ്റലും ആനന്ദവും നൽകിയ ത്. വാക്കുകൾ കൊണ്ട് മാത്രമേ അത് തിരിയെ നൽകാനാവൂ. എഴുത്ത് ആത്മാഭിമാനത്തിന്റെ പ്രവൃ ത്തിയാകുന്നത് അങ്ങനെയാണ്.

പലപ്പോഴും വേദനാഭരിതമായ ഒരു തിരസ്കാര ത്തിന്റെ അന്തരീക്ഷം സ്ത്രീകൾക്ക് ചുറ്റുമുണ്ട്. ചുറ്റും നിന്ന് ഒപ്പം ആഹ്ളാദിക്കുന്നവർ പോലും -അവർ ആണോ പെണ്ണോ ആകട്ടെ- എപ്പോഴാണ് തനിക്കെതിരെ സദാചാരത്തിന്റെ വാൾ വീശുക എന്നു പ്രവചിക്കാനാവില്ല. എഴുതുന്ന പെണ്ണിനു മേൽ, സംസാരിക്കുന്ന പെണ്ണിനു മേൽ ഈ വാൾ സദാ തൂങ്ങിക്കിടപ്പുണ്ട്. സാഫോ മുതൽ ഏറ്റവും പുതിയ പെൺകുട്ടി വരെ ഒരിക്കലല്ലെങ്കിൽ മറ്റൊരി ക്കൽ ഇത്തരം അപവാദങ്ങൾക്ക് ഇരയായിട്ടുണ്ട്. അതുകൊണ്ട് കത്തുന്ന അനുഭവങ്ങളിലൂടെ കടന്നു പോകാൻ അനുഗ്രഹം ലഭിച്ച സ്ത്രീകളേ, നിങ്ങൾ നല്ല വെളിച്ചവും സമാധാനവുമുള്ള അന്തരീക്ഷം സ്വയം ഉണ്ടാക്കിയെടുക്കുക. ആരുടേയും ഔദാര്യ ത്തിനായി കാത്തു നിന്നിട്ട് ഒരാൾക്കും ഒരിടത്തും എത്തിച്ചേരാനാവില്ല!



കവിത

# ഒറ്റയ്ക്ക്


ദീപ വി.കെ.

റിസർച്ച് അസോസിയേറ്റ്,
വി.വി.ഗിരി നാഷണൽ
ലേബർ ഇൻസ്റ്റിറ്റ്യൂട്ട്


ഒറ്റയ്ക്കിരിക്കുമ്പോഴാണ് നമ്മുടെ മനസ്സു
നമ്മോടും ബാഹ്യ ലോകത്തോടും
കൂടുതൽ സംവദിക്കുന്നത്.
ജനനത്തെ കുറിച്ച്, തിരിച്ചു കിട്ടാത്ത ബാല്യത്തെ കുറിച്ച്,
മഴയെ കുറിച്ച്, കാറ്റിനെ കുറിച്ച്, പുഴയെ കുറിച്ച്,
എണ്ണിയാലൊടുങ്ങാത്ത നക്ഷത്രങ്ങളെ കുറിച്ച്,
പാത്രമറിയാതെ വിളമ്പിയതിനെ കുറിച്ച്,
പതിരായിപോയ സത്യങ്ങളെ കുറിച്ച്,
അറിയാമായിരുന്നിട്ടും ആവർത്തിച്ച തെറ്റുകളെ കുറിച്ച്,
തിരിച്ചു വരാനാവാതെ മുങ്ങിപോയ
കയങ്ങളെ കുറിച്ച്, അറിയാതെ പോയതിനെ കുറിച്ച്,
പറയാതെ പോയതിനെ കുറിച്ച്, അറിഞ്ഞിട്ടും
പറഞ്ഞിട്ടും കേൾക്കാതെ പോയതിനെ കുറിച്ച്,
സ്നേഹത്തെ കുറിച്ച്, സ്നേഹരാഹിത്യത്തെ കുറിച്ച്,
കൂടെയുണ്ടായിരുന്നവരെ കുറിച്ച്, പിരിഞ്ഞു പോയവരെ കുറിച്ച്
ഉപേക്ഷിച്ചവരെ കുറിച്ച്, അടിയുറച്ചതെന്നു
കരുതിയ വിശ്വാസങ്ങൾക്ക് കോട്ടം തട്ടിയതിനെ കുറിച്ച്,
നിന്നെ കുറിച്ച്, എന്നെ കുറിച്ച്, നിസ്സംഗതയാർന്ന ജീവിതത്തെ കുറിച്ച്

മരണത്തെ കുറിച്ച്,
എന്നിട്ടും പുനർജ്ജനിക്കുന്നതിനെ കുറിച്ച്,
എഴുതാനുള്ള ഈ വരികളെ കുറിച്ച് പോലും
ആലോചിക്കുന്നത് ഒറ്റയ്ക്കിരിക്കുമ്പോഴാണ്.
അങ്ങിനെ എന്തിനെ കുറിച്ചെല്ലാം !
എന്തിനു, ഒറ്റയ്ക്കിരിക്കുമ്പോഴാണ് നമ്മൾ
ഒറ്റയ്ക്കാവുന്നതിനെ കുറിച്ച് പോലും ആലോചിക്കുന്നത്.
ഒറ്റയ്ക്കിരിക്കുവാനാണെനിക്കിഷ്ടം.



ചർച്ചാവിഷയം

**ഉമ്മുൽ ഫായിസ**
ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ
രാഷ്ട്രതന്ത്ര ഗവേഷക

# അനുഭവവും സിദ്ധാന്തവും : ഇസ്ലാമും ലിംഗരാഷ്ട്രീയവും 9/11 നു ശേഷം

മുസ്ലിംസ്ത്രീയനുഭവങ്ങളെ വായിക്കേണ്ടത് എങ്ങനെയാണ്? 9/11 നു ശേഷം ഇസ്ലാമുമായി ബന്ധപ്പെട്ടു ലോകമെമ്പാടും ഉന്നയിക്കപ്പെട്ട പ്രധാന പ്രശ്നമായിരുന്നു ഇത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുസ്ലിം സമൂഹങ്ങളിൽ സ്ത്രീകൾക്ക് നേരെ നടക്കുന്ന ഗാർഹിക പീഡനങ്ങൾ, ശൈശവ വിവാഹം, സ്ത്രീ ചേലാകർമ്മം, ദുരഭിമാന കൊല, വംശീയവിദ്വേഷം, തുടങ്ങിയ സാമൂഹിക-രാഷ്ട്രീയ-ലിംഗപ്രശ്നങ്ങൾ അക്കാലത്ത് വളരെയേറെ ചർച്ച ചെയ്യപ്പെട്ടു. ഇതിന്റെയൊക്കെ ബഹുവിധ മാനങ്ങൾ ഉൾക്കൊള്ളുന്ന ആഖ്യാനങ്ങൾ ലിബറൽ/ മുതലാളിത്ത സ്വഭാവമുള്ള മുഖ്യധാരാ മാധ്യമങ്ങളിലൂടെയും പ്രസാധന വ്യവസായത്തിലൂടെയും പ്രചരിപ്പിക്കപ്പെട്ടു. ആ മേഖലയിൽ വലിയ രാഷ്ട്രീയ മുന്നേറ്റം ഉണ്ടാക്കിയത് മുസ്ലിംസ്ത്രീകളുടെ അനുഭവ എഴുത്തുകളാണ്. ഈ അനുഭവമെഴുത്തിന്റെ വികാസമുണ്ടാക്കിയ സൈദ്ധാന്തിക സമസ്യകളുടെ ചില സാധ്യതകളാണ് ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്.

***പൾപ്പ് ഫിക്ഷൻ***

വളരെ നാളായി വിവർത്തന




കൃതികൾ ധാരാളം വായിക്കുന്ന കേരളം പോലുള്ള സ്ഥലത്ത് മുസ്ലിം സ്ത്രീയുടെ അനുഭവമെഴുത്തിന്റെ വിവർത്തനം പുതിയ സാഹിത്യശാഖയായി തന്നെ വികസിച്ചു വന്നു. നോർമ ഖൂറിയുടെ Forbidden Love: A Harrowing Story of Love and Revenge in Jordan , അസർ നഫീസിയുടെ Reading Lolita in Tehran, കാർമൻ ബിൻലാദന്റെ My Life in Saudi Arabia, ഇർഷാദ് മഞ്ചിയുടെ Trouble with Islam, അയാൻ ഹിർസി അലിയുടെ Caged Virgin, Infidel തുടങ്ങിയ പുസ്തകങ്ങൾ മലയാളികൾ ഇംഗ്ലീഷിലും മലയാളത്തിലും വായിച്ചിട്ടുണ്ട്. ഇതൊക്കെ കേരളത്തിൽ എത്തുന്നതിനു മുമ്പ് തന്നെ ലക്ഷക്കണക്കിന് കോപ്പികൾ വിറ്റഴിച്ചു കൊണ്ട് ആഗോളതലത്തിൽ ബെസ്റ്റ് സെല്ലർ പട്ടികയിൽ ഇടം നേടിയിരുന്നു. അതിന്റെ ആഗോള പ്രതിഫലനമായാണ് കേരളത്തിലും ഇത്തരം പുസ്തകങ്ങളുടെ വിവർത്തനങ്ങൾ പ്രസിദ്ധികരിക്കപ്പെടുകയുണ്ടായത്. പല

പുസ്തകങ്ങളുടെയും നിരൂപണങ്ങൾ മുഖ്യധാര ആനുകാലികങ്ങളിൽ അച്ചടിച്ച് വരികയും ചെയ്തു. പ്രത്യക്ഷമായും ഇറാഖ് അഫ്ഗാൻ അധിനിവേശ രാഷ്ട്രീയത്തെ പിന്തുണച്ച സാമ്രാജ്യത്വവാദികളായ അസർ നഫീസിയും അയാൻ ഹിർസി അലിയും ഇർഷാദ് മഞ്ചിയും വഫ സുൽത്താനയും കേരളത്തിൽ ഏറെ ആഹ്ലാദത്തോടെയാണ് സ്വീകരിക്കപ്പെട്ടത്. അഫ്ഗാനിൽ സ്ത്രീ വിമോചനത്തിന്റെ പേരിൽ നടന്ന അമേരിക്കൻ അധിനിവേശത്തിൽ കൊല്ലപ്പെട്ടവരിൽ എഴുപത്തഞ്ചു ശതമാനം സ്ത്രീകളും കുട്ടികളുമാണെന്ന വസ്തുത വിസ്മരിച്ചു കൊണ്ടായിരുന്നു ഇത്. മലയാളത്തിൽ ഏറെ ആഘോഷിക്കപ്പെട്ട അനുഭവമെഴുത്താണ് യൂറോപ്പിലെയും അമേരിക്കയിലെയും ഇസ്ലാമോഫോബിയ വ്യവസായികളുടെയും സാമ്രാജ്യത്വ ചിന്തകരുടെയും ഇഷ്ടഭാജനമായ അയാൻ ഹിർസി അലിയുടേത്. എന്നാൽ അസർ നഫീസിയുടെ Reading Lolita in Tehran, അയാൻ ഹിർസി അലിയുടെ Caged Virgin തുടങ്ങിയ പുസ്തകങ്ങളെ ഫെമിനിസ്റ്റ് സാഹിത്യ ഗവേഷകയായ ദോറ അഹ്മദ് 'പൾപ്പ് ഫിക്ഷൻ' എന്ന് വിശേഷിപ്പിക്കുന്നുണ്ട്. രണ്ടു പ്രധാന വിമർശനം ദോറ അഹ്മദ് ഉന്നയിച്ചു. ഒന്ന്, ഈ ആഖ്യാനങ്ങൾ ഇസ്ലാമിക ലോകത്തെ സ്ത്രീവിവേചനവും പീഡനങ്ങളും നിറഞ്ഞ ഏകപക്ഷീയ ഇടങ്ങളായി കേവലാർഥത്തിൽ ചിത്രീകരിക്കുന്നതിൽ ശ്രദ്ധയൂന്നുന്നു. രണ്ട്, ഈ വിവരണങ്ങൾ അവ പ്രതിനിധാനം ചെയ്യുന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ ജീവിതത്തെ ഒരു ജീവിതാസക്തിയും അവശേഷിക്കാത്ത നരകതുല്യമായ ഇടങ്ങളായി ചിത്രീകരിക്കുകയും ചെയ്യുന്നു. ഇങ്ങിനെ നവലിബറൽ ശക്തികൾക്ക് രാഷ്ട്രീയമായി കൊല്ലപ്പെടാനും സാമ്പത്തികമായി പീഡിപ്പിക്കപ്പെടാനും പാകമായ ജനസമൂഹങ്ങളെ ഒരുക്കുകയും ചെയ്യുന്നു.

സ്ത്രീവിരുദ്ധരും നവയഥാസ്ഥിതികരും അധിനിവേശത്തെ പിന്തുണയ്ക്കുന്നവരുമായ പുരുഷ/വലതുപക്ഷ രാഷ്ട്രീയക്കാരുമായുള്ള അയാൻ ഹിർസി അലിയുടെയൊക്കെ ബന്ധത്തെ ഈജിപ്ഷ്യൻ ചരിത്രകാരിയായ ലൈല അഹമ്മദും പാകിസ്ഥാനി അമേരിക്കൻ നരവംശ ശാസ്ത്രജ്ഞയായ സബ മഹ്മൂദും പ്രശ്നവത്ക്കരിക്കുന്നുണ്ട്. ഹോളണ്ടിലും അമേരിക്കയിലുമുള്ള സ്ത്രീപക്ഷ മുന്നേറ്റങ്ങളെയും കുടിയേറ്റ/വംശീയ ന്യൂനപക്ഷ സമുദായത്തിലെ സ്ത്രീകളെ നിഷ്കരുണം എതിർക്കുകയും ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ് അയാൻ ഹിർസി അലിയെ പിന്തുണക്കുന്നതും സ്പോൺസർ ചെയ്യുന്നതും. അതായത് സ്ത്രീകളുടെ വോട്ടു ചെയ്യാനുള്ള അവകാശത്തെ പോലും നിരാകരിക്കുന്നവരുമായാണ് അയാൻ ഹിർസി അലി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും സഹകരിക്കുകയും ചെയ്യുന്നത്. ഇത് സ്ത്രീ അനുഭവം എന്ന മറ ഉപയോഗിച്ച് കൊണ്ട് മുസ്ലിം സമൂഹങ്ങളെ അധിനിവേശം ചെയ്യാനും രാഷ്ട്രീയമായി ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്ന പുത്തൻ അധിനിവേശ താത്പര്യത്തെ വ്യക്തമായി തുറന്നു കാട്ടുന്നുണ്ടെന്നു ലൈല അഹ്മദും സബ മഹമ്മൂദും വിലയിരുത്തുന്നു. ഇസ്ലാമിക ഫെമിനിസം, ക്രിട്ടിക്കൽ തിയറി, പോസ്റ്റ്കൊളോണിയൽ ഫെമിനിസ്റ്റ് ആന്ത്രോപ്പോളജി ഇവയുടെ മേഖലകളിൽ മുസ്‌ലിം സ്ത്രീ പഠനങ്ങൾ വമ്പിച്ച മുന്നേറ്റം കാഴ്ചവെക്കുമ്പോഴാണ് ഈ അജ്ഞത മലയാളി വായനക്കാർ സ്വയം അറിഞ്ഞുകൊണ്ടുതന്നെ ആഘോഷിച്ചത്. മുസ്‌ലിം സ്ത്രീകളെപ്പറ്റിയുള്ള ഗഹനമായ പഠനങ്ങൾ ഒന്നും തന്നെ ഗൗരവമായി വായിക്കാത്ത മലയാളികൾ തന്നെയാണ് ദോറ അഹമദ് സൂചിപ്പിച്ച പൾപ്പ് ഫിക്ഷന്റെ വായനക്കാരായി തങ്ങളുടെ മുസ്ലിം സ്ത്രീ ആകാംക്ഷകളെ പൂർത്തീകരിച്ചത്. ഇന്നിപ്പോൾ തങ്ങൾ വായിച്ച ആഗോള മുസ്ലിം

**സ്ത്രീകളുടെ വോട്ടു ചെയ്യാനുള്ള അവകാശത്തെ പോലും നിരാകരിക്കുന്നവരുമായാണ് അയാൻ ഹിർസി അലി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും സഹകരിക്കുകയും ചെയ്യുന്നത്. ഇത് സ്ത്രീ അനുഭവം എന്ന മറ ഉപയോഗിച്ച് കൊണ്ട് മുസ്ലിം സമൂഹങ്ങളെ അധിനിവേശം ചെയ്യാനും രാഷ്ട്രീയമായി ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്ന പുത്തൻ അധിനിവേശ താത്പര്യത്തെ വ്യക്തമായി തുറന്നു കാട്ടുന്നുണ്ടെന്നു ലൈല അഹ്മദും സബ മഹമ്മൂദും വിലയിരുത്തുന്നു.**

സ്ത്രീ അനുഭവങ്ങൾക്ക് സമാനമായി കേരളത്തിലും സമാനമായ അനുഭവങ്ങൾ കണ്ടെടുക്കാൻ മലയാളികളിൽ ചിലരെങ്കിലും ശ്രമിക്കുന്നത് സൂക്ഷ്മ വായനയിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്. (അതെങ്ങനെ സാധ്യമായി എന്ന ചർച്ച മറ്റൊരു അവസരത്തിലേക്ക് മാറ്റിവെക്കുകയാണ്). ലൈല അബു-ലുഗോദും ലൈല അഹ്മദും മുസ്ലിം സ്ത്രീകളുടെ അനുഭവങ്ങളായോ അതിൽ തന്നെ അനുഭവം

മുൻനിറുത്തിയുള്ള ജീവിത കഥകളായോ നോവലുകളായോ ആണ് മുകളിൽ സൂചിപ്പിച്ച ചില എഴുത്തുകൾ മാർക്കറ്റുകളിൽ എത്തുന്നത്. ഉപരിപ്ലവ വായനകൾ മാത്രമായി ആ അർത്ഥത്തിൽ മുസ്‌ലിം സ്ത്രീകളെക്കുറിച്ചുള്ള അന്വേഷണം മാറ്റപ്പെടുന്നു. ഈ പഠനങ്ങൾ പലപ്പോഴും നേരിട്ട് തന്നെ സാമ്രാജ്യത്വ/അധിനിവേശ വംശീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതായാണ് അനുഭവപ്പെടുന്നത്. എന്നാൽ വളരെ സ്വതന്ത്ര്യമായ ഫെമിനിസ്റ്റ് അന്വേഷണങ്ങൾ ഈ സംസ്കാര വ്യവസായത്തിന്റെ തിക്കിനും തിരക്കിനുമിടയിൽ വായനക്കാരുടെ കണ്ണിൽ പെടാതെ പോയി. മുസ്ലിം സ്ത്രീക്കെതിരായ പൊതുബോധത്തെ മുറിച്ചു കടക്കാൻ താല്പര്യമുള്ളവർ മാത്രമാണ് മാധ്യമ കേന്ദ്രീകൃതമായ ഈ വായനയെ മറികടന്നത്. ഈ മേഖലയിൽ പുറത്തുവന്ന പ്രധാനപെട്ട ചില കൃതികൾ പുതിയ പോസ്റ്റ്കൊളോണിയൽ സ്ത്രീ രാഷ്ട്രീയത്തിന്റെ ഭാഗമാവേണ്ടതുണ്ട്.

സാമ്രാജ്യത്വരാഷ്ട്രീയത്തെ അറിഞ്ഞോ അറിയാതെയോ പിന്തുണയ്ക്കുന്ന മുസ്ലിം അനുഭവമെഴുത്തിന്റെ ഉള്ളടക്കത്തെയും അതിന്റെ രാഷ്ട്രീയത്തെയും മുസ്ലിംസ്ത്രീയുടെ പേരിൽ നടക്കുന്ന മനുഷ്യാവകാശ കാമ്പയിനുകളെയും വിമർശനാത്മകമായി വിശകലനം ചെയ്യുന്നതാണ് ഫെമിനിസ്റ്റ് നരവംശശാസ്ത്രത്തിലെ പ്രധാന ശബ്ദമായ ലൈല അബു ലുഗോദിന്റെ Do Muslim Women Need Saving? എന്ന പുസ്തകം. 2013 നവംബറിലാണ് പുസ്തകം പുറത്തിറങ്ങിയത്. 9/11 നു ശേഷമുള്ള മുസ്‌ലിം അനുഭവമെഴുത്തിന്റെ രാഷ്ട്രീയം വിമർശനാത്മകമായി പരിശോധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പഠനമാണിത്. ഫെമിനിസ്റ്റ് അന്ത്രോപ്പോളജിയിലെ പ്രധാന ശബ്ദമായ ലുഗോദ് അതുകൊണ്ട് തന്നെ ശ്രമകരമായ ഒരു ദൗത്യമാണ് ഏറ്റെടുക്കുന്നത്. ഇതിനു മുമ്പ് സബ മഹമ്മൂദ്, ഹാമിദ് ദബാശി തുടങ്ങിയവരുടെ പഠനങ്ങളിലാണ് ഇത്രയും വിപുലമായി സാഹിത്യത്തിന്റേയും അനുഭവാഖ്യാനങ്ങളുടെയും മേഖലകളിലെ മുസ്ലിം സ്ത്രീപ്രതിനിധാനങ്ങളിലെ ഇസ്ലാമോഫോബിയയെ മനസ്സിലാക്കാനുള്ള ശ്രമങ്ങൾ കടന്നുവന്നിരുന്നത്. മുസ്ലിം സ്ത്രീ അനുഭവങ്ങളെ വായിക്കുമ്പോഴും അടയാളപ്പെടുത്തുമ്പോഴും മാധ്യമങ്ങളും നയ രൂപീകരണ വിദഗ്ദ്ധരും ചെയ്യുന്ന ചില വിശകലനപരമായ അട്ടിമറികൾ ലുഗോദ് തുറന്നു കാട്ടുന്നുണ്ട്. സമാനമായി 2011– ൽ ലൈല അഹമ്മദ് The Quiet Revolution: The Veilss Resurgence, From Middle East to America എന്ന പുസ്തകത്തിലൂടെ ഒരു അറബ് സെക്കുലർ ഫെമിനിസ്റ്റ് എന്ന നിലിയിൽ വിശ്വാസികളായ മുസ്ലിം സ്ത്രീകളുമായുള്ള ആശയവിനിമയത്തിന്റെ അനുഭവങ്ങൾ തുറന്നു പറയുന്നുണ്ട്. ഇസ്ലാമോഫോബിയക്കെതിരായും അതെ സമയം പോസ്റ്റ് -സെക്കുലർ ഫെമിനിസത്തിന്റെയും സാധ്യതകളാണ് അഹ്മദ് നൽകുന്നത്. ഈജിപ്തിലെ അറബ് സെക്കുലർ/ലിബറൽ ഫെമിനിസത്തിന്റെ കൊളോണിയൽ വേരുകൾ വിമർശിക്കുന്നുണ്ട് ലൈല അഹ്മദ്. എന്നാൽ ഇതേ ഫെമിനിസ്റ്റ് മൂല്യങ്ങൾ – വേറെ രീതിയിലാണെങ്കിലും– ഇസ്ലാമിക പ്രസ്ഥാനങ്ങളിലെ സ്ത്രീകളിലും ഉണ്ടാക്കിയ മാറ്റങ്ങളും അവർ അടയാളപ്പെടുത്തുന്നു. ഇന്നത്തെ ലോക സാഹചര്യത്തിൽ ഇസ്ലാമിന്റെ അപരത്വത്തെ കാണാനുള്ള ഫെമിനിസത്തിന്റെ സാധ്യതയെ തന്നെയാണ് ലൈല അഹ്മദ് വെളിവാക്കുന്നത്. എന്നാൽ അതോടൊപ്പം തന്നെ വിശ്വാസം, മതം ഇവയെക്കുറിച്ചുള്ള സെക്കുലർ ലിബറൽ ഫെമിനിസ്റ്റ് നിർണയങ്ങളെ അവർ പുന: പരിശോധിക്കുകയും ചെയ്യുന്നു.

ഈ രണ്ടു പഠനങ്ങളിലും അറബ് ലോകത്തെയും മുസ്ലിം സമൂഹങ്ങളിലെയും സ്ത്രീ ജീവിതത്തെക്കുറിച്ചുള്ള ഒറിയന്റലിസ്റ്റ്/ കൊളോണിയൽ ആകാംക്ഷകളെ തിരുത്തുന്നത് നമുക്ക് കാണാൻ കഴിയും. അതോടൊപ്പം തന്നെ ഫെമിനിസ്റ്റ് രീതിശാസ്ത്രത്തെ കയ്യൊഴിയാതെ തന്നെ സാമ്രാജ്യത്വ അനുകൂലമായതും നിർണയവാദപരവുമായ സ്ത്രീ ആഖ്യാനങ്ങളെയും അനുഭവ വിവരണങ്ങളെയും അവർ വിമർശിക്കുന്നുമുണ്ട്. അനുഭവവും ആഖ്യാനവും മേൽ സൂചിപ്പിച്ച പഠനങ്ങളിൽ മുസ്ലിംസ്ത്രീ അനുഭവത്തെ വായിക്കുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. ഇസ്ലാമിനെക്കുറിച്ചുള്ള നിർണയ വാദങ്ങൾ മുസ്ലിം സ്ത്രി അനുഭവവായനയുടെ മുഖ്യ പരിമിതിയായി ഈ പഠനങ്ങൾ തിരിച്ചറിയുന്നു. ഉദാഹരണത്തിന്, ബംഗ്ലാദേശിൽ സ്ത്രികൾക്ക് നേരെ നടക്കുന്ന ആസിഡ് ആക്രമണത്തെക്കുറിച്ചുള്ള യുറോപ്യൻ മാധ്യമങ്ങളിലെ പ്രചാരണങ്ങൾ ലുഗോദ് വിശകലനം ചെയ്യുന്നുണ്ട്. ഇത് ബംഗ്ലാദേശി സ്ത്രീകളെക്കുറിച്ചുള്ള ഉത്ക്കണ്ഠ എന്നതിലുപരി യുറോപ്പിലെ തന്നെ കുടിയേറ്റ മുസ്ലിംകളായ ബംഗ്ലാദേശികളെക്കുറിച്ചുള്ള ഉത്ക്കണ്ഠയായാണ് പ്രാഥമികമായി മനസ്സിലാക്കേണ്ടത്. സ്വന്തം നാട്ടിൽ നടക്കുന്ന ആസിഡ് ആക്രമണങ്ങൾക്കെതിരെ നിരവധി ബംഗ്ലാദേശി സ്ത്രീസംഘടനകൾ കുറേ നാളുകളായി പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ പല യുറോപ്യൻ മാധ്യമങ്ങളും പ്രചരിപ്പിക്കുന്നത് പോലെ ഏതെങ്കിലും ഇസ്ലാമിക മൂല്യങ്ങളല്ല, മറിച്ച് ലൈംഗിക/പ്രണയ താൽപര്യങ്ങളെ നിരസിക്കുന്നതോ ഭുമിയുടെ അവകാശ തർക്കങ്ങളോ ആണ് ഇത്തരം ആക്രമണങ്ങൾക്ക് കാരണമെന്ന് ബംഗ്ലാദേശി എഴുത്തുകാരിയായ എലോറ ചൗധരി വിവരിക്കുന്നു. മതവും രാഷ്ട്രീയവും സാമ്പത്തിക ഘടകങ്ങളും ഒക്കെ

കൂടിച്ചേർന്ന ഈ സ്ത്രീവിരുദ്ധ ഹിംസകളെ ഇസ്ലാമിലേക്ക് മാത്രം ചുരുക്കുന്നതിന്റെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ വിശകലനപരമായ അർത്ഥത്തിൽ അങ്ങേയറ്റം ഫെമിനിസ്റ്റ് വിരുദ്ധമായ സത്താവാദം കാണാവുന്നതാണ്. ഇതിനെതിരെ ബംഗ്ലാദേശിൽ നടക്കുന്ന പ്രാദേശിക കാമ്പയിനുകൾക്ക് ആഗോള തലത്തിലും സ്വീകാര്യത ലഭിക്കുന്നുണ്ടായിരുന്നു. പിന്നീട് ഇതിനെക്കുറിച്ചുള്ള ടി.വി. ഡോക്യുമെന്ററി ഒരു അമേരിക്കൻ പ്രൊഡക്ഷൻ കമ്പനി പുറത്തിറക്കി. ആഗോള മനുഷ്യാവകാശ സംഘടനയായ 'ആംനസ്റ്റി ഇൻറർനാഷണൽ' ഈ ഡോക്യുമെൻററിക്കു അവാർഡ് നൽകുകയും ചെയ്തു. ഇതിലൂടെ അടിച്ചമർത്തപ്പെട്ട മുസ്ലിം സ്ത്രീകൾക്ക് പുതു ജിവിതം നൽകിയത് നാഗരികരായ പാശ്ചാത്യരാണെന്നു പ്രചരിപ്പിക്കപ്പെട്ടു. അത് ബംഗ്ലാദേശിൽ നടക്കുന്ന പ്രാദേശിക കാമ്പയിനുകളുടെ സങ്കീർണ്ണതയെയും അവിടെ ഇതിനെതിരായ പോരാട്ടം നടത്തുന്ന മുസ്ലിം സ്ത്രീകളുടെ മതജീവിതത്തെയും കുറച്ചു ചരിത്രപശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് മതത്തെയും സംസ്കാരത്തെയും മാത്രം ഒറ്റതിരിച്ചു പ്രശ്നവത്കരിക്കുന്നത് ഗൗരവപരമായ സമീപനമല്ല. സംസ്കാരിക വ്യത്യാസത്തെ (cultural difference) സൂക്ഷ്മമായി അറിയാനും ഇടപെടാനുമുള്ള ശ്രമങ്ങൾ പ്രധാനമാണെന്നും അവർ കരുതുന്നു.

***രണ്ടു ഫെമിനിസ്റ്റ് സമീപനങ്ങൾ***

ഈ അർത്ഥത്തിൽ രണ്ടു തരം ഫെമിനിസ്റ്റ് കാഴ്ചപ്പാടുകൾ ഇന്നത്തെ ആഗോള മുസ്ലിം അനുഭവമെഴുത്തിന്റെ മേഖലയിൽ കാണാം. ഒന്ന് പോസ്റ്റ്കൊളോണിയൽ ഫെമിനിസ്റ്റ് സമീപനവും മറ്റൊന്ന് സാമ്രാജ്യത്വ ഫെമിനിസ്റ്റ് സമീപനവുമാണ്. പോസ്റ്റ് കൊളോണിയൽ ഫെമിനിസ്റ്റ് സമീപനം ഇങ്ങിനെ സംഗ്രഹിക്കാം. ഒന്ന്, മറ്റു സ്ത്രീകളെപ്പോലെ മുസ്ലിം സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്കും വ്യത്യസ്തമായ കാരണങ്ങളുണ്ട്. അതിൽ ചിലത് മാത്രമാണ് സംസ്കാരത്തിന്റെയോ പാരമ്പര്യത്തിന്റെയോ മതത്തിന്റെയോ ഭാഗമായി നടക്കുന്നത്. രണ്ടാമതായി, വ്യത്യസ്ത

**ഇന്നത്തെ നിയോകൊളോണിയൽ അധിനിവേശ കാലത്തു മാധ്യമങ്ങൾ നൽകുന്ന മുസ്ലിംകളുടെ മനുഷ്യത്വമില്ലായ്മയെ കുറിച്ച വാർത്തകളെ കുടുതൽ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ലൈല അബു–ലുഗോദും ലൈല അഹമ്മദും ഈ ഫെമിനിസ്റ്റ് സമീപനത്തെ ഉയർത്തിപ്പിടിക്കുന്നു. സാമ്രാജ്യത്വഫെമിനിസത്തിന്റെ സമീപനം വളരെ വ്യത്യസ്തമാണ്. കോളനിവത്ക്കരണ കാലത്ത് കൊളോണിയൽ ഭരണകുടം തങ്ങളുടെ അധിനിവേശത്തെ ന്യായികരിക്കാൻ വേണ്ടി ഉണ്ടാക്കിയ ഒരു കാഴ്ചപ്പാടാണിത്.**

കാട്ടിയെന്നു ചൗധരി വിമർശിക്കുന്നു. പലപ്പോഴും ഒരു പ്രാദേശിക സാഹചര്യത്തിൽ മുസ്ലിം സ്ത്രീക്കെതിരെ നടക്കുന്ന അക്രമത്തിനു ബഹുവിധ സാഹചര്യങ്ങൾ ഉണ്ടെന്നാണ് ലുഗോദ് പറയുന്നത്. അതിന്റെ കാരണം ഇസ്ലാമിലേക്ക് മാത്രം എന്ന രീതിയിൽ ചുരുക്കുന്നതിനു അന്താരാഷ്ട്ര അധിനിവേശ രാഷ്ട്രീയത്തിനും പുതിയ കാലത്തെ ഇസ്ലാമോഫോബിയക്കും നല്ല പങ്കുണ്ടെന്നും അവർ വാദിക്കുന്നു.

ഈ അനുഭവവായനയുടെ സൈദ്ധാന്തിക പ്രശ്നങ്ങൾ ലൈല അബു ലുഗോദ് തിരിച്ചറിയുന്നുണ്ട്. എല്ലാം ഒരു പ്രത്യേക മാതൃകാ സ്ത്രീയവസ്ഥയെ മുൻനിറുത്തി മാത്രം മനസ്സിലാക്കുന്നത് സാംസ്കാരികമായ ഫ്രെയിമിംഗ് (cultural framing) ആണെന്നാണ് ലുഗോദ് കരുതുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി സ്ത്രീയവസ്ഥകളെ മനസ്സിലാക്കേണ്ടത് അവിടുത്തെ സാമൂഹിക രാഷ്ട്രീയ സമൂഹങ്ങളിലും ചരിത്ര പശ്ചാത്തലങ്ങളിലും ജീവിക്കുന്നവരുടെ അവസരങ്ങളും സാധ്യതകളും അവകാശങ്ങൾ, സമത്വം, സുരക്ഷ, ആദരവ്, തിരഞ്ഞെടുപ്പ് എന്നിവയുമായി വളരെ വ്യതസ്തമായി ബന്ധപ്പെട്ടാണ് കിടക്കുന്നതെന്ന് അറിയേണ്ടതുണ്ട്. മൂന്നാമതായി, ഇന്നത്തെ നിയോകൊളോണിയൽ അധിനിവേശ കാലത്തു മാധ്യമങ്ങൾ നൽകുന്ന മുസ്ലിംകളുടെ മനുഷ്യത്വമില്ലായ്മയെക്കുറിച്ചുള്ള വാർത്തകൾ കുടുതൽ ആഴത്തിൽ പഠിക്കപ്പെടേണ്ടതുണ്ട്. ലൈല അബു-ലുഗോദും ലൈല അഹമ്മദും ഈ ഫെമിനിസ്റ്റ് സമീപനത്തെ ഉയർത്തിപ്പിടിക്കുന്നു.

സാമ്രാജ്യത്വഫെമിനിസത്തിന്റെ സമീപനം വളരെ വ്യത്യസ്തമാണ്. കോളനിവത്ക്കരണ കാലത്ത് കൊളോണിയൽ ഭരണകുടം തങ്ങളുടെ അധിനിവേശത്തെ ന്യായികരിക്കാൻ വേണ്ടി ഉണ്ടാക്കിയ ഒരു കാഴ്ചപ്പാടാണിത്. വിവിധ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലെ സ്ത്രീകളെ 'അവരുടെ' പുരുഷന്മാരുടെ അടിച്ചമർത്തലിൽ നിന്നും

മോചിപ്പിക്കാൻ വേണ്ടിയാണ് തങ്ങൾ അധിനിവേശം നടത്തുന്നതെന്ന് ഇവർ പ്രചരിപ്പിച്ചിരുന്നു. അതെ സമയം സ്വന്തം നാടുകളിലെ സ്ത്രീ പ്രസ്ഥാനങ്ങളെ അടിച്ചമർത്താൻ അവർ ആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു. അഫ്ഗാൻ അധിനിവേശകാലത്ത് ജോർജ് ബുഷിന്റെ ഭാര്യയായ ലോറ ബുഷ് പറഞ്ഞത് അധിനിവേശം അഫ്ഗാനിലെ അടിച്ചമർത്തപ്പെട്ട സ്ത്രീകളുടെ വിമോചനത്തിനു വേണ്ടിയാണ് എന്നാണ്. പക്ഷെ, പതിനായിരക്കണക്കിനു സ്ത്രീകളുടെ മരണത്തിനു കാരണമായിത്തീരുകയായിരുന്നു അഫ്ഗാനിലെ ലോറ ബുഷിന്റെ സാമ്രാജ്യത്വ ഫെമിനിസ്റ്റ് ദൗത്യം. ഇന്നും തുടരുന്ന ആധുനിക വികസിത രാഷ്ട്രങ്ങളിലെ കരുത്തരായ സ്ത്രീകൾ നടത്തുന്ന, പ്രത്യക്ഷത്തിൽ ഫെമിനിസ്റ്റ് സ്വഭാവമുള്ള, ഇടപെടലുകൾ പലപ്പോഴും അധിനിവേശ/വംശീയ താൽപര്യങ്ങളുടെ ഭാഗമാണ് എന്നാണ് മനസ്സിലാക്കേണ്ടത്. ഈ അർത്ഥത്തിൽ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ സാമ്രാജ്യത്വ അനുകൂല ഉപയോഗത്തെ സാമ്രാജ്യത്വ/അധിനിവേശ ഫെമിനിസം എന്നാണ് ലൈല അഹമ്മദിനെപ്പോലുള്ള ഫെമിനിസ്റ്റ് ഗവേഷകർ വിശേഷിപ്പിച്ചിരിക്കുന്നത്. മുസ്‌ലിം അനുഭവമെഴുത്തിന്റെ മേഖലയിൽ നടക്കുന്ന സാമ്രാജ്യത്വ ഇടപെടലിനെ വളരെ മുമ്പെ തുറന്നു കാണിച്ച ഇറാനിയൻ-അമേരിക്കൻ ഫെമിനിസ്റ്റ് ചിന്തകയാണ് ഫാത്തിമ കെശാവസ്. 2007-ൽ പുറത്തിറങ്ങിയ Jasmin and Stars: Reading More Than Lolita in Tehran എന്ന കൃതിയിലൂടെ സാമ്രാജ്യത്വ/അധിനിവേശ ഫെമിനിസ്റ്റ് യുക്തിയുടെ പകർപ്പാണ് 'നവ ഓറിയന്റലിസ്റ്റ് വിവരണങ്ങൾ' നിറഞ്ഞ സാഹിത്യങ്ങളുടെയും അനുഭവമെഴുത്തിന്റെയും പ്രചരണമെന്നവർ നിരീക്ഷിച്ചു. ജന്മംകൊണ്ട് വിദേശികളായ പഴയ പൗരസ്ത്യ എഴുത്തുകാരുടെ, തദ്ദേശീയരായ ആളുകളെക്കുറിച്ചുള്ള വിവരണങ്ങളിൽ നിന്നും നവ പൗരസ്ത്യ വിവരണങ്ങൾ വ്യത്യസ്തമാകുന്നത് ഒരു കാര്യത്തിലാണ്. തദ്ദേശി ആയ ഒരു സാക്ഷിയുടെ ആധികാരികത ഉണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണത്. മുസ്ലിംകളുടെ രാഷ്ട്രീയ അവകാശങ്ങൾ നിഷേധിക്കാനുള്ള പഴുതായി ഈ അകം സാക്ഷ്യങ്ങൾ മാറുന്നു. ഈ അർത്ഥത്തിൽ ഇന്നത്തെ ഏറെ പ്രചാരം നേടിയ പല മുസ്ലിം സ്ത്രീ അനുഭവമെഴുത്തുകളും കൊളോണിയൽ താല്പര്യങ്ങളുടെ സംരക്ഷണം ലക്ഷ്യമിടുന്നുവെന്ന് ഫാത്തിമ കെശാവെസ് തുറന്നു കാണിക്കുന്നു. മുസ്ലിം സ്ത്രീയനുഭവത്തിന്റെ രാഷ്ട്രീയ ഉപകരണപരമായ ഉപയോഗം ഈ അർത്ഥത്തിൽ പ്രശ്നകാരമാണ് എന്ന തിരിച്ചറിവ് വളരെ അത്യാവശ്യമാണെന്നു തോന്നുന്നു.

***എന്തുകൊണ്ട് മലയാളികൾ?***

അവസാനമായി ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കട്ടെ. 9/11 നു ശേഷം പ്രസിദ്ധീകരിക്കപ്പെട്ട ഈ 'പൾപ്പ്ഫിക്ഷനുകൾ' യാതൊരു വിധ സാഹിത്യമൂല്യമോ സാമൂഹ്യ പഠനങ്ങളുടെ പിൻബലമോ ഇല്ലാതിരുന്നിട്ടും എന്തുകൊണ്ട് കേരളത്തിൽ സ്വീകരിക്കപ്പെട്ടു എന്ന ചോദ്യം വളരെ പ്രസക്തമാണ്. മുസ്ലിം സ്ത്രീയെ പ്പറ്റി പുറത്തുവന്ന ഇസ്ലാമോഫോബിക് ആയ ഈ പുസ്തകങ്ങൾ മാത്രം ഇവിടെ വിപണിയുടെ ഭാഗമാവുകയും എന്നാൽ സാമ്രാജ്യത്വവിരുദ്ധ സ്വഭാവമുള്ള മുസ്ലിംസ്ത്രീ പഠനങ്ങൾ വായനയുടെയും വിപണിയുടെയും പുറത്തു നിർത്തപ്പെടുകയും ചെയ്തു. കേരളം പോലെ ഇടതുപക്ഷ രാഷ്ട്രീയത്തിനു സ്വീകാര്യതയുള്ള ഒരു സ്ഥലത്ത്, മുസ്ലിം സ്ത്രീകളെപ്പറ്റിയുള്ള സാമ്രാജ്യത്വ വായനകൾ എളുപ്പം സ്വീകരിക്കപ്പെടുന്നു എന്ന് കാണാം. അതായത് 9/11 നു ശേഷം ആഗോള തലത്തിൽ വ്യാപകമായ ഇസ്ലാമോഫോബിക് സാഹിത്യങ്ങളുടെ വലിയ ഒരു ശേഖരം മലയാളത്തിലും ലഭ്യമാണ്. അത് സാധ്യമാകുന്നത് കേരളത്തിൽ പ്രബലമായ അടിച്ചമർത്തപെട്ട മുസ്ലിം സ്ത്രീ എന്ന വാർപ്പ് മാതൃകയെ ആഗോള ഭാവനയായി സ്വയം വികസിപ്പിച്ചുകൊണ്ടാണ്. ഇത് 9/11 നു ശേഷമുള്ള അധിനിവേശരാഷ്ട്രീയത്തിന്റെ ഭാഗമാണ്. ഈ തിരിച്ചറിവ് പുതിയൊരു പോസ്റ്റ്കൊളോണിയൽ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ വികാസത്തിന് അത്യാവശ്യമാണ്.

അവലംബം


- *Dhora Ahmad. 2009. Not Yet Beyond the Veil: Muslim Women in American Popular Literature Social Text 27, no.99 : 105-131.*
- *Elora Chowdhury. 2011. Trannsationalism Reversed: Women Organising Against Gendered Violence Bangladesh. Albany: State University of New York Press.*
- *Fatemeh Keshavarz. 2007. Jasmin and Stars: Reading More Than Lolita in Tehran. New York: University of North Carolina Press.*
- *Hamid Dabashi. 2012. The Arab Spring: The End of Postcolonialism. London: Pluto Press.*
- *Leila Ahmed. 2011. A Quiet Revolution: The Veils Resurgence, from Middle East to America. New Haven:Yale University Press.*
- *Lila Abu-Lughod. 2013. Do Muslim Women Need Saving? New York: Harvard University Press.*
- *Saba Mahmood. 2009. "Feminism, Democracy and Empire: Islam and the War of Terror In, Gendering Religion and Politics, edited by Hanna Herzog & Ann Braude. New York: Palgrave Macmillan.*



**ചർച്ചാവിഷയം**

**ജെ.ദേവിക**
തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ അദ്ധ്യാപിക, നിരവധി സ്ത്രീവാദഗ്രന്ഥങ്ങളുടെ രചയിതാവ്

# ഫെമിനിസ്റ്റ് ജീവിതം




ലിംഗപരമായ അഹിംസയെ ദൈനംദിനജീവിതത്തിൽ പ്രയോഗിക്കാൻ — അതിനെ പൂർണ്ണസാധനയായി സ്വീകരിക്കാൻ - ഉതകുന്ന ജീവിതത്തെ മാത്രമേ ഞാൻ ഫെമിനിസ്റ്റ് ജീവിതമായി എണ്ണൂ. ഇക്കാര്യത്തിൽ എനിക്ക് നല്ല വാശിയുണ്ട്. കാരണം, ഞാൻ ഫെമിനിസത്തെ കാണുന്നത് ഉദാരവാദത്തിന്റെയോ യുക്തിവാദത്തിന്റെയോ ചില്ലുകളിലൂടെയല്ല. എന്നെ സംബന്ധിച്ചിടത്തോളം അതിന് ആത്മീയമാനങ്ങളാണുള്ളത്. ആത്മീയത എന്നാൽ മതകീയത എന്നോ, ചികിത്സാസ്വഭാവത്തോടുകൂടിയുള്ള ശിഷ്യപ്പെടൽ എന്നോ അല്ല അർത്ഥം. ആത്മീയമെന്നാൽ ആഴമുള്ള ഒരു ധാർമ്മികസ്വത്വത്തെ നിർമ്മിച്ചെടുക്കാൻ ഉതകുന്ന എന്തോ, അതു തന്നെ.

അങ്ങനെ നോക്കുമ്പോൾ ഫെമിനിസമെന്നാൽ എനിക്ക് - എന്റെ ഏറ്റവും സ്വകാര്യമായ തിരിച്ചറിവിൽ -സ്ത്രീകൾക്ക് അധികാരത്തിന്റെ പങ്കുവാങ്ങിക്കൊടുക്കാനോ, അവരെ ശാക്തീകരിക്കാനോ, അവരുടെ സാമൂഹ്യ-ലിംഗ അവബോധത്തെ ആധുനികയുക്തിയിൽ ഉറപ്പിച്ചു നിർത്താനോ മാത്രം സഹായിക്കുന്ന ഉപകരണമല്ല. ഇതെല്ലാം അപ്രധാനങ്ങളാണെന്നല്ല - എന്റെ വ്യക്തിജീവിതത്തിൽ ഫെമിനിസത്തെ ഇവയിലേക്കു ചുരുക്കാൻ തയ്യാറല്ലെന്നു മാത്രം. വളരെ ചെറുപ്പംമുതൽക്കേ ലിംഗവ്യത്യാസം




നമ്മുടെയിടയിൽ നിലനിൽക്കുന്നത് പ്രത്യക്ഷവും പരോക്ഷവുമായ ഹിംസയുടെമേലാണെന്ന തോന്നൽ എനിക്കുണ്ടായിരുന്നു. എല്ലായിടത്തും പടർന്നുകിടക്കുന്ന ഈ വ്യവസ്ഥയിൽ ചെറിയതോതിൽ പങ്കാളിയാകുന്നതുപോലും നമ്മെ ധാർമ്മികമായി ചുരുക്കിക്കളയുമെന്ന് അന്നേ ബോദ്ധ്യപ്പെട്ടിരുന്നു. ഈ വ്യവസ്ഥയിൽ പ്രായം കൂടും തോറും സ്ത്രീകൾ പിതൃ-അധികാരത്തിന്റെ വാഹകരും കാവൽക്കാരികളും ആകും എന്നും കണ്ടു, എല്ലാത്തിനുമുപരി കള്ളങ്ങളുടെയും വഞ്ചനകളുടെയും ഈ വ്യവസ്ഥയിൽ ചേരാതിരിക്കുകയോ അതിനെതിരെ ഉറക്കെ പ്രതികരിക്കുകയോ, അതിൽ നിന്ന് ഇറങ്ങിപ്പോകാൻ ശ്രമിക്കുകയോ ചെയ്താൽ വളരെ കടുത്ത ഒറ്റപ്പെടലിനെ നേരിടേണ്ടിവരുമെന്നും.

എന്നെ സംബന്ധിച്ചിടത്തോളം ബൗദ്ധികജീവിതവും ആത്മീയജീവിതവും സാധാരണഗാർഹിക ഉത്തരവാദിത്വങ്ങളുടേതായ ജീവിതവും തമ്മിലുള്ള അതിർവരമ്പുകൾ തട്ടിക്കളഞ്ഞ് അവയെ പരസ്പരം കോർത്തിണക്കി, ഒന്ന് ഒന്നിനെ ഉത്തേജിപ്പിക്കുംവിധമാക്കുക എന്നത് ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സൗന്ദര്യപരവും സർഗാത്മകവുമായ വെല്ലുവിളിയായിരുന്നു. ഇത് ഫെമിനിസത്തിന്റേതായ വെല്ലുവിളിയുമാണ് - കാരണം സമൂഹത്തിന്റെ പിതൃമേധാവിത്വഘടനകളുടെ മുകളിൽ നിങ്ങൾ കുറച്ച് ഇടം പണിഞ്ഞോളൂ എന്നുള്ള സന്ദേശത്തെക്കാൾ എത്രയോ സങ്കീർണമായ തിരിച്ചറിവുകളാണ് ഫെമിനിസത്തിന്റെ വിവിധ വകഭേദങ്ങളിൽ ഉള്ളത്. എന്റെ ചെറുപ്പത്തിൽ ഞാൻ പരിചയപ്പെട്ട പല ഫെമിനിസ്റ്റുകളും ഈ വഴിയേ യാത്രതിരിച്ച് ഒടുവിൽ പലതരം നീക്കുപോക്കുകളിലും ഒടുവിൽ മലയാളി ഇടത്തരക്കാരുടെ തത്ഭാവമായ ആത്മവഞ്ചനയിലും കലാശിക്കുന്നത് ഞാൻ കണ്ടതാണ്. അതിന് അവരെ ഞാൻ കുറ്റപ്പെടുത്തിയില്ല. മറിച്ച്, ഇപ്പറഞ്ഞ വെല്ലുവിളി എത്രത്തോളം വിഷമകരമാണെന്ന് അവരുടെ അനുഭവങ്ങൾ എന്നെ ഓർമ്മപ്പെടുത്തി. ഈ വെല്ലുവിളിയ്ക്ക് ചെവികൊടുക്കുന്നവൾക്ക് പുരോഗമനവാദികളായി പുറംലോകത്തു ജീവിക്കുന്നവരുടെ വൻസമ്മർദ്ദത്തെയും ബലപ്രയോഗത്തെയും — ചിലപ്പോൾ ശാരീരികമായ ഹിംസയെത്തന്നെയും — നേരിടേണ്ടിവരുമെന്ന് സ്വന്തം ജീവിതം തന്നെ എനിക്കു കാട്ടിത്തന്നു.

എങ്കിലും ഈ ജീവിതലക്ഷ്യത്തെ ഉപേക്ഷിക്കാൻ എനിക്കു കഴിഞ്ഞില്ല. പത്തും അഞ്ചും വയസ്സു പ്രായമായ രണ്ടു പെൺകുഞ്ഞുങ്ങളെയും കൊണ്ട് അസ്ഥിരമായിരുന്ന ജോലിയെ മാത്രം പിൻബലമാക്കി സാമൂഹ്യമാന്യതയ്ക്ക് എന്തു സംഭവിച്ചാലും ഇനിമുതൽ ലിംഗഹിംസയ്ക്ക് ഞാൻ കൂട്ടുനിൽക്കില്ല (ഭൗതികസാഹചര്യങ്ങൾ അനുകൂലമായാലും ലിംഗഹിംസയ്ക്കു വിധേയയായിക്കഴിയുന്നത് ആ ഹിംസയെ പ്രോത്സാഹിപ്പിക്കൽ തന്നെയാണെന്ന് അക്കാലത്ത് എനിക്കു തോന്നി) എന്നു തീരുമാനിച്ചപ്പോൾ ആ അധികാരരൂപം രൂപീകരിക്കാത്ത ഒരിടം സൃഷ്ടിക്കാൻ കഴിയണമെന്ന മോഹമായിരുന്നു അതിനു പിന്നിൽ.

കഴിഞ്ഞ പതിമൂന്നുവർഷമായി ഞാൻ അത്തരമൊരിടം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പിതൃമേധാവിത്വമെന്നാൽ കേവലം പുരുഷന്മാരുടെ അധികാരമല്ല. കുടുംബത്തിനുള്ളിൽ

പിതാവിന്റെ അധികാരം മാത്രമല്ല. ലിംഗ അഹിംസ സ്ത്രീകളോട് സമഭാവത്തോടെയുള്ള ഇടപെടൽ മാത്രമല്ല. പിതൃഅധികാരത്തെ വെല്ലുവിളിക്കുന്ന വീടെന്നാൽ ആൺ–പെൺവേർതിരിവിന്റെ, ലിംഗവൈവിദ്ധ്യത്തെ രണ്ടായി മാത്രം കുറയ്ക്കുന്ന വ്യവസ്ഥാപിതരീതിയുടെ, സർവ്വാധിപത്യം നടപ്പില്ലാത്ത ഇടമായിരിക്കണം. മുതിർന്നവരും കുട്ടികളും മറ്റെല്ലാവരും പങ്കുവയ്ക്കപ്പെടുന്ന ആനന്ദത്താലും തികച്ചും സൗന്ദര്യാത്മക ഇടപെടലുകളാലും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന ഇടം മാത്രമേ പിതൃമേധാവിത്വത്തെ പ്രതിരോധിക്കൂ.

പിതൃമേധാവിത്വഹിംസ എപ്പോൾ വേണമെങ്കിലും കയറിവരാവുന്ന വിപത്തായതുകൊണ്ട് ജാഗ്രത കുറയാനും പാടില്ല. ഇന്ന് ജാതിഭേദത്തിലും മുതലാളിത്തത്തിലും ഊന്നിനിൽക്കുന്ന പിതൃമേധാവിത്വം എന്തിനെയൊക്കെ പുറന്തള്ളുന്നുവോ, അതിനൊക്കെ പ്രവേശിക്കാവുന്ന ഒരിടമാണത് — നായയും പക്ഷിയും കാട്ടുചെടികളും നിശബ്ദതയ്ക്കും എല്ലാം വരുന്ന ഒരു ചെറുതുരുത്ത്. ഇതുതന്നെയാണ് എന്റെ ഫെമിനിസ്റ്റ് ജീവിതം.



**ചർച്ചാവിഷയം**

**പി.വിജി**
സംഘാടക, പെൺകൂട്ട്

# ഇതാണെന്റെ ഫെമിനിസം

എനിക്ക് പറയാനുള്ളത് എന്റെ ജീവിതത്തിൽ ഞാൻ ഒരു പെണ്ണായത് കൊണ്ടും എന്റെ കുടുംബം സ്ത്രീ തൊഴിലാളി കുടുംബമായത് കൊണ്ടും ആണ് എനിക്ക് സ്ത്രീപക്ഷരാഷ്ട്രീയം ഉണ്ടായത് എന്നാണ്. പിന്നീട് ഞാനും ഒരു സത്രീ തൊഴിലാളിയായപ്പോൾ തൊഴിലാളികൾ ക്കിടയിലെ വിവേചനം തിരിച്ചറിഞ്ഞു . എന്റെ ജോലിയ്ക്ക് പരിഗണനയില്ല, എന്റെ അധ്വാനത്തിന് മൂല്യമില്ല. എനിക്ക് വിശ്രമം ഇല്ല, എനിക്ക് വിനോദം ഇല്ല ,ഇത് തന്നെയായിരുന്നു എന്റെ കുടുബത്തിലെ സ്ത്രീ തൊഴിലാളികളും എന്റെ സമൂഹത്തിലെ സ്ത്രീ തൊഴിലാളികളും അനുഭവിച്ചുകൊണ്ടിരിക്കുന്നത് . 8 മണിക്കൂർ ജോലി 8 മണിക്കൂർ വിനോദം 8 മണിക്കൂർ വിശ്രമം സ്ത്രീതൊഴിലാളികൾക്കും അനിവാര്യമാണ് . അസംഘടിത മേഖല സ്ത്രീത്തൊഴിലാളികളെ മനുഷ്യരായി പരിഗണിക്കുക തൊഴിലാളികളായി അംഗീകരിക്കുക ഇതായിരിക്കും എന്റെ പ്രവർത്തന മേഖല .





**ചർച്ചാവിഷയം**

**ഗാർഗ്ഗി**
എഴുത്തുകാരി

# ഫെമിനിസത്തിന്റെ ജൈവികമായ കൂടിച്ചേരൽ



ഫെമിനിസത്തിന്റെ മലയാളം സ്ത്രീവാദമാണോ എന്നുറപ്പില്ലാത്തതുകൊണ്ടുതന്നെ എന്റെ ജീവിതത്തിൽ ഫെമിനിസം എന്താണെന്നു പറയാം. നാലാമത്തെ ദേശീയ വനിതാ സമ്മേളനം കോഴിക്കോട് നടക്കുമ്പോൾ എനിക്ക് എട്ടു വയസ്സിൽ കൂടുതൽ കാണില്ല. എങ്കിലും, മായക്കാഴ്ചകൾ കാണുന്ന പോലെ പല ദേശത്തുനിന്നും പല വേഷങ്ങളിൽ വന്ന ചിരിക്കുന്ന, നൃത്തം ചെയ്യുന്ന സ്ത്രീകളെ അടുത്തുകാണാനായത് എന്റെ കാഴ്ചയെ ഒരിക്കലും 'സാധാരണ'യായിരിക്കാൻ കഴിയാത്തവിധം സ്വാധീനിച്ചിരിക്കണം. സ്വതന്ത്രരായ സ്ത്രീകൾ ഒരുമിച്ചു കൂടുമ്പോഴുള്ള പ്രത്യേക ഊർജ്ജത്തെ അനുഭവിക്കാത്തവർക്ക് ഇത് വിവരിച്ചുകൊടുക്കാനാവില്ല. പിന്നീട്, ഒരു ഫെമിനിസ്റ്റ് എന്ന നിലയിൽ, ഒരു മനുഷ്യൻ എപ്പോഴും അമ്മയുടെ ഗർഭപാത്രത്തിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്നു എന്നു പറയുന്നപോലെ, ഞാൻ തിരിച്ചു പിടിക്കാൻ ആഗ്രഹിച്ചത് ജൈവികമായ കൂടിച്ചേരലിന്റെ മാസ്മരികതയാവണം. ഫെമിനിസ്റ്റ് വർക്ക്ഷോപ്പുകളിലെ പിൻബെഞ്ചുകളിലുറങ്ങിയും സമപ്രായക്കാരായ മറ്റു കൊച്ചു ഫെമിനിസ്റ്റുകളുടെ കൂടെ കളിച്ചും വളർന്ന ഞാൻ ഫെമിനിസത്തെ മനസ്സിലാക്കുന്നത് എന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമായാണ്. പല സാഹചര്യങ്ങളിലും ഫെമിനിസ്റ്റ് പദ്ധതിയോട് സംശയങ്ങൾ തോന്നിയിട്ടുണ്ട് . ഫെമിനിസം ജാതിയെയും സ്ത്രീകൾക്കിടയിലുള്ള അധികാര ബന്ധങ്ങളെയും എങ്ങനെ മനസ്സിലാക്കുന്നു എന്ന സംശയം എന്നെ കൂടുതൽ ഈ വിഷയങ്ങളെക്കുറിച്ച് പഠിക്കാനും ഈ വിഷയങ്ങളെ കൂടുതൽ അടുത്തു നിന്ന് ചർച്ചചെയ്യുന്ന ഫെമിനിസങ്ങളെ സ്വാംശീകരിക്കാനും സഹായിച്ചു


**ഒരു ഫെമിനിസ്റ്റ് എന്ന നിലയിൽ, ഒരു മനുഷ്യൻ എപ്പോഴും അമ്മയുടെ ഗർഭപാത്രത്തിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്നു എന്നു പറയുന്നപോലെ, ഞാൻ തിരിച്ചു പിടിക്കാൻ ആഗ്രഹിച്ചത് ജൈവികമായ കൂടിച്ചേരലിന്റെ മാസ്മരികതയാവണം.**

**ശേഷം പേജ് 23**



ചർച്ചാവിഷയം

ശലഭ
വീട്ടമ്മ



# സ്ത്രീസമത്വം – കുടുംബങ്ങളിൽ

സ്ത്രീസമത്വം എന്ന വിഷയം ചർച്ച ചെയ്യുമ്പോൾ, സ്ത്രീകൾ കുടുംബത്തിൽ നേരിടുന്ന അവഗണനയെ കുറിച്ചാണ് പലരും പറഞ്ഞത്. അവൾ കുടുംബത്തിൽ ചെയ്യുന്ന ജോലികൾ പരിഗണിക്കപ്പെടുന്നില്ല. അവൾക്ക് ഭർത്താവിനോടും കുടുംബത്തോടും ഉള്ള സ്നേഹം, ശ്രദ്ധ ഇവയൊന്നും പരിഗണിക്കപ്പെടുന്നില്ല. അവൾ കഴിവുള്ളവളാണ് എന്ന് പരിഗണിക്കപ്പെടുന്നില്ല. അവളുടെ അഭിപ്രായങ്ങൾ പരിഗണിക്കപ്പെടുന്നില്ല. അവളുടെ ഇഷ്ടങ്ങളോ സ്വാതന്ത്ര്യങ്ങളോ എന്തിന് അവൾ ഒരു മനുഷ്യജീവിയാണ് എന്ന് പോലും പരിഗണിക്കപ്പെടുന്നില്ല.

സ്ത്രീകൾ നേരിടുന്ന ഗാർഹിക പീഡനങ്ങളുടെ ഭാഗമായി ചർച്ചയിൽ മുന്നിട്ട് വന്ന ഒന്നായിരുന്നു അത്തരം അവഗണനകൾ. എല്ലാവർക്കും പറയാനുള്ള പരിഹാരം സ്ത്രീ സാമ്പത്തികമായി സ്വതന്ത്രയാവുക എന്നാണ്. സ്ത്രീകൾ സ്വന്തമായി ഒരു വരുമാന മാർഗ്ഗം നേടിയെടുക്കുക എന്നാണ്.

പക്ഷേ എല്ലാ സ്ത്രീകളും ഒരു ജോലിക്കാരി ആവാൻ ആഗ്രഹിക്കുന്നുണ്ടാവുമോ? കുടുംബവും കുഞ്ഞുങ്ങളെയും നോക്കി ഒരു ഗൃഹസ്ഥയായി മാത്രം കഴിയാൻ ഇഷ്ടപ്പെടുന്നവർ ഉണ്ടാവില്ലേ? അവരോട് വീട്ടിൽ തുല്യത കിട്ടുവാൻ, പരിഗണന കിട്ടുവാൻ ഒരു വരുമാനമാർഗ്ഗം നേടിയെടുക്കുക മാത്രമേ രക്ഷയുള്ളൂ എന്ന് പറയുന്നത് ഒരു പരിഹാരമാണോ?

ഒരിക്കൽ, തൊഴിൽരഹിതയായ എന്റെ ഒരു സുഹൃത്ത് എന്നോട് പറഞ്ഞത് ഓർക്കുന്നു. 'ഇത്രയും വിദ്യാഭ്യാസമുണ്ടായിട്ടും എന്താണ് ജോലിക്കൊന്നും പോകാത്തത് എന്ന് എല്ലാവരും എന്നോട് ചോദിക്കും. സ്വാതന്ത്ര്യം, സമത്വം, പരിഗണന ഇതൊക്കെയാണ് എല്ലാവരും പറയുന്നത്. പക്ഷേ, ജോലി വേണ്ട എന്നത് എന്റെ തീരുമാനമാണ്. കുട്ടികൾക്ക് വേണ്ടി സമയം ചെലവഴിക്കുക എന്നത് എന്റെ ഇഷ്ടമാണ്. ഇവിടെ എന്റേത്, എന്റെ ഇഷ്ടങ്ങളും എന്റെ തീരുമാനങ്ങളും ആണ്. ഞാൻ സന്തോഷവതിയാണ്.

നീ എന്റെ അയൽവക്കത്തെ വീട്ടുകാരെ കണ്ടിട്ടുണ്ടോ? ഭാര്യയും ഭർത്താവും മുതിർന്ന രണ്ടാൺകുട്ടികളും ആണ് അവിടെ ഉള്ളത്. ഭർത്താവ് ബാങ്ക് ഉദ്യോഗസ്ഥനും ഭാര്യ പ്രൊഫസറും ആണ്. രാവിലെ രണ്ടാളും ഒരുമിച്ചാണ് പോകുന്നത്. ഭർത്താവ് വണ്ടി എടുക്കുമ്പോഴേക്കും ധൃതിയിൽ വീട് പൂട്ടി ഭാര്യ വേഗം വണ്ടിയിൽ കയറിയിരിക്കും. വൈകുന്നേരം വണ്ടി പോർച്ചിൽ നിർത്തുമ്പോഴേക്കും ആ സ്ത്രീ ഓടി വാതിൽ തുറന്ന് അകത്ത് കയറും. തുണി മാറുന്നതിന് മുൻപ് തന്നെ ഒരു ചൂട് ചായ ഭർത്താവിന്. പിന്നെ കുറെ മുഷിഞ്ഞ തുണികളുമായി അവരെ അലക്ക്കല്ലിനടുത്ത് കാണാം. പിന്നെ മറ്റ് വീട്ടുപണികളിലേക്ക്. ഭർത്താവ് relax ചെയ്യുകയാണ്. പുള്ളിയെ മുഷിപ്പിക്കാതെ വേണ്ടതെല്ലാം അപ്പപ്പോൾ പുള്ളിക്ക് മുന്നിൽ എത്തിച്ചു കൊടുക്കണം. അതിന് വേണ്ടി ആ ഭാര്യ

നിർത്താതെ പണിയിലാണ്. അവരുടെ ജീവിതം എന്നും അങ്ങിനെയാണ്. ഇവിടെ വരുമാനമുള്ള അവരോ അതോ ഞാനോ സ്വതന്ത്ര?'

മിക്ക സ്ത്രീകളുടെയും അവസ്ഥ ആ പ്രൊഫസറുടെ പോലെയാണ്. സാമ്പത്തിക സ്വാതന്ത്ര്യം സ്ത്രീകൾക്ക് സമത്വം നേടികൊടുക്കുന്നുണ്ടോ? കുടുംബത്തിൽ ലിംഗസമത്വം നേടിയെടുക്കാൻ സ്ത്രീ സ്വന്തമായി വരുമാനമാർഗം നേടിയെടുക്കണം എന്ന് പറയുമ്പോൾ, വീട്ടുകാര്യം മാത്രം നോക്കുന്ന കുടുംബിനികളായ സ്ത്രീകളുടെ സേവനം പരിഗണിക്കപ്പെടാതെ പോകുകയല്ലേ? പുരുഷനൊപ്പം സമ്പാദിക്കുമ്പോൾ മാത്രം അവകാശപ്പെടാൻ സാധിക്കുന്ന ഒന്നാണ് സ്ത്രീ സമത്വം എന്ന തോന്നൽ സ്ത്രീപുരുഷൻമാരിൽ ഇത് ഉണ്ടാക്കുകയും ചെയ്യും.

ഒരു കുടുംബ സംവിധാനത്തിൽ വീട്ടുകാര്യങ്ങൾ നോക്കിനടത്തുന്ന ആളുടെ പണി അത്ര നിസ്സാരമല്ല. നൂലിൽ മുത്ത് കോർക്കുന്നത് പോലെ കുടുംബസംവിധാനത്തെ കൃത്യമായി അടുക്കി, മുന്നോട്ട് കൊണ്ടു പോകുന്ന ജോലി, കുടുംബത്തിലേക്ക് വരുമാനം എത്തിക്കുന്ന ആൾക്ക് തുല്യം തന്നെയാണ്. പരസ്പരപൂരകമായി നടക്കേണ്ടുന്ന ആ കൂട്ടായ്മയിൽ സ്ത്രീ (വീട് നോക്കുക എന്നതാണ് തന്റെ കർമ്മം എന്ന് സ്വയം നിർണ്ണയിച്ച സ്ത്രീ) തന്റെ സ്ഥാനം തിരിച്ചറിയുകയും സ്വയം ബഹുമാനിക്കുകയും വേണം എന്നാണ് എനിക്ക് തോന്നുന്നത്. അതിലേക്ക് അവളുടെ മാനസിക നിലവാരത്തെ ഉയർത്തുകയാണ് വേണ്ടത്.

സ്വയം അടിമയായി കീഴടങ്ങുന്ന സ്വഭാവമാണ് ഏറ്റവും വലിയ ശത്രു എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സാധാരണ അത്തരക്കാരിൽ തന്റെ ത്യാഗത്തിലും സഹനത്തിലും സ്വയം മഹത്വവത്കരിക്കുന്ന രീതിയും കാണാറുണ്ട്. ആ ത്യാഗികൾ സ്വയം മഹത്വവൽക്കരിക്കാൻ വേണ്ടി മറ്റുള്ളവരുടെ മുന്നിൽ അടിമ ആകുവാനും തയ്യാറാണ്. അതാണ് ശരി – ഒരു സ്ത്രീയുടെ ശരി – എന്ന് അവർ വിശ്വസിക്കുന്നു. മാറ്റം ഉണ്ടാകേണ്ടത് അത്തരം ചിന്തകളിൽ ആണ്. അടിമ ആകുമ്പോൾ അല്ല ഒപ്പത്തിനൊപ്പം നിന്ന് അവരവരുടെ ഉത്തരവാദിത്വങ്ങൾ ചെയ്യുമ്പോൾ, തന്റെ വ്യക്തിത്വം നിലനിർത്തുമ്പോൾ ആണ് ഒരു സ്ത്രീ ശരിയായ കർമ്മം ചെയ്യുന്നത് എന്ന ബോധ്യപ്പെടൽ ആണ് ഉണ്ടാവേണ്ടത്.

ഒരു സ്ത്രീക്ക് ഒരു വ്യക്തി എന്ന നിലയിൽ സ്വയം ബഹുമാനിക്കുവാനും, തീരുമാനങ്ങളിൽ സ്വന്തം അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും രൂപീകരിക്കാനും ഉള്ള ശക്തിയും മാനസിക വികാസവും നേടിയെടുക്കുക എന്നത് സാമ്പത്തിക സ്വാതന്ത്ര്യത്തിനൊപ്പം പരിഗണന വേണ്ട ഒന്നാണ്.

**പേജ് 21 തുടർച്ച**

ഫെമിനിസ്റ്റ് പഠനം. ഒരു പെണ്ണിനെ സമീപനം ഒരിക്കലും തീരാത്ത ഒരു പ്രക്രിയയാണെന്ന് മനസ്സിലാക്കി. അമ്മയുടെ 'അന്വേഷി'യുമായി ബന്ധമുണ്ടെങ്കിലും, അത് നടപ്പിലാക്കുന്ന മധ്യവർഗ്ഗഫെമിനിസം ഇപ്പോഴും പ്രാധാന്യമർഹിക്കുന്നതാണെന്ന് കരുതുന്നുണ്ടെങ്കിലും പെൺക്കൂട്ടിന്റെ നേതാവ് പി.വിജിയോട് അടുത്തിടപഴകാൻ കഴിഞ്ഞത് എനിക്കും എന്റെ ഫെമിനിസത്തിനും നേട്ടമായി. ഏറ്റവും അടിത്തട്ടിലുള്ള സാമ്പത്തികമായോ ജാതീയമായോ മറ്റേതു തരത്തിലോ യാതൊരു മേൽക്കൈയും അനുഭവിക്കാത്ത സ്ത്രീകൾക്കും ഫെമിനിസം അത്യാവശ്യമാണ് എന്നെനിക്ക് ബോധ്യപ്പെടുത്തിത്തന്നത് വിജിയേച്ചിയാണ്. ദളിത് ഫെമിനിസത്തെക്കുറിച്ച് രേഖാരാജിനോടു പല കാലങ്ങളായി തുടർന്നു വരുന്ന സംഭാഷണങ്ങളും എനിക്ക് പല തെളിച്ചങ്ങളും തന്നിട്ടുണ്ട്. ജെ.ദേവികയുടെ പിഎച്ച്ഡി തീസിസും മറ്റു പുസ്തകങ്ങളും കേരളത്തിലെ പിതൃമേധാവിത്വ ചരിത്രത്തെക്കുറിച്ച് ധാരണയുണ്ടാക്കിത്തന്നിട്ടുണ്ട്. ഫെമിനിസത്തിന്റെ പ്രത്യേകതയായി എനിക്ക് തോന്നിയിട്ടുള്ളത്, അത് സ്ത്രീകളുടെ പലതരം തന്മകൾ ശരീരത്തിലും സാമൂഹ്യഘടനയിലും അനുഭവിക്കുന്ന പല വ്യക്തികളുടെയും സമൂഹങ്ങളുടെയും പാർശ്വവൽക്കരണം കാണാൻ, സഹതപിക്കാൻ, ഒരുമിച്ച് പരിഹാരം കണ്ടെത്താൻ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ, മനസ്സിലാക്കലിന്റെ വഴിയിലൂടെ ശ്രമിക്കാനുള്ള ഊർജ്ജം ഏറിയ ആശയസംഹിത ആണത് എന്നുള്ളതാണ് . സാമൂഹ്യ ജീവിതത്തെയും വ്യക്തിജീവിതത്തെയും രാഷ്ട്രീയ ജീവിതത്തോട് ബന്ധിപ്പിക്കാനായി എന്നതും ഫെമിനിസത്തിന്റെ വിജയമാണ്.

എന്നാൽ ഇന്നാട്ടിലെ ഒരു പ്രത്യേക ബ്രാൻഡ് ജനകീയ ഫെമിനിസം പലപ്പോഴും അന്തമായ ഇടത് ചിന്തകളെ പിൻപറ്റി നിൽക്കുന്നു എന്നതാണ് അതിന്റെ പോരായ്മയായി തോന്നുന്നത്. മതവിശ്വാസിയായ സ്ത്രീയുടെ സ്വാതന്ത്ര്യബോധത്തെ ഉൾക്കൊള്ളാനാവാത്ത ഫെമിനിസം കോളനിയാനന്തര രാജ്യങ്ങളിലെ ഭൂരിപക്ഷം വരുന്ന മതവിശ്വാസികളെ പുറത്തു നിർത്തുന്ന ഒന്നാകുമ്പോൾ അതുകൊണ്ട് ആർക്കും പ്രയോജനമില്ലാതെ വരുന്നു. വെള്ളക്കാർ അവരുടെ ഭൗതിക ബൗദ്ധിക സാഹചര്യങ്ങൾക്ക് വേണ്ടി നിർമ്മിച്ച ആശയസംഹിതകൾ പലയിടങ്ങളിലും ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. അത് ചരിത്രപരമായ അനിവാര്യത മാത്രമായിരിക്കെ നമ്മൾ ഫെമിനിസത്തെ ഇന്നാട്ടിലെ മണ്ണിൽ അലിഞ്ഞു ചേരുന്ന ഒന്നായി പുനർ നിർമ്മിക്കേണ്ടിയിരിക്കുന്നു. പ്രത്യാശയോടെ.



ചർച്ചാവിഷയം

വിജില ചിറപ്പാട്
കവയിത്രി

# പെൺപാകത്തിൽ വിശാലമാകേണ്ട ലോകം

സ്ത്രീകളുടെ സ്വാതന്ത്ര്യസ്വപ്നങ്ങളെ പുതുക്കാനൊരുങ്ങുമ്പോൾ  അവളുടെ ജനിതകഘടനയിലുള്ള ഭയങ്ങളെ അളക്കാനോ അകറ്റാനോ ആവാത്തവിധം അവ രൂഢമൂലമാണെന്നിരിക്കെ പുരുഷകേന്ദ്രീകൃതമൂല്യവ്യവസ്ഥ നിലനിൽക്കുന്ന പൊതുബോധം അവൾ എപ്പോൾ വേണമെങ്കിലും ബലാൽക്കാരത്തിന് ഇരയാകാമെന്ന ഭയമാണ് നിലനിർത്തുന്നത്.

പലതരം കുടുംബാന്തരീക്ഷങ്ങളിൽ ജീവിച്ചുവളർന്നവർക്ക്, ഗേൾസ് സ്കൂളുകൾ, വിമൻസ് കോളേജുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ലേഡീസ് കംപാർട്ടുമെന്റുകൾ ഇന്നും നിലനിൽകേ പ്രത്യേകമായ ഇടങ്ങൾ അവസാനിക്കുകയും സ്തീകൾക്കും പുരുഷൻമാർക്കും ഭിന്നലിംഗക്കാർക്കും പൊതുഇടങ്ങൾ സാർവത്രികമാവുകയുമാണ് വേണ്ടത്. തെരുവിൽ കടത്തിണ്ണകളിൽ സ്ത്രീകളും പുരുഷന്മാരും അടുത്തടുത്തായി കിടന്നുറങ്ങുന്നുണ്ട്. അവർക്കിടയിലെ സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നത്  സുരക്ഷിതവീടുകളിൽ നടക്കുന്ന പീഡനങ്ങളെ, ചൂഷണങ്ങളെ അപേക്ഷിച്ച് തുലോം കുറവാണ്. ചെരുപ്പുകുത്തിയായ ലിസി ഡയാന തെരുവിൽ കിടന്നുറങ്ങിയത് മാറിലിട്ട തുണി നിറയെ സൂചി കുത്തി സ്വയം സുരക്ഷിതത്വം കണ്ടെത്തിക്കൊണ്ടായിരുന്നു. ഒരു ചെറുനഗരത്തിൽ പൊലീസ് സ്റ്റേഷന്റെ മുന്നിലായിരുന്നു അവരുടെ രാത്രിയിലെ ഉറക്കം.

ഒരു നാട്ടിൻപുറത്ത് ഒരു കമ്യൂണിസ്റ്റ് കുടുംബത്തിൽ ജീവിച്ച എനിക്ക് ആൺകുട്ടികളായിരുന്നു എഴുത്തുകാരായ കൂട്ടുകാരായുണ്ടായിരുന്നത്. അവരോടൊപ്പം കവിയരങ്ങിനും സാഹിത്യക്യാംപിനു പോകാൻ വലിയ തടസങ്ങളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ



വിവാഹശേഷം 2007 ൽ ജീൻസിടാനും ടോപ്പിനുമീതെ ഷാളിടാത്തതിനും ജീവിതപങ്കാളിയെ പേര് വിളിക്കുന്നതിനും നെറ്റിയിൽ സിന്ദൂരമിടാത്തതിനും താലിയിടാത്തതിനും അമ്മൂമ്മമാരേക്കാൾ അമ്മമാരുടെ, ചേച്ചിമാരുടെ ചോദ്യം ചെയ്യലുകളെ നേരിടേണ്ടിവന്നു.

സ്ത്രീകളുമായി ബന്ധപ്പെട്ട ഒരു വിഷയം വരുമ്പോൾ ഇരയായ സ്ത്രീയെ കുറ്റപ്പെടുത്താനുള്ള പഴുതുകളുണ്ടോ എന്നാണ് സ്ത്രീകൾ അടക്കം അന്വേഷിക്കുന്നത്. പുരുഷാധിപത്യമൂല്യവ്യവസ്ഥ സ്ത്രീകളിത്തന്നെ നിലനിൽക്കുമ്പോൾ നിരന്തരസംവാദങ്ങളിലൂടെ മാത്രമേ ഇതിന് മാറ്റമുണ്ടാകൂ. സിനിമയെന്ന ജനപ്രിയ മാധ്യമത്തിനും വലിയ സ്വാധീനം ചെലുത്താൻ കഴിയുമെന്നിരിക്കേ സ്ത്രീകർതൃത്വങ്ങൾക്ക് അംഗീകാരം കിട്ടുന്നുമുണ്ട്. അത്തരം സിനിമകൾ [illegible] [illegible] വാട്ട്സപ്പും ഉപയോഗിക്കാത്ത സ്ത്രീകളും ഇവിടെയുണ്ട്. കുടുംബശ്രീകളുടെ പേര് പോലും ഗോകുലം എന്നും ഐശ്വര്യ എന്നുമിടുമ്പോൾ ഭക്തിയും വിശ്വാസവുമല്ല സ്ത്രീകൾക്ക്



വിമോചനവഴികൾ തുറന്നിട്ടതെന്നും അറിയേണ്ടതുണ്ട്. ഫെമിനിസ്റ്റു ചരിത്രം അവർക്കറിയില്ല. വി.ടി.യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം ഓർമ്മയിലേക്ക് വരുന്നില്ല. 'തൊഴിൽകേന്ദ്രത്തിലേക്ക്' എന്ന നാടകം സ്ത്രീകൾ സംവിധാനം ചെയ്ത സ്ത്രീകൾ അഭിനയിച്ച നാടകമാണെന്നും പറയുന്നില്ല.

ഒരു പ്രസാധനസ്ഥാപനത്തിൽ ജോലി ചെയ്യുമ്പോൾ സി. എസ്.ചന്ദ്രികയുടെ 'ആർത്തവമുള്ള സ്ത്രീകൾ'എന്ന പുസ്തകം സ്ത്രീവായനക്കാർക്ക് വെച്ചുനീട്ടുമ്പോൾ അയ്യേ എന്ന് മുഖം തിരിച്ച വിദ്യാസമ്പന്നരെ ഇന്ന് ഓർക്കുമ്പോൾ പുതിയ തലമുറയിലെ പെൺകുട്ടികൾ എത്ര ബോൾഡാണെന്നത് സന്തോഷിപ്പിക്കുന്നു, പ്രതീക്ഷയ്ക്ക് വക നൽകുന്നു. പുതുതലമുറയിലെ പെൺകുട്ടി മാസമുറസമയത്ത് വയറുവേദനയും അസ്വസ്ഥതകളും വരുമ്പോൾ അത്തരം കാര്യങ്ങൾ സഹപ്രവർത്തകനോട് പറയുമ്പോൾ അതിൽ അസ്വാഭാവികത കാണാതെ അവളെ സ്ത്രീയായി അംഗീകരിക്കുന്ന പുരുഷന്മാരും ഉണ്ട് എന്നതും ചെറിയ കാര്യമല്ല.മുതലാളിത്തസമൂഹത്തിന് സ്ത്രീകളുടെ അനാവശ്യനാണത്തെ ഇല്ലാതാക്കുന്നതിൽ വലിയ പങ്കുണ്ട്. അടിവസ്ത്രങ്ങളും സാനിറ്ററിപാഡുകളും ചെലവാകണം എന്നല്ലാതെ പെണ്ണുങ്ങളുടെ നാണമോ സങ്കോചമോ കാണണമെന്ന് കടയുടമകൾക്കില്ല.

ഒരു സ്ത്രീമാസികയുടെ കവറിൽ മുലയൂട്ടുന്ന അമ്മയുടെ പടം കാണുമ്പോൾ അസ്വസ്ഥരാകുന്ന യാഥാസ്ഥികപുരുഷസമൂഹം സംസ്കാരത്തെ ചൊല്ലി അലമുറയിടുന്നു. ഫ്യൂഡൽസൗന്ദര്യബോധത്തെ തൃപ്തിപ്പെടുത്തുന്ന പടമാകുമ്പോഴും മോഡലായ ജിലു ജോസഫ് അമ്മയല്ലെന്നും അവിവാഹിതയെന്നും പറഞ്ഞ് സ്ത്രീകളുടെ മുന്നേറ്റങ്ങളെ തടയാനാവില്ല. പോസിറ്റിവ് ആയി വേണം കാര്യങ്ങളെ സമീപിക്കാൻ. സ്ത്രീശരീരം ഇത്ര നിഷിദ്ധമായിട്ടാണോ ഷക്കീലപ്പടങ്ങൾ ഇവിടെ തിയറ്ററുകൾ നിറഞ്ഞോടിയത്? ഒളിഞ്ഞുനോക്കാനും തുറിച്ചുനോക്കാനും വിദഗ്ധരായ ആണുങ്ങളില്ലാത്ത, ഒറ്റയ്ക്ക് യാത്ര/ ജീവിതം സാധ്യമാകുന്ന ഒരു ലോകമാണ് എന്റെയും സ്വപ്നം. ഒറ്റയ്ക്ക് ഒരു ഫ്ളാറ്റ് ജീവിതം സാധ്യമാണ്. എന്നാൽ അവിടെക്ക് സന്ദർശകരായി വരുന്ന ആൺസുഹൃത്തുക്കൾ വരുന്നതോടെ സെക്യൂരിറ്റിക്കാരൻ ചോദ്യം ചെയ്യാൻ തുടങ്ങില്ലേ? രാത്രിയാണേൽ പറയുകയും വെണ്ട. പുരുഷന്റെ മനോഭാവം മാറാൻ അയാളെ ഫെമിനിസം പഠിപ്പിക്കൽ സാധ്യമല്ല. എന്നാൽ സ്കൂൾ സിലബസിൽ ഫെമിനിസം പഠിപ്പിക്കുകയാണെങ്കിൽ ലോകം പെൺപാകത്തിൽ വിശാലമാകും. മനുസ്മൃതിയുടെ ആശയങ്ങൾ മനസ്സിലിട്ട് തന്നെ ആരെങ്കിലും ഉപദ്രവിക്കുമ്പോൾ രക്ഷിക്കാൻ സഹോദരനോ, പിതാവോ ഭർത്താവോ മകനോ വരുമെന്ന് കരുതുന്ന ഫെമിനിസവും പരാജയമാണ്. സുരക്ഷിതത്വവും സ്വാതന്ത്ര്യവും സാധ്യമാകുന്ന ഇടങ്ങൾക്ക് പുരുഷനും പുരുഷാധിപത്യമൂല്യവ്യവസ്ഥ സൂക്ഷിക്കുന്ന സ്ത്രീയും മാറിയേ തീരൂ.നിയമവ്യവസ്ഥ സ്ത്രീകൾക്ക് അനുകൂലമാണെങ്കിലും വേട്ടക്കാർ ഉന്നതരാണെങ്കിൽ രക്ഷപ്പെടാനുള്ള പണം വാരിയെറിഞ്ഞുള്ള പഴുതുകൾക്കും അവസാനമുണ്ടാകണം. ഇരകൾക്ക് നീതി ഉറപ്പുവരുത്തണം. ഇരകളും വേട്ടക്കാരും ഉണ്ടായിക്കൊണ്ടിരിക്കാതെ സ്ത്രീസൗഹൃദലോകമാണ് സാധ്യമാകേണ്ടത്.അധികാരം സാധ്യമാവുകയാണ് വേണ്ടത്.



ചർച്ചാവിഷയം

**മഞ്ജു കെ.ആർ.**
മടമ്പം പി.കെ.എം.കോളേജ് ഓഫ് എഡ്യുക്കേഷൻ അദ്ധ്യാപിക

# ഒരു പൊരിച്ചമീൻ വിവാദത്തിന്റെ ഉള്ളറകളിലൂടെ

ഈയടുത്തിടെയായി ഒരുപാട് ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമായിരുന്നു പ്രശസ്ത സിനിമാനടി റീമാ കല്ലിങ്കലിന്റെ പൊരിച്ച മീൻ വിവാദം. ട്രോളൻമാർ അതെടുത്ത് നടിയെ പൊങ്കാലയിടുകയും ചെയ്തു. ആ സത്രീയെ പൊരിച്ച മീൻ കൊതിച്ചി എന്ന് അഭിസംബോധന വരെ ചെയ്തു. ഒരു സ്ത്രീ പറഞ്ഞ അഭിപ്രായമായത് കൊണ്ട് മാത്രമല്ലേ ഇതിന് ഇങ്ങനൊരു രൂപം കൈവന്നത്? സ്വന്തം അനുഭവം പങ്കുവച്ചപ്പോൾ അല്ലെങ്കിൽ താൻ നേരിട്ടു കണ്ട സ്ത്രീകൾ നേരിടുന്ന ഒരു വിഷയം സമൂഹത്തിന് മുന്നിൽ അവതരിപ്പിച്ചപ്പോഴേക്കും അവളൊരു ഫെമിനിച്ചി ആയി മാറി. ഫെമിനിസം എന്നത് ഒരു അശ്ലീല പദമാണോ എന്ന് പോലും തോന്നി പ്പോകുന്ന പദപ്രയോഗമായിട്ടാണ് എനിക്കതിനെ തോന്നിയത്. ഞാൻ മനസ്സിലാക്കിയിടത്തോളം തന്റെ സന്തോഷവും അതിലൂടെ മറ്റുള്ളവരുടെ സന്തോഷവും സ്വപ്നം കാണുന്ന എല്ലാ സ്ത്രീകളും ഫെമിനിസ്റ്റുകളാണ്. ഒരു പുരുഷൻ അവന്റെ സ്വപനങ്ങൾ കൈപ്പിടിയിലൊതു ക്കുമ്പോൾ, അതിനു വേണ്ടി വാദിക്കുമ്പോൾ ഇന്നേവരെ അവനെ ആരും ഒരു പേര് വിളിച്ച് ഞാൻ കേട്ടിട്ടില്ല. പിന്നെ സ്ത്രീകൾ മാത്രം എങ്ങനെ ഫെമിനിച്ചിമാരാകുന്നു? സ്വന്തമായി തനിക്ക് ഒരു സ്ഥാനം സമൂഹത്തിൽ നേടിയെടുക്കാൻ ആഗ്രഹിക്കുന്ന, പ്രയത്നിക്കുന്ന എല്ലാ സ്ത്രീകളും സ്ത്രീവാദികളാണ്. നമ്മുടെ അമ്മമാർ പോലും അവർ കെട്ടിപ്പടുത്ത ലോകങ്ങളിലെ റാണിമാരാണ്. തങ്ങളുടെ അടുക്കളയിൽ അഥവാ അവരുടെ പ്രവർത്തനമേഖലയിൽ അവർ അവരുടെ തീരുമാനങ്ങളാണ് നടപ്പാക്കുന്നത്. ഒരു പാത്രം പോലും വെയ്ക്കാൻ അവർ സ്ഥാനം കണ്ടെത്തുന്നു. അത് അവിടുന്ന് മാറ്റാനുള്ള അധികാരം വേറെ ആർക്കുമില്ലതാനും. പുറത്തു നിന്നുള്ള ഒരു ശക്തിയേയും അവർ അതിൽ കൈകടത്താൻ സമ്മതിക്കാറില്ല. ഇതാണ് ഫെമിനിസം. തന്റെ സ്വാതന്ത്ര്യം തന്റേതാണ്. അത്

**സിനിമാ സീരിയലിൽ കോപ്രായങ്ങൾ കാണിച്ച് മുറി ഇംഗ്ലീഷ് സംസാരിക്കുന്ന സ്ത്രീകൾ ഒരിക്കലും ഫെമിനിസ്റ്റുകളല്ല. പുരുഷസമൂഹത്തിന്റെ രാഷ്ട്രീയതന്ത്രമാണ് അത്തരം സിനിമാകഥാപാത്രങ്ങൾ. കുശുമ്പും ഏഷണിയും പറയുന്നവരാണ് ഈ ഫെമിനിസ്റ്റുകൾ എന്ന് പറഞ്ഞ് അവരെ ചിത്രീകരിച്ചാൽ പിന്നെ ഒരു സ്ത്രീയും താനൊരു ഫെമിനിസ്റ്റാണെന്ന് പറഞ്ഞ് മുന്നോട്ട് വരില്ലായെന്ന വ്യാമോഹത്തിന്റെ പ്രതിഫലനമാണ് ഓരോ മലയാള സിനിമയിലേയും കോമാളികളായ ഹൈ സൊസൈറ്റി ഫെമിനിസ്റ്റ് കഥാപാത്രങ്ങൾ.**



മറ്റൊരാളേയും നിർവചിക്കാൻ അനുവദിക്കരുത്. ഓരോ സ്ത്രീയും അവൾക്ക് വേണ്ടി അവളാൽ വരച്ച പ്രവർത്തനമേഖലയിലെ വാദികളാണ്. അല്ലെങ്കിൽ ആവുക തന്നെ വേണം. എന്റെ ശബ്ദം ഉയർന്നാലെ ഞാൻ ഇവിടെ ജീവിക്കുന്നുണ്ട് എന്ന് ആളുകൾ തിരിച്ചറിയുകയുള്ളൂ. അങ്ങനെയുള്ള ഓരോ സ്ത്രീയേയും നമ്മൾ ബഹുമാനിക്കുകയാണ് വേണ്ടത്. സിനിമാ സീരിയലിൽ കോപ്രായങ്ങൾ കാണിച്ച് മുറി ഇംഗ്ലീഷ് സംസാരിക്കുന്ന സ്ത്രീകൾ ഒരിക്കലും ഒരു ഫെമിനിസ്റ്റല്ല. പുരുഷസമൂഹത്തിന്റെ രാഷ്ട്രീയതന്ത്രമാണ് അത്തരം സിനിമാകഥാപാത്രങ്ങൾ. കുശുമ്പും ഏഷണിയും പറയുന്നവരാണ് ഈ ഫെമിനിസ്റ്റുകൾ എന്ന് പറഞ്ഞ് അവരെ ചിത്രീകരിച്ചാൽ പിന്നെ ഒരു സ്ത്രീയും താനൊരു ഫെമിനിസ്റ്റാണെന്ന് പറഞ്ഞ് മുന്നോട്ട് വരില്ലായെന്ന വ്യാമോഹത്തിന്റെ പ്രതിഫലനമാണ് ഓരോ മലയാള സിനിമയിലേയും കോമാളികളായ ഹൈ സൊസൈറ്റി ഫെമിനിസ്റ്റ് കഥാപാത്രങ്ങൾ.

റീമ കല്ലിങ്കൽ പറഞ്ഞതുപോലെ സ്ത്രീപുരുഷ വിവേചനത്തിന്റെ അടിസ്ഥാനം അവരവരുടെ വീടുകളാണ്. ചില വീടുകളിൽ അങ്ങനെയില്ലായിരിക്കാം. എന്നാൽ ഭൂരിപക്ഷം വീടുകളിലും അങ്ങനെ തന്നെയാണ്. പ്രത്യക്ഷത്തിൽ നോക്കുമ്പോൾ കാണാൻ സാധിക്കുകയില്ലെങ്കിലും പരോക്ഷമായി വിവേചനം അവിടെ തുടങ്ങുകയാണ്. ആൺകുട്ടി ജനിച്ചാൽ ലഡുവും പെൺകുട്ടി ജനിച്ചാൽ ജിലേബിയും കൊടുക്കുന്ന ആശുപത്രി വരാന്തയിൽ വച്ചു വിവേചനം തുടങ്ങുകയായി. പെൺകുട്ടി ഒന്ന് ഉറക്കെ സംസാരിച്ചാൽ ഉറക്കെചിരിച്ചാൽ അതിനു പോലും വിലക്ക് വീഴുന്ന സമൂഹമാണ് നമ്മുടേത്. കാലുകൾ കയറ്റി വച്ചാൽ തുടങ്ങും "വേറൊരു വീട്ടിൽ കയറി ചെല്ലേണ്ട പെണ്ണാണ്, മര്യാദയ്ക്ക് ഇരിക്ക്" എന്ന്. കല്യാണം കഴിക്കുക എന്ന ചടങ്ങിന് ശേഷം എന്തുകൊണ്ട് പെൺകുട്ടി മാത്രം എല്ലാം ഉപേക്ഷിക്കണം? തന്റെ വ്യക്തിത്വവും ശീലങ്ങളും ഒക്കെ കുരുതി കൊടുക്കുക എന്നതാണോ നിങ്ങളീ കല്യാണം കൊണ്ട് ഉദ്ദേശിക്കുന്നത്? താൻ താനല്ലാതെ മാറിയാൽ നമുക്കെങ്ങനെ സന്തോഷിക്കാനാകും? സ്വയം സന്തോഷം കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ മറ്റുള്ളവരെ എങ്ങനെ സന്തോഷിപ്പിക്കാനാകും? വിജയം എന്ന് പറയുന്നത് എന്താണോ നമുക്ക് സന്തോഷം തരുന്നത് അതാണ്. അത് ചെയ്യാൻ പുരുഷനെ പോലെ സ്ത്രീയ്ക്കും അവകാശമുണ്ട്. സ്ത്രീയേയും പുരുഷനേയും രണ്ട് ത്രാസുകളിലായി തൂക്കുന്ന ഈ സമൂഹനീതിയിൽ എനിക്ക് വിശ്വാസമില്ല.

റീമയെ പൊരിച്ച മീൻ കൊതിച്ചിയായി ചിത്രീകരിക്കുന്നതിനിടെ എത്ര പേർ അതിലെ ആശയം കണ്ടെത്താൻ ശ്രമിച്ചു? ഒരു പൊരിച്ച മീൻ കിട്ടാത്തതിലെ സങ്കടം അല്ല ആ സ്ത്രീ അവിടെ പങ്ക് വച്ചത്. അതിലൂടെ മനസ്സിൽ ഉടലെടുത്ത വിവേചനം എന്ന ആശയം ഏല്പിച്ച മുറിവാണ്.


**ശേഷം പേജ് 47**






**എലിസബത്ത്**
കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാ ശാലയിൽ വിവർത്തനപഠനവിഭാഗം ഗവേഷക

# ക്ഷമാപണമെന്യേ ഫെമിനിസ്റ്റ് ആയിരിക്കുക





**നീ** ഫെമിനിസ്റ്റല്ലേ? എന്ന ജീവിതത്തിലെ ആദ്യ ഫെമിനിസ്റ്റ് വിളി കേൾക്കുന്നത് ആറാം ക്ലാസ്സിൽ വെച്ചാണ്. പുതിയ സ്കൂൾ, പുതിയ കൂട്ടുകാർ, ഞാൻ വിശേഷിച്ചു എന്തെങ്കിലും ചെയ്യാതെ തന്നെ ആ പേര് എന്നെ അടയാളപ്പെടുത്തുകയും ചെല്ലപ്പേരുകളെ അതികഠിനമായി വെറുത്തിരുന്ന ഞാൻ പൂർണ്ണ മനസ്സോടെ അത് അംഗീകരിക്കുകയും ചെയ്തു. അതിനും മുൻപ് കേട്ട വിളി 'കണക്കത്തി' എന്നായിരുന്നു, എല്ലാത്തിനും കണക്കു പറയുന്നവൾ, അക്ഷരം തിരിയുന്നതിനും മുൻപേ ആംഗ്യം കൊണ്ട് കണക്കു പറഞ്ഞു നടുക്കഷണങ്ങൾ നേടിയിരുന്നവൾ... ഇന്ന് നിഷേധിക്കപ്പെട്ട മീൻ കഷണങ്ങളുടെ, കഞ്ഞി വെള്ളത്തിലെ ഒരു മണി അരിയിൽ ഫെമിനിസം തിരിച്ചറിയുന്ന, തുല്യതയുടെ രാഷ്ട്രീയം പറയുന്ന ഇടങ്ങളിൽ, ചോദിച്ചു പിടിച്ചു വാങ്ങാൻ സാധിച്ചിരുന്നെന്ന പ്രിവിലേജ് മനസ്സിലാക്കിക്കൊണ്ട് തന്നെ, അവകാശപ്പെട്ടത് പിടിച്ചെടുക്കാനും പങ്കുവെക്കാനും ചേർത്ത് നിർത്താനും കൂടെ നിൽക്കാനും ഒന്നിച്ചു വളരാനും ആവതുണ്ടാവുകയാണ് എനിക്ക് ഫെമിനിസം. പെണ്ണായതിനാൽ തിരസ്കരിക്കപ്പെട്ടപ്പോൾ പെണ്ണല്ല, പൊന്നാണ് എന്ന് ചേർത്തണയ്ക്കാൻ, ഓർമ്മയിൽ നനുത്ത ഉമ്മയും ഒരുപാട് സ്നേഹവും മാത്രമായി അവശേഷിക്കുന്ന ഒരു ജോഡി കൈകൾ ഉണ്ടായിരുന്നതു കൊണ്ടാവണം, ആ വാക്ക് എന്നും കൂടെ നിൽക്കുന്നത് കൊണ്ടാവണം, ഉപാധികളില്ലാതെ ചേർത്തുനിറുത്തലും പറത്തിവിടലുമാണത്.

ഒരു വ്യക്തി തന്റെ ജീവിതത്തിലെ ഏതു സ്റ്റേജിൽ ആണ് ഫെമിനിസ്റ്റ് ആകുക എന്നത് എന്നെ എപ്പോളും കൗതുകപ്പെടുത്തുന്ന ഒന്നാണ്; ഞാൻ എന്നെക്കുറിച്ചു കരുതുന്നത് ഫെമിനിസ്റ്റ് ആയി ജനിച്ച ഒരുവൾ എന്ന് ആണ്. ഏതെങ്കിലും ഒരു സമയത്തു, ഏതെങ്കിലും ഒരു കാരണം കൊണ്ട് ഫെമിനിസ്റ്റ് ആയി എന്നതിനേക്കാൾ ഫെമിനിസ്റ്റ് ആയുള്ള എന്റെ വളർച്ചയെ, വിവിധ അനുഭവങ്ങൾ, കാഴ്ചകൾ, കാലങ്ങൾ, വഴി തുറന്നു കടന്നുപോയ അമ്മത്തലമുറകൾ, കൂടെ നടന്നവർ ഒക്കെ സ്വാധീനിച്ചു പരുവപ്പെടുത്തി എന്നാണു ഞാൻ മനസിലാക്കുന്നതും. ഫെമിനിസ്റ്റ് അല്ലാതിരുന്ന ഒരു സമയം ഓർമ്മയിൽ ഇല്ല, എത്ര വെള്ളമൊഴിച്ചാലും കെടാത്ത ഒരു കനൽ ആയി, എത്ര ആഴത്തിൽ കുഴിച്ചിട്ടാലും കെട്ട് പോകാത്ത ഒരു വിത്തായി ഉള്ളിലുള്ളതാണ്, സഹജമായ ഒരു നീതി ബോധത്തിന്റെ ഭാഗമാണ് ഫെമിനിസ്റ്റ് ആയിരിക്കുക എന്നത്. സാമ്പത്തിക സുരക്ഷിതത്വമുള്ള അമ്മയുടെ മകൾ ആയിരിക്കുക എന്നത് എനിക്ക് ആത്മവിശ്വാസവും കൃത്യമായ സുരക്ഷിതത്വ ബോധവും നൽകിയിട്ടുണ്ട്, അങ്ങനെ അല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നതുകൊണ്ട് ആ വ്യത്യാസവും തിരിച്ചറിയുന്നുണ്ട്. പത്താം ക്ലാസ് കഴിഞ്ഞു ഇത്തിരി വഴക്കുണ്ടാക്കിയും നിലവിളിച്ചും തുടരാൻ ഇഷ്ടമില്ലാത്ത സ്കൂൾ

വേണ്ടെന്നു വെക്കാനും ഇഷ്ടപ്പെട്ട കോഴ്സ് തിരഞ്ഞെടുക്കാനും പിന്നീട് മറുചോദ്യങ്ങളില്ലാതെ ഇഷ്ടമുള്ളിടത്തോളം പഠിക്കുമെന്നു പറയാനും എനിക്കതു പ്രാപ്തി നൽകി. അങ്ങേയറ്റം ഇല്ലായ്മയോട് മല്ലിട്ടു തനിയെ അദ്ധ്വാനിച്ചു പഠിച്ചെന്നും ജോലി വാങ്ങി എന്നുമുള്ള മമ്മിയുടെ ആത്മവിശ്വാസം എനിക്കെപ്പോളും ഉറപ്പായി നിന്നിട്ടുണ്ട്. വീട്ടിൽ എപ്പോഴും വഴക്കിടാവുന്ന, അഭിപ്രായം പറയാവുന്ന ഒരിടം നിലനിറുത്തുന്നത് അമ്മയേക്കാൾ അപ്പനാണ്. മക്കൾ രണ്ടും തമ്മിൽ ഒരു കാര്യത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകരുതെന്ന പിടിവാശിയാണ്. എന്റെ ചില നിലപാടുകൾ ബന്ധുക്കളുമായി അകൽച്ച ഉണ്ടാക്കിയപ്പോൾ പ്പോലും എന്റെ ശരികളെ പിന്തുണച്ചത്, എന്നെ ഉൾക്കൊള്ളാനായി മാറുന്നത് ഒക്കെ തന്ന ധൈര്യം വളരെ വലുതാണ്. രണ്ടുപേരോടും ഒരുപാട് വിഷയങ്ങളിൽ വിയോജിപ്പുകൾ നിലനിൽക്കുമ്പോൾത്തന്നെ.

ഫെമിനിസമെന്ന് കുഞ്ഞു ഞാൻ ആദ്യം മനസ്സിലാക്കിയിരുന്നത് വിദ്യാഭ്യാസം, ജോലി എന്നീകാര്യങ്ങളിലുള്ള തിരഞ്ഞെടുപ്പ് ശേഷിയും വീട്ടുജോലികളിലെ തുല്യ പങ്കാളിത്തവും എന്നായിരുന്നു. വീട്ടു ജോലികൾ കൃത്യമായി വിഭജിക്കപ്പെടുന്നില്ലെന്ന തോന്നലും അതിനു വേണ്ടിയുള്ള വഴക്കുണ്ടാക്കലുകളുമാണ് അതിനപ്പുറത്തേക്ക് എന്റെ ചിന്തയെ കൊണ്ടുപോയതും. ഒരു പക്ഷെ വിവാഹത്തിലേക്ക് കടക്കാനുള്ള സാമൂഹികവും സാമ്പത്തികവുമായ വെയ്റ്റേജ് പോയന്റുകൾ എന്നതുകൊണ്ട് തന്നെ വിദ്യാഭ്യാസം, ജോലി എന്നിങ്ങനെ രണ്ടു സാധ്യതകൾ ഒഴിവാക്കിയാൽ, ഫെമിനിസം എത്ര കണ്ട് നമ്മുടെ സമൂഹത്തിൽ സ്വീകരിക്കപ്പെടുന്നുണ്ട് എന്നത് സംശയമാണ്, വിശേഷിച്ചും മതവിശ്വാസം, ആരാധന, ശരീരം, പ്രണയം, ലൈംഗികത, പങ്കാളിയെ/ ജീവിതാന്തസ്സു തിരഞ്ഞെടുക്കൽ എന്നീ വിഷയങ്ങളിൽ. മാധവിക്കുട്ടി, താൻ എഴുതിയൊരു കവിത അച്ഛൻ കാണുമ്പോൾ അതൊരു പ്രണയകവിതയാ യിരുന്നതിനാൽ തന്റേതല്ല എന്ന് പറയുന്ന ഒരനുഭവം വിവരിക്കുന്നുണ്ട്. സ്വകാര്യതയെ മാനിക്കാതെയും സ്കൂൾ ബാഗിനുള്ളിൽ പരതിയും പരിഹസിച്ചും വീട്ടുതടങ്കലിലാക്കിയും പ്രണയിക്കുന്ന, പ്രേമലേഖനങ്ങളെഴുതുന്ന പെൺകുട്ടികളെ മരണത്തിലേക്കോ നിർബന്ധിത വിവാഹത്തിലേക്കോ നിരന്തരം തള്ളിയിട്ടു കെടുത്തിക്കളയുന്ന അധ്യാപകരും മാതാപിതാക്കളുമുള്ള സമൂഹമാണ് നമ്മുടേത്. ലൈംഗികത പോലെത്തന്നെ ലൈംഗിക വിദ്യാഭ്യാസവും അവൾക്കു നിഷിദ്ധമാണ്, കയ്യിൽ പിടിച്ചാൽ ഗർഭമുണ്ടാകുമെന്നു ഭയന്ന് കരയുന്ന ഇരുപത്തിമൂന്നുകാരിയെ ഞാനൊരിക്കൽ കണ്ടിട്ടുണ്ട്. പഠിച്ചുകൊണ്ടിരിക്കുന്ന കോഴ്സ് തീരുംമുൻപ് കുഞ്ഞു വേണ്ടായെന്നു ഭർത്താവിനോട് പറയാനാവാതെ നിരന്തര സംഘർഷത്തിൽ ജീവിക്കുന്ന മറ്റൊരുവളെ. ഇവരൊക്കെ ഫെമിനിസം വായിച്ചിട്ടും പഠിച്ചിട്ടുമുള്ളവരാണ്, രക്ഷകർത്താക്കളും ആങ്ങളപ്പോലീസുകളും മാത്രമുള്ള നമ്മൾ ഏറ്റവും ചുരുങ്ങിയത് സ്വന്തം ശരീരത്തിനും ഭാവനയ്ക്കും ഉടമയായിരിക്കാനെങ്കിലും ബോധപൂർവം ശീലിക്കണമെന്നു പഠിച്ചെടുത്തതാണ്. ആഘോഷിക്കപ്പെടാത്ത പെൺപിറവിയുടെ, കുലം കാക്കലുകളുടെ ലക്ഷ്മണരേഖയ്ക്കുള്ളിൽ അത്യന്തം നിഷ്ഠയോടെ ഒതുങ്ങി, ആരെയോ തൃപ്തിപ്പെടുത്താനെന്നോണം ശരീരത്തെയും മനസ്സിനെയും നിയന്ത്രിച്ചും നിഷേധിച്ചും ജീവിച്ചു തീർക്കേണ്ട, എതിർത്തൊന്നു മൂളിയാൽ, ചോദ്യം ചെയ്താൽ ഒരുമ്പെട്ടവളും കുലം കെടുത്തിയവളും ആകുന്ന സമൂഹത്തിൽ അവളവളായി ആഘോഷിക്കുക, അവളവൾക്കായി ജീവിക്കുക ഇന്നും എത്ര ദുഷ്കരമാണ്. സ്വപ്നം കാണാൻ ചിറകുകൾ ഉള്ള, സ്വതന്ത്രമായ തിരഞ്ഞെടുപ്പുകളുള്ള, പ്രതികരിക്കുന്ന പെൺകുട്ടിയും സ്ത്രീയും അപകടകാരിയും വേശ്യയും അഴിഞ്ഞാട്ടക്കാരിയുമാകുന്നത് എത്ര എളുപ്പമാണ്. ഫെമിനിസ്റ്റ് ആയിരിക്കൽ ചേർത്തു നിർത്താനും ഒപ്പം നിൽക്കാനുമുള്ള സാമൂഹിക ബാധ്യതയും അങ്ങനെ ആയിരിക്കുമെന്നുള്ള രാഷ്ട്രീയ നിലപാടും കൂടിയാണ്, ഇടങ്ങൾ പങ്കുവെക്കലുകളുടെ ഇടം കൂടെയാണത്.

സ്വയം തിരിച്ചറിയലും ജൻഡർ, സെക്ഷ്വൽ വൈവിധ്യങ്ങളെയും ന്യൂനപക്ഷങ്ങളെയും അംഗീകരിച്ചും കരുതലോടെ ചേർന്ന് നിന്നുമാവണമത്. അസമത്വത്തെ ഇന്റേർണലൈസ് ചെയ്തിരിക്കുന്ന, ഇൻസ്റ്റിറ്റിയൂഷണലൈസ് ചെയ്തിരിക്കുന്ന ഇടങ്ങളാണ് ക്യാമ്പസുകൾ എന്ന് പറയാതെ വയ്യ. ക്യാമ്പസ്സിലെ പെൺ ശരീരം അങ്ങേയറ്റം നിയന്ത്രിക്കപ്പെടുന്നതും സംശയ ദൃഷ്ടിയോടെ നിരന്തരം വീക്ഷിക്കപ്പെടുന്നതും സംരക്ഷണ ഉദ്യമങ്ങളുടെ കടന്നുകയറ്റങ്ങൾ നേരിടുന്നതും വിശദീകരണങ്ങൾ ആവശ്യപ്പെടുന്നതുമാണെന്നു അനുഭവപ്പെട്ടിട്ടുണ്ട്.

സ്വതന്ത്രബുദ്ധിയായ ഒരുവളെ സമ്മർദ്ദത്തിലാക്കാൻ പോന്ന വണ്ണം ഇടുങ്ങിയ ഒരിടമാണ് പലപ്പോഴുമത്. എട്ടാം വർഷത്തിലെത്തിയ ക്യാംപസ് ജീവിതത്തിൽ ഫെമിനിസം ആഘോഷിക്കുക എന്നൊരനുഭവം എം. ജി. യൂണിവേഴ്സിറ്റിയിൽ പഠിക്കുമ്പോഴാണ് രാത്രി പത്തുമണി എന്ന പെൺഹോസ്റ്റൽ കർഫ്യൂവിനെതിരെ പതിമൂന്നു പേര് ചേർന്ന് ഒരു പരാതി ഒപ്പിട്ടു കൊടുത്തപ്പോൾ ആരംഭിച്ചത്. അതുവരെയും എന്തായിരുന്നു ക്യാംപസ്, എത്ര

ശേഷം പേജ് 35



ചർച്ചാവിഷയം

**അശ്വതി വി.**
കാലടി സംസ്കൃത സർവ്വകലാശാലയിൽ
സംസ്കൃത വ്യാകരണത്തിൽ ഗവേഷക

# മാറുന്ന ലോകവും മാറാത്ത കാഴ്ച്ചകളും

സ്ത്രീവാദം കേവലം ബൗദ്ധിക വ്യായാമത്തിനുള്ള ഉപാധിയല്ല. എല്ലാ വാദങ്ങളിൽ നിന്നും വ്യത്യസ്തമായി അത് ജീവിതത്തിൽ പ്രയോഗവത്കരിക്കേണ്ടതുണ്ട്. ഇത് പ്രത്യേകം പറയേണ്ടി വരുന്നത് സമകാലിക സമൂഹത്തിലെ കാഴ്ച്ചകളാലാണ്. സ്ത്രീക്ക് ചുറ്റുമുള്ള ലോകത്തെ, അനുഭവങ്ങളെ മാറ്റിമറിക്കണമെന്ന് ആഗ്രഹിക്കുന്ന, അതിനായി ആത്മാർത്ഥമായി ഇടപെടുന്ന പുരുഷന്മാരിലും അവർക്ക് തിരിച്ചറിയാനാവാത്തവിധം ഉറച്ചുപോയ ചില അധികാരബോധ്യങ്ങളുണ്ട്. അവർക്ക് ചിന്തിക്കാൻ പോലും പറ്റാത്തവ. എന്നും രാവിലെ അടുക്കളയിൽ കയറുന്ന സ്ത്രീ ഒരു ദിവസം പണിമുടക്കുകയാണെന്ന് പറഞ്ഞാൽ അന്നു തീരാവുന്ന പുരോഗമനം മാത്രമേ പല വ്യക്തികളുടേയും ഉള്ളിലൊള്ളൂ. സീരിയൽ കാണുന്ന സ്ത്രീകളെ കുറ്റം പറയുന്ന പുരുഷന്മാർ സ്വന്തം വീട്ടിലെ സ്ത്രീകൾ ഒരു ദിവസം ഒറ്റയ്ക്ക് സെക്കന്റ് ഷോയ്ക്ക് പോയാലൊ? കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തനങ്ങൾക്ക് പോകുന്നതു നുണയും കൊതിയും പറയാനാണെന്ന് വിധിക്കപ്പെടുന്ന സ്ത്രീകൾ ഒരു വൈകുന്നേരം കവലയിൽ കാലിന്മേൽ കാൽവെച്ച് ഇരുന്ന് രാഷ്ട്രീയം സംസാരിച്ചാൽ തീരാവുന്ന സ്ത്രീപക്ഷ ചിന്തകളേ പല പുരുഷന്മാരുടേയും ഉള്ളിലുള്ളൂ.

മാറുന്ന ലോകത്തും മാറാതെ തുടരുന്ന ചില സ്ത്രീയനുഭവങ്ങളുണ്ട്. 'ഞാൻ അനുഭവിച്ചത് നീ അനുഭവിക്കരുതെന്ന്' ഒരമ്മ പറയുമ്പോഴും അവളെ നല്ല മരുമകളാക്കാനുള്ള എല്ലാ തയ്യാറെടുപ്പുകളും ആ അമ്മ നടത്തും. അതിലൂടെയേ പെണ്ണിന് ഉപകാരം/നല്ല ജീവിതം ഉണ്ടാവുകയൊള്ളെന്ന് പറഞ്ഞ് പഠിപ്പിക്കും. വിദ്യാഭ്യാസം നേടാനാവാത്തതിൽ ദുഃഖിക്കുന്ന അമ്മമാരും പഠനകാലത്തേ മകളെ കെട്ടിക്കുവാൻ വേണ്ട തയ്യാറാടുപ്പിലായിരിക്കും.

വീട്ടകങ്ങളിൽ ഒരു വീടിനെ മുറിച്ച് മുറിച്ച് എടുത്താൽ അതിലെ എത്ര ഭാഗങ്ങളിൽ സ്ത്രീ ഉണ്ടാകുമെന്നും അവിടെ എന്താണ് അവൾക്കുള്ള ഇടം എന്നും എളുപ്പത്തിൽ ബോധ്യമാകും. വീട്ടിലേക്ക് ചെന്നു കയറുന്ന മുറ്റം, ആണുങ്ങൾ എഴുന്നേറ്റു വരുന്നതിന് മുന്നേ വൃത്തിയാക്കി ഇടേണ്ട ഇടമാണെന്ന ധാരണ. എഴുന്നേറ്റ് വന്നാലുടൻ പത്രം വായിക്കേണ്ട ആദ്യത്തെ ആൾ ആ വീട്ടിലെ പുരുഷനായിരിക്കും. പിന്നെ കാണുന്നത് നേരെയുള്ളഹാൾ. ഹാളിൽ വൃത്തിയായി മടക്കി വെച്ച മാഗസിനുകൾ, ഫോൺ ബുക്ക്, നേരെ കിടക്കുന്ന സെറ്റി വിരികൾ, ഇരിപ്പിടങ്ങൾ എന്നിവയിലൊന്നും അവളില്ലെങ്കിലും അവരുടെ കൈമിടുക്ക് ഉണ്ടാവണം കാരണം ഇവയിലൊക്കെയാണ് ആ വീട്ടിലെ സ്ത്രീയുടെ അടുക്കും ചിട്ടയും ഉള്ളത്.പകലുകളിൽ ഒരിക്കലും കടന്നു ചെല്ലാൻ പറ്റാത്ത ഇടമാണ് ബെഡ് റൂമുകൾ. ചുളിവ് വീണ കിടക്ക വിരി അശ്ലീലമാണ്. അലമാരയിൽ ഭർത്താവിന്റെയും കുഞ്ഞുങ്ങളുടേയും തേച്ചു മടക്കി വെച്ച ഡ്രസ്സുകൾ നിർബന്ധമായും ഉണ്ടായിരിക്കണം. ചീപ്പിൽ, ബാത്ത് റൂമിൽ, വാഷ്ബേസിൽ, ഭക്ഷണത്തിൽ ഇവയിലൊന്നും തന്നെ അവളുടെ ഒരു മുടിക്കഷ്ണം പോലും ഉണ്ടായിരിക്കരുത്. ഉണ്ടായാൽ അത് അശുദ്ധിയുടെ പ്രശ്നം. ഒരു വീട്ടമ്മ തന്റെ ദിവസത്തിലെ ഏറെ നേരവും ചിലവഴിക്കുന്ന അടുക്കള നേരെ പോവുന്ന ഇടത്ത് ഒരിക്കലും ഉണ്ടാവില്ല. അതും അവളെപ്പോലെ മറഞ്ഞു നിൽക്കേണ്ടതാണ്. ഓടിനടന്ന് സമയത്തിന് പണിയൊരുക്കുന്ന അവളോട് വട്ടമില്ലാത്ത ദോശയെപ്പറ്റി/രുചിഭേദങ്ങളെപ്പറ്റി പരാതി പറയുന്ന നിങ്ങളെ സഹതാപത്തോടെയല്ലാതെ അവൾക്ക് നോക്കാൻ കഴിയാതെ വന്നേക്കും. തിരക്കിനിടയിൽ തിരഞ്ഞെടുത്തു കഴിക്കുന്ന കരിഞ്ഞ ദോശകളെപ്പറ്റിയോ തനിക്ക് കിട്ടാതെ പോയ നല്ല മീൻ കഷ്ണത്തെപ്പറ്റിയോ അവൾ ഓർത്ത് പോവരുത്. ഓടിക്കേറുന്ന ബസ്സിൽ സീറ്റുണ്ടെങ്കിൽ എന്ന് ആഗ്രഹിക്കപോലും അരുത്. കാരണം റിസർവേഷനുകൾ പെണ്ണുങ്ങൾക്ക് വെറുതെ കൊടുത്തതാണെന്ന് അവര് വാദിക്കും.ചെന്ന് കയറുന്ന ഓഫീസിലൊ ബസ് സ്റ്റാന്റിലൊ കടകളിലൊ ഒന്നും തന്നെ മൂത്രമൊഴിക്കാനോ പാഡ് മാറ്റാനോ, എന്തിന് സാരിയൊന്ന് പിടിച്ച് കുത്താൻ പോലുമുള്ള സൗകര്യം ഉണ്ടാവില്ല. എന്നാലും അവൾ മിണ്ടരുത്, പ്രതികരിക്കരുത്.

എല്ലാ പണിയും തീർത്ത് ഒന്ന് നടു ചായ്ക്കാൻ കിടക്കുന്ന വേളയിലും ഭർത്താവ് ആവശ്യപ്പെട്ടാൽ മറ്റുള്ള എല്ലാ ക്ഷീണവും മാറ്റി അവൾ ഒരുങ്ങിയിരിക്കണം.

ഒരിക്കലും എതിർക്കാനോ തടുക്കാനോ പ്രതികരിക്കാനോ പാടില്ല. അടക്കവും ഒതുക്കവും ഉള്ള പെണ്ണുങ്ങൾ അങ്ങനെയാണ്.

ഇത്തരം കാഴ്ച്ചകൾ കേവലമല്ല. അതിനെ ശരിവെയ്ക്കുന്ന വാർത്തകൾ മാത്രമാണ് നിരന്തരമായി മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നമ്മൾ കണ്ടു വരുന്നത്.



**ചർച്ചാവിഷയം**

**രാജി രാധാകൃഷ്ണൻ**
അന്വേഷി പ്രവർത്തക

# അനുഭവങ്ങൾ

അറുപത്തഞ്ചു വർഷങ്ങൾക്ക് മുമ്പ് ഒരു നവവധുവായി വയനാടിന്റെ ഒരു ഓണംകേറാമൂല യിലേക്ക് കടന്നു ചെന്ന എന്റെ അമ്മ. അവർ ഒരു കടുത്ത സ്ത്രീവാദിയായിരുന്നു എന്നെനിക്ക് പല പ്പോഴും തോന്നാറുണ്ട്. സാമാന്യ വിദ്യാഭ്യാസവും സൗന്ദര്യവും ഉണ്ടായിരുന്ന അമ്മയെ ഒരുപാട് ഭൂസ്വത്തുക്കളുള്ള അച്ഛന് വിവാഹം ചെയ്തു കൊടുക്കാൻ തീരുമാനിച്ചപ്പോൾ അമ്മയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് ഒരു പ്രസക്തിയുമില്ലായിരു ന്നു. കടുത്ത തണുപ്പും കോടമഞ്ഞും പേമാരിയും രക്തദാഹികളായ അട്ടകളും ഉണ്ടായിരുന്ന അന്നത്തെ വയനാട്. ഉമ്മറത്തിട്ടിരിക്കുന്ന ചാരുക സേരയിൽ കമ്പിളിയും പുതച്ചു കിടന്ന അമ്മ കുടുംബാംഗങ്ങൾക്കിടയിൽ മുറുമുറുപ്പുണ്ടാക്കി.

ഇന്ന് എൺപത്തിമൂന്ന് വയസ്സുള്ള അമ്മയോട് അങ്ങനെ ചെയ്തത് ശരിയാണോ എന്ന് ചോദിച്ച പ്പോൾ "കസേര പിന്നെ അവിടെ ഇട്ടിരിക്കുന്നത് എന്തിനാ, ഇരിക്കാനും കിടക്കാനും ഒക്കെ ഉള്ള തല്ലേ അത്, ആണുങ്ങൾക്കേ അത് പറ്റൂ എന്നുണ്ടോ?" എന്ന മറുചോദ്യം എന്നെ ചിരിപ്പി ക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. ചില പ്പോഴൊക്കെ കലുഷമായ ഗൃഹാന്തരീക്ഷത്തിൽ നിന്ന് രക്ഷപ്പെട്ട് പുറത്തേക്ക് പോകുന്ന അച്ഛ നോട് "നിങ്ങൾ ആണുങ്ങൾക്ക് എന്തുമാകാ മല്ലോ? മനഃപ്രയാസമുണ്ടാകുമ്പോൾ പുറത്ത് പോകാം, സുഹൃത്തുക്കളെ കാണാം, കള്ളു കുടി ക്കാം. ഞാൻ എന്തു ചെയ്യണം"? എന്ന് ചോദിക്കു ന്നതും ഞാൻ കേട്ടിട്ടുണ്ട്. അമ്മ കൊളുത്തിയ ഒരു ചെറിയ തീപ്പൊരി എന്റെ ഉള്ളിലും ഉണ്ടെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അമ്മയോട് മേധാവിത്ത സ്വഭാവം കാണിക്കാറുള്ള അച്ഛൻ വീട്ടിലെ മൂത്തമകളായ എനിക്ക് എല്ലാവിധ സ്വാതന്ത്ര്യങ്ങളും തന്നിരുന്നു. അടുത്തുള്ള വായ നശാലയിൽ ഏതുസമയത്തും പോകാനും പുസ്തകങ്ങളെടുത്ത് വായിക്കാനും അച്ഛൻ തന്നെയായിരുന്നു പ്രേരണ. സന്ധ്യക്കും മറ്റും വായനശാലയിൽ പോകുന്നതിന്റെ പേരിൽ എന്റെ നാട്ടുകാരൊന്നും എന്നെ കുറ്റപ്പെടുത്തിയിരുന്നില്ല. അങ്ങനെ നോക്കുമ്പോൾ അന്ന് ഞാൻ കണ്ട മിക്കപുരുഷന്മാരും ഇന്നുള്ളവരേക്കാൾ സ്ത്രീവാ ദികളായിരുന്നു എന്നെനിക്ക് തോന്നുന്നു. പരി ഷ്കൃതലോകത്തിൽ ജീവിക്കുന്ന ഇന്നത്തെ പുരു ഷന്മാരേക്കാൾ ദശാബ്ദങ്ങൾക്ക് മുമ്പ് ഒരു പരി ഷ്ക്കാരവുമില്ലാതിരുന്ന, വിദ്യാഭ്യാസത്തിൽ പിൻപന്തിയിലായിരുന്ന വയനാട്ടിലെ കാര്യമാ ണെന്നോർക്കണം.

വിവാഹിതയായപ്പോൾ ഒരിക്കലും എന്റെ പങ്കാളിയിൽ നിന്ന് ഒന്നും എനിക്ക് പിടിച്ചുവാ ങ്ങേണ്ടി വന്നിട്ടില്ല. സ്നേഹവും സ്വാതന്ത്ര്യവും എനിക്ക് നിർല്ലോഭം വാരിത്തന്നിരുന്നു എന്റെ കൂട്ടുകാരൻ. ഞാനോർത്തുപോകുന്നു, മോൾ ചെറുതായിരുന്നപ്പോൾ നിർത്താതെ കരയാറുള്ള രാത്രികളിൽ "നീ ഉറങ്ങിക്കോളൂ, അവളെ ഞാൻ നോക്കിക്കോളാം" എന്ന് പറഞ്ഞ് എത്രയോ രാത്രികളിൽ ഉറങ്ങാതെ കഴിച്ചു കൂട്ടിയിട്ടുണ്ട് അദ്ദേഹം. ജോലി സംബന്ധമായി ദൂരെയായിരി ക്കുമ്പോൾ "നീ എന്തെല്ലാം ചെയ്യണം. വീട്ടുകാ ര്യങ്ങൾ, കുട്ടികളുടെ കാര്യങ്ങൾ എനിക്കൊന്നും സഹായിക്കാൻ കഴിയുന്നില്ലല്ലോ" എന്ന് പരിതപി ക്കുകയും ചെയ്യുമായിരുന്നു. തുക എഴുതാത്ത ഒപ്പിട്ട ചെക്കുകൾ ഇന്നും ഞാൻ സൂക്ഷിച്ചുവെ ച്ചിരിക്കുന്നു. കാശ് എത്രയെടുത്തു, എന്തിനെ ടുത്തു എന്നൊരിക്കലും അന്വേഷിക്കാതിരുന്ന ആ മനസ്സ് പരിചയമുള്ള പല പുരുഷന്മാരിലും ഇന്ന് ഞാൻ കാണുന്നില്ല. ഒരു പക്ഷേ എന്റെ മന സ്സറിഞ്ഞ് എന്റെ വഴിയെ നടന്നതാവുമോ എന്റെ പങ്കാളി. പറയാനൊരുപാടുണ്ട് തികച്ചും സ്ത്രീവാദിയായിരുന്ന ആ മനസ്സിനെപ്പറ്റി. സ്ത്രീകളുടെ സ്വാതന്ത്ര്യവും നിലനില്പ്പും സാമ്പത്തികസ്വാതന്ത്ര്യത്തെ ആശ്രയിച്ചു നിൽക്കുന്നു എന്നെനിക്ക് ഒരിക്കലും തോന്നിയി ട്ടില്ല. പണം വിനിമയിക്കാനുള്ള സ്വാതന്ത്ര്യം അവർക്കു കിട്ടുന്നില്ല. ഞാൻ കണ്ട ഉദ്യോഗസ്ഥ കളായ സ്ത്രീകൾ ഇരട്ടജോലിഭാരമാണ് വഹി ക്കുന്നത്. പച്ചക്കറി വാങ്ങുന്നത് മുതൽ എല്ലാ വീട്ടുകാര്യങ്ങളും അവരുടെ തലയിൽ തന്നെയാ ണ്. ശമ്പളം കിട്ടിയാൽ മുഴുവൻ പണവും ഭർത്താവിനെ ഏൽപ്പിക്കുന്നവരാണ് ഏറെപ്പേരും. പിന്നീട് അവരുടെ ആവശ്യങ്ങൾക്ക് ഭർത്താ വിന്റെ കനിവിന് കൈനീട്ടേണ്ട അവസ്ഥയാണ്.

സ്ത്രീവാദം എന്ന വാക്കുപോലും അന്യമാ യിരുന്ന കാലത്ത് സ്വാനുഭവത്തിലല്ലെങ്കിലും ചുറ്റുമുള്ള പല സ്ത്രീകളും സ്ത്രീയെന്ന കാര ണത്താൽ നേരിടുന്ന വിവേചനങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. സ്ത്രീയെ രണ്ടാംതരക്കാരി യായി കാണുന്നത് പുരുഷന്റെ അവകാശമാ ണെന്ന് ധരിച്ചുവെച്ചിരിക്കുന്ന സ്ത്രീകളുമുണ്ട്. തങ്ങളനുഭവിക്കുന്നത് വിവേചനമാണെന്ന് അവർ തിരിച്ചറിയുന്നു പോലുമില്ല.

സ്ത്രീവാദത്തിന്റെ സൈദ്ധാന്തികവും വിശാ ലവുമായ അർത്ഥതലങ്ങൾ കൂടുതലായൊന്നുമ റിയില്ലെങ്കിലും കേരളത്തിലെ മുൻനിര ഫെമിനി സ്റ്റിനൊപ്പം വർഷങ്ങളായി അടുത്തിടപഴകാൻ അവസരം കിട്ടിയതുകൊണ്ടായിരിക്കാം ഇന്ന് ഞാൻ തിരിച്ചറിയുന്നു എന്റെയുള്ളിൽ എന്നു മൊരു സ്ത്രീവാദി ഉണ്ടായിരുന്നു എന്ന്.എന്റെ വാദങ്ങൾ സ്ത്രീവാദങ്ങൾ ആയിരുന്നു എന്ന്.




**ചർച്ചാവിഷയം**

**ഗീത**
എഴുത്തുകാരി


# ഞാൻ എന്ന സ്ത്രീ



സ്ത്രീവാദി എന്ന വാക്കിനു മുമ്പ് എന്റെ ജീവിതത്തെയും ബോധങ്ങളെയും ഇളക്കിമറിച്ചത് പെണ്ണെഴുത്തു വാദമായിരുന്നു എന്നതാണ് സത്യം . പട്ടാമ്പി കോളെജിലെ 'മാനുഷി'ക്കാലത്തെ തൊട്ടും വിട്ടും  സഞ്ചരിച്ച ഒരു തലമുറയുടെ പ്രതിനിധിയെന്ന നിലക്ക് ജീവിതമാകെ കീഴ്മേൽ മറിഞ്ഞ ചരിത്ര സന്ദർഭം തന്നെയായിരുന്നു അത്. ഞാൻ ഗീത എന്ന കേവലവ്യക്തിയായിരിക്കുക എന്നതു തന്നെ ഒരു പ്രതിബദ്ധ രാഷ്ട്രീയപ്രവർത്തനമാണെന്ന തിരിച്ചറിവിലേക്കെത്തുന്നത് ആ കാലത്തു തന്നെയായിരുന്നു. അന്നോളമറിഞ്ഞതും ധരിച്ചതുമൊന്നും അതായിരുന്നില്ല. കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയുടെ സംഘസ്വഭാവത്തോടനുബന്ധിച്ചു മാത്രം നിലനിൽക്കുന്ന ഒരു സ്വത്വം മാത്രമായിരുന്നു ഞാൻ എന്ന സ്ത്രീ. അവൾക്ക് സ്വന്തമായ നിലനില്പും വ്യക്തിത്വവും മാത്രമല്ല സ്വത്വാഭിമാനവും സാധ്യമാണ്. എന്റെ വ്യക്തിബന്ധങ്ങളും  കുടുംബബന്ധങ്ങളും രാഷ്ട്രീയമാണ്, അവയോടുള്ള കലാപങ്ങൾ രാഷ്ട്രീയപ്രവർത്തനമാണ് എന്നതൊന്നും  മൂന്ന് പതിറ്റാണ്ടിനു മുമ്പ് ഒരു സ്ത്രീക്ക് നിസ്സാര തിരിച്ചറിവുകളോ അനുഭവങ്ങളോ ആയിരുന്നില്ല.

ആൺ-പെൺ , നല്ലവൾ - ചീത്തവൾ എന്നു വേണ്ട സർവ ദ്വന്ദ്വങ്ങളെയും നിരാകരിച്ചു കൊണ്ടു മാത്രമേ സ്ത്രീവാദത്തിനു പ്രവർത്തനനിരതമാകാൻ കഴിയൂ. അങ്ങനെയൊരു ദ്വന്ദ്വനിരാസത്തിന്റെ കൂടി കാലമാണ് വന്നുകൊണ്ടിരിക്കുന്നത്. സർവവ്യവസ്ഥകളെയും സ്ഥാപനങ്ങളെയും ജനാധിപത്യവത്കരിക്കുന്ന ആ മഹത് പ്രക്രിയയിൽ പങ്കാളിയാവുകയല്ലാതെ എനിക്കു മറ്റൊന്നും ചെയ്യാനില്ല .ആയതിനാൽ ഇതുമായി ബന്ധപ്പെട്ട നുണപ്രചരണങ്ങളെ ആ നിലയ്ക്കു തള്ളിക്കളയാനും അക്രമോത്സുകതയെ നേരിടാനും എനിക്കു ചരിത്രപരമായ ബാധ്യതയുണ്ട് എന്നു തന്നെ ഞാൻ കരുതുന്നു. ചരിത്രമെന്നത് മുന്നിലേക്കും പിന്നിലേക്കും ഒറ്റനോക്കിൽ കാണുകയോ അളക്കുകയോ ചെയ്യാവുന്ന കേവല വർഷക്കണക്കല്ലല്ലോ. അതിന് വലിയൊരു രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയത്തിൽ ഇടപെടുക മാത്രമേ ഒരു സ്ത്രീവാദിയെന്ന നിലക്ക് എനിക്ക് ചെയ്യാനുള്ളൂ.



## ചർച്ചാവിഷയം

**എം.ലീലാവതി**
പ്രശസ്ത സാഹിത്യ വിമർശക

# എന്റെ ഫെമിനിസത്തെപ്പറ്റി



അംഗീകൃത ഫെമിനിസ്റ്റുകൾ ഞാൻ ഫെമിനിസത്തിനെതിരാണെന്ന ധാരണ പുലർത്തുന്നുണ്ടെന്നു തോന്നുന്നു. ഈയിടെ തൃശൂരിൽ ഒരു പുസ്തകപ്രകാശനവേളയിൽ പ്രസംഗിച്ചതിന്റെ പത്രങ്ങളിൽ വന്ന റിപ്പോർട്ട് ആ ധാരണയെ ഉറപ്പിച്ചേക്കും. അതിനാൽ ഒരു വിശദീകരണം വേണമെന്നു തോന്നുന്നതിനാലാണ് ഈ കുറിപ്പ് (പത്രങ്ങൾ ചിലപ്പോൾ അവർക്കാവശ്യമുള്ളത് അന്യരുടെ പേരിൽ റിപ്പോർട്ട് ചെയ്യുന്നു.)

ഫെമിനിസത്തിൽ വിശ്വസിക്കുന്നുവെന്നു മാത്രമല്ല, ഇന്ന് ലോകം എത്തിനിൽക്കുന്ന വഴിത്തിരിവിൽ നിന്ന് നീങ്ങേണ്ടത് മാനുഷ്യകത്തിന്റെ ഉത്കർഷത്തിനുള്ള പാതയിലൂടെയാണെങ്കിൽ അതിനു സ്ത്രീശക്തി വളർത്തേണ്ടതാണെന്നും കൂടി ഞാൻ ഉറച്ചു വിശ്വസിക്കുന്നു. സ്ത്രീശക്തി എന്നതിന്റെ നിർവചനത്തിലാണ് അൾട്രാഫെമിനിസം കൈക്കൊള്ളുന്ന ചില നിലപാടുകളോടു യോജിക്കാതിരിക്കുന്നത്. മാനവജനുസ്സിന് രണ്ടുതരം ശക്തികളുണ്ട്. മാനസികം, ശാരീരികം പരിണാമപ്രക്രിയയിൽ ആദ്യത്തേതിലാണ് സ്ത്രീ മുന്നേറിയത്. രണ്ടാമത്തേതിൽ പുരുഷനും മാനസികശക്തിക്ക് രണ്ട് തലങ്ങളുണ്ട്. വൈകാരികം; വൈചാരികം. മറ്റു ജന്തുക്കളിൽ നിന്ന് വ്യത്യസ്തമായി കുടുംബം എന്ന സ്ഥാപനം മനുഷ്യചരിത്രത്തിൽ വികസിച്ചുവന്നതോടെ ഗാർഹികകർത്തവ്യങ്ങളിലേക്ക് ഒതുങ്ങേണ്ടി വന്നപ്പോൾ സ്ത്രീയുടെ വൈകാരികശക്തി കൂടുതൽ വികസിക്കുകയും വൈചാരികശക്തി പിൻതള്ളപ്പെടുകയുണ്ടായി. വൈചാരികതലത്തിലും ശരീരബലത്തിലും പ്രവൃത്തിസ്വഭാവമനുസരിച്ച് കൂടുതൽ അഭ്യാസബലം ആർജ്ജിച്ച പുരുഷൻ കുടുംബത്തിലും ഗോത്രത്തിലും പിൽക്കാലത്ത് വികസിച്ചു വന്ന ദേശ-രാഷ്ട്ര വ്യവസ്ഥകളിലും ആധിപത്യം ആർജ്ജിച്ചു. മൂന്ന് നാല് ആയിരത്തോളം ആണ്ടുകളെങ്കിലും പുരുഷാധിപത്യത്തിന്റെ ചരിത്രത്തിനുണ്ട്. ഈ ആധിപത്യം വരുംകാലങ്ങളിൽ അടിക്കടി ക്ഷയിക്കു

മെന്ന വിശ്വാസവും ക്ഷയിക്കണമെന്ന ഇച്ഛയും ഫെമിനിസത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള എന്റെ സങ്കല്പത്തിന് അടിസ്ഥാന പ്രമാണങ്ങളാണ്. മൂവായിരത്താണ്ടുകൊണ്ട് സംഭവിച്ച വൈചാരികബലക്ഷയം സ്ത്രീക്ക് ഇനിയത്തെ മുപ്പതാണ്ടുകൾക്കുള്ളിൽ വീണ്ടെടുക്കാൻ കഴിയും. അതു വീണ്ടെടുക്കുമ്പോൾ മുമ്പ് പുരുഷൻ ആർജ്ജിച്ച ആധിപത്യ പ്രവണതകൂടി വളരാതിരിക്കാനാണ് ഫെമിനിസ്റ്റ് പ്രസ്ഥാനം ശ്രദ്ധിക്കേണ്ടത്. ആധിപത്യപ്രവണമായാൽ അതു പുരുഷനെപ്പോലെ അധഃപതിക്കലാവും. അതിനാൽ പുരുഷനെപ്പോലെയാവലല്ല; ആധിപത്യപ്രവണതകളില്ലാത്ത വൈകാരിക -വൈചാരിക ബലത്തിൽ പുരുഷന്നു തുല്യയായിത്തീരലാണ് നമ്മൾ ആസൂത്രണം ചെയ്ത് ഉണ്ടാക്കേണ്ടുന്ന പരിണാമപ്രക്രിയ. സ്നേഹ-കാരുണ്യാദി വൈകാരിക ശക്തികളിൽ ഇന്ന് പുരുഷവർഗത്തിനേക്കാൾ ഏറെ മുന്നിലാണ് സ്ത്രീവർഗ്ഗം. ആ ശക്തികൾ സ്വയം ക്ഷയിപ്പിച്ച് പുരുഷനോട് തുല്യയാവാൻ സ്ത്രീ ഇച്ഛിച്ചുകൂടാ എന്നാണ് മുൻ പറഞ്ഞ പ്രസംഗത്തിൽ പെൺകുട്ടികൾ ഭൂരിപക്ഷമായ സദസ്സിൽ വ്യക്തമാക്കാൻ ശ്രമിച്ചത്. അതിനു പ്രേരണയായത്. പ്രകാശിപ്പിക്കുന്ന പുസ്തകത്തിലെ വിഷയം സ്ത്രീയുടെ വൈകാരിക ശക്തികളും അവയ്ക്കെതിരായ പുരുഷന്റെ അധികാരപ്രമത്തതയുമായിരുന്നതാണ്. അധികാരസ്ഥാനങ്ങളിൽ സ്ത്രീയുടെ സാന്നിധ്യം 33 ശതമാനം പോര അമ്പതുശതമാനം വേണമെന്നാണെന്റെ നിലപാട്. എന്നാൽ അധികാരവിനിയോഗത്തിൽ പുരുഷന്മാർ ഇന്നു പ്രയുക്തമാക്കിക്കൊണ്ടിരിക്കുന്ന ഉന്മത്തതയും അസഹിഷ്ണുതയും സമഭാവനാരാഹിത്യവും അതുപോലെ പകർത്താൻ പ്രേരിപ്പിക്കുന്ന രീതിയിലായിരിക്കരുത്.

ഫെമിനിസത്തിന്റെ വളർച്ച സ്ത്രീയുടെ സ്നേഹകാരുണ്യാദികൾ മാത്രമല്ല സഹനബലവും അവളുടെ ശക്തികളിലുൾപ്പെടുന്നു. അതുകൊണ്ടാണ് നീതി, ധർമ്മം, വിശ്വാസം എന്നിവയിൽ അസഹിഷ്ണുതയില്ലാത്ത സമത്വബോധം സ്ത്രീ നിലനിർത്തണമെന്ന് വിശ്വസിക്കുന്നത്. ഇന്നലെ സ്ത്രീയോടു പുരുഷൻ പ്രകടിപ്പിച്ച നിന്ദയും ആധിപത്യഭാവവും നാളെ പുരുഷനോട് സ്ത്രീ പ്രകടിപ്പിക്കാനിടവരുന്ന വിധത്തിലല്ല ഫെമിനിസ്റ്റ് പ്രസ്ഥാനം വളരേണ്ടത്. കുടുംബം എന്ന വ്യവസ്ഥ അഥവാ സ്ഥാപനം നിലനിൽക്കണമോ തകരണമോ എന്ന ചോദ്യത്തിൽ നിലനിൽക്കണമെന്ന പക്ഷത്താണ് ഞാൻ. പക്ഷേ കുടുംബം തന്നെ ചെറുതായിരിക്കണം. കുടുംബവ്യവസ്ഥ തകരുകയാണെങ്കിൽ



അത് ജന്തുസാമാന്യ വ്യവസ്ഥയിലേക്കുള്ള തിരിച്ചുപോക്കാവും. കുടുംബത്തിൽ സ്ത്രീയും പുരുഷനും തുല്യരായിത്തീരുന്ന അവസ്ഥയുണ്ടാവുമ്പോഴേ അത് ഏതു മണ്ഡലത്തിലുള്ള അധികാര വ്യവസ്ഥയിലും പ്രതിഫലിക്കുകയുള്ളൂ. വൈചാരികശക്തികളിൽ സ്ത്രീ പുരുഷനോടു തുല്യതയാർജ്ജിക്കത്തക്കവണ്ണം വികസിക്കണം. വൈകാരികശക്തികളിൽ സ്ത്രീയോടു തുല്യത ആർജ്ജിക്കത്തക്കവണ്ണം പുരുഷമനസ്സ് വികസിക്കണം.

ഭരണാധിപത്യത്തിലെത്തുന്ന സ്ത്രീകൾ പുരുഷനെപ്പോലെ അധികാരപ്രമത്തത പ്രകടിപ്പിക്കാനിടവരുന്നതു പോലും സ്ത്രീയുടെ തുല്യത അംഗീകരിക്കാനുള്ള സഹിഷ്ണുത പുരുഷന് ഇല്ലാത്തതുകൊണ്ടാണ് .പെൺകുട്ടികൾ തങ്ങൾക്കു തുല്യരാണെന്ന് ആൺകുട്ടികൾക്ക് അവബോധം ഉണ്ടാക്കിക്കൊടുക്കാൻ പറ്റുന്ന രീതിയിൽ ബോധവത്ക്കരണം ബാല്യകൗമാരഘട്ടങ്ങളിലെ വിദ്യാഭ്യാസത്തിലുൾപ്പെടണം. എന്റെ ഫെമിനിസമെന്ന പുസ്തകത്തിൽ ഏതാണ്ട് രണ്ട് ദശാബ്ദങ്ങൾക്കു മുമ്പെ തന്നെ ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട് (പേജ് 113). സ്ത്രീ ആധിപത്യത്തിലെത്തിയാൽ അവളെ തകർക്കാൻ കക്ഷിഭേദം വെടിഞ്ഞു പുരുഷന്മാർ ശ്രമിക്കുമെന്നതിനുള്ള ഒരു ഉദാഹരണം

നമ്മുടെ നാടിന്റെ ചരിത്രത്തിൽ തന്നെയുണ്ട്. കോടതി വിധിയെ കൂടി അവഗണിച്ചുകൊണ്ട് ഇന്ദിരാഗാന്ധിയെ തകർക്കാൻ സംഘടിത കക്ഷികൾ സൈന്യത്തെപ്പോലും ആഹ്വാനം ചെയ്യുകയുണ്ടായി. സുപ്രീംകോടതി വിധി വരുന്നതു വരെ ഭരണം നിർവ്വഹിക്കാൻ അവരെ അനുവദിക്കുന്നതായിരുന്നു ഹൈക്കോടതിവിധി- അതു വരും വരെ കാക്കാൻ ക്ഷമയില്ലാതായി എതിർ നിന്ന നേതാക്കൾക്ക് അവരെ വീട്ടുതടങ്കിലാക്കും വിധമുള്ള കലാപത്തിനും സൈന്യത്തെക്കൂടി അതിൽ പങ്കുകൊള്ളിക്കാനുമുള്ള ആഹ്വാനമാണ് വിവിധ വിഭാഗങ്ങളുടെ നേതൃത്വമുള്ള പുരുഷന്മാർ മുതിർന്നത്. ഹൈക്കോടതി വിധി വന്നപ്പോൾ ജനാധിപത്യവിശ്വാസം നഷ്ടപ്പെട്ടിട്ടില്ലാതിരുന്ന ഇന്ദിരാഗാന്ധിയുടെ പ്രതികരണം ഉടനെ രാജി വെക്കാമെന്നായിരുന്നു.



സ്ത്രൈണമായ അന്തഃജ്ഞാനവും സഹിഷ്ണുതയുമാണ് പ്രേരകം. അതിനെതിരായി ഉപദേശം നല്കിയത് അവരുടെ തന്നെ കക്ഷിയിൽപ്പെട്ട പുരുഷന്മാരാണ്. ആഭ്യന്തരമായ അടിയന്തിരാവസ്ഥാ പ്രഖ്യാപനമെന്ന ആശയം സിദ്ധാർത്ഥ ശങ്ക റെയാണ് നൽകിയത്. അത് നടപ്പാക്കുമ്പോൾ ആധിപത്യപ്രവണതകൾ അത്യന്തം ജനദ്രോഹകരമായ രീതിയിലേക്കു വളർത്തിയത് സ്വന്തം പുത്രനും അനുയായികളുമുൾപ്പെട്ട പുരുഷഗണമായിരുന്നു. നാട്ടിൽ എന്തുനടക്കുന്നു എന്ന യാഥാർത്ഥ്യം ശരിക്കു ഗ്രഹിച്ചപ്പോൾ അവരുടെ സ്ത്രൈണമായ വൈകാരികശക്തി ഉണരുകയും പാർലമെന്റ് വിധിച്ച ഭരണകാലാവധി അവസാനിക്കും മുമ്പെ തന്നെ പുരുഷന്മാരുടെ ഉപദേശം വക വെക്കാതെ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. പരാജയപ്പെട്ടേക്കുമെന്ന ബോധത്തോടെ. പരാജയപ്പെട്ടപ്പോൾ സ്ത്രൈണമായ വൈകാരികധീരതയോടെ അതിനെ നേരിട്ടു.

ഇതുപോലെ ഏത് അധികാരരംഗത്തും സ്ത്രീ കടന്നു വരുമ്പോൾ പുരുഷൻ അസഹിഷ്ണുതയോടെ പ്രതികരിച്ചേക്കും. അതിനെ നേരിടാനുള്ള സ്ത്രൈണ വൈകാരികധീരത സംക്രമണഘട്ടത്തിൽ സ്ത്രീകൾക്കുണ്ടാകണം. സഹനശക്തികൂടി അതിലുൾപ്പെടുന്നു.

---

**പേജ് 29 തുടർച്ച**

പുരോഗമനപരമായിരിക്കും എന്നൊക്കെയുള്ള ധാരണകളെയാകെ തിരുത്തിയത്. ഒടുവിൽ സമയക്രമം എടുത്തു മാറ്റിയപ്പോൾ ആൺ പെൺ ഭേദമില്ലാത്ത രാത്രി നടത്തങ്ങളുടെ, നിലാവത്തു പാട്ടുപാടുന്നതിന്റെ, നീണ്ട ചർച്ചകളുടെ, മഴ നടത്തങ്ങളുടെ, ഇഷ്ടമുള്ള നേരത്തു ക്യാമ്പസിൽ ഇഷ്ടമുള്ളിടത്തിരുന്നു വായിക്കുന്നതിന്റെ, ടെൻഷനടിക്കാതെയുള്ള യാത്രകളുടെ രുചിയറിയുന്നത്.

നമ്മുടെ പെണ്ണിടങ്ങളൊക്കെ, നമ്മുടെ ആയിരിക്കലുകളൊക്കെ കർശന വ്യവസ്ഥകളിന്മേൽ അനുവദിക്കപ്പെടുന്ന, അതിരറ്റ കടപ്പാടോടും കുറ്റബോധത്തോടും കൂടെ മാത്രം ആസ്വദിക്കേണ്ട ആനുകൂല്യമായി കാണാനാണ് സമൂഹം നമ്മളോട് പറയുന്നതും പഠിപ്പിക്കുന്നതും. ജനിച്ചുപോയി എന്നും ജീവിച്ചിരിക്കുന്നുവെന്നുമുള്ള കുറ്റബോധത്തോടെ ആയിരിക്കാനാണ് ഓരോ പെൺകുഞ്ഞിനെയും ഈ ലോകം ശീലിപ്പിക്കുന്നതും. ശാരീരിക സവിശേഷതകളിൽ, വസ്ത്രധാരണത്തിൽ, ഭക്ഷണം കഴിക്കുന്നതിൽ, പുറത്തിറങ്ങുന്നതിൽ, വിവാഹം കഴിച്ചതിൽ, കഴിക്കാത്തതിൽ, പഠിക്കുന്നതിൽ, പഠിക്കാത്തതിൽ, കുഞ്ഞിനൊപ്പം ആയിരിക്കാത്തതിൽ, ജോലി ചെയ്യുന്നതിൽ, ജോലിക്ക് പോകാത്തതിൽ, കുടുംബം നോക്കുന്നതിൽ എന്നിങ്ങനെ എല്ലാ തെരഞ്ഞെടുപ്പുകളും തന്റെ പിഴവെന്ന് പരിതപിച്ചു അതൃപ്തയായി ജീവിക്കുന്ന സ്ത്രീകളെ കണ്ടിഷൻ ചെയ്തെടുക്കുന്ന ഫാക്ടറികളാണ് നമ്മുടെ സ്ഥാപനങ്ങളും വ്യവസ്ഥയും. നമ്മൾ സ്ത്രീകളായി (നമ്മിൽ ചിലർ വീണ്ടും) ജനിച്ചുവെന്നതും, നമ്മൾ ജീവിക്കുന്നുവെന്നതും അതിജീവിക്കുന്നുവെന്നതുമാണ് നമ്മൾ നാളേയ്ക്ക് അഹങ്കാരത്തോടെ സമ്മാനിക്കുവാൻ പോകുന്ന ഫെമിനിസ്റ്റ് വിപ്ലവം. അതിനാൽ ധൈര്യത്തോടെ, ക്ഷമാപണമെന്യേ ഫെമിനിസ്റ്റ് ആയിരിക്കുക.



## ചർച്ചാവിഷയം

**ഏലിയാമ്മ വിജയൻ**
തിരുവനന്തപുരം സഖി വിമൻസ് റിസോഴ്സ്
സെന്ററിന്റെ സ്ഥാപക ട്രസ്റ്റികളിൽ ഒരാൾ

# ചുമരുകൾക്കപ്പുറത്തെ വിശാലകുടുംബം

ജനിച്ചത് ഒരു ഫെമിനിസ്റ്റ് ആയിട്ടല്ല. പത്തു മുപ്പത് വർഷങ്ങളുടെ അനുഭവങ്ങളിലും അത്തരമൊരു അനീതിയെക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടായിരുന്നില്ല. സാമ്പത്തികമായ അനീതികളും ഉച്ചനീചത്വങ്ങളും മനസ്സിനെ ഉലച്ചിരുന്നു. അതുകൊണ്ടുതന്നെ ഉപരിപഠനത്തിനായി സാമൂഹ്യസേവനം (MSW) തെരഞ്ഞെടുത്തു. പിന്നീട് പല പരീക്ഷണങ്ങൾക്കും അനുഭവങ്ങൾക്കും ശേഷം, കേരള സമൂഹത്തിലെ ഏറ്റവും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലൊന്നായ മത്സ്യമേഖലയിൽ ഏകദേശം പതിനാറു വർഷങ്ങൾ പ്രവർത്തിക്കാൻ അവസരം ഉണ്ടായി. ഇത്രയും നീണ്ട വർഷത്തെ അനുഭവങ്ങളും അന്ന് കൂടെ പ്രവർത്തിച്ച പ്രബുദ്ധരായ സഹപ്രവർത്തകരുമാണ് പിന്നീടുണ്ടായ എല്ലാ ബോധ്യങ്ങൾക്കും വിശകലന സമീപനങ്ങൾക്കും അടിത്തറപാകിയത്. ആദ്യകാലഘട്ടങ്ങളിൽ തൊഴിലാളിവർഗ്ഗ വിശകലനത്തിലൂന്നിയ പ്രവർത്തനങ്ങളായിരുന്നു. എന്നാൽ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ ഉയർത്തിയ ചോദ്യങ്ങൾ ഞങ്ങൾ സ്ത്രീസഹപ്രവർത്തകർ ചർച്ചകൾക്ക് വിധേയമാക്കിയപ്പോൾ അന്ന് (1982-93) സ്ത്രീഗ്രൂപ്പുകളിൽ ശക്തമായിക്കൊണ്ടിരുന്ന സ്ത്രീവാദത്തെപ്പറ്റി കൂടുതൽ പഠിക്കണമെന്ന ആഗ്രഹം ഉണ്ടായി. അങ്ങിനെയാണ് കേരളത്തിനു പുറമേ ഈ വിഷയങ്ങളിൽ പ്രാഗത്ഭ്യം ഉണ്ടായിരുന്ന സുഹൃത്തുക്കളായിരുന്ന ഗബ്രിയേല, ഡീട്രിച്ച്, ഛായദത്താർ, നന്ദിതാഷാ തുടങ്ങിയവരുടെ നേതൃത്വത്തിൽ പഠനമാരംഭിച്ചത്.



**സ്ത്രീകൾക്ക് തുല്യ അവകാശങ്ങളും തുല്യ അവസരങ്ങളും വേണം എന്നുള്ള വാദം പോലും അസഹനീയമായി തോന്നുന്ന ആണധികാര സമൂഹം നിരന്തരം ഇത്തരം കാര്യങ്ങൾ പറയുന്നവരെയും അതിനുവേണ്ടി പ്രവർത്തിക്കുന്നവരെയും അവഹേളിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.**

പുരുഷന്മാരായ സഹപ്രവർത്തകരെയും ബോധപൂർവ്വം ഞങ്ങൾ ഈ പഠനപ്രക്രിയുടെ ഭാഗമാക്കി.

സ്വന്തം ബോധ്യങ്ങളെ വിശകലനം ചെയ്തും സൈദ്ധാന്തികമായ വശങ്ങളുമൊക്കെ പരിശോധിച്ചും കുറച്ചു കാലം നീണ്ടുനിന്ന ഈ പ്രക്രിയയുടെ ഭാഗമായി. ഇതൊരു വലിയ തുറവിയായിരുന്നു. പിന്നീടങ്ങോട്ടുള്ള വർഷങ്ങളിൽ മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള അടിസ്ഥാന വിഭാഗങ്ങളുടെ പ്രശ്നങ്ങളിലൂന്നി സ്ത്രീവാദത്തെക്കുറിച്ചുള്ള പഠനങ്ങളും വിശകലനങ്ങളും മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞു. മത്സ്യത്തൊഴിലാളി സമൂഹത്തിലെ സ്ത്രീകളും ഈ പ്രക്രിയയുടെ ഭാഗമായിരുന്നു.

നെജി ഫ്രെയ്ഡൽ വിശേഷിപ്പിച്ചതു പോലെ അതുവരെ പേരിടാൻ കഴിയാത്ത പ്രശ്നങ്ങൾക്ക് പേരുണ്ട് എന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു. വർഗ്ഗ വിശകലനം ശക്തമായി നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥയിൽ ജീവന്റെ ഉൽപാദനത്തിൽ സ്ത്രീകൾ വഹിക്കുന്ന പങ്കിനെ അധ്വാനശക്തിയുടെ ഉൽപാദനമായി കണ്ട് അതിന് വസ്തുക്കളുടെ ഉത്പാദനവുമായുള്ള ബന്ധം വിശകലനം ചെയ്യുന്ന രീതിയിൽ സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക തലം വികസിപ്പിക്കാനാണ് പുറമേ നിന്നുള്ള വിദഗ്ധർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പഠനങ്ങൾ തുടർന്നുകൊണ്ടിരുന്നെങ്കിലും ദൈനംദിന ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഒട്ടേറെ പ്രതിസന്ധികളും എതിർപ്പുകളും നേരിടേണ്ടി വന്നു. ഫെമിനിസം അന്നും ഇന്നും ഏറെ തെറ്റിദ്ധരിക്കപ്പെട്ട വളച്ചൊടിക്കപ്പെട്ട ആശയമാണ്. സ്ത്രീകൾക്ക് തുല്യ അവകാശങ്ങളും തുല്യ അവസരങ്ങളും വേണം എന്നുള്ള വാദം പോലും അസഹനീയമായി തോന്നുന്ന ആണധികാര സമൂഹം നിരന്തരം ഇത്തരം കാര്യങ്ങൾ പറയുന്നവരെയും അതിനുവേണ്ടി പ്രവർത്തിക്കുന്നവരെയും അവഹേളിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

എന്നാൽ സ്ത്രീവാദചിന്തകളും പഠനങ്ങളും ആത്യന്തികമായി വലിയ മാറ്റമുണ്ടാക്കുന്നത് അവനവന്റെ തന്നെ ലോകവീക്ഷണത്തിലും സ്വത്വബോധത്തിലുമാണ്. ജനിച്ചു വളർന്നുവരുമ്പോൾ രൂപപ്പെടുന്ന വർഗ്ഗചിന്തകളിൽ നിന്ന് വിടുതൽ നേടുന്നതുപോലെ ദുഷ്കരമാണ് ആണധികാര വ്യവസ്ഥയിൽ നിന്നും ആർജ്ജിച്ചെടുത്തിട്ടുള്ള മൂല്യങ്ങളിൽ നിന്നുള്ള മോചനവും. പഠിച്ചുവെച്ച, ആന്തരികവത്ക്കരിച്ച സ്വത്വബോധത്തെ പുനഃസൃഷ്ടിക്കുക എളുപ്പമല്ല. ജീവിതവീക്ഷണത്തിലും മറ്റുള്ളവരോടുള്ള ഇടപെടലുകളിലും ഒക്കെ ഈ മാറ്റം കൊണ്ടുവരേണ്ടതുണ്ട്. ഞങ്ങളുടെ സുഹൃദ്ക്കൂട്ടം ഒരുമിച്ച് ഈ വളർച്ചയുടെ പടവുകൾ കയറിയത് കൊണ്ട് പരസ്പരം കൈത്താങ്ങ് നൽകിയ നിരവധി സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. വിവാഹം, കുടുംബം, ആൺസുഹൃത്തുക്കൾ, ലൈംഗികത തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ. സ്ത്രീവാദവീക്ഷണവും മൂല്യങ്ങളും പഠിച്ചുവച്ച പലകാര്യങ്ങളെയും പൊളിച്ചെഴുതാൻ സഹായിച്ചിട്ടുണ്ട്. ആണധികാര സമൂഹത്തിൽ സ്ത്രീയെക്കുറിച്ച് നിയതമായ സമീപനങ്ങൾ വെച്ചുപുലർത്തുന്ന ഇടങ്ങളിൽ വഴിമാറി നടക്കുമ്പോൾ ഒറ്റപ്പെടുത്തലുകളും വിമർശനങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. പലപ്പോഴും ജീവിതപങ്കാളിയെക്കാളും പൊതുസമൂഹവും ബന്ധുക്കളുമാണ് വിമർശനങ്ങൾ ഉന്നയിച്ചിട്ടുള്ളത്. ചെറിയ മക്കളെ പങ്കാളിയോടൊപ്പം ആക്കി യാത്രകൾ നടത്തേണ്ടിവരുമ്പോൾ മറ്റു സ്ത്രീസുഹൃത്തുക്കൾ സഹായത്തിനെത്തും. എങ്കിലും മറ്റു കുടുംബാംഗങ്ങൾ നടത്തുന്ന വിമർശനങ്ങൾ ചിലപ്പോഴൊക്കെ കുറ്റബോധം സൃഷ്ടിച്ചിട്ടുണ്ട്. അപ്പോഴും ഒരു ഇരയുടെ മാനസികാവസ്ഥ ഉണ്ടാകാതെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

**മത്സ്യത്തൊഴിലാളി സംഘാടന വേളകളിൽ ഒരുപാട് സംഘർഷങ്ങളും സങ്കടങ്ങളും ഉണ്ടായിട്ടുണ്ട്. ഒരു സ്ത്രീവാദി ആകുമ്പോൾ വ്യത്യസ്തമായ ഒരു കണ്ണാടിയിലൂടെയാണ് എല്ലാ കാര്യങ്ങളെയും നമ്മൾ വീക്ഷിക്കുന്നത് . കഠിനാധ്വാനികളാണ് മത്സ്യതൊഴിലാളി പുരുഷന്മാരും സ്ത്രീകളും. എങ്കിലും പുരുഷന്മാരുടെ വരുമാനത്തിന്റെ നല്ലൊരു ഭാഗം വീട്ടിലെത്താറില്ല.**

മത്സ്യത്തൊഴിലാളി സംഘാടനവേളകളിൽ ഒരുപാട് സംഘർഷങ്ങളും സങ്കടങ്ങളും ഉണ്ടായിട്ടുണ്ട്. ഒരു സ്ത്രീവാദി ആകുമ്പോൾ വ്യത്യസ്തമായ ഒരു കണ്ണാടിയിലൂടെയാണ് എല്ലാ കാര്യങ്ങളെയും നമ്മൾ വീക്ഷിക്കുന്നത് . കഠിനാധ്വാനികളാണ് മത്സ്യതൊഴിലാളി പുരുഷന്മാരും സ്ത്രീകളും. എങ്കിലും പുരുഷന്മാരുടെ വരുമാനത്തിന്റെ നല്ലൊരു ഭാഗം വീട്ടിലെത്താറില്ല. മദ്യപാനവും ഹോട്ടൽ ഭക്ഷണവും ഒക്കെ ക്രമേണ അവരുടെ ആരോഗ്യം

നശിപ്പിച്ചിരുന്നു. എങ്കിലും സ്ത്രീകൾ സധൈര്യം ഇവയെല്ലാം നേരിടുന്നു. എന്നാൽ കർശനമായ മതചിന്തകൾ രൂഢമൂലമായിരിക്കുന്ന ഇവരുടെ ചിന്തയിൽ, ആണധികാരത്തെയും അംഗീകരിക്കാൻ ശീലിക്കപ്പെടുന്നു. തന്മൂലം സ്വന്തം ശരീരത്തിലും ലൈംഗികതയിലും ഒട്ടുംതന്നെ നിയന്ത്രണമില്ലായ്മ അവർ നേരിടുന്നു. ദൈനംദിന ഉപജീവനം തന്നെ ഒരു വലിയ പോരാട്ടമായിരുന്നതുകൊണ്ട് സ്ത്രീകളുടെ സ്വത്വബോധത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുമായിരുന്നില്ല. വ്യത്യസ്ത സ്വത്വബോധങ്ങൾ ഒരു വ്യക്തിയുടെ വിവേചനങ്ങളുടെ അനുഭവത്തെ എങ്ങനെയാണ് സ്വാധീനിക്കുന്നത് എന്ന് ഇവരുടെ അനുഭവത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

അതിജീവനത്തിനുവേണ്ടി പോരാടുമ്പോൾ സ്ത്രീകൾ ആർജ്ജിച്ചെടുക്കുന്ന തന്റേടവും കുടുംബത്തിലെ അധികാരത്തെ മറികടന്ന് തുല്യതയും ജനാധിപത്യപരവുമായ ഒരു കുടുംബത്തെ രൂപപ്പെടുത്താൻ സ്ത്രീകളെ സഹായിക്കുന്നില്ല എന്നാണ് അനുഭവം. മത്സ്യത്തൊഴിലാളി സംഘടനാപ്രവർത്തന മേഖലയിലും വിവിധരീതികളിൽ പ്രകടിപ്പിക്കുന്ന ആണധികാര പ്രകടനങ്ങളോട് കലഹിക്കേണ്ടി വന്നിട്ടുണ്ട്. നേതൃത്വത്തിലേക്ക് സ്വന്തം കഴിവു കൊണ്ടാണ് സ്ത്രീകൾ എത്തിച്ചേരേണ്ടത് എന്ന് തർക്കിക്കുന്നവർ രാത്രികാലങ്ങളിൽ യോഗങ്ങൾ വെച്ച് സ്ത്രീകളെ ഒഴിവാക്കും.
ആണധികാരമൂല്യങ്ങൾ സ്വായത്തമാക്കിയ മുതിർന്ന ചില സ്ത്രീകളോടും കലഹിക്കേണ്ടി വരുന്നു എന്നതും സങ്കടകരമാണ്. ഇത്തരം അതിജീവന പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ നിന്ന് രൂപപ്പെട്ട സ്ത്രീവാദ ചിന്തകൾ പ്രബലമായി ഉണ്ടായിരുന്നതുകൊണ്ട് മധ്യവർഗ സ്ത്രീവാദം പലപ്പോഴും കേന്ദ്രബിന്ദുവായി കൊണ്ടുവന്ന



ലൈംഗികത ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും വേണ്ടത്ര പ്രാധാന്യം കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നി പ്രവർത്തിക്കാൻ ആരംഭിച്ചു .1995 മുതലുള്ള കാലഘട്ടം ജീവിതത്തിന്റെ മറ്റൊരു സഫലമായ കാലമായിരുന്നു. സമാനചിന്താഗതിക്കാരുമായി ചേർന്ന് സ്ത്രീവേദിയും പിന്നീട് സഖിയും ആരംഭിച്ചു. സ്ത്രീകളുടെ അവകാശത്തിനുവേണ്ടി പൊരുതുന്ന സ്ത്രീസംഘടനകളുടെ ശൃംഖല എന്ന നിലയ്ക്ക് സ്ത്രീവേദിക്ക് വളരെയേറെ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വളരെ ആവേശകരമായി കൊണ്ടുവന്ന ഈ പ്രവർത്തനവും പതുക്കെ വഴിമുട്ടി ബലഹീനം ആകുന്നത് കാണുന്നതിൽ വലിയ വിഷമമുണ്ട്. ആന്തരികവും സംഘടനാപരവും പ്രത്യയശാസ്ത്രപരം എന്ന പേരിൽ ഉയർന്നു വന്ന ചില പ്രശ്നങ്ങളും എല്ലാം ചേർന്ന് സ്ത്രീവേദിയെ ബലഹീനപെടുത്തി എന്ന് തോന്നുന്നു. ഇതൊക്കെ ചിലപ്പോൾ കാലഘട്ടത്തിന്റെ അനിവാര്യതയായിരിക്കാം.

സഖി സ്ത്രീകളുടെ അവകാശ പോരാട്ടങ്ങൾക്ക് എല്ലാവിധത്തിലുമുള്ള പിന്തുണ നൽകുക എന്ന ഉദ്ദേശത്തോടെയാണ് ആരംഭിച്ചത്. കൃത്യമായി ഒട്ടേറെ കാര്യങ്ങൾ നിർവഹിക്കാനായി എന്നത് ഏറെ സംതൃപ്തി നൽകുന്നു. സർക്കാർ വഴിയാണ് ഗ്രാമതല സംഘാടനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടക്കം മുതലേ നടത്തിയിട്ടുള്ളത്. പഞ്ചായത്ത് തല പ്രവർത്തനങ്ങളെ സ്ത്രീകാഴ്ചപ്പാടോടുകൂടി ഉള്ളതാക്കാൻ ഏറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ മലയാളത്തിൽ ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ പ്രസിദ്ധീകരിച്ചു. എട്ടു വർഷങ്ങൾക്കു മുമ്പ് പൂർണ്ണസമയ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറി. പുതിയ ചിന്താധാരകൾ ഉണ്ടാവണം പുതിയ നേതൃത്വം ശക്തിപ്പെടണം, പ്രവർത്തനങ്ങൾക്ക് പുതിയ വഴികൾ ഉരുത്തിരിയണം എന്നതാണ് ആഗ്രഹം.

സ്ത്രീവാദി ആയതുകൊണ്ടുതന്നെ ചുമരുകൾക്കപ്പുറത്ത്, വിശാലമായ ഒരു കുടുംബം ഇന്നെനിക്കുണ്ട് എന്ന അഭിമാനമുണ്ട്. തീർച്ചയായും ഒരു മധ്യവർഗ്ഗത്തിൽപ്പെട്ട വിദ്യാഭ്യാസവും മറ്റ് പ്രിവിലേജസും നൽകിയ ഒരു സാമൂഹിക ഇടത്തിൽ നിന്ന് കൊണ്ടാണ് ഞാൻ പ്രവർത്തിക്കുന്നത് എന്ന ബോധ്യവും എനിക്കുണ്ട്.

## ചർച്ചാവിഷയം

**രൂഹൻ**

മുൻ മാധ്യമപ്രവർത്തകയും എഴുത്തുകാരിയും. ഇപ്പോൾ കർണ്ണാടകയിൽ ഒരു ഗവേഷണ പ്രോജക്ട് ചെയ്യുന്നു.

# പ്രണയിനി, സുഹൃത്ത്, കോമ്രേഡ് – ബന്ധങ്ങളിലെ ജനാധിപത്യങ്ങൾ



ഞങ്ങളുടെയിലെ കഴിഞ്ഞ ദിവസത്തെ സംഭാഷണം ശ്രീദേവിയെക്കുറിച്ചായിരുന്നു.അവരുടെ ക്വിയർ പ്രതിഷ്ഠാസാധ്യതകളെക്കുറിച്ച്.പിന്നീടത് തർക്കങ്ങളിലെത്തിയപ്പോൾ 'എ' എനിക്കൊരു സെൽഫി അയച്ചുതന്നു ; അവളുടെ കഠിന വാക്കുകൾക്ക് മാപ്പപേക്ഷിച്ചുകൊണ്ടും അവളുടെ മുഖത്തേക്ക് നോക്കി ശുണ്ഠി മാറ്റാൻ പറഞ്ഞും. ശുണ്ഠി മാറിയില്ലെങ്കിലും ഞാൻ പുഞ്ചിരിച്ചു.

'എ'യുമായുള്ള സൗഹൃദത്തിൽ നിന്ന് ഞാൻ പഠിച്ച ആദ്യ പാഠങ്ങളിലൊന്ന് അതിൽ ലൈംഗികത സന്നിവേശിപ്പിച്ച് സങ്കീർണ്ണമാക്കരുതെന്നതായിരുന്നു. ഇത് പക്ഷേ ഏറെ പ്രയാസകരമായിരുന്നു.പ്രത്യേകിച്ചും ഞങ്ങൾ തമ്മിൽ പിരിഞ്ഞതിന്റെ ആദ്യ വർഷങ്ങളിൽ ;

അവളോടൊപ്പമിരിക്കുമ്പോൾ അവളെ ചുംബിക്കാൻ ആഗ്രഹമില്ലാതെയിരിക്കാൻ വയ്യാതെ. പക്ഷേ തുടർന്നുണ്ടായ നിരവധി പിണക്കങ്ങൾക്കും തർക്കങ്ങൾക്കുമൊടുവിൽ ഞങ്ങൾ പുതിയ ഇടങ്ങൾ കണ്ടെത്തിയെന്നു പറയാം. അവൾ ചെയ്യുന്നതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചോർത്ത് ആധിപ്പെടാതെ അവൾക്കെന്നെ സ്പർശിക്കാൻ പറ്റില്ലെന്നായി. എനിക്കാണെങ്കിൽ, അവളീ ബന്ധത്തിന് സ്വയം തയ്യാറാവാതെ, അവളെ പിന്തുടർന്നിതിന് സമ്മതിപ്പിച്ചെടുക്കാനും വയ്യായിരുന്നു. അപ്പോൾ പിന്നെ ഈ ആധികൾക്കുള്ള പരിഹാരം ഞങ്ങൾ തമ്മിലുള്ള ലൈംഗിക തലത്തെ പാടെ ഉപേക്ഷിക്കുകയും സുഹൃത്തുക്കളായി തുടരുകയും ചെയ്യുക എന്നതു തന്നെയായിരുന്നു. അവളൊരു ഗേ യും ഞാൻ അല്പസമ്മതയായ ഹെറ്ററോയും ആയിരുന്നു – ഒരു കാലത്ത് തീർച്ചയായും തമ്മിൽ പ്രണയിച്ചവർ. പരസ്പരം നൽകിയിരുന്ന പരിഗണനയും കരുതലും സുഹൃത്തുക്കളായിരുന്നപ്പോഴും തുടർന്ന് ഞങ്ങളാഗ്രഹിച്ചു.

എന്റെ സ്വാഭിമാനം തകർത്ത്, തിരിച്ചുവരാനാകാത്ത വിധം എന്നെ പിളർത്തുപോയ മുൻകാമുകൻമാരുമായി ഞാനീ സ്വാസ്ഥ്യം അനുഭവിച്ചിരുന്നില്ല. 'എ' എന്നിലെ ലൈംഗികാസക്തിയുണർത്തുന്ന സിദ്ധികളെ ഒട്ടും മങ്ങിത്തോന്നിപ്പിച്ചില്ല. തന്റെ പൂർവ്വകാമുകി എത്ര ലൈംഗികാകർഷണമുള്ളവളാണെന്ന് തുറന്ന് കാട്ടാൻ എന്റെ ഫോട്ടോ ഓഫീസിലെ സുഹൃത്തുക്കൾക്ക് പ്രദർശിപ്പിച്ചത് ഒരു ലജ്ജയുമില്ലാതെ എന്നോട് പറഞ്ഞിരുന്നു.എന്റെ ശരീരത്തെ അതുള്ളതുപോലെ 'എ' സ്നേഹിച്ചു. 'എ'ക്ക് എപ്പോഴും എന്നെ വേണമായിരുന്നു. അവിടെയും ഇവിടെയും വണ്ണക്കൂടുതലോ ഒറ്റപ്പെട്ട മുടിയിഴകളോ ഉണ്ടെന്ന് നോക്കാതെ. ഞാനെന്തു ധരിച്ചാലും മുടി എങ്ങിനെയിരുന്നാലും അവൾക്ക് ഞാൻ സുന്ദരിയായിരുന്നു. പിന്നീട് ഒരു പുരുഷനുമായി പ്രണയത്തിലായപ്പോൾ പക്ഷേ ഇതെല്ലാം മാറി. എന്റെ താഴെഭാഗത്തെ ഗന്ധം അയാളുടെ ആസക്തികളെ കെടുത്തിക്കളഞ്ഞുവെന്ന് അറിയിച്ചപ്പോൾ, തമാശ രൂപേണയാണെങ്കിലും എന്റെ മുലകൾ ചെറുതെന്ന് പറഞ്ഞപ്പോൾ, ഞാൻ എന്റെ തലയ്ക്കകത്തെ തീരെ ചെറിയ ഇടത്തിലേക്ക് ഉൾവലിയുകയായിരുന്നു.

ഞങ്ങളുടെ ഫെമിനിസ്റ്റ് സൗഹൃദം ആരംഭിക്കുന്നത് അവളെ പ്രണയിക്കാതിരിക്കാൻ എനിക്ക് കഴിയില്ലെന്ന് ഏതാനും വർഷങ്ങൾക്ക് മുമ്പ് ഞാൻ 'എ'യോട് പറയുമ്പോഴാണ്. ഞാനതുവരെ സ്ട്രെയ്റ്റ് (സ്ത്രീ പുരുഷരതിയിൽ മാത്രം ഏർപ്പെടുന്ന) ആയിരുന്നു. പക്ഷേ ആത്മപരീക്ഷണം താങ്ങാനാവാതെ വന്നപ്പോൾ ഞാൻ അവളോടത് വെട്ടിത്തുറന്നു പറഞ്ഞു; അവളതു കേട്ട് പേടിച്ചകലുകയോ ചുരുങ്ങിയ പക്ഷം എന്നെ കരുതലോടെ സമീപിക്കുകയോ ചെയ്യുമെന്ന പ്രതീക്ഷയോടെ. പക്ഷേ, അവൾ എന്നോട് യെസ് പറഞ്ഞു. ഞങ്ങൾ അന്ന്

**ശേഷം പേജ് 52 ൽ**



ചർച്ചാവിഷയം

ശ്രീരേഖ
വർജീനിയ സർവ്വകലാശാലയിൽ അദ്ധ്യാപിക



# മതസ്വത്വം ജാതിസ്വത്വം സ്വത്വം

'തോറ്റാൽ നീ കോൺഗ്രസ്സാ'

'അതു പറ്റില്ല - തോറ്റാലും ജയിച്ചാലും ഞാൻ കമ്മ്യൂണിസ്റ്റാ'

'ഓ, ഒരു വല്ല്യ കമ്മ്യൂണിസ്റ്റ് - എന്നാ പറയ് ഈങ്കിലാബ് സിന്ദാബാദിന്റെ അർത്ഥമെന്താ'

'അതിപ്പോ...അതെന്തായാലും, ഞാൻ കമ്മ്യൂണിസ്റ്റാ...'

കേരളത്തിലെ പല സാധാരണക്കാരെയും പോലെ എഴുപതുകളിലും എൺപതുകളിലും നനുത്ത മഞ്ഞനിറമുള്ള പേജുകളുള്ള റഷ്യൻ കഥാപുസ്തകങ്ങളും വീട്ടിലെ പുസ്തകാലമാരിയിലെ 'മൂലധന'ത്തിന്റെ കടിച്ചാൽ പൊട്ടാത്ത മലയാള പരിഭാഷയുമൊക്കെ വായിച്ചായിരുന്നു എന്റെയും ചെറുപ്പകാലം. നാട്ടിലെ സർക്കാർ എൽ.പി സ്കൂളിന്റെ തുറന്ന മണൽ നിറഞ്ഞ മുറ്റത്ത് നടത്തിയിരുന്ന ഫിലിംക്ലബ്ബിന്റെ ഒട്ടും മനസ്സിലാകാത്ത സിനിമകൾ, 'യുറീക്ക'യും 'ശാസ്ത്രഗതി'യും നോക്കി തലപുകച്ച ദിവസങ്ങൾ, പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പുകളെക്കുറിച്ചുള്ള തീരാത്ത ചർച്ചകൾ. ഒരേ വീട്ടിൽ കോൺഗ്രസ്സും ആർ.എസ്.എസ്സും സി.പി.ഐ.എമ്മുമെല്ലാം കൂടിച്ചേരുന്ന തമാശയും കാര്യവും നിറഞ്ഞ രാഷ്ട്രീയ യുദ്ധങ്ങൾ. ഇതൊക്കെ പഴയ കഥകൾ. ഇന്ന്, മൂലധനമൊക്കെ ഒരു മൂലക്കാക്കി ചില ഇടങ്ങളിലെങ്കിലും അവിടെ നരേന്ദ്രമോദിയുടെ ആത്മകഥ സ്ഥാനം പിടിച്ചിരിക്കുന്നു. അങ്ങനെയല്ലെങ്കിൽ തന്നെയും, കിട്ടിയ അവസരത്തിലെല്ലാം മുസ്ലിംവിരുദ്ധത പ്രകടമാക്കി, ജാതി, മത, സ്വത്വ ഭാവനകളുടെ ആവേശം നിറഞ്ഞു തുളമ്പുന്ന നിമിഷങ്ങളാണ് ആ സ്ഥാനത്ത്. ഫിലിംക്ലബ്ബും പുകയില്ലാത്ത അടുപ്പും ഒക്കെവിട്ട്, 'വികസനം' യൂക്കാലിപ്റ്റസ് മരങ്ങൾ നട്ടുപിടിപ്പിച്ചും, 'സമത്വം' ആംവേ (Amway)മാർക്കറ്റിംഗിലൂടെയുമൊക്കെ തേടി, പലർക്കും വഴിയെല്ലാം പണ്ടേ മാറിപ്പോയി.

ഇതിനിടയിൽ എങ്ങനെയാണ് പഴയ ചില പഴയ ഫെമിനിസ്റ്റ് ചോദ്യങ്ങൾ വീണ്ടും പൊടിതട്ടിയെടുക്കുക? ഇഷ്ടപ്പെടാത്ത ചോദ്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടില്ലെന്ന് പണ്ടേ നന്നായിട്ടറിയാം. എന്നാൽ ഇഷ്ടപ്പെടാത്ത



**നാണം നിറഞ്ഞ കണ്ണുകളും തുളസി ക്കതിർ ചൂടിയ നീണ്ട മുടിയുമുള്ള സുന്ദരികളാണ് കൂടുതലും ഇടതുപ ക്ഷത്തിലെ 'തറവാട്ടിൽ പിറന്ന' ആൺ സഖാക്കൾക്ക് വേണ്ടപ്പെട്ടവരായത്. ജാതി, ലൈംഗികത, കുടുംബം, സ്ത്രീധനം ഇതിനെയൊന്നും തൊടാൻപോലും കഴിയാത്ത രാഷ്ട്രീ യവും രാഷ്ട്രീയ പ്രവർത്തനവും. അതിന്റെയൊക്കെ തണലിൽ തിര ഞ്ഞെടുക്കപ്പെടുന്ന അപൂർവ്വം ചില സെലക്റ്റഡ് വിഷയങ്ങളിൽ മാത്രമേ വിപ്ലവ താല്പര്യങ്ങൾ പ്രതിഫലി ക്കുകയുള്ളൂ.**

ചോദ്യങ്ങൾ, ഉത്തരം സ്വയം അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും വീണ്ടും വീണ്ടും ചോദിക്കുക എന്നതാണ് ഫെമിനിസ്റ്റുകളുടെ തനി നിറം. ജാതി, മതം, ലിംഗ(ത്വം), ലൈംഗികത, സ്വത്ത്, ആണധികാരം ഒക്കെ ആ പഴയ ചോദ്യങ്ങൾ തന്നെ. എങ്കിലും ഒന്നിനും ഇന്നും പുതുമവിട്ടിട്ടില്ല. എന്നാൽ, പല പഴയ ചോദ്യങ്ങളുടെയും വേരുകൾ തേടാതെ പുറന്തോട് മാത്രം പൊളിച്ചു നീക്കിനോക്കിക്കൊണ്ടുമാത്രം മുന്നോട്ട് പോകുന്നതെങ്ങിനെ? ജാതിയും മതവും കുടുംബവ്യവസ്ഥയും വിവാഹവും ഒന്നും തന്നെ ഇന്നും വിപ്ലവരാഷ്ട്രീയവുമായി വൈരുദ്ധ്യത്തിലല്ല, അഭിപ്രായവ്യത്യാസത്തിൽ പോലുമല്ല. സ്ത്രീധനം, വിവാഹം, കുടുംബം ഇവയൊക്കെ ഇന്നും ഇടതുപക്ഷത്തിലുള്ള പലർക്കും ആണധികാരസ്ഥാപനങ്ങളായിത്തന്നെ തുടരണം. (ഇത് മറ്റുപക്ഷങ്ങളോടുള്ള ഒരു സംവാദമല്ല, അതിനുള്ള സാധ്യത ഒരിക്കലും കണ്ടിട്ടുമില്ല, താത്പര്യം തോന്നിയിട്ടുമില്ല) ഇതിനെയൊക്കെ ചോദ്യം ചെയ്ത് ജാതിമതഭേദമെന്യേ ബന്ധങ്ങൾ സ്ഥാപിച്ചവരും വിവാഹത്തിന്റെയും ലൈംഗികതയുടെയും കുടുംബത്തിന്റെയും ചട്ടക്കൂടുകളിൽ നിന്ന് വ്യതിചലിച്ചില്ല. അങ്ങനെ വ്യതിചലിക്കാൻ ശ്രമിച്ച ചുരുക്കം ചിലരൊക്കെ മുന്നോട്ടേക്കുള്ള വഴിയറിയാതെ പാതിവഴി തിരിച്ചുപോയി. ഇതുകൊണ്ടൊക്കെതന്നെയാണ് പഴയ ചോദ്യങ്ങൾക്കൊന്നും ഇന്നും പുതുമ കൈവിടാത്തത്.

കുറച്ച് ആഴ്ചകൾക്ക് മുൻപ് റിച്ചാർഡ് ബീനും ക്ലൈവ് കോൾമാനും ഡയറക്ട് ചെയ്ത 'യങ്ങ് മാർക്സ്' (Young Marx)എന്ന പൊളിറ്റിക്കൽ കോമഡി നാടകം ഇവിടെ പാരമൗണ്ട് തിയേറ്ററിൽ കാണാൻ ഒരവസരം കിട്ടി. യങ്ങ് മാർക്സ് സംവിധായകരുടെ ഒരുപാട് കാലത്തെ ഗവേഷണത്തിനു ശേഷം മാർക്സിന്റെയും ഏംഗൽസിന്റെയും ചെറുപ്പകാലം പച്ചയായി ചിത്രീകരിക്കാനുള്ള ഒരു സുന്ദരമായ ശ്രമം. നാടകത്തിന്റെ പൂർണ്ണമായ രൂപത്തിലേക്ക് ഇവിടെ പോകുന്നില്ല. പക്ഷേ കാലങ്ങളായി സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ ചോദിക്കുകയും ചോദിക്കാതിരിക്കുകയും ചെയ്ത ചില പ്രധാനചോദ്യങ്ങൾക്ക് ഇന്നുമുള്ള പ്രസക്തിയാണ് ആ നാടകം എന്നെ ഓർമ്മപ്പെടുത്തിയത്. ക്ലാസ്സ്റൂമിൽ ഫെമിനിസത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്ന വിദ്യാർഥികൾ, മാർക്സിനെയും ഏംഗൽസിനെയും കുറിച്ച്- പലപ്പോഴും ഏംഗൽസിനേക്കാളേറെ മാർക്സിനെക്കുറിച്ച്- ചോദിക്കുന്ന പ്രധാനപ്പെട്ട ചില ഫെമിനിസ്റ്റ് ചോദ്യങ്ങൾക്ക് പിന്നിലെ കാരണങ്ങളെക്കുറിച്ച് ഈ നാടകം എന്നെ വീണ്ടും ചിന്തിപ്പിച്ചു. ചില വിഷയങ്ങൾ, ആശയങ്ങൾ- 'സ്വാഭാവികം' , 'സഹജം', 'സാമൂഹികം' തുടങ്ങി 'ജീവനാംശം', 'സംരക്ഷണം', 'പരിപാലനം' - തുടങ്ങിയ പല വാക്കുകളുടെയും ആശയങ്ങളുടെയും യഥാർഥ അർഥങ്ങൾ, അവയുടെ പിന്നിലെ

ആൺകോയ്മയുടെ രാഷ്ട്രീയം , അവയെക്കുറിച്ച് ഫെമിനിസ്റ്റുകൾ കാലാകാലങ്ങളായി ചോദിച്ചിട്ടുള്ള, അന്നും ഇന്നും ഉത്തരം കിട്ടാതെ നിൽക്കുന്ന വളരെ പ്രശസ്തമായ ചില രാഷ്ട്രീയ ചോദ്യങ്ങൾ. ആ ചോദ്യങ്ങൾക്ക് ഇന്നുമുള്ള പ്രസക്തിയുടെ പ്രതിഫലനമാണ് ആ പഴയ ചോദ്യങ്ങളിൽ ഉള്ളത്.

എൺപതുകളിലും തൊണ്ണൂറുകളിലും പോലും സൗന്ദര്യത്തിന്റെയും ജാതിയുടെയും വാലാട്ടി നടക്കാത്ത ഒരു ഇടതുപക്ഷരാഷ്ട്രീയം സ്വപ്നം കണ്ടുകൊണ്ടുതന്നെയാണ് സാമാന്യം നല്ല രാഷ്ട്രീയബോധമുള്ള ചെറുപ്പക്കാരായ ചിലരെങ്കിലും കേരളത്തിൽ മുഖ്യധാരാ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ പിന്നിൽ അണിനിരന്നത്. എന്നാൽ ആ പ്രതീക്ഷകളൊക്കെ നിലനിർത്താൻ അവരിൽ ചിലർക്ക് സ്വന്തം വഴികൾ തേടേണ്ടിവന്നു. സമരവഴികളിൽ കൂടെനിൽക്കാൻ നാണം നിറഞ്ഞ കണ്ണുകളും തുളസിക്കതിർ ചൂടിയ നീണ്ട മുടിയുമുള്ള സുന്ദരികളും അവരെ പിന്തുണക്കുന്ന രാഷ്ട്രീയവും ആണ് കൂടുതലും ഇടതുപക്ഷത്തിലെ 'തറവാട്ടിൽ പിറന്ന' പല ആൺ സഖാക്കൾക്കും വേണ്ടപ്പെട്ടവരായത് എന്നത് എല്ലാവർക്കും അറിയാവുന്ന വാസ്തവം. ജാതി, ലൈംഗികത, കുടുംബം, സ്ത്രീധനം ഇതിനെയൊന്നും പലവിധത്തിലും തൊടാൻപോലും കഴിയാത്ത രാഷ്ട്രീയവും രാഷ്ട്രീയ പ്രവർത്തനവും. അതിന്റെയൊക്കെ തണലിൽ തിരഞ്ഞെടുക്കപ്പെടുന്ന അപൂർവ്വം ചില വിഷയങ്ങളിൽ മാത്രമേ വിപ്ലവ താല്പര്യങ്ങൾ പ്രതിഫലിച്ചുള്ളൂ.

തെരഞ്ഞെടുപ്പോ പാർട്ടിയോ വലുതെന്ന ചോദ്യത്തിന് 'തെരഞ്ഞെടുപ്പ്. സംശയമില്ല' എന്ന് മറുപടി പറഞ്ഞ, ഇന്ന് പാർട്ടിയുടെ ഉയർന്ന സ്ഥാനത്തിനിരിക്കുന്ന ഒരു നേതാവിനോട് ഉടക്കിയാണ് ഞാൻ എൻറെ വിദ്യാർത്ഥി രാഷ്ട്രീയത്തിൻറെ വഴി പതിയെ മാറ്റിപ്പിടിച്ചത്. അന്ന് അത്തരം സമരങ്ങളിൽ പരാജയപ്പെടുകയോ നിശബ്ദരാക്കപ്പെടുകയോ അല്ലെങ്കിൽ പുറത്താക്കപ്പെടുകയോ ചെയ്ത പല സ്ത്രീകളും അവിടെയാണ് ഫെമിനിസത്തിന്റെ രാഷ്ട്രീയത്തിലേക്ക് ചുവട് വെച്ച് കയറിയത്. സ്വന്തമായിട്ട് സംഘടനകൾ തുടങ്ങിയും, സ്ത്രീ വിഭാഗങ്ങളിൽ ഒതുങ്ങിയും അല്ലെങ്കിൽ സ്വന്തം സ്വത്വത്തെ മാനിക്കുന്ന സംഘടനകളിൽ ചേർന്നും, അങ്ങനെ പലവിധത്തിലാണ് ചില ഫെമിനിസ്റ്റുകൾ ആ രാഷ്ട്രീയഅവസ്ഥയോടു പ്രതികരിച്ചത്. പലയിടങ്ങളിൽ നിന്നുകൊണ്ട് കുടുംബത്തെക്കുറിച്ചും ജാതിയെക്കുറിച്ചും ലൈംഗികതയെക്കുറിച്ചുമൊക്കെ അതേ ചോദ്യങ്ങൾ അവരിൽ പലരും ഇന്നും ചോദിച്ചുകൊണ്ടിരിക്കുന്നു. ആ ചോദ്യങ്ങൾക്കു ഇന്നും അതേ പ്രസക്തി. അതിന്റെ പല മുഖങ്ങൾ, തോറ്റും ജയിച്ചും വീണ്ടും തോറ്റും പുതിയ ചോദ്യങ്ങൾ കണ്ടെത്തിയുമാണ് ഇന്നും പഠിച്ചെടുത്തുകൊണ്ടിരിക്കുന്നത്. പഠനം തീർന്നിട്ടില്ല. പഠനം ഞാനും തീർത്തിട്ടില്ല. എന്റെ യും പുതപ്പിനടിയിൽ നിന്ന് ഇടക്കൊക്കെ തലനീട്ടി പുറത്തുവരാവുന്ന ജാതി വർഗ്ഗ ചിന്തകളുടെ നിഴലുകൾ കണ്ടെത്തുന്നത് തന്നെയാണ് എന്നും തുടരുന്ന, എന്നും തുടരേണ്ട എൻറെ പ്രധാനപ്പെട്ട സമരം. വഴിമാറിപ്പോകുന്നതും വഴിതെറ്റുന്നതും തിരിച്ചറിയാനാണ് ചിലപ്പോഴൊക്കെ അത് തിരുത്തുന്നതിനേക്കാൾ പ്രയാസം.

മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കു മേലുള്ള അർത്ഥവത്തായ ചർച്ചകൾക്കും അവയ്ക്കുത്തരം തേടാനുള്ള ഒരു കാലാവസ്ഥയ്ക്കും സാധ്യതയുള്ള ഒരു നാടായിരുന്നു നമ്മുടെ കേരളം. പക്ഷേ തെറ്റിയവഴികളിലേക്കൊന്നും തിരിഞ്ഞു നോക്കില്ലെന്ന വാശിയാണ്. ആ വാശികൾക്കു മുന്നിലുള്ള ഒരേയൊരു പ്രതീക്ഷ ഇന്നത്തെ ചെറുപ്പക്കാരായ ഫെമിനിസ്റ്റുകളിലാണ് – അവരാണായാലും പെണ്ണായാലും. ഇന്നും അതേ ചോദ്യങ്ങൾ ചോദിക്കുന്ന അവരുടെ ഉത്തരവാദിത്തം വളരെ വലുതാണ്, കടുപ്പപ്പെട്ടതും – 'തറവാട്ടിൽപ്പിറന്ന', വഴിമാറിപ്പോയ ചില ചേട്ടന്മാരെ, സ്ഥിരമായി ചോദ്യം ചെയ്യാനുള്ള ഉത്തരവാദിത്തം.

ഇന്നത്തെ ഈ തലമുറയ്ക്ക് ഏറ്റവും അഭിമാനിക്കാവുന്ന മുന്നേറ്റങ്ങളാണ് വുമൺ ഇൻ സിനിമ (Women in Cinema Collective), മൂന്നാർ ചായത്തോട്ടങ്ങളിലെ സ്ത്രീ സമരം, അതിനു കിട്ടിയ പിന്തുണ, മാസമുറയുടെ രഹസ്യവത്കരണത്തിനെതിരെയുള്ള പെൺകുട്ടികളുടെ സമരങ്ങൾ, നഴ്സുമാരുടെയും സ്കൂൾ ടീച്ചർമാരുടെയും സമരങ്ങൾ തുടങ്ങിയവ. ഇവയിലൊക്കെ, വുമൺ ഇൻ സിനിമയിലെന്ന പോലെ അഭിപ്രായ വ്യതാസങ്ങൾ ഉണ്ട്. അങ്ങിനെ അഭിപ്രായവ്യത്യാസങ്ങളിലൂടെയാണ് ഇന്നുവരെ സ്ത്രീവിമോചന പ്രസ്ഥാനം വളർന്നിട്ടുള്ളത്. അതിനുദാഹരണങ്ങൾ ലോകമെമ്പാടുമെന്ന പോലെ കേരളത്തിലുമുണ്ട്. വീട്ടിൽ വേലക്കാരിയെ പണിക്കിരുത്തി സ്വാതന്ത്രം നേടാൻ നടക്കുന്നവളെന്ന ചോദ്യവും ഒരു ലോകാന്തരചോദ്യമാണ്. പല നിറങ്ങളിലും സ്ഥലങ്ങളിലും ഉള്ളവർ ചോദിച്ചിട്ടുള്ള ചോദ്യം. ആ ചോദ്യത്തിൽനിന്നും സ്ത്രീപ്രസ്ഥാനങ്ങൾ പലതും പഠിച്ചുണ്ട്. ആ ചോദ്യം ആണുങ്ങളോട് ആരും ചോദിക്കാത്തതെന്തുകൊണ്ടെന്നും, എങ്ങനെ സ്ത്രീകൾ ചെയ്യാൻ നിർബന്ധിക്കപ്പെടുന്ന വീട്ടു ജോലികളിൽ അതിൽ ആണുങ്ങൾ പങ്കുചേരാതെ, സ്ത്രീകൾ മാത്രം വീണ്ടും വീണ്ടും സ്ത്രീകൾക്ക് പകരംവക്കപ്പെടുന്നു

എന്ന ചോദ്യം ഉയർത്തിയിട്ടുണ്ട്.
ഇന്ത്യയിലാണെങ്കിൽ ദളിത് സ്ത്രീമുന്നേറ്റങ്ങൾ ആ ചോദ്യത്തിന്റെ വർഗ്ഗ-ജാതിമാനങ്ങളെക്കുറിച്ച് നമ്മളെ പഠിപ്പിച്ചുണ്ട്. സാരിയുടുത്തില്ലെങ്കിലും, വലിയപൊട്ടിടാതെയും സ്ത്രീകളുടെ രാഷ്ട്രീയ സാന്നിധ്യത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇന്ത്യയിലും കേരളത്തിലും ഉള്ള ഫെമിനിസ്റ്റുകൾ, ദളിത് സ്ത്രീ മുന്നേറ്റത്തിൽനിന്നും മറ്റു പല സ്ത്രീമുന്നേറ്റങ്ങളിൽ നിന്നും പലതും പഠിച്ചിട്ടുണ്ട്, ഇനിയും പഠിക്കാനുണ്ട്. അങ്ങനെ തോറ്റും ജയിച്ചും തോൽ വിയിൽ നിന്ന് പഠിച്ചുമാണ് ഇതുവരെ മുൻപോട്ടു പോയിട്ടുള്ളത്, ഇനിയും മുൻപോട്ടു പോവുക. അല്ലാതെ, ഏതെങ്കിലും രണ്ടു സ്ത്രീകൾ പരസ്പരം എതിർത്താൽ ഉടൻ തകർന്നുവീഴുന്ന ചില്ലുകൂടാരമൊന്നുമല്ല ഇവിടുത്തെ സ്ത്രീപ്രസ്ഥാനങ്ങൾ.

ഉയർന്നുവരുന്ന ഇന്ത്യൻ ഫാസിസത്തെ തടയിട്ടു നിർത്താൻ ഒരു പുതിയ ഇടതുപക്ഷ ഐക്യം സ്വപ്നം കാണുന്നവർ കേരളത്തിലുണ്ടെങ്കിൽ, അവർക്കോർക്കാൻ, കുറച്ചു പഴയതെങ്കിലും ഇന്നും പ്രസക്തമായ നേരത്തെപറഞ്ഞ അതേ ചോദ്യങ്ങളാണ് ഓരോ ദിവസവും നമ്മളോരോരുത്തരുടേയും മുഖത്തിടിച്ച് വീണ്ടും ഉയർന്ന് പൊന്തുന്നത്. അത്, ഈ കേരളത്തിലെ ദളിതരുടേയും ആദിവാസികളുടേയും ട്രാൻസ്ജൻഡേഴ്സിൻറേയുമൊക്കെ ചോരയിൽ മുങ്ങിയ രക്തസാക്ഷിത്വങ്ങൾ ഉയർത്തുന്ന ചോദ്യങ്ങളാണ്. കടുത്ത ജാതിമതചിന്തകളിൽ ജീവിച്ചും വാരിക്കോരി സ്ത്രീധനം കൊടുത്തും വാങ്ങിച്ചും ജീവിച്ചിട്ടും സ്വന്തം രാഷ്ട്രീയ നിലപാടുകളിൽ യാതൊരു വൈരുദ്ധ്യവും കാണാനാകാത്തവരുടെ പരാജയമാണ് ആ ചോദ്യങ്ങൾ. ഇന്നും തൊട്ടുകൂടായ്മയിൽ വെച്ചിരിക്കുന്ന ചോദ്യങ്ങൾ. പഴയ ചോദ്യങ്ങളുടെ പുതിയ മുഖങ്ങൾ. ആ ചോദ്യങ്ങൾ നിറുത്താതെ വീണ്ടും വീണ്ടും ഉയർത്തിയാണ് ഇന്നത്തെ കേരളത്തിലെ ഫെമിനിസ്റ്റുകൾ തനിനിറം കാണിക്കുക.

---

**പേജ് 27 തുടർച്ച**

നമ്മൾ ഒരു കുട്ടിയോട് അത് ചെയ്യരുത് ഇത് ചെയ്യരുത് എന്ന് പറയുമ്പോൾ പറയുന്ന വ്യക്തിക്ക് അത് വെറുമൊരു നിർദേശമാണ്. പക്ഷെ അത് ശ്രവിക്കുന്ന കുട്ടിയുടെ മനസ്സിൽ അത്രമേൽ മുറിവ് മറ്റൊന്നിനുണ്ടാക്കാൻ കഴിയില്ല. പെൺകുട്ടികൾ ഉറക്കെ സംസാരിക്കാൻ പാടില്ല എന്ന നിർദേശം എത്രയോ പെൺകുട്ടികളെ മരണത്തിലേക്ക് തള്ളിവിട്ടിരിക്കുന്നു. നിശ്ശബ്ദതയും മരണത്തിനു തുല്യമാണ്. നമ്മളിൽ എത്ര സ്ത്രീകൾക്ക് ഞാൻ ജീവിക്കുന്നുണ്ടെന്ന് ഉറക്കെ പറയാൻ കഴിയും? നമ്മുടെ ആശയങ്ങൾ പങ്കുവെയ്ക്കുമ്പോൾ പുരുഷാധിപത്യസമൂഹം നമ്മൾക്കെതിരെ കല്ലെറിയും. ആ കല്ലിൽ നിന്ന് നിങ്ങൾ മനസ്സിലാക്കുക നിങ്ങൾ ഒരു വ്യക്തി ആയി മാറിയിരിക്കുന്നു. സമൂഹം ഭയപ്പെടുന്ന ശബ്ദത്തിനു ഉടമയായിരിക്കുന്നു നിങ്ങൾ. ഇന്നേവരെ ആരും മാങ്ങയില്ലാത്ത മാവിൽ കല്ലറിഞ്ഞിട്ടില്ല. സ്ത്രീ പുരുഷൻ എന്ന നാമങ്ങൾക്കാണ് ആദ്യം മാറ്റം സംഭവിക്കേണ്ടത്. എല്ലാവരേയും വ്യക്തികളായും അവരുടെ സ്വതന്ത്ര്യങ്ങളെ പ്രധാനമായും ഈ സമൂഹം എന്ന് കാക്കാൻ പഠിക്കുന്നുവോ ആ കാലത്ത് ഇത്തരം വിവാദങ്ങൾ കാറ്റിൽ പറക്കുക തന്നെ ചെയ്യും. ഓരോ വീട്ടിലുമാണ് മാറ്റത്തിന്റെ അലയടികൾ ഉയരേണ്ടത്. കാരണം ആ വീടുകളിലെ ആളുകളാണല്ലോ സമൂഹത്തിലേക്കിറങ്ങുന്നത്.

ഈയിടയായി കണ്ട ഒരു പരസ്യം എന്നെ വല്ലാതെ സ്പർശിച്ചു. മാധുരി ദീക്ഷിത് അഭിനയിച്ച ആ പരസ്യത്തിൽ ഒരു ആൺകുട്ടിയുടെ ചെറുപ്പംതൊട്ട് അവൻ കരയുമ്പോൾ അവനെ പറഞ്ഞു പഠിപ്പിക്കുന്നത് ആൺകുട്ടികൾ കരയരുത് എന്നാണ്. സങ്കടം വരുമ്പോൾ കരയാൻ പറ്റില്ലെങ്കിൽ പിന്നെ അവനെന്ത് ചെയ്യും. കരയാൻ പറ്റാതാകുമ്പോൾ അവൻ അത് അവന്റെ ഭാര്യയോട് തീർക്കും. അതാണ് പരസ്യത്തിലും കാണിക്കുന്നത്. അതിന്റെ അവസാനം പരസ്യം മുന്നോട്ട് വെയ്ക്കുന്ന ആശയം ഇതാണ്. ആൺകുട്ടികൾ കരയാറില്ല എന്ന് പഠിപ്പിക്കുന്നിടത്ത് എന്തുകൊണ്ട് ആൺകുട്ടികൾ കരയിപ്പിക്കാറില്ല എന്ന് പറയാത്തത് എന്ന്. ഒന്നാലോചിച്ചാൽ മാറേണ്ടുന്ന ഇങ്ങനത്തെ ചില സാമൂഹ്യ പ്രാചീനസിദ്ധാന്തങ്ങളാണ് ഈ സമൂഹത്തെ ഇങ്ങനെ ആക്കിയത്.
വിശന്നിരുന്നാലും വീട്ടിലെ പെണ്ണുങ്ങൾ പുരുഷൻമാർ കഴിച്ചതിനു ശേഷമേ കഴിക്കാൻ പാടുള്ളു പോലും. അതെന്ത് ന്യായമാണ്? അത്തരം ഒരു ലോജിക്കും ഇല്ലാത്ത കാര്യങ്ങൾ പൊളിച്ചടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ബഹുമാനം കൊടുക്കുന്നവർക്കേ അത് തിരിച്ച് പ്രതീക്ഷിക്കാനുള്ള അർഹതയുള്ളൂ. സ്ത്രീയുടെ ജീവിതം അടുക്കളയിലാണെന്ന് പറയുന്നവരോട് ഭക്ഷണത്തിൽ നിന്ന് മുതൽ തുടങ്ങുന്ന വിവേചനങ്ങൾ പൊളിച്ചടുക്കി തന്നെ സ്ത്രീ സ്ത്രീയുടെ അവകാശം സ്ഥാപിച്ചെടുക്കണം.നമുക്ക് വേണ്ടി നമ്മളാണ് വാദിക്കേണ്ടത്. അതും മറ്റുള്ളവരെ ഏൽപ്പിച്ച് ഇനിയും മാറി നിൽക്കരുത്.





**ചർച്ചാവിഷയം**

**മിനി പ്രസാദ്**
എഴുത്തുകാരി


# സഹോദരിമാരുടെ മാനം രക്ഷിക്കാനായി ഒരു പുസ്തകം

ഓരോ ഗ്രന്ഥരചനക്കും ഓരോ ഉദ്ദേശ്യമുണ്ടാവും. ഉദ്ദേശ്യം എന്തുതന്നെയായാലും രചയിതാവിന്റെ ഉള്ളിൽ നിറയുന്ന വികാരവിചാരങ്ങളുടെ ശക്തമായ പ്രതിഫലനമായി ഓരോ രചനയും മാറേണ്ടതുണ്ട്. തന്റെ രാജ്യത്തുള്ള എല്ലാ സഹോദരിമാരുടെയും അഭിമാനം സംരക്ഷിക്കാനുള്ള ഒരു ശ്രമം എന്ന നിലയിൽ ഒരു പുസ്തക രചന സംഭവിക്കുന്നത് എത്രയോ അപൂർവ്വമായിട്ടാവും. ഒരു പക്ഷേ അത്തരം ഒരു സംരംഭമേ ഉണ്ടായിട്ടുള്ളൂ എന്നും വരാം . ഏതായാലും പിതൃ ആധിപത്യനീതികളിൽ അടിയുറച്ച കുടുംബ സംവിധാനം നിലനിൽക്കുന്ന ഇന്ത്യയിൽ നിന്നുതന്നെ അത്തരം ഒരു ഗ്രന്ഥമുണ്ടായി. 1882ൽ താരാഭായി ഷിൻഡെ രചിച്ച സ്ത്രീപുരുഷ തുലനമാണ് ആ ഗ്രന്ഥം. ഒരു മറാഠി കുടുംബത്തിൽ നിലനിൽക്കുന്ന കുടുംബസമ്പ്രദായമനുസരിച്ച് ഒരു തടവുകാരിയെപ്പോലെ ജീവിതം കഴിക്കേണ്ടി വന്ന ബുദ്ധിയോ വിവേകമോ വേണ്ടത്ര ഇല്ലാത്ത ഒരു സാധാരണ സ്ത്രീ എന്നാണ് അവർ സ്വയം പരിചയപ്പെടുത്തുന്നത്. തന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇത്തരമൊരു ഗ്രന്ഥരചനക്ക് മുതിരുന്നതിന് അവർക്ക് വളരെ വ്യക്തമായ ഉദ്ദേശ്യമുണ്ട്. നാടിനെ നിയന്ത്രിക്കുന്നവരായ പുരുഷസമൂഹത്തിന് അല്പം സഹാനുഭൂതി സ്ത്രീകളോട് ഉണ്ടാവട്ടെയെന്ന ആഗ്രഹമാണ് ഒന്നാമത്തേത്. സ്ത്രീകൾ എന്തോ വലിയ അപരാധം ചെയ്തവരാണ് എന്ന മട്ടിൽ അവരോട് പെരുമാറുകയും അങ്ങനെ അവരുടെ ജീവിതം നരകതുല്യമാക്കുകയും ചെയ്യുന്ന പുരുഷസമൂഹം ഈ പുസ്തകം വായിച്ച് അത്തരം പ്രവൃത്തികൾ നിർത്തിവെക്കണം എന്ന ആഗ്രഹവും അവർക്കുണ്ട്.





*താരാ ബായി ഷിന്റെയുടെ സ്ത്രീപുരുഷ തുലന*

സ്ത്രീയെ ഒരു രണ്ടാംകിടയാക്കി തരംതാഴ്ത്തുന്ന നീതിബോധത്തോടാണ് താരാഭായ് ഷിൻഡെ കലഹിക്കുന്നത് . സ്ത്രീകൾ പരിഷ്കാരികൾ ആവാൻ നോക്കുന്നു എന്ന ആരോപണത്തെ നേരിട്ടുകൊണ്ട് അവരുടെ

യൊക്കെ പുരുഷന്മാർ പരമ്പരാഗത വസ്ത്രരീതികളും ജീവിതരീതികളും ബ്രിട്ടീഷുകാരെ അനുകരിച്ചുകൊണ്ട് സ്വീകരിക്കുമ്പോൾ അതിനനുസൃതമായി ഈ സ്ത്രീകളും അതുപോലെയൊക്കെ കാണിച്ചു കൂട്ടാൻ ശ്രമിക്കുന്നു എന്നേ ഉള്ളൂ. എന്നാണ് താരാബായ് പറയുന്നത്. പാരമ്പരാഗതം എന്ന് അഭിമാനിക്കാവുന്ന ചിഹ്നങ്ങൾ പൊതുവെ നമ്മുടെ സമൂഹത്തിൽ നിന്നും അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ അത്തരം കുറ്റങ്ങൾ സ്ത്രീകളുടെ മാത്രം കുറ്റം ആയി കണക്കാക്കുന്നത് അവരെ ചെറുതാക്കുക എന്ന ഹീനമായ ഉദ്ദേശ്യത്തോടെയാണ് എന്നും അവർ അനേകം ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇന്ന് സ്ത്രീകൾ പാലിക്കുകയല്ല പാലിക്കുന്നതായി നടിക്കുക മാത്രമാണെന്ന് അവർ ഓർമ്മപ്പെടുത്തുന്നു . നെറുകയിലെ കുങ്കുമപ്പൊട്ട് പോലും അവർ സ്വന്തം ഇഷ്ടത്തിന് തൊടുന്നതല്ല മറിച്ചു നാട്ടുകാർ എന്തു വിചാരിക്കും എന്ന തോന്നലിനാൽ തൊടുന്നതാണെന്നാണ് അവർ ഓർമ്മപ്പെടുത്തുന്നത്. തങ്ങളോട് യാതൊരു സ്നേഹമോ കരുതലോ പ്രകടിപ്പിക്കാത്ത ഒരു അധികാര സമൂഹത്തിന്റെ അനുശാസനങ്ങളെ തങ്ങളാൽ ആവുന്നത് പോലെ അവർ വെല്ലുവിളിക്കുന്നു എന്നാണ് ഇതിലൂടെ വ്യക്തമാക്കുന്നത്. സ്വന്തം മനസ്സ് എന്ന് ഈ പുസ്തകത്തിൽ ഒരുപാട് തവണ ആവർത്തിക്കുന്നുണ്ട്. സ്ത്രീ ഒരു ശരീരം മാത്രമാണ് എന്നല്ലാതെ അവൾക്കൊരു മനസ്സുണ്ടെന്നോ ചിന്തിക്കാനുള്ള കഴിവുണ്ടെന്നോ ആരും വിശ്വസിക്കാതിരുന്ന ഒരു കാലവുമായിരുന്നു അതെന്നോർക്കണം. ഈ പുസ്തകത്തിലുടനീളം താരബായ് നിങ്ങൾ എന്നും ഞങ്ങൾ എന്നും പ്രയോഗിച്ചുകൊണ്ട് പുരുഷസമൂഹത്തെ പ്രതിസ്ഥാനത്ത് നിർത്തുകയും ഞങ്ങൾ ഒറ്റക്കെട്ടാണ് എന്ന് ആവർത്തിച്ച് ആവർത്തിച്ച് വ്യക്തമാക്കുകയും ചെയ്യുന്നു.

പുരാണ ശാസ്ത്ര ഇതിഹാസങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇതൊക്കെ സ്ഥാപിക്കാൻ ശ്രമിക്കുന്നതിനെ അവർ ചോദ്യം ചെയ്യുകയും കൊട്ടിഘോഷിക്കുന്ന ഇതിഹാസപുരാണങ്ങളിലെ അപഹാസ്യത എടുത്തു കാണിക്കുകയും ചെയ്യുന്നു. പതിവ്രതരത്നങ്ങൾ എന്നും സൽഗുണ സമ്പൂർണ്ണർ എന്നും വാഴ്ത്തിപ്പാടിയവരുടെ യാഥാർഥ്യം ഇങ്ങനെയൊക്കെയല്ലേ എന്ന് അവർ ചോദിക്കുമ്പോൾ അത് അങ്ങനെ തന്നെയെന്ന് നമുക്കും വ്യക്തമാവുന്നു. സാമുദായിക പരിഷ്കാരികൾ എന്ന ഭാവം നടിക്കുന്ന ഈ പുരുഷന്മാർ വെറും വീൺവാക്കുകൾ പറയുന്നവരും പൗരുഷത്തിന്റെ വെല്ലുവിളി ഏറ്റെടുക്കാൻ ധൈര്യം കാണിക്കാത്തവരുമാണ് എന്നാണ് അവരുടെ അഭിപ്രായം . കാരണം അവർക്ക് ഉച്ചരിക്കുന്ന വാക്കുകളോട് ആത്മാർത്ഥമായ ബന്ധം ഉണ്ടായിരുന്നു എങ്കിൽ വിധവകൾ എന്ന മുദ്ര ചാർത്തി തങ്ങളുടെ സഹോദരിമാരെ നരകത്തിലേക്ക് തള്ളിയിടുമായിരുന്നില്ല. ഇത്രകാലവും ഈ പുരുഷസമൂഹം നടത്തിയ സാമൂഹ്യ പരിഷ്കരണ ശ്രമങ്ങളെ ആടിന്റെ കഴുത്തിലെ സ്തനം പോലെ ഉപയോഗശൂന്യമായ ഒന്നുമാത്രമായേ അവർ കാണുന്നുള്ളൂ. വെറും പാഴ്വാക്കും പാഴ്ച്ചിലവും. ഭാര്യമാർ എന്നും തങ്ങളുടെ ആയുരാരോഗ്യ സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നുണ്ട് എന്ന് അഭിമാനിക്കുന്ന ഭർത്താക്കന്മാർക്കായി താരാബായ് ഒരു മുന്നറിയിപ്പ് നൽകുന്നു. വിധവാ ജീവിതത്തിന്റെ കെടുതികൾ ഓർത്തു മാത്രമാണ് ആ പ്രാർത്ഥന എന്ന ഓർമപ്പെടുത്തലാണ് ഇത്.




പുരുഷന്മാരെ കുറുക്കന്മാർ എന്ന എഴുത്തുകാരി വിശേഷിപ്പിക്കുന്നുണ്ട്. അവരുടെ ചതി, വഞ്ചന, ഒളിഞ്ഞുനോട്ടം എന്നീ സ്വഭാവങ്ങൾ സൂചിപ്പിച്ചുകൊണ്ടാണ് ഇത്. അസൂയ, പരദൂഷണം എന്നിവ സ്ത്രീകളുടെ സ്വഭാവത്തിന്റെ കുത്തകയാണെന്ന് വാദിക്കുന്നവരോട് ഒരു ചെറിയ മുറിവിനെ കൊത്തി വലുതാക്കുന്ന കാക്കയെ പോലെ ഓരോ ഗൃഹാന്തർഛിദ്രങ്ങളും തേടി നടക്കുന്നത് പുരുഷൻമാരാണെന്ന് അവർ വാദിക്കുന്നു. അല്പം കൂടി കടത്തി പുരുഷന്മാരെ

സർപ്പത്തെക്കാൾ വിഷം നിറഞ്ഞവരായും കണക്കാക്കുന്നുണ്ട്. കാരണം സർപ്പദംശനം വളരെ വേഗം കഴിയും. പക്ഷേ പുരുഷന്മാർ ഉള്ളിൽ പക നിറച്ച് ജീവിതകാലം മുഴുവനും സ്ത്രീകളെ നീറ്റിക്കൊണ്ടിരിക്കും.

സ്ത്രീകൾ പല വിഡ്ഢിത്തങ്ങളും കാണിക്കുന്നു എന്നതിനെ വിശദമാക്കാനായി എഴുത്തുകാരി അനപത്യത ദുഃഖം നേരിടുന്ന സ്ത്രീകൾ പലപ്പോഴും ഇത്തരം അബദ്ധങ്ങളിൽ ചെന്നു ചാടാറുണ്ട് എന്ന് സമ്മതിക്കുന്നു. അവർ അത്തരം പരീക്ഷണങ്ങളിൽ ഏർപ്പെടുന്നത് പ്രസവിക്കാത്ത സ്ത്രീയോട് ഈ സമൂഹം കാണിക്കുന്ന അതിക്രൂരമായ പെരുമാറ്റത്തെ ഭയന്നിട്ടാണ്. ഒരു കുഞ്ഞുണ്ടായില്ലെങ്കിൽ ഞാൻ ഉപേക്ഷിക്കപ്പെടുമോ എന്ന ഭയം.  ഭർത്താവിന്റെ സ്നേഹം അതോടെ പൂർണമായും ലഭ്യമാവുമല്ലോയെന്ന ആഹ്ലാദം. ഇവർ രണ്ടും പേരും ചേർന്ന് നിർമ്മിക്കുന്ന മാനസികാവസ്ഥ അവരുടെ പല പൊട്ട പ്രവർത്തികൾക്കും പിന്നിലുണ്ടെന്നും അവർ ഓർമ്മപ്പെടുത്തുന്നതോടെ പുരുഷാധിപത്യസമൂഹം വീണ്ടും പ്രതിക്കൂട്ടിലാകുന്നു. വേശ്യകളും ഇതേ സമൂഹത്തിന്റെ സൃഷ്ടിയാണെന്നു പറയുന്ന താരാബായ് പുരുഷന്റെ സ്നേഹ നാട്യത്തിന്റെയും കാപട്യത്തിന്റെയും ഇരകളായി സ്വന്തം വീട് നഷ്ടമായവർക്കാണ് വേശ്യാതെരുവുകളിൽ എത്തേണ്ടി വന്നതെന്നും തുറന്നടിക്കുന്നു. ഇംഗ്ലീഷുകാരുടെ പരിഷ്കാരങ്ങളോട് ഒരുതരം ആരാധനയാണ് അവർ പുലർത്തുന്നത്. അത് അവർ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിനാലാണ്. സ്ത്രീകൾക്ക് വീടെന്ന നരകത്തിൽ നിന്നും പുറത്തുകടക്കാനും അക്ഷരവെളിച്ചം നേടാനും സാധിക്കുന്നതിനാലാണ്. അവർ നാട്ടിൽ കൊണ്ടുവന്ന നിയമ വ്യവസ്ഥിതിയോടും വികസനപദ്ധതികളോടും അവർക്ക് വലിയ ബഹുമാനവും ഉണ്ട്. സ്ത്രീകളെ സന്തോഷിപ്പിക്കാൻ എന്ന വ്യാജേന ഉണ്ടാക്കുന്ന സകല കോമാളിത്തരങ്ങളെയും പുച്ഛിച്ചു തള്ളുന്ന അവർ ഓരോ സ്ത്രീയ്ക്കും ഏറ്റവും സന്തോഷകരമായ കാര്യം തന്നെ മനസ്സിനിണങ്ങിയ ഭർത്താവിനെ കിട്ടുക എന്നാണെന്നുപറയുമ്പോൾ പെൺമക്കളെ ഭാരം ഒഴിവാക്കാൻ ആരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കുന്ന മാതാപിതാക്കളും പ്രതിക്കൂട്ടിലാകുന്നു. ഈ പുസ്തകത്തിലുടനീളം തികച്ചും ഹാസ്യാത്മകമായ ഒരു ഭാഷയാണ് അവർ പ്രയോഗിക്കുന്നത് . അതും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം വീട്ടടിമകളായ ഒരു സമൂഹത്തിന്റെ പ്രതിനിധിയായ ഒരു സ്ത്രീ മാത്രമായിരുന്നു താരാബായ്. പ്രബലമായ അധികാര സമൂഹത്തോടാണ് അവർക്ക് ഏറ്റുമുട്ടാനുണ്ടായിരുന്നത് എന്നോർക്കുമ്പോഴാണ് ഈ ഹാസ്യത്തിന്റെ വിലയറിയുന്നത്.


**സ്ത്രീകൾ പല വിഡ്ഢിത്തങ്ങളും കാണിക്കുന്നു എന്നതിനെ വിശദമാക്കാനായി എഴുത്തുകാരി അനപത്യത ദുഃഖം നേരിടുന്ന സ്ത്രീകൾ പലപ്പോഴും ഇത്തരം അബദ്ധങ്ങളിൽ ചെന്നു ചാടാറുണ്ട് എന്ന് സമ്മതിക്കുന്നു. അവർ അത്തരം പരീക്ഷണങ്ങളിൽ ഏർപ്പെടുന്നത് പ്രസവിക്കാത്ത സ്ത്രീയോട് ഈ സമൂഹം കാണിക്കുന്ന അതിക്രൂരമായ പെരുമാറ്റത്തെ ഭയന്നിട്ടാണ്. ഒരു കുഞ്ഞുണ്ടായില്ലെങ്കിൽ ഞാൻ ഉപേക്ഷിക്കപ്പെടുമോ എന്ന ഭയം. ഭർത്താവിന്റെ സ്നേഹം അതോടെ പൂർണമായും ലഭ്യമാവുമല്ലോയെന്ന ആഹ്ലാദം. ഇവർ രണ്ടും പേരും ചേർന്ന് നിർമ്മിക്കുന്ന മാനസികാവസ്ഥ അവരുടെ പല പൊട്ട പ്രവർത്തികൾക്കും പിന്നിലുണ്ടെന്നും അവർ ഓർമ്മപ്പെടുത്തുന്നതോടെ പുരുഷാധിപത്യസമൂഹം വീണ്ടും പ്രതിക്കൂട്ടിലാകുന്നു.**

ഈ പുസ്തകം മറാത്തി ഭാഷയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് മലയാളത്തിന്റെ പ്രിയകഥാകാരി മാനസിയാണ്. സ്വന്തം രചനകളിലൂടെ പുരുഷാധിപത്യലോകത്തെ മാത്രമല്ല പുരുഷനെയും എതിർ വശത്തേക്ക് നീക്കി നിർത്തി ചോദ്യം ചെയ്തവളാണ് മാനസി. താൻ ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുവാൻ തീരുമാനിച്ചത് അതിന് ഇന്നും പ്രസക്തി ഉണ്ടെന്ന് തോന്നിയതിനാലും ഒരു നൂറ്റാണ്ടിനു മുൻപ് ഒരു സ്ത്രീ ഇങ്ങനെയൊക്കെ ചിന്തിച്ചിരുന്നു എന്ന് ലോകത്തെ അറിയിക്കാനുമാണ് എന്ന് മാനസി വ്യക്തമാക്കുന്നു. ഈ പുസ്തകത്തിലൂടെ കടന്നു പോയപ്പോൾ ഞാൻ ചിന്തിച്ചത് മറ്റൊന്നായിരുന്നു. ഇതൊന്നു പുറം ലോകത്തെത്തിക്കാൻ ഈ പാവം സ്ത്രീ എത്ര പാടുപെട്ടിട്ടുണ്ടാവും തന്റെയും സമൂഹത്തിന്റെയും മാനം രക്ഷിക്കാനായി ഒരു പുസ്തകം രചിച്ച അതിലുടനീളം സഹഭാവം കാത്തുസൂക്ഷിച്ച താരാബായ് അല്ലേ യഥാർത്ഥ സ്ത്രീവാദി.



## ചർച്ചാവിഷയം


**ശ്രീജിത**
കോഴിക്കോട് വനിത പോളിടെക്നിക്കിൽ അധ്യാപിക. സാഹിത്യതൽപര.


# പുതിയലോകം സൃഷ്ടിക്കുക

**ഞാ**ൻ ഒരു മനഃശാസ്ത്രവിദഗ്ദയായ സ്ത്രീവാദിയാണ്. സ്ത്രീവാദം ഇന്ത്യയിലും പുറത്തും ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും നമ്മൾ യഥാർത്ഥത്തിൽ ഏതുതരം സ്ത്രീവാദിയാണെന്നത് വിഷയമല്ലാത്ത ചർച്ചകൾ ദിശാബോധം കൈവിട്ട അമ്പുകൾ പോലെയാണ്. യഥാർത്ഥ ദിശയിൽ ഫലപ്രദമായി നമ്മുടെ അമ്പുകൾ പ്രയോഗിക്കണമെങ്കിൽ നമ്മുടെ വാദങ്ങളുടെ അന്തഃസത്ത നമ്മൾ തന്നെ തിരിച്ചറിഞ്ഞ്, നമ്മളെ തരംതിരിച്ച് വ്യക്തമായി കൃത്യമായി പല വാദങ്ങളുടെ ഇടയിൽ പ്രതിഷ്ഠിക്കാൻ കഴിയണം. അവളവളെ തിരിച്ചറിഞ്ഞ ഒരു സ്ത്രീവാദിക്കേ പുതിയ ലോകത്ത് പുതിയ വ്യക്തിയായി, കർമ്മനിരതയാകാൻ കഴിവുണ്ടാവുകയുള്ളൂ.

പുതിയലോകം സൃഷ്ടിക്കുക എന്നത് തന്നെയാണ് എന്റെ സ്ത്രീവാദത്തിന്റെ കാതൽ. അതിൽ കാതൽ അഥവാ പ്രണയം, ബഹുമാനം, സ്നേഹം, ദയ, മനസ്സിലാക്കൽ തുടങ്ങി ഒട്ടനവധി സവിശേഷതകൾക്ക് പ്രാധാന്യമുണ്ട്. ഇത്തരം പല വികാരങ്ങളും ട്രാൻസ്ജെൻഡേഴ്സിനെയും സ്ത്രീകളെയും പുരുഷന്മാരെയും ധനികരായ പൗര വ്യക്തിത്വങ്ങളാക്കി മാറ്റുന്നുണ്ട്. അത്തരത്തിൽ വ്യക്തികളായി വികാസം പ്രാപിക്കുകയും സന്തോഷത്തിനും സംതൃപ്തിക്കും ഉടമകളായി മാറുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ മാറ്റം നടക്കുന്ന ഒരു സമൂഹത്തിന്റെ കണ്ണിയായി നമ്മൾ മാറുന്നത്.

സ്വന്തം സ്ത്രീവാദത്തെക്കുറിച്ചുള്ള വ്യക്തത വരുന്നത് ഈയടുത്താണ്. സ്ത്രീവാദികൾ ആയ പല സുഹൃത്തുക്കളും അധികാരം നേടുന്നതിൽ തൃപ്തരാകുകയും മാനസിക സാമൂഹിക മൂല്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത് നിർത്തുകയും ചെയ്യുന്നത് കണ്ടപ്പോഴാണ് ഇത്തരത്തിലുള്ള വ്യത്യാസങ്ങൾ ഞങ്ങൾക്കിടയിൽ ഉണ്ടെന്നതും അതു വളരെ കാര്യമായി എടുക്കേണ്ടതാണെന്നു ള്ളതും എനിക്കു ബോധ്യപ്പെട്ടത്. സാമൂഹിക നിർമ്മിതിയിൽ ഭാഗമാകുന്നതോടൊപ്പം തന്നെ നമ്മുടെ ആന്തരികമായ പുനർനിർമാണ പ്രക്രിയയിൽ നമ്മൾ ഏർപ്പെടേണ്ടത് അത്യാവശ്യമായി ഞാൻ കരുതുന്നു. അല്ലാത്തപക്ഷം പുറംലോകം ആഘോഷിച്ച പല സമ്പത്തുകളും നേടുകയും അകത്ത് നിരന്തരം സംഘട്ടനങ്ങൾക്കുള്ളിലൂടെ രൂപപ്പെടേണ്ട ആ വ്യക്തി മുരടിച്ചു പോവുകയും ചെയ്യുന്നു. മുരടിച്ച വ്യക്തികൾക്ക് യഥാർത്ഥ നേതൃത്വം കൊടുക്കാനാവില്ല അവളവളുടെ ജീവിതത്തിനും വിപ്ലവങ്ങൾക്കും.

ഇത്രയും പറഞ്ഞത് സ്ത്രീവാദങ്ങൾക്കുള്ളിലെ വ്യത്യസ്തതകൾ പറയാനാണെങ്കിൽ, സ്ത്രീവാദം ഒന്നുകൊണ്ടുമാത്രം ഒത്തിണങ്ങി നിൽക്കുന്ന സമൂഹവും സൗഹൃദങ്ങളും ഒക്കെ നമുക്കിന്ന് ലഭ്യമാണ്. അനുഭവങ്ങളും തിരിച്ചറിവുകളും കൊണ്ട് പലപ്പോഴും നമ്മൾ ഒരുമിച്ച് തീർക്കുന്ന രക്ഷാകവചങ്ങളും വെല്ലുവിളികളും ഉണ്ട്. അങ്ങനെ ഒന്നിച്ചു നിന്ന നമ്മൾ ഒരു വലിയ ചെറുത്തുനിൽപ്പു തന്നെ തീർത്തിട്ടുണ്ട് ഇക്കാലയളവിൽ. പുരുഷമേധാവിത്വം എന്തിന് എന്ന് പുരുഷന്മാരെ കൊണ്ടുതന്നെ ചോദിപ്പിക്കുന്ന അളവിൽ നമുക്ക് മുമ്പും കേരളത്തിൽ ജീവിച്ചു പ്രവർത്തിച്ച സ്ത്രീവാദികൾ നമുക്ക് ജീവിതാവസ്ഥകൾ നേടിത്തന്നിട്ടുണ്ട്. സാക്ഷരകേരളം സ്ത്രീസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ എത്ര പിന്നാക്കമാണെന്ന് നമുക്ക് മുന്നേ വന്ന സ്ത്രീവാദികൾ എഴുതിയും പ്രസംഗിച്ചും ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

ഇതിനെക്കുറിച്ചുള്ള അറിവൊന്നുമില്ലാതിരുന്ന കാലത്ത് നടത്തിയ വിഡ്ഢിത്ത പ്രസ്താവനകളെക്കുറിച്ചു പശ്ചാത്തപിക്കുന്ന പരിവർത്തനത്തിനു വിധേയരാവുന്ന പുരുഷസുഹൃത്തുക്കളും പങ്കാളികളും മക്കളും സഹോദരരും ഒക്കെ ഇന്നുണ്ട്. അവർ സ്ത്രീവാദികളുടെ ഇണയായോ സുഹൃത്തു

ക്കളായോ ഒക്കെ അറിയപ്പെടാൻ ആഗ്രഹിക്കുന്ന വിധത്തിൽ ആൺമനഃശാസ്ത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ നടക്കുന്നുണ്ട്. അത്തരത്തിൽ വളരെ സവിശേഷകരമായ പ്രതീക്ഷാനിർഭരമായ ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഇത് സ്ത്രീവാദം എന്ന വിപ്ലവകരമായ ആശയം ഇവിടെയുണ്ടാക്കിയ മാറ്റം കൊണ്ടാണ്. സ്നേഹത്തിലധിഷ്ഠിതമായ പരസ്പരവിശ്വാസത്തിലധിഷ്ഠിതമായ ഒരു മാറ്റത്തെയാണ് സ്ത്രീവാദം ലക്ഷ്യമാക്കുന്നതെന്നും ചൂഷണത്തിനെതിരായ ശക്തമായ പ്രതിഷേധമാണ് അതെന്നും കലാലയങ്ങളിലും ഇതരഇടങ്ങളിലും നടക്കുന്ന ചർച്ചകളും മറ്റു പ്രവർത്തനങ്ങളും ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ നടക്കുന്നുമുണ്ട്.

എന്റെ സ്ത്രീവാദം എന്റെ സ്നേഹം തന്നെയാണ്. അസമത്വത്തിനെതിരായ വിമർശകാത്മകമായ മനസ്സാണ് അതിന് ആധാരം. നീതിയും ന്യായവും ആർഭാടവുമല്ല. അത് ജാതിമതവർഗ്ഗ ലിംഗ ഭേദമന്യെ ഏവർക്കും അത്യാവശ്യമായ ഒന്നാണ് എന്ന തിരിച്ചറിവും സ്വന്തം ജീവിതാനുഭവങ്ങളുമാണ് ആ യാത്രയുടെ തുടക്കം കുറിച്ചത്. ഓർമ്മയുള്ളത് 'വേദന' എന്ന ഒരു വികാരമാണ്. എന്തിനാണെന്നോ എവിടെനിന്നാണെന്നോ അറിയാതെ നിരന്തരം വേട്ടയാടിക്കൊണ്ടിരുന്ന 'വേദന' , 'ദുഃഖം!'. പിന്നീട് കാരണമന്വേഷിച്ച് ചെന്നപ്പോൾ സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയ പല വിശ്വാസങ്ങളിലും സാമൂഹിക ധാരണകളിലും ചെന്നുടക്കിയതാണ്. ചിന്തിക്കാനും പ്രവർത്തിക്കാനും കഴിവുള്ളവരിൽ പലപ്പോഴും അതിനുള്ള അധികാരം നിക്ഷിപ്തമായിരിക്കുകയില്ല. അതില്ലാത്തവർ പലപ്പോഴും നേതൃസ്ഥാനത്ത് തുടരുകയും ചെയ്യുന്നു. ആര് കുടുംബനാഥ/നേതൃസ്ഥാനത്ത് വരണം എന്ന ചോദ്യം ഉണ്ടാവുന്നില്ല, കുടുംബനാഥൻ എന്ന പ്രയോഗം താനേ വരുന്നു. താനേ വരുന്ന തെരഞ്ഞെടുപ്പുകൾ എത്ര വിവേകശൂന്യവും വിരോധാഭാസവുമാണ്!

ലിംഗമോ, വർഗ്ഗമോ, ജാതിയോ അത്തരത്തിലുള്ള യാതൊരു ഘടനയുടെയും ഭാഗമാകുന്നതോ അല്ല ഒരാളുടെ കഴിവും പ്രവർത്തനഫലവും നിർണ്ണയിക്കേണ്ടത്. എന്നും ഓരോ വിഭാഗത്തിലും തെരഞ്ഞെടുപ്പുകൾ ജൈവികമായി നടക്കേണ്ടതുണ്ട് എന്നും ഉള്ള തോന്നലാണ് ജനാധിപത്യരീതിയോടുള്ള വിശ്വാസം ഉറപ്പിച്ചത്. ആ തോന്നൽ തന്നെയാണ് സ്ത്രീവാദത്തിന് തുടക്കം കുറിച്ചത്. പുതിയ രീതികളിൽ കടന്നുവരുന്ന ആൺമേധാവിത്വം തിരിച്ചറിയൽ അതിന്റെ തുടർച്ചയുടെ ഭാവമാണ്.

---

## പേജ് 39 തുടർച്ച

രാത്രി ചുംബിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു , കാരണം അങ്ങനെ ചെയ്താൽ എന്തുകൊണ്ടോ ഞാൻ വീണ്ടും സ്ട്രെയ്റ്റ് ആയിപ്പോകുമെന്ന് ഞാൻ കരുതി.

പക്ഷേ പിന്നീടൊന്നും തന്നെ എന്നെ സ്ട്രെയ്റ്റ് ആക്കിയില്ല. ഒറ്റരാത്രികൊണ്ട് ഞാൻ ക്വിയർ ആയിരിക്കുന്നു. അന്നുവരെ ഗൗരവമായി കണക്കിലെടുക്കാതെ പോയതിനെ ഞാൻ അപ്പോൾ ആദ്യമായി കാണുകയായിരുന്നു.പ്രണയം ഞാനുമവളുമായുള്ള ഒരു രാഷ്ട്രീയബന്ധമായിരുന്നു – കയറിച്ചെല്ലാൻ പാടില്ലാത്ത അവളുടെയിടങ്ങളിലേക്ക് പ്രവേശിച്ചാൽ താക്കീത് ലഭിക്കുന്ന, നിർമ്മിച്ചുറപ്പിച്ച ബന്ധംപോലെ എല്ലാം എന്റെ മുന്നിൽ അടിയറവുവെയ്ക്കാൻ പറ്റില്ലെന്ന പച്ചയായ അറിയിപ്പു കിട്ടുന്ന – ഒന്ന്. അവളുടെ രഹസ്യങ്ങൾക്ക് എന്റേതുകൂടിയാകാൻ കഴിയില്ലെന്നും അവളുടെ ചരിത്രങ്ങൾ ഒറ്റ രാത്രി കൊണ്ട് എന്റെ മുന്നിൽ അനാവൃതമാകാൻ പ്രതീക്ഷിക്കരുതെന്നും സൂചിപ്പിക്കുന്ന ഒന്ന്. ഇണകളായി അധികകാലം ഞങ്ങൾ തുടർന്നില്ല, പക്ഷേ ഒടുവിൽ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർത്ത് സുഹൃത്തുക്കളായപ്പോൾ കഴിഞ്ഞുപോയ കാലത്ത് ആരെന്തു ചെയ്തു ചെയ്തില്ല എന്നതിനെ ആശ്രയിക്കാത്ത സുസ്ഥിരമായ ഒരു ബന്ധം കെട്ടിപ്പടുക്കാൻ 'എ' എന്നെ പഠിപ്പിച്ചു.കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള കണക്കുപറച്ചിലുകൾ ഞാൻ സ്വാംശീകരിച്ച തീർത്തും ഒരു സിസ്' ഹെറ്ററോ (ജന്മസിദ്ധമായി സ്ത്രീപുരുഷരതിയിലേർപ്പെടുന്ന) പ്രകൃതമായിരുന്നു. അതിലെ ഹിംസ തിരിച്ചറിയാൻ ഞാൻ വർഷങ്ങളെടുത്തു. ഞങ്ങളുടെ സംഭാഷണങ്ങളിൽ ഞങ്ങളൊരുമിച്ചുണ്ടായിരുന്നപ്പോൾ അവൾ ചെയ്ത കാര്യങ്ങൾക്ക് ഞാനവളെ ശിക്ഷിച്ചു കൊണ്ടിരുന്നപ്പോൾ എന്നോട് വർഷങ്ങളായി ചെയ്യപ്പെട്ടതു തന്നെയാണ് ഞാനവളോട് ചെയ്യുന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞു. വളരെ സമയമെടുത്തെങ്കിലും ഒടുവിൽ, പൂർവ്വകാലത്ത് നമ്മൾ പ്രണയികളായിരുന്നിട്ടും ഇപ്പോൾ സുഹൃത്തുക്കളായതിൽ തുള്ളിച്ചാടാതെ, സ്നേഹപൂർവ്വം എന്റെ കവിളിലുമ്മ വെച്ച് ഞാൻ ഉറങ്ങുന്നതും നോക്കിയിരിക്കാൻ അവൾക്ക് കഴിയുന്ന കാലത്തിൽ ഞങ്ങൾ എത്തിച്ചേർന്നു.ഇതെന്നെ എപ്പോഴും അമ്പരപ്പിക്കുന്നുവെങ്കിലും പൂർവ്വകാമുകൻമാരുമായി, സൗഹൃദമെന്ന മട്ടിൽ, എന്റെ വൈകാരികാദ്ധ്വാനത്തെ തീരെ മാനിക്കാതെ നടന്ന പല ഒറ്റനിമിഷ സംഭാഷണങ്ങളുമായി ഇതിനെ ചേർത്തുകാണാൻ ഞാൻ ഇഷ്ടപ്പെട്ടില്ല.

ആദ്യചുംബനം പങ്കുവെച്ച നിമിഷത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ , എനിക്ക് ചുംബിക്കാനറിയില്ലെന്ന് 'എ' പ്രഖ്യാപിച്ചത് ഞാൻ ഓർക്കുന്നു. കൈവിട്ട നർമ്മമായിരുന്നിതെങ്കിലും പരിസമാപ്തി എങ്ങനെയായിത്തീർന്നാലും ഞങ്ങളുടെ ബന്ധം തുടരുമെന്നതിന്റെ സൂചന കൂടിയായിരുന്നു ഇത്. പല അർത്ഥത്തിലും ക്വിയർ ആയിരിക്കുക എന്നത് ഒരു 'പുറത്തുവരൽ ' (ലൈംഗിക പ്രതിപത്തി തുറന്നു പറയൽ ) ആഖ്യാനത്തെപ്പോലെ എന്നെ ബാധിച്ചില്ല.പക്ഷേ അതെന്നെ ഉടച്ച്, അരൂപിയായ എന്റെ തൃഷ്ണകളെയും ആധികളെയും കെട്ടിപ്പടുത്ത്, എന്നെ സംരക്ഷിക്കുക്കുകയും ഞാൻ സ്നേഹിക്കയും സംരക്ഷിക്കയും ചെയ്യുന്നവരെ വേദനിപ്പിക്കുന്നെങ്കിൽ അതിനുത്തരവാദിത്വം ഏറ്റെടുക്കാൻ പ്രാപ്തിയുള്ളവളാക്കുകയും ചെയ്തു. അതിലുമുപരി, അതെനിക്ക് തന്നു – എന്റെ ആദ്യ പ്രണയം, സുഹൃത്ത്, കോമ്രേഡ്.




## ചർച്ചാവിഷയം

**ജ്യോതി നാരായണൻ**
കെൽട്രോണിൽ എഞ്ചിനീയർ, പ്രക്ഷോഭക




# സ്ത്രീവാദി

സ്ത്രീവാദി എന്ന നിലയിൽ എഴുതാൻ പേനയെടുത്തപ്പോഴൊക്കെ എന്തൊക്കെ എഴുതണം ഏത് പ്രധാനം എന്ന ചോദ്യങ്ങളായിരുന്നു ഉള്ളിൽ. എന്റെ വൈകാരിത, സാമൂഹ്യമായി എങ്ങനെ മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ - ഇതേക്കുറിച്ച് എഴുതുക എളുപ്പമല്ല.

ഇടവഴികളും പുല്ലാനിവള്ളിയും കാവും അമ്പലവും അമ്പലക്കുളവും പള്ളികളും പള്ളിക്കൂടങ്ങളും പച്ചയും സ്വണ്ണവർണ്ണവും മാറി മാറി വരുന്ന പാടത്തെ വകഞ്ഞു മാറ്റി പോകുന്ന റോഡും തോടും റെയിൽപാളങ്ങളുമുള്ള മനോഹരമായ ഒരു ഗ്രാമത്തിലാണ് ഞാനും പത്തമ്പത്തഞ്ചു വർഷം മുമ്പ് ജനിച്ചതും വളർന്നതും. 'പൂജയും തേവാരവും ശുദ്ധവും അശുദ്ധവും തീണ്ടാരിയും പേറും എല്ലാമുള്ള ഒരു സവർണ്ണ എന്നാൽ സാമ്പത്തികമായി ലോവർ മിഡിൽ ക്ലാസ്സ് കുടുംബം. ബാല്യം മനോഹരമായിരുന്നു.അപ്പോഴും 'ആരാന്റെ കയ്യും നിന്റെ പുറവും, അന്യന്റെ വീട്ടിൽ പോകേണ്ടവൾ, അടച്ചു വെന്ത കറിയും അടിച്ചുവളർന്ന പെണ്ണും, പെണ്ണ് നടക്കുന്നത് മോന്താഴം അറിയരുത്' എന്നൊക്കെയുള്ളത് വീട്ടിലേയും നാട്ടിലേയും സ്ഥിരം സംസാരം മാത്രമല്ല പെൺകുട്ടികളെക്കുറിച്ചുള്ള ജീവിതബോധവുമായിരുന്നു.എന്നാൽ അമ്മ അമ്പലങ്ങളിലെ തിങ്കൾ ഭജനകളിൽ നിന്ന് യോഗങ്ങൾക്കും മീറ്റിംഗുകൾക്കും സംഘടനാ പാർട്ടിപ്രവർത്തനങ്ങൾക്കും പോകാൻ തുടങ്ങുന്നു. ഗീതക്കും ഭാഗവതത്തിനും കൂടെ ഗോർക്കിയുടെ അമ്മയും മറ്റും കടന്നു വരുന്നു.50 വർഷങ്ങൾക്ക് മുമ്പ് ഒരു പ്രൈമറി അദ്ധ്യാപികയിലുണ്ടായ മാറ്റം. അമ്മാമ്മയുടെ ദയ, കാരുണ്യം, സ്നേഹം, സത്യസന്ധത, ക്ഷമ, മൂല്യബോധത്തിൽ നിന്ന് അമ്മയുടെ ന്യായം, നീതി,സംഘം ചേരൽ എന്നതിലേക്കുള്ള മാറ്റം ഏറെ പ്രശ്നമായിരുന്നില്ല. അമ്മാമ്മയുടെ ഈശ്വരവിശ്വാസത്തിൽ നിന്ന് അമ്മയുടെ നാസ്തികതയിലേക്ക് സ്വാഭാവിക തുടർച്ചയായിരുന്നു.എന്നാൽ പാടത്തും പറമ്പിലും കൃഷിപ്പണിക്ക് വരുന്നവർക്കും വീട്ടിലുള്ളവർക്കും

വെച്ചുവിളമ്പേണ്ടതും വീട് വൃത്തിയാക്കേണ്ടതും പെൺകുട്ടിയാണെന്ന കാര്യത്തിൽ മാറ്റമുണ്ടായില്ല. ചേട്ടനെപ്പോലെ എനിക്കും സ്വന്തമായി ഒരു മുറിയോ ഒരു കട്ടിലോ ഒരു വിളക്കോ വേണമെന്ന് ആരും ചിന്തിച്ചില്ല. അതു ചോദിക്കുന്നത് എന്റെ അഹങ്കാരമായാണ് കണ്ടത്. സമത്വം, സ്വാതന്ത്ര്യം,സാഹോദര്യം തുടങ്ങിയ ചിലതെല്ലാം കേട്ടു വളർന്ന എനിക്ക് ഇത് ബോദ്ധ്യപ്പെട്ടില്ല.

റീമാ കല്ലിങ്കൽ ഒരു മീൻ കഷ്ണത്തിലാണ് തന്റെ പെൺജാതി വിവേചനം തിരിച്ചറിഞ്ഞ തെങ്കിൽ ഒരു മാമ്പഴക്കഷണത്തിൽ ഞാനും അത് മനസ്സിലാക്കി. ഒരു മാവിൽ ആദ്യമായി ഉണ്ടായ ഒരു മാമ്പഴം പൂളിയപ്പോൾ വലിയ ഭാഗം ചേട്ടനാണ് എന്ന കാര്യത്തിൽ ചേട്ടൻ മാത്രമല്ല അമ്മയ്ക്കും അമ്മാമ്മക്കും അയൽപക്ക കാർക്കും സംശയം ഉണ്ടായിരുന്നില്ല. ചെറിയ കഷണമാണെങ്കിൽ എനിക്ക് വേണ്ടാ എന്നത് എന്റെ ധിക്കാരവും പെൺകുട്ടികൾക്ക് ചേരാത്ത സ്വഭാവവുമായിരുന്നു. അടി കൊണ്ടിട്ടും അനുസരണക്കേടിന് ചൂടുവക്കുവാൻ വന്നപ്പോഴും ഞാൻ എന്റെ നിലപാട് മാറ്റിയില്ല. പിന്നെ പുസ്തകം എടുത്ത് പൂട്ടി വച്ച് 'സ്കൂളിൽ പോകേണ്ടാ എന്നു പറഞ്ഞപ്പോൾ' ചെറിയ കഷ്ണം മാങ്ങക്ക് ഞാൻ കീഴടങ്ങി.  എന്നെ അനുസരണ പഠിപ്പിച്ചത് എന്റെ പുസ്തകം പൂട്ടി വച്ചായിരുന്നു.അതു കൊണ്ട് എത്രയും വേഗം ഒരു ജോലി സമ്പാദിച്ച് സ്വന്തം കാലിൽ നിൽക്കുക എന്നത് എന്റെ ലക്ഷ്യമായിരുന്നു. ഏകദേശം ഹൈസ്കൂളിൽ പഠിക്കുമ്പോൾത്തന്നെ ഞാൻ വിവാഹം കഴിക്കില്ലെന്നും എനിക്ക് കുട്ടികൾ വേണ്ട എന്നും തീരുമാനിച്ചിരുന്നു. ഒരു രാഷ്ട്രീയ പ്രവർത്തകയാവുകയായിരുന്നു  ഉദ്ദേശം. സി.പി.എം. പ്രവർത്തക എന്ന പരിമിതി ഉണ്ടായിരുന്നു. മറ്റ് പെൺകുട്ടികളിൽ നിന്ന് വലിയൊരു വൈരുദ്ധ്യമുണ്ടായിരുന്നത് പാർട്ടി പ്രവർത്തനത്തിന് പോകാനും ജാഥയ്ക്കോ ഇലക്ഷൻ വർക്കിനോ പ്രസംഗിക്കാനോ പോകാൻ എനിക്ക് തടസ്സമുണ്ടായിരുന്നില്ല എന്നതാണ്. പക്ഷേ വീട്ടുജോലികൾ സ്ത്രീയുടെ കടമയായിരുന്നു. ഭാര്യ, അമ്മ, കുടുംബിനി –എല്ലാ രീതിയിലും നിർവ്വചിച്ചു വച്ചിരിക്കുന്ന പരിചാരകയുടെ പണിയെല്ലാം കഴിഞ്ഞതിനു ശേഷം കലയും സാഹിത്യവും രാഷ്ട്രീയവും– ഉദ്യോഗം പോലും– എന്നതാണ് സ്ത്രീകൾ അടക്കം എല്ലാവരും ധരിച്ചിരിക്കുന്നത്. ഇത് സാദ്ധ്യമാകില്ല.മാത്രമല്ല എല്ലാ രംഗത്തും കഴിവ് കുറയന്നതാണ് കാണുന്നത്. കല്യാണം കഴിക്കാനും കുട്ടികളെ പ്രസവിക്കാനും കുടുംബം നോക്കാനും പ്രാപ്തരാക്കുക. അതാണ് പെൺകുട്ടികളോട് അമ്മമാർക്കുള്ള കടമ. പക്ഷേ ഞാൻ വീട്ടിൽ കേട്ടു വളർന്നതും ജീവിക്കേണ്ട സാഹചര്യവും തമ്മിൽ വൈരുദ്ധ്യം നിറഞ്ഞതായിരുന്നു. ഇത് മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കാനും എനിക്കാവുമായിരുന്നില്ല. അതുകൊണ്ട് പറമ്പിലെ അമ്പഴത്തോടും  ഞൊട്ടാഞ്ഞൊടിയത്തോടും ആകാശത്തെ മേഘങ്ങളോടുമൊക്കെയാണ് ഞാൻ സംസാരിച്ചിരുന്നത്.

1984 മുതൽ എറണാകുളത്ത് ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനം വളരെ സർഗ്ഗാത്മകമായിരുന്നു.മുതിർന്നവർക്ക് പലർക്കും അസ്വസ്ഥതകൾ സൃഷ്ടിച്ചിരുന്നെങ്കിലും പരിഷത് ഭവനിൽ ആൺ/പെൺ വ്യത്യാസമില്ലാതെ ഞങ്ങൾ കുറെ പേർ താമസിച്ചിരുന്നു. എപ്പോൾ വേണമെങ്കിലും അവിടെ കയറിവരികയും അവിടെ നിന്നും പോവുകയും ചെയ്യാമായിരുന്നു. പരിഷത്തിന്റെ പ്രാദേശിക പ്രവർത്തനങ്ങളുടെ അജണ്ട ഞങ്ങൾ തന്നെയാണ് തീരുമാനിച്ചിരുന്നത്. സമരങ്ങളെ സഹായിക്കുക, ചേരി സന്ദർശിക്കുക, അവിടെ ട്യൂഷൻ പഠിപ്പിക്കുക, ക്ലാസ്സുകൾ ,പുസതക വിൽപന, അടുപ്പ് നിർമ്മാണം, കലാജാഥകൾ – സാധ്യമായത് എല്ലാം! യോഗം ചേരുന്നതും ഭക്ഷണം കഴിക്കുന്നതും ഉറങ്ങുന്നതും ഒരേ മുറിയിൽത്തന്നെ .കാടുകൾ താണ്ടുന്നതും കുന്നുകയറുന്നതും ഭക്ഷണം ഉണ്ടാക്കുന്നതും തട്ടുകടയിൽ പോകുന്നതും ഞങ്ങൾ ഒന്നിച്ചായിരുന്നു. ലക്ഷ്മണൻ, ശിവരാമൻ, അനിരുദ്ധൻ,ബാബു, ബാലചന്ദ്രൻ, രവി, മാധവൻ, രാഘവൻ സാർ ഇങ്ങിനെ എത്ര എത്ര പേർ....  ഒരു പക്ഷേ ലോകമാതൃകയായി ചർച്ച ചെയ്യപ്പെട്ട എറണാകുളം സമ്പൂർണ്ണ സാക്ഷരതാപദ്ധതി ഏറ്റെടുക്കാൻ ജില്ലാ കളക്ടർക്കും  പരിഷത്തിനും ധൈര്യം നൽകിയത് ഈ മനുഷ്യരുടെ കൂട്ടായ്മയാകാം. ഒരു പക്ഷേ ആ കൂട്ടായ്മയും അതിന്റെ തുടർച്ചയും ഉണ്ടായിരുന്നെങ്കിൽ സ്ത്രീവാദം എന്ന് പ്രത്യേകം എനിക്ക് പറയേണ്ടി വരുമായിരുന്നില്ലെന്ന് തോന്നുന്നു. എന്നാൽ ജില്ലാ സാക്ഷരതായജ്ഞം കഴിഞ്ഞതോടെ ഈ ഗ്രൂപ്പ് 'സ്കാറ്റേഡായി'. പുസ്തക വില്പനക്കും അടുപ്പ് നിർമാണത്തിനുമപ്പുറം ഫണ്ട് വന്നു. ഉദ്യോഗസ്ഥരുമായുള്ള ബന്ധം അധികാരത്തിന്റെ സൗകര്യമൊരുക്കി എന്ന് എനിക്ക് തോന്നി. മാത്രമല്ല, വിളിച്ചു ചേർത്ത യോഗത്തിൽ വരുന്നവരോട് ക്ലാസ് എടുക്കുന്നതുപോലെയല്ല നിരക്ഷരരും ദരിദ്രരും ആയ മനുഷ്യരുടെ ജീവിതം എന്ന് ബോദ്ധ്യപ്പെട്ടു. അതിന്റെ സങ്കീർണത എന്നെ മാറ്റി ചിന്തിപ്പിച്ചു. സ്ത്രീകളെ പ്രത്യേകം സംഘടിപ്പിക്കണമെന്നും അവർക്കു തന്നെയാണ് ആദ്യം തങ്ങളുടെ അവസ്ഥ ബോദ്ധ്യപ്പെടേണ്ടതെന്നും തോന്നി .1989 ൽ എറണാകുളത്ത്  സ്ത്രീസാഹിത്യ സെമിനാർ നടത്തി. അതിൽ പങ്കെടുത്തവർ സ്ത്രീകൾക്ക് പ്രത്യേക സാഹിത്യമൊന്നും ആവശ്യമില്ലെന്നാണ്

പറഞ്ഞത്. കോഴിക്കോട് വച്ചു നടത്തിയ ഫെമിനിസ്റ്റ് സമ്മേളനത്തിൽ കാഴ്ചക്കാരിയും വിമർശകയായു മായി ഞാൻ പോയി. സ്ത്രീകളുടെ അവകാശങ്ങൾ സ്വാതന്ത്ര്യം എന്നൊക്കെ പറയാൻ തുടങ്ങിയതോടെ പാർട്ടിയിലും പരിഷത്തിലും ചിലർക്ക് ഞാൻ അനഭിമതയായി. പരിഷത് പ്രവർത്തനത്തിൽ നിന്ന് സ്ത്രി സം ഘ ട നയിലേക്ക് വന്നതോടെ ഞാൻ ഫെമിനിസ്റ്റാണെന്നും വലിയ കൂട്ടുകെട്ടൊന്നും വേണ്ടെന്നും പുതിയതായി വന്ന പെൺകട്ടികളോട് മുതിർന്ന ചില പ്രവർത്തകർ വിളിച്ച് ഉപദേശിച്ചതായി നിഷ്കളങ്കരായ ഈ പെൺകുട്ടികൾ എന്നോട് വന്നു പറഞ്ഞു. ബ്രാകത്തിക്കുന്നവരും എല്ലാ പുരുഷന്മാരുമായും ലൈംഗിക ബന്ധത്തിലേർപ്പെടുന്നവരുമാണ് ഫെമിനിസ്റ്റുകൾ എന്നാണ് അവരെ ധരിപ്പിച്ചിരുന്നത് – സ്ത്രീ വാദം / ഫെമിനിസം എന്താണെന്ന് എനിക്കും അറിയില്ലായിരുന്നു. ഞാൻ ചെയ്യുന്നത് ഫെമിനിസമാണെങ്കിൽ ഞാൻ ഫെമിനിസ്റ്റാണ് എന്നു് പറഞ്ഞു തുടങ്ങി. എന്റെ ഒരു സുഹൃത്തിന്റെ വിവാഹവുമായി ബന്ധപ്പെട്ട് സംസാരിക്കാൻ പാർട്ടി ഓഫീസിൽ ചെന്നപ്പോൾ ഒരു 'സഖാവ്' പറഞ്ഞത് "പാവാട പൊന്തിച്ച് ചൂരലുകൊണ്ട് ചന്തിക്ക് നല്ല രണ്ട് പെട തന്നാൽ നിന്റെ ഫെമിനിസമൊക്കെ തീരും" എന്നാണ്. രാവിലെ ഒന്നര മണിക്കൂറിലധികം സഞ്ചരിച്ചാണ് ജോലിക്ക് പോകുന്നത്. 8.30 ന് പഞ്ച് ചെയ്താണു ജോലിക്ക് കയറുന്നത്. നാലരക്ക് ജോലി കഴിഞ്ഞ് ഒന്നര മണിക്കർ സഞ്ചരിച്ച് എറണാകുളത്ത് വന്നതിനു ശേഷമാണ് 'എഴുത്തും വായനയും പ്രവർത്തനങ്ങളുമെല്ലാം. എനിക്ക് ശമ്പളമായി കിട്ടുന്ന പണമാണ് ഞാൻ പ്രവർത്തനത്തിന് ഉപയോഗിച്ചിരുന്നത്. എന്റെ കൂടെയുണ്ടായിരുന്ന പലരും വിദ്യാർത്ഥികളും സ്ഥിരവരുമാനമുള്ള ജോലി ഇല്ലാത്തവരുമായിരുന്നു. പരിഷത്തിൽ നിന്ന് മാറി സ്ത്രീകളുടെ കൂട്ടായ്മയിലും പ്രശനങ്ങളിലും ഇടപെടാൻ തുടങ്ങിയതോടെ രാത്രി താമസം ഒരു വലിയ പ്രശ്നമായി. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ വൈകീട്ട് ആറു ആറരക്ക് മുമ്പ് ഹോസ്റ്റലിൽ എത്തണം. ഞാൻ ഓഫിസിൽ നിന്ന് വരുമ്പോൾ തന്നെ ആ സമയമാകും.നഗരത്തിലെ സാംസ്കാരിക രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങൾ ആറു മണിക്ക് ശേഷമാണ്. ഫിലിം സൊസൈറ്റി, ലൈബ്രറി, ക്ലാസ്സുകൾ, സ്ത്രീ കൂട്ടായ്മ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക് നേരെ പ്രതിഷേധം, സമരം, പോലിസ് സ്റ്റേഷൻ, സ്ത്രീകൾക്കു വേണ്ടിയുള്ള നയ/ നിയമരൂപീകരണ ചർച്ചകൾ ... കഴിഞ്ഞ് രാത്രി 10–11 മണിക്ക് ശേഷമാണു് നെടുമ്പാശ്ശേരിയിലുള്ള എന്റെ വീട്ടിൽ എന്റെ പുരുഷനോ സ്ത്രീയോ ആയ ഏതെങ്കിലും സുഹൃത്തുക്കൾ ഒന്നിച്ച് ചെല്ലുന്നത്. മിക്കവാറും ഞങ്ങൾ ചെന്നതിനു ശേഷം എന്തെങ്കിലും ഭക്ഷണം ഉണ്ടാക്കി കഴിക്കും. കൂടെ വരുന്നവർ അപ്പോൾ തന്നെ തിരിച്ചു പോകുകയോ രാത്രി അവിടെ താമസിച്ച് രാവിലെ ഞാൻ ഓഫീസിലേക്ക് ആറരക്ക് പുറപ്പെടുമ്പോൾ തിരിച്ചു പോരുകയുമാണ് പതിവ്. ഒരു ദിവസം രാത്രി ഒരു പത്തര മണിക്ക് ഞാനും എന്റെ സുഹൃത്ത് ശിവരാമനും കൂടി വീട്ടിൽ ചെന്നപ്പോൾ അമ്മ പറഞ്ഞു ഇനി മേലാൽ ഇവിടെ ഇങ്ങനെ വരാൻ പറ്റില്ല. ഒന്നുകിൽ ആരെയെങ്കിലും വിവാഹം കഴിച്ച് 'സാമാന്യ മനുഷ്യരെ പോലെ ജീവിക്കുക, അല്ലെങ്കിൽ മറ്റെവിടേയെങ്കിലും പൊക്കോളൂ.' അന്ന് ഞാനനുഭവിച്ച അപമാനവും നിസ്സഹായതയും! എഴുതാനാവില്ല. ഒരു സ്ത്രീക്ക് ഒറ്റക്ക് ഒരു രാത്രി ചിലവഴിക്കുക എത്ര സാഹസമാണ്. ഞാൻ ഹോസ്റ്റലിലേക്ക് പോന്നു. താമസിക്കാൻ ഒരു വാടകവീട് കിട്ടുമോന്നന്വേഷിച്ചു. പെൺകുട്ടികൾക്ക് ആര് വീടുതരാൻ! കിട്ടില്ലെന്നു ഉറപ്പായപ്പോൾ ഞാനും ശിവരാമനും കൂടി ഒരു വീടെടുത്ത് താമസിക്കാൻ ആലോചിച്ചു.വിവാഹം കഴിക്കാത്ത സ്ത്രീക്കും പുരുഷനും താമസിക്കാൻ ഒരു വീടെന്നത് ചിന്തിക്കാൻ തന്നെ അവർക്ക് കഴിഞ്ഞിരുന്നില്ല. പിന്നെ ഏറെ ഞങ്ങൾ ആലോചിച്ചാണ് ജീവിത പങ്കാളികളാകുന്നത്. ജാതി മത സാമ്പത്തിക വ്യത്യാസങ്ങൾ എനിക്ക് പ്രശനമായിരുന്നില്ല. നിരവധി ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും എന്നെ അംഗീകരിക്കാനും എനിക്കൊപ്പം നിൽക്കുന്ന ഒരാൾ എന്ന നിലയിലായിരുന്നു തീരുമാനം. ഈ തീരുമാനം അറിഞ്ഞ അന്നു മുതൽ മരണം വരെ അമ്മയുടെ എല്ലാ സഹകരണവും പരിഗണനയും ഉണ്ടായിരുന്നു. അമ്മയുടെ മരണശേഷമാണ് ഞാൻ കേൾക്കുന്നത് ഞങ്ങളുടെ നാട്ടിലെ ഒരു ജംഗ് ഷനിൽ ഓരോ ദിവസവും ഓരോരോ ആളുകളുമായി വരുന്നത് കണ്ട് ഒരു ദിവസം അവിടെ നിന്ന ഒരാൾ കമന്റ് പറഞ്ഞു. എന്റെ നാട്ടിലെ ഒരു സുഹൃത്ത് അത് കേട്ട് ചോദ്യം ചെയ്തു, അടിയായി. അടുത്ത ദിവസം തിരിച്ചടിച്ചുവത്രേ!' മാത്രമല്ല അമ്മയുടെ കൂടെ ഉണ്ടായിരുന്ന സംഘടനാ പ്രവർത്തകരായ ചില അദ്ധ്യാപകർ .മോള് അരാജകവാദിയും സഭ്യമല്ലാത്ത ജീവിതമാണ് നയി ക്കുന്നതെന്നുമൊക്കെ കുത്തുവാക്കുകൾ പറഞ്ഞു. ഇതുകൊണ്ടൊക്കെയാണ് അമ്മ എന്നോട് അങ്ങനെ, പറയാനിടയായത്. ഞാൻ ഇതൊന്നും അറിഞ്ഞിരുന്നില്ല. അറിഞ്ഞാലും അന്നത്തെ മാനസികാവസ്ഥയിൽ അതൊന്നും എന്നെ ബാധിക്കില്ല.എന്നാൽ ഇന്ന് തന്റെ മകളെ / നമുക്കിഷ്ടപ്പെട്ട ആളെപ്പറ്റി മോശം കേൾക്കുന്നതും

ശേഷം പേജ് 58



ചർച്ചാവിഷയം

വിധു വിൻസെന്റ്
സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ സംവിധായിക, വിമൻ ഇൻ സിനിമ കളക്ടീവിന്റെ പ്രവർത്തക



# മേബിളമ്മായിയുടെ വീട്ടിലേക്കുള്ള യാത്ര

ഫെമിനിസ്റ്റുകളെ ഫെമിനിച്ചി എന്നുവിളിക്കുന്ന ഒരു കാലത്താണ് ഈ വിഷയം ആലോചിക്കുന്നത് എന്നുള്ളത് വളരെ പ്രസക്തമാണ്. കാരണം ഫെമിനിസ്റ്റ് എന്ന് പറയുന്നത് തന്നെ ഭയങ്കരമായി ആക്ഷേപിക്കുന്ന തരത്തിൽ പൊതുസമൂഹം ഉപയോഗിച്ചു തുടങ്ങിയിരിക്കുന്ന ഒരു കാലത്ത്. പക്ഷേ, ആക്ഷേപിക്കുമ്പോൾ പോലും അത് വളരെ പ്രസക്തമായി അല്ലെങ്കിൽ വളരെ സജീവമായോ ഫെമിനിസ്റ്റുകൾ പല മേഖലകളിലും ഇടപെടുന്നതായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്ന ഒരു കാലഗതിയാണ്. അതിന് സഹായകമായി പുറത്ത് നിന്നുണ്ടാകുന്ന ഒരു ആക്രമണമെന്നോ പ്രതിരോധമെന്നോ ഒക്കെ ഈ വിളിയെ മനസ്സിലാക്കാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഒരു സ്ത്രീവാദി എന്ന നിലയിൽ ആലോചിക്കുമ്പോൾ എനിക്ക് തോന്നുന്നത് ഒരു പക്ഷേ എന്റെ ചിന്തകൾക്കും ആലോചനകൾക്കും പ്രവർത്തനങ്ങൾക്കും മുന്നോട്ടുള്ള ഏതു നടത്തത്തിനും ഒരു ദിശാബോധം നൽകിയത് സത്യത്തിൽ ഫെമിനിസ്റ്റ് രാഷ്ട്രീയം തന്നെയാണ്. കാരണം ഞാൻ ഏതാണ്ടൊരു മധ്യവർഗ്ഗകുടുംബം എന്ന ഇടത്തുനിന്നാണ് വരുന്നത്.

എന്റേത് ഒരു ക്രിസ്ത്യൻ കുടുംബമായിരുന്നത് കൊണ്ടു തന്നെ ഒരു പെൺകുട്ടി എന്ന നിലയിൽ അടക്കി ഒതുക്കി അടിച്ചമർത്തപ്പെടുകയൊന്നും ചെയ്യുന്ന ഒരു സാഹചര്യം ഇല്ലായിരുന്നു. പെൺകുട്ടികൾ പഠിക്കണം ജോലി തേടണം, ഇച്ഛിക്കുന്ന ആളെയേ കല്യാണം കഴിക്കാൻ പാടുള്ളൂ എന്നും വിചാരിക്കുന്ന കുടുംബമായിരുന്നു എന്റേത്. അതുകൊണ്ടു തന്നെ ആ നിലയിൽ വീട്ടിൽ അത്ര പ്രകടമായി ഒരു പിന്തിരിപ്പിക്കൽ ഒന്നും ഉണ്ടായിട്ടില്ല. എന്നു മാത്രമല്ല എന്റെ അമ്മ ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ സൈക്കിൾ വാങ്ങിച്ചു തരുകയും സൈക്കിളിൽ ലൈബ്രേറിയിൽ പോകണമെന്ന് നിർബന്ധിക്കുകയും ചെയ്തിരുന്ന ആളായിരുന്നു. ഞാൻ എന്നും ലൈബ്രേറിയിൽ പോകുമ്പോൾ കൂട്ടുകാരുടെ വീട്ടിൽ ചെന്ന് അവരോട് ചോദിക്കുമ്പോൾ അവർ പറഞ്ഞു അത് ആണുങ്ങൾ വരുന്ന സ്ഥലമാണ്, അവിടേക്ക് മോളെ വിടില്ലെന്ന് അമ്മ പറഞ്ഞു എന്ന്. എന്റെ അമ്മ അതിന് അനുവാദം തന്നിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ എന്നാൽ കുഴപ്പമില്ല നീ പോയ്ക്കോ എന്നാണ് പറഞ്ഞത്. അങ്ങനെയുള്ള അവസ്ഥയുണ്ടെങ്കിലും എന്റെ വീട്ടിൽ അങ്ങനെയുണ്ടായിട്ടില്ല.

നമ്മൾ പുറത്തേക്കിറങ്ങുകയും പുറത്തിറങ്ങി കാര്യങ്ങൾ ചെയ്യുകയും ജോലി ചെയ്യാനുമൊക്കെ തുടങ്ങുന്ന സമയത്താണ് സമൂഹം ഏതൊക്കെ നിലയിലാണ് നമ്മളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നത് അല്ലെങ്കിൽ സമൂഹത്തിന് നമ്മളെക്കുറിച്ചുള്ള ധാരണ എങ്ങനെയാണ് സെറ്റു ചെയ്തിരിക്കുന്നത്, സ്ത്രീയെക്കുറിച്ചുള്ള സമൂഹത്തിന്റെ



**പതിനഞ്ചുവർഷമായി മാധ്യമപ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്നയാളാണ്. ഞാൻ സത്യത്തിൽ തിരിച്ചറിയുന്നത് എന്റെ ജോലി യിലൂടെ എന്റെ തൊഴിലിടം എങ്ങനെയാണ് സ്ത്രീസൗഹാർദ്ദപരമാക്കാൻ പറ്റുന്നത്, അവിടെ എന്തൊക്കെ പ്രശ്നങ്ങളാണ് സ്ത്രീയെന്ന നിലയിൽ ഞാൻ അനുഭവി ക്കേണ്ടി വരുന്നത്, അല്ലെങ്കിൽ എന്റെ കൂടെ യുള്ളവർ അനുഭവിക്കേണ്ടി വരുന്നത്. അത് പ്രത്യക്ഷമായതും പരോക്ഷമായതും ആയ പ്രശ്നങ്ങൾ ഉണ്ട്.**

വിചാരങ്ങൾ എന്താണ്, അത് എങ്ങനെയാണ് നമ്മളെ അനു സരിപ്പിക്കുന്നത് എന്ന് നമ്മൾ തിരിച്ചറിയാൻ പോകുന്നു എന്നുള്ളത്. സിനിമ ഒരേ സമയം നമ്മുടെ സുഹൃത്തു ക്കൾക്കൊപ്പം അതിനു വല്യ സഹായമായിട്ടുണ്ട്.

വേറൊരു തരത്തിൽ നമ്മുടെ രാഷ്ട്രീയത്തെ നിർണ്ണയി ക്കാനും അതിനെ വഴിതിരിച്ചു വിടാനും സുഹൃത്തുക്കൾ ഒരു പാട് സഹായകമായിട്ടുണ്ട്. ഞാനൊരു മാധ്യമ പ്രവർത്തകയാണ്. പതിനഞ്ചു വർഷമായി മാധ്യമപ്രവർത്തനം ചെയ്തു കൊണ്ടിരിക്കുന്നയാളാണ്. എന്റെ തൊഴി ലിടം എങ്ങനെയാണ് സ്ത്രീസൗഹാർദ്ദപ രമാക്കാൻ പറ്റുന്നത്, അവിടെ എന്തൊക്കെ പ്രശ്നങ്ങളാണ് സ്ത്രീയെന്ന നിലയിൽ ഞാൻ അനുഭവി ക്കേണ്ടി വരുന്നത്, അല്ലെങ്കിൽ എന്റെ കൂടെയുള്ളവർ അനുഭവിക്കേണ്ടി വരുന്ന ത് എന്തൊക്കെയാണ് ഞാൻ സത്യത്തിൽ തിരിച്ചറിയുന്നത് എന്റെ ജോലിയിലൂടെ. അതിൽ പ്രത്യക്ഷമായതും പരോക്ഷമാ യതും ആയ പ്രശ്നങ്ങൾ ഉണ്ട്. എല്ലാം സൂക്ഷ്മവ്യത്യാസങ്ങൾ. ഇങ്ങനെയൊ ക്കെയുള്ള ഒരു പാട് സംഗതികളിലേ ക്കാണ് സ്ത്രീവാദരാഷ്ട്രീയത്തെക്കുറി ച്ചുള്ള ആലോചനയും അതിനെക്കുറി ച്ചുള്ള ചിന്തയുമൊക്കെ എന്നെ കൊണ്ടു പോവുന്നത്. സ്വഭാവങ്ങളെ സംബന്ധിച്ച് സ്വന്തം പഠനങ്ങൾ നടത്തുവാനും ആ കാലഘട്ടം വളരെ സഹായിച്ചു. ഇതിനു ശേഷം സത്യത്തിൽ വേറൊരു തരത്തിൽ സർഗ്ഗാത്മക പ്രവർത്തനം എന്ന നിലയിൽ സിനിമ ചെയ്യാൻ തീരുമാനിക്കുമ്പോൾ, സിനിമ ചെയ്തപ്പോൾ, എന്റെ ജീവിത ത്തിൽ നിന്ന് ഒരു നിമിഷം പോലും ഇത് മാറി നിൽക്കുന്നില്ല.

ഞാൻ എന്താണ് എന്നുള്ളത് ഞാൻ ആർജ്ജിച്ചിരിക്കുന്ന രാഷ്ട്രീയബോധ മായി ഉൾച്ചേർന്നിരിക്കുന്നു. എന്റെ സ്വത്വം എന്നുതന്നെ പറയേണ്ടിയിരിക്കു ന്നു. അതുകൊണ്ടു തന്നെ അതിൽ നിന്ന് ഭിന്നമായി ആലോചിക്കാനോ എന്നെ കാണാനോ മാറ്റി നിർത്താനോ പറ്റിയിട്ടി ല്ല; പറ്റാറുമില്ല. അങ്ങനെ അതിനെ ഇന്റേർണലൈസ് ചെയ്തിരിക്കുന്ന ഒരാ ളാണു ഞാൻ. അതുകൊണ്ട് തന്നെ നമ്മുടെ കുടുംബജീവിതത്തിൽ ആവട്ടെ എപ്പോഴും ഇത്തരത്തിൽ അസ്വസ്ഥകൾ ഉണ്ടാകുമ്പോൾ പ്രശ്നമാക്കിക്കൊണ്ടിരി ക്കാൻ, പ്രശ്നവത്ക്കരിക്കാൻ ശ്രമിക്കു കയും ഒക്കെ ചെയ്യുന്നുണ്ട്. അതിൽ വിജ യിക്കുന്നുണ്ടോ എന്നത് വേറെ കാര്യം. സ്ത്രീവാദിയായിരിക്കുക എന്നു പറ ഞ്ഞാൽ നമ്മുടെ ജീവിതത്തിൽ നമ്മൾ തന്നെ സ്വന്തം നിലയിൽ നമ്മുടെ തന്നെ ആലോചനയിൽ അതിനെ സമന്വയിപ്പി ക്കുകയോ ചെയ്യുന്ന ഒരവസ്ഥയാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. അത് ഭയങ്കര ഗംഭീര നിർമ്മിതിയാണ്. അങ്ങ നെയൊക്കെ പാട്രിയാർക്കൽ സമൂഹം

നമുക്ക് പലപ്പോഴും അഡ്ജസ്റ്റ്മെന്റുകൾക്ക് പോസിബിലിറ്റി ഉണ്ടാക്കുന്നുണ്ട്. നമ്മൾ അതിന് തയ്യാറാവാതെ വരുന്നുണ്ട്. എന്താണ് ഈ അഡ്ജസ്റ്റ്മെന്റ് ആരുടെയാണ് തീർപ്പ്? ആരാണ് ഒത്തുതീർക്കേണ്ടത്.? ഇങ്ങനെ കുറേ വിഷയങ്ങളുണ്ട്.

സ്ത്രീവാദികൾ അഡ്ജസ്റ്റ്മെന്റിന് തയ്യാറല്ല എന്ന് പറയുന്നവരാണെങ്കിൽ അത്തരത്തിൽ ബോധമുള്ളവരെ മാറ്റി നിർത്താറുണ്ട്. നമുക്കൊക്കെ അത് സംഭവിക്കുന്നുണ്ട്. ഞാനൊരു സിനിമ ചെയ്ത സമയത്ത് സിനിമയിലെ ഒരു സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചപ്പോൾ ഓരോ ദിവസവും ഓരോ നിമിഷവും കൂടുതൽ കൂടുതൽ അനുഭവിച്ചുകൊണ്ടിരുന്നതാണ്. സിനിമ എന്നു പറയുന്നത് പല തരത്തിലുള്ള രാഷ്ട്രീയസ്വാധീനം, ആവിഷ്ക്കാരം അതിലൊക്കെ നിൽക്കുന്നതാണ്. അതിൽ നമ്മുടെയൊരു നീതിക്കു വേണ്ടിയിട്ടുള്ള സമരമില്ലെങ്കിൽ അത്തരത്തിലുള്ള എന്റെ രാഷ്ട്രീയം എങ്ങനെയാണ് എനിക്ക് പറയാൻ പറ്റുന്നത്. എനിക്ക് തോന്നുന്നത് മരണം വരെ ഈയൊരു സമസ്യ നമ്മുടെ മുമ്പിൽ ഉണ്ടാകും എന്നാണ്. കാരണം എന്താണെന്ന് വെച്ചാൽ ഒരു പാട്രിയാർക്കൽ അല്ലാത്ത ലോകം എന്നു പറയുന്നത് സാറ ടീച്ചർ പണ്ട് സ്വപ്നം കണ്ട എഴുത്തുകാരിയുടെ വീട്, ആ മേബിളമ്മായിയുടെ വീട് സ്വപ്നം കാണാനേ നമ്മുക്ക് പറ്റുന്നുള്ളൂ. മേബിളമ്മായിയുടെ വീട്ടിലേക്കുള്ള യാത്രപോലെയാണ് ഓരോ സ്ത്രീയുടെ സ്ത്രീവാദരാഷ്ട്രീയവും. തുടങ്ങുന്ന ഇടത്തേക്കുള്ള യാത്ര മേബിളമ്മായിയുടെ യാത്ര പോലെയാണെന്ന് എനിക്ക് പലപ്പോഴും തോന്നാറുണ്ട്. അതുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല. പക്ഷേ, ആ സ്വപ്നമാണ് നമ്മളെ മുന്നോട്ട് നടത്തുന്നത്. ആ സ്വപ്നമില്ലെങ്കിൽ നമുക്ക് നിലനിൽക്കാൻ പോലും പറ്റില്ല എന്ന അവസ്ഥയാണ്. എന്നെ സംബന്ധിച്ചാണെങ്കിൽ സിനിമ ചെയ്യുമ്പോൾ, എഴുതുമ്പോൾ ചിലപ്പോൾ വരയ്ക്കുമ്പോൾ ചിന്തിക്കുമ്പോൾ സംസാരിക്കുമ്പോൾ ഒക്കെ. അല്ലെങ്കിൽ ഓരോ ദിവസവും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കും. അല്ലെങ്കിൽ നിലവിലുള്ള പ്രശ്നങ്ങളുടെ തന്നെ അതിന്റെ സാധ്യതകളിലേക്ക് അതിന്റെ പരിമിതികളിലേക്ക് നമുക്ക് പോകേണ്ടി വരും. ഇത് പരിമിതിയാണ് നമുക്ക് അപ്പുറത്തേക്ക് പോകാൻ പറ്റില്ല. അപ്പോൾ നമ്മൾ എന്താണ് ചെയ്യേണ്ടത്? ഇങ്ങനെ ഓരോ ദിവസവും നമ്മൾ നീക്കുന്നത് വെല്ലുവിളിയായിട്ടാണ്. വിവാദ രാഷ്ട്രീയത്തെ ഇന്റേർണലൈസ് ചെയ്തുകൊണ്ടു തന്നെ എന്ന് എനിക്ക് തോന്നുന്നു.

---

**പേജ് 55 തുടർച്ച**

സിനിമയിലെ പോലെ അടി നടക്കുന്നതുമൊക്കെ എങ്ങനെ വേദനിപ്പിക്കും എന്ന് മനസ്സിലാവും. പക്ഷേ നിലപാടിൽ മാറ്റമൊന്നും വരുത്തില്ല. ശിവരാമനൊന്നിച്ച് വാടക വീട്ടിൽ താമസം തുടങ്ങിയപ്പോൾ വീണ്ടും പ്രശ്നങ്ങളായി അവിടെ ധാരാളം സ്ത്രീ പുരുഷന്മാർ വരുന്നതും ഉറക്കെ സംസാരിക്കുന്നതും പാട്ട് പാടുന്നതും കെട്ടിട ഉടമക്ക് പ്രശ്നം. ഒരു ചെറിയ വീട് വച്ച് മാറി. പിന്നെ റേഷൻ കാർഡ്, കരം, വാട്ടർ ചാർജ്, ഇലക്ട്രിസിറ്റി, ഗ്യാസ് കണക്ഷൻ, ഭക്ഷണം, പാകം ചെയ്യൽ, ക്ലീനിംഗ്, കുടുംബത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്. വായന,എഴുത്ത്, യാത്രകൾ എല്ലാം പരിമിതപ്പെടുന്നു. പക്ഷേ പരസ്പരം താങ്ങും തണലുമായി പരിമിതികളെ മറികടക്കാൻ ശ്രമിക്കുന്നു. ദിവസവും പത്തു മണിക്കൂറിലധികം സമയം ചെലവഴിക്കേണ്ട- പൊതുജീവിതവുമായി ബന്ധമില്ലാത്ത ജോലി സ്വാതന്ത്ര്യത്തെ ഒരു പാട് പരിമിതപ്പെടുത്തുന്നുണ്ട്. ഈ ജോലിയുടെ സാമ്പത്തിക സ്വാശ്രയത്തവും സാമൂഹ്യ അംഗീകാരവും എന്നെ ശക്തിപ്പെടുത്തുന്നുണ്ട്. തുടക്കത്തിൽ പറഞ്ഞതു പോലെ ഞാൻ ജനിച്ചു വളർന്നത് ഏകപതി സവർണ സംസ്കാരത്തിലാണ്. പിന്നീട് എന്റെ ശരീരത്തിന്റെ/ സ്ത്രീ ശരീരത്തിന്റെ അവകാശി സ്ത്രീ തന്നെയാണ് എന്ന ബോധമാണ് എന്നെ നയിച്ചത്. ഞാൻ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ (SFI ) 15-16 വയസ്സു മുതൽ പ്രവർത്തിക്കുമ്പോൾ ഞാനൊരു പെൺകുട്ടിയും ധാരാളം ആൺകുട്ടികളുമായി രാത്രിയാത്രകൾ നടത്തുന്നതും യോഗങ്ങളിൽ പങ്കെടുക്കുന്നതും സ്വാഭാവികമായിരുന്നു. അന്ന് അവർ നല്കിയ സ്നേഹവും കരുതലും വിമർശനവുമെല്ലാമാണ് പൊതുപ്രവർത്തനം ജീവിതത്തിന്റെ ഭാഗമാക്കാൻ എനിക്ക് ധൈര്യം നല്കിയത്. പിന്നിട് പരിഷത് പ്രവർത്തനത്തിനിടയിലും എന്നെ അലോസരപ്പെടുത്തുന്ന നോട്ടമോ സ്പർശമോ ഉണ്ടായിട്ടില്ല.എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടായപ്പോഴേക്കും സ്ത്രീ പുരുഷ സൗഹൃദങ്ങൾക്ക് മാറ്റം വന്നു.പലതും ഒരു ബാദ്ധ്യതയായി മാറി. പല കാര്യങ്ങളിലും സ്നേഹവും ബഹുമാനവും ഉള്ളിലുണ്ടെങ്കിലും ഒരു ലൈംഗിക വയലൻസ് ബുദ്ധിമുട്ടുണ്ടാക്കാറുണ്ട്. ഒരു ഐഡിയൽ സമൂഹത്തിൽ സ്ത്രീകൾ എങ്ങനെ എന്നു ചിന്തിക്കുകയും സ്വകാര്യ സ്വത്തു നിലനില്ക്കുന്ന സാമൂഹ്യ സുരക്ഷിതത്വം ഇല്ലാത്ത സമൂഹത്തിലാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും ചെയ്യുന്നു.




## ചർച്ചാവിഷയം

**ഇഞ്ചിപ്പെണ്ണ്**

സോഫ്റ്റ്‌വയർ ടെക്നോളജി ഡയറക്റ്ററായി പകലും, ഗ്ലോബൽ വോയ്സസിലും ഗ്ലോബ്വൽ അഡ്വക്കസി ഗ്രൂപ്പിലും ജേർണലിസ്റ്റായി ഒഴിവു നേരങ്ങളിലും ജീവിക്കുന്നു.


# സ്ത്രീപക്ഷവും കാലഹരണപ്പെട്ട വർഗ്ഗ സിദ്ധാന്തങ്ങളും

കാഴിഞ്ഞ രണ്ട് കൊല്ലത്തെ കാലയളവിൽ പെണ്ണൊച്ചകളില്ലാത്ത ഒരു സമരവും ഉണ്ടായിട്ടില്ല. നേർസിംഗ് സമരങ്ങളും പെമ്പിളൈ ഒരുമയും മുതൽ വാഷിംഗ്ടൺ ഡിസി-യിലെ സ്ത്രീപക്ഷ പ്രതിഷേധങ്ങളിൽ വരെ അലയടിക്കുന്ന ഈ പെണ്ണൊച്ചകൾ മൈത്രേയീ ചാറ്റർജിയുടെ 'Refashioning India: Gender, Media and a Transformed Public Discourse' എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നതുപോലെ അമിതദൃശ്യത സ്ത്രീപക്ഷത്തിനു ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട് എന്ന് ആരോപിക്കാമെന്നായിട്ടുണ്ട്. എന്താണ് സ്ത്രീപക്ഷ അമിതദൃശ്യത?

ഈ കാലഘട്ടത്തിലും സ്ത്രീപക്ഷവാദികൾ കാംക്ഷിക്കുന്ന സമത്വസ്വപ്നങ്ങൾ വിദൂരമായിരിക്കേ, അമിതദൃശ്യത എന്ന പദം ഒരു വിരോധാഭാസമായി തോന്നാമെങ്കിലും, നവസ്ത്രീപക്ഷ വാദം വിപണിയുടെ നിർബന്ധവും ആവശ്യമാണെന്നും തന്നെ സമർത്ഥിക്കേണ്ടതായി വരുന്നു.

ഒരു കുസൃതി ചോദ്യം ചോദിച്ചാൽ "സ്ത്രീകൾക്ക് മാത്രം ഉപയോഗിക്കാവുന്ന ഒരു ഫേസ്ബുക്ക് ഉണ്ടെങ്കിൽ ഇത്രയധികം ആണുങ്ങൾ ഫേസ്ബുക്ക് ഉപയോഗിക്കുമായിരുന്നോ?" അതായത് നവമാധ്യമങ്ങളാണ് ഈ അമിതദൃശ്യത സ്ത്രീസ്വരങ്ങൾക്ക് സഹായകമാക്കിയത് എന്ന് നിസ്സംശയം പറയാമെന്നിരിക്കേ, ഫെമിനിസം എന്ന വാക്ക് മാറിയും മറിഞ്ഞും ഇടക്കാല ഫാഷൻ പോലെ മിന്നിയും തെളിഞ്ഞും ട്രെൻഡ് സെറ്ററായും നിലനിൽക്കാൻ നവമാധ്യമങ്ങളുടെ ചട്ടക്കൂടുകൾ വളരെയധികം ഉപകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഇത്രയധികം പുരോഗതി പ്രാപിച്ച ഒരു കലാഘട്ടത്തിലും ഒരിക്കലുമില്ലാത്തവണ്ണം സോഷ്യൽ മീഡിയകൾ ഉപയോഗിക്കുന്ന ഏതൊരു സ്ത്രീയും അവിശ്വസനീയമാം വിധം അധിക്ഷേപിക്കപ്പെടുന്നുമുണ്ട്.

ഒരേ സമയം ഉപദ്രവിക്കുകയും ഉപദ്രവിക്കപ്പെടുന്നതിലൂടെ തന്നെ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു എന്നു തോന്നിപ്പിക്കുന്നത് മുതലാളിത്തവ്യവസ്ഥിതിയുടെ തന്ത്രമല്ലായെന്ന് നിഷേധിക്കാനാകുമോ? സ്ത്രീപക്ഷവാദത്തിന്റെ തീവ്രവലതുപക്ഷ വ്യതിയാനങ്ങൾ വസ്തുതകളേയും യാഥാർത്ഥ്യങ്ങളേക്കാളുമുപരി വികാരങ്ങൾ കൊണ്ട് നിയന്ത്രിക്കപ്പെടുന്ന കൃത്രിമമായ സത്യങ്ങളുടെ (post-truth) ഈ കാലഘട്ടത്തിൽ ത്രീവവലതുപക്ഷ കാഴ്ചപ്പാടിലൂടെ നവസ്ത്രീപക്ഷ വാദങ്ങൾ ഉരുത്തിരിയുന്നത് ആശങ്കാജനകമായ സ്ഥിതിവിശേഷമായി മാറിക്കഴിഞ്ഞിരിക്കുന്നു എന്ന് കരുതുന്നതിൽ തെറ്റില്ല. ഉദാഹരണമായി, ഇന്ത്യയുടെ തീവ്രവലതുപക്ഷ പ്രധാനമന്ത്രിയായ നരേന്ദ്രമോദിയുടെ ക്യാബിനറ്റിലെ ആഭ്യന്തരമന്ത്രിയായിരിക്കുന്ന നിർമ്മലസീതാരാമനും നയതന്ത്ര മന്ത്രിപദവിയിലുള്ള സുഷമാസ്വരാജും സ്ത്രീപക്ഷം എന്നൊരു മറയിലൂടെയണ് അവരുടെ തീവ്രവലതുപക്ഷ തീരുമാനങ്ങൾ നടപ്പിലാക്കുന്നതു. സ്ത്രീപക്ഷത്തിന്റെ വിമോചനപരമായ പ്രത്യയശാസ്ത്രത്തിനു തീവ്രവലതുപക്ഷവുമായി യാതൊരു ബന്ധവുമില്ലായെന്നിരിക്കേ, എങ്ങിനെയാണ് ഇവർ "ബേട്ടി ബെച്ചാവോ" എന്ന് അലറുന്നത്? പക്ഷെ ഇത് ഇന്ത്യയിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല. യൂറോപ്പിലെ സ്ത്രീപക്ഷവാദികളുടെ കടുത്ത ഇസ്ലാമോഫോബിയയെക്കുറിച്ച് സാറാ ആർ ഫാരിസ് എഴുതിയ 'In the Name of Women's Rights: The Rise of Femonationalism . Duke University Press. 2017'- ൽ വളരെ വിശദമായി തന്നെ വരച്ച് കാണിക്കുന്നുണ്ട്. ഫ്രഞ്ച് നവലിബറൽ ഫെമിനിസ്റ്റുകളും ഡച്ച് ത്രീവ്രവലതുപക്ഷ സ്ത്രീകളും കൈകോർത്തു ഫെമിനിസത്തെ വിദഗ്ദമായി അപഹരിച്ചുകൊണ്ട് പോയിരിക്കുന്നത് ഒരുപാട് ഉദാഹരണങ്ങളിലൂടെ സാറാ പഠിക്കുകയും ചെയ്തിട്ടുണ്ട്.

മുതലാളിത്ത വ്യവസ്ഥതയുടെ ഉപോൽപ്പന്നമായ തീവ്രവലതുപക്ഷം സ്ത്രീപക്ഷവാദത്തെയാണ് അവരുടെ പ്രതിനിധിയായും കാലാൾപ്പടയായും ഇപ്പോൾ മുന്നിൽ നിറുത്തുന്നത്. ഈ

പ്രതിഭാസത്തെ സാറാ ഫാരിസ് വിശേഷിപ്പിക്കുന്നത് 'ഫെമോനാഷൺലിസം' (femonationalism) എന്ന പദത്തിലൂടെയാണ്. സ്ത്രീപക്ഷം + ദേശീയവാദം = ഫീമോനാഷണലിസം എന്തുകൊണ്ടാണ് സ്ത്രീപക്ഷവാദത്തെ മുതാലാളിത്ത വ്യവസ്ഥിതികൾക്ക് അവരുടെ വിപണിക്ക് അനുസൃതമായി രൂപപ്പെടുത്താൻ സാധിക്കുന്നത് എന്നതും ആഴത്തിൽ ചിന്തിക്കേണ്ട കാര്യമാണ്. വർഗ്ഗസമരങ്ങളുടെ വിടവുകൾ മുതലാളിത്ത വ്യവസ്ഥിതിയെ തകർക്കാൻ തക്ക സുതാര്യമായ ചട്ടക്കൂടുകളുള്ള മാർക്സിസത്തിന്റെ ഏറ്റവും ഗുരുതരമായൊരു പോരായ്മയമായി ഉയർത്തിക്കാട്ടുന്നതു വർഗ്ഗസമരങ്ങൾക്ക് വേണ്ടി ലിംഗസമരങ്ങളെ പരിത്യജിച്ചു എന്നാണല്ലോ. ഇവയെ മറികടക്കാൻ ഇക്കാലയളവിലും സാധിച്ചിട്ടില്ല എന്നത് ചരിത്രപരമായ പിശകായി തന്നെ കാണേണ്ടതായി വരും. ഇതിനെ ചുറ്റുപ്പറ്റിയൊരു ഉദാഹരണം ചൂണ്ടിക്കാണിച്ചാൽ, നരേന്ദ്ര മോദി നോട്ടുകൾ പിൻവലിച്ചത് കാരണം വളരെയധികം നേരം ക്യൂ നിൽക്കുന്ന പുരുഷൻ/ കുടുംബനാഥൻ അതിന്റെ അരിശം തീർക്കുന്നത് ഭാര്യയെ തല്ലിക്കൊണ്ടാണെന്ന് ഒരു തമിഴ് ചാനലിനു കൊടുത്ത അഭിമുഖത്തിൽ ഒരു ഓട്ടോ റിക്ഷ ഡ്രൈവർ പറയുന്നുണ്ടായിരുന്നു. അതു കൂടാതെ ഭർത്താവോ/അച്ഛനോ/രക്ഷാധികാരിയോ അറിയാതെ അല്ലെങ്കിൽ കണക്കിൽപ്പെടുത്താതെ വെച്ചിരുന്ന സ്ത്രീജനങ്ങൾക്ക് മാത്രം അറിയുമായിരുന്ന ആയിരമോ രണ്ടായിരമോ രൂപയുടെ കണക്കുകളും ബ്ലാക്ക് മണി എന്ന പേരിൽ കുഴിച്ച് മൂടിയിട്ടുണ്ടാവും. എന്നിരിക്കിലും നോട്ട് നിരോധനം വഴി നരേന്ദ്ര മോദിയുടെ ഭരണം കാഴ്ചവെച്ച ജനങ്ങൾക്ക് മുകളിലുള്ള ഒരു ചതി ഏറ്റവും കൂടുതൽ ബാധിച്ചത് സ്ത്രീകളെയാണെന്ന് ഒരു ഊഹം മുന്നോട്ട് വെച്ചാലും അതിനെ സാധൂകരിക്കുന്ന കണക്കുകൾ ലഭ്യമാവുക പ്രയാസമാണ്.

സ്ത്രീയുടെ തൊഴിലുല്പാദനം / തൊഴിലാളി വർഗ്ഗത്തിലേക്ക് അവളുടെ അംഗസംഖ്യ ചേർക്കപ്പെടുന്നതിനു മുൻപുള്ള ഒരു 'ജീവിത കണക്ക്' നെക്കുറിച്ച് അല്ലെങ്കിൽ 'ഇമോഷണൽ ലേബർ' നെക്കുറിച്ച് ഇപ്പോഴും വിരലിൽ എണ്ണാവുന്ന പുസ്തകങ്ങളും ഗവേഷണങ്ങളും

നിലവിൽ വന്നിട്ടുള്ളൂ. തൊഴിലിടങ്ങളിൽ ഉയർന്ന തസ്തികളിലെ സ്ത്രീകളാവട്ടെ 'എക ്സിക്യൂട്ടീവ് ഫെമിനിസം' എന്ന വിളിപേരിൽ അറിയപ്പെടുന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ കാവലാളുകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവയെല്ലാം സ്ത്രീപക്ഷ ആശയങ്ങളുടെ സങ്കീർണ്ണതത കൂട്ടുകയാണ് ചെയ്യുന്നത്.

1. സ്വതന്ത്രയായിരിക്കണമെന്ന് ശഠിക്കുന്ന സ്ത്രീപക്ഷവാദം 'സ്വാതന്ത്ര്യത്തെ' തൊഴിലിലൂടെ മാത്രമാണോ നിരീക്ഷണ വിധേയമാക്കുന്നത്?

2. തൊഴിലാണ് ഒരുവളുടെ സ്വാതന്ത്ര്യമെങ്കിൽ അതിനു സാധിക്കാത്ത വേതനമില്ലാത്ത സ്ത്രീകളുടെ തൊഴിലുകൾ എന്തിന്റെ പരിധിയിൽ വരുന്നു?

3. തൊഴിലിടങ്ങളിൽ ഉയർന്ന തസ്തികകൾ അലങ്കരിക്കുന്ന സ്ത്രീകൾ എത്ര കണ്ട് സ്ത്രീപക്ഷവാദം മുന്നോട്ട് നടത്തിക്കൊണ്ട് പോകാൻ സാധ്യതയുണ്ട്? ഇതിന്റെ ബെക്ഡൽ (bechdel) ടെസ്റ്റ് എന്താണ്?

തിതി ബട്ടാചാര്യ എഡിറ്റ് ചെയ്ത പ്ലൂട്ടോ പ്രെസ്സ് പ്രസിദ്ധീകരിച്ച "Social Reproduction Theory Remapping Class, Recentering Oppression" Oct 2017 എന്ന പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് തിതി എഴുതിയിരിക്കുന്നത് ഇവിടെ പ്രതിപാദിക്കുന്നത് അനുചിതമായേക്കും.

"തൊഴിലാളികൾക്ക് തൊഴിൽ എന്നത് തൊഴിലിടങ്ങളിലെ മാത്രം അവസ്ഥയല്ല. ഒരു തൊഴിലാളി സ്ത്രീ അവളുടെ വീട്ടിൽ ജീവിക്കുകയും, കുട്ടികളെ സർക്കാർ വക പാർക്കിൽ കൊണ്ടു പോവുകയും, സർക്കാർ സ ്കൂളിലയച്ച് പഠിപ്പികുകയും, തന്റെ പ്രായം ചെന്ന അമ്മയോട് ചിലപ്പോൾ ഭക്ഷണം പാചകം ചെയ്യാനുള്ള സഹായം ആവശ്യപ്പെടുകയും ചെയ്യുന്നുണ്ടാവും. അതായത്, തൊഴിലാളി സ്ത്രീയുടെ തൊഴിലിന്റെ പുനരുല്പാദനം നടക്കുന്നത് ഒട്ട് മിക്കപ്പോഴും തൊഴിലിടങ്ങളിലാവണമെന്നില്ല." - Social Reproduction Theory Remapping Class, Recentering Oppression' Oct 2017

പെമ്പിള ഒരുമൈ സമരത്തിൽ തന്താങ്ങളുടെ 'പഴകി പൊളിഞ്ഞ് വീണേക്കാവുന്ന' വീടുകളെക്കുറിച്ചും ആ സ്ത്രീകൾ ആകുലപ്പെട്ടതും സമരത്തിൽ മുന്നോട്ട് വെച്ചതും ഇതോടൊപ്പം ചേർത്ത് വായിക്കുക. തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെട്ടാലും അവരുടെ ജീവിതാവസ്ഥക്ക് കാര്യമായ മാറ്റം ഉടനടി വരുത്താൻ സാധിക്കില്ല എന്നായിരുന്നു ആ സമരത്തിലെ ആവശ്യങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ടത് "തൊഴിലാളിയുടേയും തൊഴിലിന്റേയും ഈയൊരു വശം ആരാണ് ഏറ്റവും കൂടുതൽ മനസ്സിലാക്കുന്നത്? മുതലാളിത്തം. അതുകൊണ്ടാണ്, മുതലാളിത്തം സംസ്കാരിക പുനരുല്പാദനത്ത കാര്യമായി ആക്രമിക്കുന്നതും അതിൽ ജയിക്കാൻ ശ്രമിക്കുന്നതും. അതുകൊണ്ടാണ് പൊതുമേഖലയെ മുതലാളിത്തം നശിപ്പിക്കാൻ ശ്രമിക്കുന്നതും, തൊഴിലാളിയുടെ ജീവിത സാഹചര്യങ്ങൾ, കുടുംബത്തിന്റെ ബാധ്യതയിലേക്ക് മാറ്റി സ്ഥാപിക്കാൻ ശ്രമിക്കുന്നതും, സാമൂഹിക സുരക്ഷിതത്വം അറുത്തുമാറ്റാൻ ശ്രമിക്കുന്നതും, സ്ത്രീ തൊഴിലാളിയുടെ ചുമലിലേക്ക് ഇവയെല്ലാം ഏൽപ്പിച്ച് കൈകഴുകുന്നതും, അതിലൂടെ അവരെ ബലഹീനതയെ ഉപയോഗിക്കാൻ ശ്രമിക്കുന്നതും" - Social Reproduction Theory. Remapping

Class, Recentering Oppression' Oct 2017

ബംഗ്ലാദേശിൽ വലിയ വസ്ത്രവ്യാപാരികൾക്ക് വേണ്ടി തുന്നൽ ജോലികളിൽ ഏർപ്പെട്ടിരുന്ന സ്ത്രീകൾ വളരെ തുച്ഛമായ വേതനത്തിൽ തൊഴിലെടുത്തിരുന്നു. അത് കൂടതെ അവരുടെ കുട്ടികളെ കൂടി ഈ തൊഴിൽശാലകളിൽ കൊണ്ട് വരേണ്ടതായിട്ടും അപകടം നടന്നപ്പോൾ കുട്ടികളടക്കം മരണപ്പെട്ടതായും നമ്മൾ കണ്ടതാണല്ലോ.

“ഈ അവസ്ഥ ആരാണ് ഏറ്റവും നന്നായി മനസ്സിലാക്കുന്നത്? റെവല്യൂഷണറി മാർക്സിസ്റ്റുകൾ. ഇതുകൊണ്ടാണ് വർഗ്ഗസമരത്തിൽ വിശ്വസിക്കുന്ന മാർക്സിസ്റ്റുകൾക്ക് പുനരുല്പാദന പ്രക്രിയയുടെ വൃത്തത്തിലും, സർക്കാർ വക സ്കൂളുകളുടെ അടച്ചുപൂട്ടലിലും, സ്ത്രീകൾ വീടുകളിൽ ഉപദ്രവിപ്പിക്കപ്പെടുന്ന അവസ്ഥകളോടും , അവരുടെ ഉയർന്ന വേതനത്തിനും ജീവിതാവസ്ഥകൾക്കും വേണ്ടി പോരാടാൻ സാധിക്കുന്നത്. രണ്ട് വിധത്തിലാണ് ഈ പോരാട്ടം തുടരാൻ സാധിക്കുക. A) മാർക്സിസ്റ്റ് തിയറിയിലൂടെ തന്നെ വിവിധ തൊഴിലിടങ്ങൾ (വേതനം ലഭിക്കുന്നവയും അല്ലാത്തവയും) തമ്മിലുള്ള ബന്ധം അപഗ്രഥിക്കണം. B) ചൂഷിത വിഭാഗങ്ങൾക്കായുള്ള നീതിവ്യവസ്ഥതിതി രൂപപ്പെടുത്തണം, പ്രത്യേകിച്ച് പൊതു തൊഴിലിടങ്ങളല്ലാത്ത ഇടങ്ങളിൽ. ' - Social Reproduction Theory. Remapping Class, Recentering Oppression' Oct 2017

മുതലാളിത്തവും പുരുഷാധിപത്യവും തൊഴിൽദാതാവിലൂടെ മാത്രമല്ല എന്നു നവമാർക ്സിറ്റുകൾ അപഗ്രഥിച്ച് തുടങ്ങിയിരിക്കുന്നത് സ്ത്രീപക്ഷവാദത്തിൽ കാതലായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചേക്കും. മാർക്സിസ്റ്റ് ഫെമിനിസം എന്നത് മാറി ഫെമിനിസ്റ്റ് മാർക്സിസം തിയറികൾ രൂപപ്പെട്ട് വരുന്ന കാലം  വിദൂരമല്ല എന്ന് കരുതാം.



**കവിത**

**ഭദ്ര അജിത്**

# A-B-C-D-E-F-G

പ്രിന്റർ ട്രേയിൽ വച്ചിരുന്ന
വെള്ളപേപ്പറിൽ
അന്നൊരു കളർപ്രിന്റ് കണ്ടു.
അവൾക്കോർമ്മ വന്നത്
ആദ്യപാഠപുസ്തകത്തിലെ
ആദ്യചിത്രം
A ഫോർ APPLE
മുത്തശ്ശി വന്നു നോക്കി
ഒരു പുഞ്ചിരി
അതിലേറെ ഗൗരവത്തോടെ പറഞ്ഞു
ഇലചെന്നു മുള്ളിൽ വീണാലും
മുള്ളുചെന്നിലയിൽ വീണാലും
B ഫോർ BABY

കാര്യമറിഞ്ഞ അച്ഛൻ
അമ്മയോടൊന്നു നീട്ടി മൂളി
പിന്നെ പറഞ്ഞു
C ഫോർ CARE
തിരക്കിനിടയിലോടി വന്നമ്മ
തൊട്ടു തലോടി പറഞ്ഞു.
കാലമൊക്കെ മാറുന്നുണ്ടെങ്കിലും
ചിലതെല്ലാം മാറാത്തതുണ്ട്
D ഫോർ DANGER
ഒരു കാറ്റു വീശി
ഒരു പേജ് പെട്ടെന്ന് മറിഞ്ഞ് പോയി
അതായിരുന്നിരിക്കാം
E ഫോർ EMOTIONS
ഒരു പുതുപുത്തൻ പേജ്
മുന്നിൽ വന്നു മറിയാതെ ശഠിച്ചു നിന്നു
F ഫോർ FEAR
അവൾ സിസ്റ്റം SHUT DOWN ചെയ്തു
മുറ്റത്തേക്കിറങ്ങി–
പടിവാതിൽ തുറന്നു
റോഡരികിലെത്തി
ആളുകൾ കൂട്ടം കൂട്ടമായി നടന്നുപോകുന്ന.
ഓരോ കൂട്ടവുമവളെ നോക്കി
ചിലർ സ്വകാര്യമായി
എങ്കിൽ ചിലർ ഉറക്കെയും
വിളിച്ചു പറഞ്ഞു
G ഫോർ GIRL!
G ഫോർ GIRL!!



ചർച്ചാവിഷയം


ശാന്തി ജയകുമാർ
സർക്കാർ സേവനമനുഷ്ഠിക്കുന്ന ഡോക്ടർ,
കവയിത്രി, ചിത്രകാരി



# മനുസ്മൃതിയുടെ മെനുവിലില്ലാത്ത സ്വാതന്ത്ര്യം

ഇന്ത്യയിൽ സ്ത്രീക്ക് ഒരു പൗര എന്ന നിലയിൽ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സഞ്ചാരസ്വാതന്ത്ര്യം അനുഭവിക്കാനാവുന്നുണ്ടോ? 'ഇല്ല' എന്നാണ് ഒറ്റ വാക്കിൽ എന്റെ ഉത്തരം. ഇനി ചോദ്യത്തെ ഒന്ന് പരിഷ്കരിച്ച് 'ഇന്ത്യയിൽ' എന്നതിനു പകരം 'കേരളത്തിൽ' എന്നാക്കിയാലോ? അപ്പോഴും പറയേണ്ടിവരും 'ഇല്ല' എന്ന് തന്നെ.

സൂര്യൻ അസ്തമിക്കും മുമ്പ് വീടണയാവുന്നത്ര ദൂരമാണ് അധികം സ്ത്രീകളും സ്വാതന്ത്ര്യത്തിനുവേണ്ടി തിരഞ്ഞെടുക്കാറുള്ള ട്രാക്ക്! I'm not a witch എന്ന ആഫ്രിക്കൻ സിനിമയിൽ 'മന്ത്രവാദിനികൾ' എന്ന് 'സ്ഥിരീകരിക്കപ്പെട്ട' സ്ത്രീകളെ, അവരുടെ 'സഞ്ചാരപരിധിയിൽ നിന്ന്' അന്തി ചായുമ്പോൾ തിരിച്ച് വിളിക്കുന്ന ഒരു രംഗം ആവർത്തിക്കുന്നുണ്ട്. ഓരോരുത്തരുടെയും പുറത്ത് സ്ഥിരമായി ബന്ധിച്ചിട്ടുള്ള കട്ടിയുള്ള അയഞ്ഞ നാട ഒരു കപ്പി ഉപയോഗിച്ച് കറക്കി വലിച്ച് അവരെ തിരികെ സങ്കേതത്തിലെത്തിക്കുന്ന ആ രംഗത്തെ വേദനാജനകമാക്കുന്നത് അതിന്റെ ഇരുണ്ട പ്രതീകാത്മകതയാണെന്ന് എനിക്ക് തോന്നുന്നു. പുറത്ത് തങ്ങേണ്ടി വരുമ്പോൾ, രാത്രിയാണെങ്കിൽ, ഒറ്റയ്ക്കാണെങ്കിൽ ഒക്കെ ലോഡ്ജ് നടത്തുന്നവരുടെ അനാവശ്യ ചോദ്യങ്ങളെ നേരിടേണ്ടി വന്നിട്ടുള്ളതുകൊണ്ടുകൂടിയാവാം എന്നെ കരയിച്ചു, ആ സിനിമ. അത്തരം അവസരങ്ങളിൽ ജീവിതത്തിൽ പക്ഷേ കരച്ചിലല്ല ക്ഷോഭമാണ് ഉണ്ടായിട്ടുള്ളത്. 'എനിക്ക് നിങ്ങടെ റൂം വേണ്ട' എന്ന് പുച്ഛിച്ച് ഇരുട്ടിലേക്ക് ഇറങ്ങിപ്പോരേണ്ടി വന്നിട്ടുണ്ട് പലപ്പോഴും. അപ്പോഴെല്ലാം ഞാൻ അതിശയിച്ചിട്ടുണ്ട് എന്തുകൊണ്ടാണ് കേരളമോഡൽ വികസന ഭൂപടത്തിന്റെ ഉട്ടോപ്യയിൽ ഒരിടത്തും സ്ത്രീകൾ



നടത്തുന്ന സത്രങ്ങൾ ഇല്ലാത്തതെന്ന്!

സ്വാതന്ത്ര്യം ആഗ്രഹിക്കുന്ന ഒരു സ്ത്രീ ജീവിതകാലം മുഴുവൻ സഹിക്കേണ്ടി വരുന്ന ഏറ്റവും ഭീകരമായ ആന്തരിക ഭീതികളിലൊന്ന് ബലാൽസംഗസാധ്യതയെക്കുറിച്ചുള്ളതാണ്. കേരളത്തിലെ റോഡുകളിൽ ദിവസേനയുണ്ടായിക്കൊണ്ടിരിക്കുന്ന ബൈക്ക് ആക്സിഡൻറുകളിൽ ഗുരുതരമായി പരിക്കേൽക്കുകയോ ഉടനടി മരിക്കുകയോ ചെയ്യുന്ന പതിനെട്ടിനും മുപ്പതിനുമിടയിൽ പ്രായമുള്ള ആണുങ്ങളുടെ എണ്ണം മുടങ്ങാതെ പത്രം വായിക്കുന്ന ഒരാൾക്ക് സങ്കല്പിക്കാൻ കഴിയുന്നതിലും പലമടങ്ങ് കൂടുതലാണ് എന്നിട്ടും സുരക്ഷിതത്വത്തിന്റെ പേരിൽ ചെറുപ്പക്കാരൻമാരുടെ രാത്രി സഞ്ചാര സ്വാതന്ത്ര്യത്തിന് സമൂഹം പരിധികൾ നിശ്ചയിക്കുന്നില്ല! എന്നാൽ അദൃശ്യമായ ബലാൽസംഗ ഭീതിയാൽ ചുറുചുറുക്കുള്ള ചെറുപ്പകാലം മുഴുവൻ സ്ത്രീകൾ മാളത്തിലൊളിച്ചിരിക്കേണ്ടതാണെന്ന് ലോകം നമ്മെ വിശ്വസിപ്പിച്ചിരിക്കുന്നു! ഇനി സ്ത്രീയുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ഈ ഉത്കണ്ഠയുടെ ആത്മാർത്ഥത എത്രയാണെന്ന് നോക്കാം.

വർഷങ്ങൾക്ക് മുമ്പായിരുന്നു സദാചാര കേരളത്തോട് മാധവിക്കുട്ടിയുടെ ആ വിപ്ലവകരമായ പ്രസ്താവന; ബലാൽസംഗത്തിന്റെ അഴുക്ക് ഒന്ന് ഡെറ്റോളൊഴിച്ച് കുളിച്ചാൽ തീരാവുന്നതേയുള്ളു എന്ന ആ പറച്ചിലിനുമുന്നിൽ എഴുന്നേറ്റ് നിന്ന് കൈയ്യടിച്ച ഞാൻ ഇന്ന് ഒരു ഡോക്ടറെന്ന നിലയിൽ ആ വാക്കുകളെ 'അക്ഷരാർത്ഥത്തിൽ' പുനഃപരിശോധിക്കാൻ തയ്യാറാവുമ്പോൾ ഏറെ നിസ്സഹായതയോടെ നടുങ്ങിപ്പോകുന്നു. എന്തുകൊണ്ടെന്ന് വിശദീകരിക്കാം.

നമ്മുടെ നിയമവ്യവസ്ഥയും പുരോഗമന സമൂഹവും 'അവൾക്കൊപ്പം' നിൽക്കുന്ന ഈ സുവർണ്ണകാലത്ത് പോലും നമ്മുടെ പൊതുജനാരോഗ്യമേഖല അതിന് വേണ്ടത്ര സജ്ജമായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം! തെരുവുനായ കടിച്ചാൽ 'മുറിവിടം ആൽക്കലി സോപ്പിട്ട് നന്നായി കഴുകണം'. എങ്കിലും അത് മാത്രം പോരല്ലോ... പ്രതിരോധ കുത്തിവയ്പിനുള്ള സൗകര്യം കൂടി ഉറപ്പുവരുത്തുന്നില്ലേ? അതുപോലെ റേപ്പ് ചെയ്യപ്പെടുന്ന സ്ത്രീയെ, ഉണ്ടാകാവുന്ന സാംക്രമിക രോഗങ്ങളിൽ നിന്ന് (HIV, hepB, VD) രക്ഷിച്ചെടുക്കാൻ എത്രയും പെട്ടെന്ന് നൽകേണ്ട പ്രതിരോധ സംവിധാനങ്ങൾ കേരളത്തിലെ എല്ലാ കാഷ്വാലിറ്റികളിലും ഉണ്ടായിരിക്കേണ്ടതല്ലേ ? പലപ്പോഴും വൈകാരികാഘാതം കൊണ്ടും ഭീതി കൊണ്ടും വൈകി മാത്രം പുറത്തറിയുന്ന സംഭവങ്ങൾ അപൂർവ്വമല്ലാത്ത സ്ഥിതിക്ക് അതുമൂലം ഉണ്ടാകാവുന്ന ആരോഗ്യപരമായ

**വർഷങ്ങൾക്ക് മുമ്പായിരുന്നു സദാചാര കേരളത്തോട് മാധവിക്കുട്ടിയുടെ ആ വിപ്ളവകരമായ പ്രസ്താവന; ബലാൽസംഗത്തിന്റെ അഴുക്ക് ഒന്ന് ഡെറ്റോളൊഴിച്ച് കുളിച്ചാൽ തീരാവുന്നതേയുള്ളു എന്ന ആ പറച്ചിലിനുമുന്നിൽ എഴുന്നേറ്റ് നിന്ന് കൈയ്യടിച്ച ഞാൻ ഇന്ന് ഒരു ഡോക്ടറെന്ന നിലയിൽ ആ വാക്കുകളെ 'അക്ഷരാർത്ഥത്തിൽ' പുനഃപരിശോധിക്കാൻ തയ്യാറാവുമ്പോൾ ഏറെ നിസ്സഹായതയോടെ നടുങ്ങിപ്പോകുന്നു.**

പ്രത്യാഘാതങ്ങളെക്കുറിച്ച് സ്ത്രീ സമൂഹത്തെ ബോധവൽക്കരിക്കേണ്ടതുമല്ലേ? കുട്ടിക്കാലം മുതലേ പെൺകുഞ്ഞുങ്ങളിൽ 'പീഡനഫോബിയ' സൃഷ്ടിക്കുന്ന സമൂഹം 'അതിന് ശേഷം എന്ത് നടപടി സ്വീകരിക്കണം' എന്ന് പറഞ്ഞുകൊടുക്കുന്നില്ലെങ്കിൽ അത് കുറ്റകരമായ ക്രൂരത തന്നെയാണ്.

സ്ത്രീ എങ്ങനെ വേഷം ധരിക്കണം, എങ്ങനെ നടക്കണം, എങ്ങനെ സംസാരിക്കണം, എങ്ങനെ കുടുംബത്തിനകത്ത് പെരുമാറണം, എങ്ങനെ ഭർത്താവിനെ സന്തോഷിപ്പിക്കണം, എങ്ങനെ മറ്റുള്ളവരുടെ സൽസ്വഭാവ സർട്ടിഫിക്കറ്റ് നേടിയെടുക്കണം എന്നീ വിഷയങ്ങളിൽ കോച്ചിങ് കൊടുക്കുന്ന, സിനിമ പോലെയുള്ള ജനപ്രിയ ദൃശ്യമാധ്യമങ്ങൾ മുന്നോട്ട് വയ്ക്കുന്ന വാർപ്പു മാതൃകകളിലൂടെ അനൗപചാരിക ബ്രയിൻവാഷിങ് ചെയ്തെടുക്കുന്ന വിവാഹപൂർവ്വ കൗൺസിലിങ്ങുകൾക്ക് യാതൊരു പഞ്ഞവുമില്ലാത്ത ഈ രാജ്യം പീഡനത്തെ പ്രതിരോധിക്കാൻ മാത്രം സ്ത്രീകളെ പരിശീലിപ്പിക്കാത്തതെന്തേ? പിടിച്ച കൈ താനേ അയയുന്ന വിധം അക്രമിയായ പുരുഷനെ ശാരീരികമായി വേദനിപ്പിക്കേണ്ടതെങ്ങനെയെന്ന് സ്വയരക്ഷയ്ക്കായി പ്രായപൂർത്തിയെത്തിയ വോട്ടവകാശമുള്ള ഓരോ പെണ്ണും അറിഞ്ഞിരിക്കേണ്ടതാണ്; മനുസ്മൃതിയുടെ മെനുവിലില്ലാത്ത സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുണ്ടെങ്കിൽ.



## ചർച്ചാവിഷയം

**മീരാ വേലായുധൻ**

സ്ത്രീവാദ പണ്ഡിത, തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ പ്രോജക്ട് ഫെല്ലോ

# ഞാൻ നടന്ന ഫെമിനിസ്റ്റ് വഴികൾ

**ഞാ**ൻ എവിടെയാവാം എന്റെ ന്യായാവബോധം കണ്ടെത്തിയത്? ജനിച്ചത് ഡൽഹിയിലാണ്. നൈനിത്താളിലും ഡൽഹിയിലും വിദ്യാഭ്യാസം. എന്റെ സ്വത്വം പക്ഷേ മുളവുകാട് എന്ന കൊച്ചുദ്വീപിലാണ്. ഇവിടെയാണ് എന്റെ അമ്മ ദാക്ഷായണി താമസിച്ചിരുന്നത് . അതുപോലെത്തന്നെ എന്റെ അച്ഛൻ വേലായുധൻ ജനിച്ചുവളർന്ന കോച്ചേറിലും. അവർ വിദ്യാസമ്പന്നരായ ദളിതരുടെ ആദ്യതലമുറയായി പലകാര്യങ്ങളിലും തുടക്കം കുറിക്കുന്നവരായിരുന്നു. അമ്മ കോൺസ്റ്റിറ്റ്യൂവൻറ് അസംബ്ലി ഡിബേറ്റ്സിൽ ബാബാ സാഹേബ് അംബേദ്കറുടെ ആദർശങ്ങൾക്ക് കരുത്തേകിയ സമത്വം, സ്വാതന്ത്ര്യം, വിവേചനമില്ലായ്മ തുടങ്ങിയ ആശയങ്ങളുടെ കൂടെ നിന്നു. അവരുടെ അഭിപ്രായങ്ങൾ പൊതുവെ ആരുടെയും സ്വാധീനം ഇല്ലാത്തവയായിരുന്നു. അച്ഛനമ്മമാരുടെ കൊച്ചുകൊച്ചു പ്രവർത്തനങ്ങളിൽ എന്നെ സ്വാധീനിച്ചവ ഏറെയുണ്ടായിരുന്നു. കൂടാതെ പല രാജ്യങ്ങളിലേക്കുമുള്ള യാത്രകൾ മറ്റ് സംസ്കാരങ്ങളെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും അവിടത്തെ ശക്തരായ നേതാക്കളെക്കുറിച്ചും എന്നിൽ അവബോധം സൃഷ്ടിച്ചു. സ്വന്തം ജീവിതം സ്വയം കെട്ടിപ്പടുക്കണമെന്ന ബോധം അവരെന്നിൽ വളർത്തിയിരുന്നു. കേരളത്തിലെ ബന്ധങ്ങളിൽ നിന്നും വേറിട്ട് കുടുംബം നോക്കാനായി ഡൽഹിയിലെ എൽ.ഐ.സി.യിൽ പണിയെടുത്തുകൊണ്ടിരുന്ന നാളുകളിൽ എൻറെ അമ്മ മറ്റു ചില മദ്ധ്യവർഗ്ഗ സ്ത്രീകളോടു ചേർന്ന് മഹിളാ ജാഗ്രതി പരിഷത്ത് എന്ന ദേശീയ ദളിത് ഫോറം രൂപീകരിച്ച് 1970കളിൽ ഡൽഹിയിൽ ഒരു കോൺഫ്രൻസ് സംഘടിപ്പിച്ചു. അതിനായി സിവിൽ സർവീസിലും ഇതര ജോലികളിലും ആദ്യമായി ഇടംനേടിയ പല ദളിത് പ്രതിഭകളെയും കണ്ട് സംഭാവന വാങ്ങാനായി അമ്മയോടൊപ്പം പോയത് ഞാനിന്നു മോർക്കുന്നു. കൗസല്യ ബൈസാൻടി (അംബേദ്കർ സ്റ്റുഡൻറ് ഫ്രണ്ടിന്റെ 1940 സെക്രട്ടറി ,1940ലെ തന്നെ ബാബ സാഹേബ് വിമൻസ് മീറ്റിൽ പങ്കെടുത്തയാൾ) അന്ന് അമ്മയോടൊപ്പം ഉണ്ടായിരുന്നു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ നിന്നും വന്നെത്തിയ ഇരുന്നൂറോളം ദലിത്സ്ത്രീകൾ അവരുടെ ഇടം കണ്ടെത്തുന്നതിന്റെ ആവേശം നിറഞ്ഞു നിന്നിരുന്നു അവിടെ. ആ സംഘടനയിലെ അംഗങ്ങൾ കാര്യമായ പുരോഗതിയൊന്നും ദലിത്സ്ത്രീകളുടെ ഉന്നമനത്തിനായി നടത്തിയില്ല. നിരാശപൂണ്ട് അമ്മയും (പ്രസിഡണ്ട് MJP) കൗസല്യാ ബൈസാൺടിയും (ജനറൽ സെക്രട്ടറി MJP) സൗത്ത് ഡൽഹിയിലെ അടിച്ചുതളിക്കാരായിരുന്ന സ്ത്രീകൾക്കിടയിൽ പ്രവർത്തനമാരംഭിച്ചു. അമ്മയുടെ മരണശേഷം MJP പിന്നീട് ഇല്ലാതായെങ്കിലും 1980കളിൽ പല സംസ്ഥാനങ്ങളിലായി ദളിത്സ്ത്രീകളെ സംഘടിപ്പിക്കാനുള്ള പല ശ്രമങ്ങളും നടന്നു. അവിടെയായിരിക്കാം കൂടുതൽ വിശാലമായ ഒരു പ്രവർത്തനമേഖല അന്വേഷിക്കാൻ ഞാൻ തുടങ്ങിയത്.

എന്റെ മനസ്സിലും ജീവിതത്തിലും സ്ത്രീവാദം ഒരു പ്രധാനവിഷയമായിരുന്നു. ദില്ലിയിൽ 'മാനുഷി' സ്ത്രീമാസികയുടെ സ്ഥാപകരിൽ ഒരാളായിരുന്നു ഞാൻ. അധികം വൈകാതെ തന്നെ, ഞങ്ങളിൽ പലരും - രുക്മിണി റാവു, സഹനഹുസൈൻ, ഇന്ദു അഗ്നിഹോത്രി, ഡോ.ഉർവ്വശി ഭൂട്ടാലിയ എന്നിവരുൾപ്പെടെ – മാനുഷി വിട്ടു. അന്നത്തെ മാസികയിൽ ഞാൻ ദളിത്സ്ത്രീകളെക്കുറിച്ച് ഒരു ലേഖനം എഴുതി, നൂറുകണക്കിന് വായനക്കാരെ മാസിക ഇറങ്ങുന്നതിനു മുമ്പു തന്നെ ചേർത്തുകൊണ്ടുവന്നു. എങ്കിലും മാസിക പോവേണ്ട രീതിയെക്കുറിച്ച് ഞങ്ങൾക്ക് വ്യത്യസ്തമായ കാഴ്ചപ്പാടുകളായിരുന്നു. ഞാനാ ഉദ്യമത്തിൽ വളരെ സന്തുഷ്ടയായിരുന്നുവെങ്കിലും 1981ൽ വിമൻസ് സ്റ്റഡീസ് എന്ന വിജ്ഞാനശാഖയിലേക്ക് തിരിയാനായി ഞാനാ ഇടം വിട്ടു. ഇടതുപക്ഷരാഷ്ട്രീയത്തിൽ എനിക്ക് മുൻപരിചയമുണ്ടായിരുന്നെങ്കിലും അതിലേക്ക് കൂടുതൽ അടുത്തത് ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനികളുടെ പ്രശ്നങ്ങളിൽ ഇടപെട്ടപ്പോളാണ്. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരിക്കേണ്ട ആവശ്യമുണ്ടായിരുന്നു. മുമ്പ് ഞാൻ ഭാഗമായിരുന്ന Trotskyst group ക്യാമ്പസിലെ (ജെരാസ് ബനാജിയുടെ നേതൃത്വത്തിൽ നടന്നിരുന്ന) ഒരു സംഘടനയായിരുന്നു. അതെനിക്ക് കൂടുതൽ വ്യാപ്തിയുള്ള ഇടതുപക്ഷ രാഷ്ട്രീയപ്രശ്നങ്ങളിലേക്കും സംവാദങ്ങളിലേക്കുമുള്ള തുറവി നൽകുകയും അതോടൊപ്പം വിമർശനാത്മകമായ ഒരു മനസ്സ് ഉണ്ടാക്കിത്തരുകയും ചെയ്തു. ഒരു വനിതാസംഘം അന്ന് രൂപപ്പെട്ടുവന്നതാണ്. എന്നെക്കൂടാതെ ഗീതാരാമകൃഷ്ണൻ ,അഖിലാശിവദാസ്,

ഇന്ദിരാ ജയ്സിങ് എന്നിവരടങ്ങുന്നതായിരുന്നു ആ സംഘം. രോഹിണി ബാനർജി സംഘത്തിൽ ചേർന്നില്ലെങ്കിലും സ്വന്തം അഭിപ്രായങ്ങൾ അറിയിച്ചു. ഇന്നാലോചിക്കുമ്പോൾ യാഥാസ്ഥിതിക ഇടതുരാഷ്ട്രീയത്തിന്റെ ഭാഗമായി ഞാനെന്നെ നിലനിർത്തിയത് വിചിത്രമായി തോന്നുന്നില്ലേ?

ഞാൻ പാർട്ടിയിൽ ചേർന്നയിടയ്ക്കാണ് സി.പി.ഐ.(എം.) അവരുടെ വുമൺസ് വിംഗ് സ്ഥാപിക്കാൻ തയ്യാറായത് - the All India Democratic Women's Association (AIDWA) 1980-ൽ സ്ഥാപിക്കപ്പെട്ടു. പക്ഷെ അതിന് ഡൽഹിയിൽ ഒരു യൂണിറ്റ് ഉണ്ടായിരുന്നില്ല. ഞാനും ഇന്ദു അഗ്നിഹോത്രിയും സി.പി.ഐ.(എം.)ന്റെ ഡൽഹി സ്റ്റേറ്റ് സെക്രട്ടറിയെ പോയി കാണുമായിരുന്നു. അന്നത്തെ വനിതാനേതാക്കൾക്കുപോലും വനിതാസംഘടനയുടെ കാര്യത്തിൽ വലിയ താത്പര്യം കണ്ടില്ല.എന്നാലും അനുകൂല തീരുമാനം വന്നു.

ജൻവാദി മഹിളാ സമിതിയുടെ (JMS)പ്രാരംഭഘട്ടത്തിൽ 11 കോർ മെമ്പേഴ്സ് ഉണ്ടായിരുന്നു. പ്രധാനമായും റീസെറ്റിൽമെൻറ് കോളനീസ് എന്നറിയപ്പെട്ട, ഡൽഹിയിലെ ചില ചേരികളെ കേന്ദ്രീകരിച്ചുള്ള ജോലികളായിരുന്നു ചെയ്തത്. ഈയിടങ്ങളിലൊന്നും പാർട്ടി തന്നെ ഉണ്ടായിരുന്നില്ല. ചേരികളിൽ നിന്നുള്ള പാവപ്പെട്ട സ്ത്രീകളും ദളിത് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും ഉണ്ടായിരുന്ന വളരെ പ്രവർത്തനക്ഷമമായ ഒരു വനിതാസംഘടന ഉയർന്നുവന്നു. അതിൽ പൊതുവിതരണ സമ്പ്രദായം, വിലക്കയറ്റം, സ്ത്രീധനപ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണവും പ്രവർത്തനങ്ങളും തുടങ്ങി. ഒരു ലീഗൽ സപ്പോർട്ട് സിസ്റ്റം ഉയർന്നുവന്നു. മധ്യവർഗ്ഗത്തിൽ നിന്നുള്ള സ്ത്രീകൾക്ക് താഴേക്കിടയിലുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ താത്പര്യമുണ്ടായിരുന്നില്ല. 1980കളുടെ മധ്യത്തിൽ ഞാൻ മുൻകൈയെടുത്താണ് JMSന്റെ കേന്ദ്രയൂണിറ്റ് സ്ഥാപിച്ചത്. അക്കാലത്ത് ഡൽഹിയിൽ ഒട്ടേറെ സ്ത്രീപ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. സ്ത്രീധനത്തെയും ബലാൽസംഗത്തെയും സംബന്ധിച്ച നിയമത്തിൽ ഭേദഗതി വരുത്താനും പിൽക്കാലത്ത് മുസ്ലിം വനിതാബില്ലിൽ മാറ്റങ്ങൾ വരുത്താനുമായി പ്രയത്നിച്ച ആവേശകരമായ രാഷ്ട്രീയാന്തരീക്ഷമായിരുന്നു. ഇന്ദു അഗ്നിഹോത്രിയോടൊപ്പം ഞാൻ ഡൽഹിയിൽ ഇടത് സ്ത്രീസംഘടനകളും ഫെമിനിസ്റ്റ് ഗ്രൂപ്പുകളും തമ്മിലുള്ള ഒരുപാട് സംവാദങ്ങൾക്ക് പോയി. ഇടതുപക്ഷം മുഴുവനും, ഞാനൊഴികെ, പുരുഷാധിപത്യം എന്ന വാക്കിനോട് തന്നെ നെറ്റിചുളിച്ചു. അത് പുരുഷന്മാർക്കെതിരായ എന്തോ നീക്കമാണെന്നാണ് വായിക്കപ്പെട്ടിരുന്നത്. അല്ലാതെ ലിംഗഭേദത്തിലെ അധികാരബന്ധങ്ങളെക്കുറിക്കുന്ന ഒന്നായിട്ടായിരുന്നില്ല. JMS യഥാർത്ഥത്തിൽ ഒരു സമരസംഘടനയായിരുന്നു. സാധാരണ സ്ത്രീകളുടെ പ്രശ്നത്തിൽ ഇടപെട്ട് അറസ്റ്റ് വരിക്കലും മറ്റു പ്രവർത്തനങ്ങൾക്കും പരിപാടികൾക്കുമായി ഫണ്ട് പിരിവ് നടത്തലും അതിന്റെ ഭാഗമായി പൊതു ശ്രദ്ധയിൽ വരലുമൊക്കെ പതിവായിരുന്നു.

വാണിജ്യവൽക്കരണത്തോടൊപ്പം തന്നെ ജാതി സ്വത്വം പുനർനിർമ്മിക്കുന്ന സവിശേഷതയുള്ള ദേവ്റാളാ/രൂപ് കൻവാർ സതി കേസും രാഷ്ട്രീയകാരണങ്ങൾ ചൂണ്ടിക്കാട്ടി മുസ്ലിം വനിതകൾക്ക് നീതി നിഷേധിക്കലും പുതിയ രൂപത്തിൽ വളർന്ന് വന്ന പുരുഷമേധാവിത്വവും കാണിച്ചുതന്നത് സാധാരണ സ്ത്രീകളുടെ ദൈനംദിനജീവിതപ്രശ്നങ്ങൾ മാത്രം പരിഹരിച്ചതുകൊണ്ട് കാര്യമില്ലാന്നായിരുന്നു. ഞങ്ങൾ പുതിയ അടവുനയങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാനും തുടങ്ങി. പക്ഷെ, ഇടതുനേതൃത്വത്തിൽ പുതിയ സംവാദങ്ങൾക്ക് ഇടം കൊടുക്കാനുള്ള പഠനക്ലാസ്സുകൾ നടത്താൻ അവിടെ എതിർപ്പുണ്ടായിരുന്നു. പലർക്കു പല അനുഭവങ്ങളും കഴിവുകളുമായിരുന്നു. പല പൊതുജനമുന്നേറ്റങ്ങളിലും പങ്കെടുത്തവർ, പുറംലോകത്ത് ഇടപെട്ടതിന്റെ അറിവുകൾ, പല ചർച്ചകളിൽ നിന്നുണ്ടാവുന്ന വികാസങ്ങൾ, ഇതിൽ സ്ത്രീവാദവും പെടും. ഇതെല്ലാം ഒന്നിച്ചു പോയില്ല. പ്രത്യേകിച്ചു പാർട്ടിയുടെ തലത്തിൽ. ഞാനാണെങ്കിൽ പാർട്ടിയുടെ സംഘടനാതലത്തിൽ തികച്ചും പുതിയതും. അരികുവൽക്കരിക്കപ്പെട്ടയാളും ആയിരുന്നു. അതിനാൽത്തന്നെ ഞാൻ മറ്റൊരു ഇടം അന്വേഷിച്ചു. AIDWAയുടെ Cenrtal lÃlse ആദ്യത്തെ ഓഫീസ് സെക്രട്ടറി (ptar time, voluntary) എന്ന നിലയിൽ ഞാൻ AIDWAയുടെ general secretaryയും എം.പിയുമായ മറ്റുള്ളവരേക്കാൾ കുറേക്കൂടി തുറന്നു ചിന്തിക്കുകയും ചെയ്യുന്ന സുശീലഗോപാലനുമായി ചേർന്നു. ഞാനെന്റെ ആശയങ്ങൾ എങ്ങനെയെല്ലാം അവതരിപ്പിച്ചു? ഒട്ടും എളുപ്പമല്ലെങ്കിലും ഫലപ്രദമായ ഒരു ജോലിയായിരുന്നു അത്. പല സമരങ്ങളെക്കുറിച്ചും പല തലമുറകളുടെയും ഇന്ത്യയുടെ വിവിധഭാഗങ്ങളിലെയും പ്രശ്നങ്ങളെക്കുറിച്ചും പാർട്ടിയുടെ തലത്തിലും AIDWAയുടെ തലത്തിലുമുള്ള പരിമിതികളെക്കുറിച്ചും ഒരുപാട് സ്ത്രീനേതാക്കളെക്കുറിച്ചും ഒട്ടേറെ പഠിച്ചു. ഈ അനുഭവങ്ങൾക്കൊപ്പം തന്നെ ഞാൻ CWDSൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. പിന്നീട് Ph.D എടുത്ത ശേഷം കോയമ്പത്തൂരിൽ വരികയും സ്വതന്ത്ര സ്ത്രീ പ്രസ്ഥാനത്തിന്റെ ഭാഗമാവുകയും ചെയ്തു. ഇക്കാലത്ത് ദലിത് വനിതാനേതാക്കളുമായി ഞാൻ സൗഹൃദമാരംഭിച്ചു. ദക്ഷിണേന്ത്യയിലെ വിവിധ ദളിത് വനിതാസംഘങ്ങളുമായി ചർച്ചകളിലേർപ്പെട്ടു. അതൊരു വലിയമാറ്റമായിരുന്നു. 1980കളിലെ സ്ത്രീ അവസ്ഥകളുടെ വിധേയത്വ സ്വഭാവം വീടുകൾ പോലുള്ള സ്വകാര്യമേഖലകളെ മുൻനിർത്തി പഠിക്കുന്ന രാഷ്ട്രീയത്തേക്കാൾ തികച്ചും വ്യത്യസ്തമായിരുന്നു പുതിയ സാമൂഹ്യ മുന്നേറ്റങ്ങളിലെ കണ്ടെത്തലുകൾ. ഇവിടെ വിപരീതപരമായ പുറത്താക്കലുകളെയും അടിമത്തങ്ങളെയും കുറിച്ചുള്ള പഠനങ്ങളായിരുന്നു. ദളിത്സ്ത്രീകളുടെയും ആദിവാസികളുടെയും പ്രശ്നപരിഹാരങ്ങൾക്ക് പുതിയ രീതിയിലുള്ള ഉദ്യമങ്ങളാണ് വേണ്ടത് എന്നത് വ്യക്തമായി. ഇങ്ങനെയാണ് 1995 ൽ Pre Beijing Conferenc ൽ National Federation of Dalti Women ഹെയ്റുവിലെ NGO Conference ൽ



ചർച്ചാവിഷയം

**അമീറ വി.യു.**
പൊന്നാനി എം.ഇ.എസ്.കോളേജിൽ
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക



# സമ്മതപത്രങ്ങൾക്കുള്ള കാത്തിരിപ്പുകൾക്കൊടുവിൽ രൂപപ്പെട്ടവൾ

സ്ത്രീവാദിയായത് എപ്പോഴാണ് എന്ന് ഓർത്തെടുക്കുമ്പോളാണ് വേറെ ഒരു ചോദ്യം മനസ്സിൽ ഉയർന്നത്.എന്നാണു ഞാൻ ആദ്യമായി ഫെമിനിസം എന്ന വാക്ക് കേൾക്കുന്നത്?

'അവൾ ഫെമിനിസ്റ്റാ' എന്ന് കേട്ടത് യൂണിവേഴ്സിറ്റിയിൽ ബിരുദാനന്തരബിരുദത്തിനു എത്തിയപ്പോഴാണ്. വലിയ മുലകളുള്ള ഒരു കുറിയ പെൺകുട്ടി ബ്രാ ഇടുമോ ഇല്ലയോ എന്ന് ക്യാമ്പസ്സിലെ സർവ ആൺകുഞ്ഞുങ്ങളും ചിന്തിച്ചു വിഷമിച്ചു നടക്കുന്ന കാലം. ചുരിദാറിനടിയിലൂടെ ബ്രായുടെ വള്ളി കാണുന്നുണ്ടോ എന്ന് ഗവേഷണം നടത്തുന്ന കുറെ പേർ ചുറ്റിലും. അവസാനം ബ്രാ ഇല്ലെന്ന കണ്ടെത്തലിനൊടുവിൽ അവർ കാരണവും നിരത്തി."അവൾ ഫെമിനിസ്റ്റാ, ബ്രാ ഇടൂലാ '.

15 കൊല്ലം മുൻപത്തെ ക്യാമ്പസ് ആണ്.ഫെമിനിസ്റ്റുകൾ ഏതോ സ്വപ്നലോകത്തെ ജീവികളായും കാലം തെറ്റി പറക്കുന്നവരായും പൊതുബോധത്തെ വെല്ലുവിളിക്കുന്നവരായും ഒക്കെ മുന്നിൽ അവതരിപ്പിക്കപ്പെട്ട സമയം.പിന്നീട് പെണ്ണെഴുത്തുകളും വായനകളും തിയറികളും സ്ത്രീവാദം എന്ന സരണി തുറന്നു വെച്ചു. വായിച്ചു വിടുന്ന കഥകളിലെ സ്ത്രീകളെ, അവരുടെ അനുഭവങ്ങളെ പുതിയ ഒരു മനോഭാവത്തോടെ കാണാൻ തുടങ്ങി. ജീവിതയാഥാർഥ്യങ്ങളുടെ മുള്ള് കാലിൽ തറയ്ക്കാൻ തുടങ്ങിയതോടെ വായിച്ചറിഞ്ഞ കഥാപാത്രങ്ങളെല്ലാം നമ്മൾ തന്നെ ആയി മാറാൻ തുടങ്ങി.നിഷേധിക്കപ്പെട്ട അവകാശങ്ങളും സഹനത്തിന്റെയും സമരത്തിന്റെയും ചെറുത്തുനില്പിന്റെയും അനുഭവങ്ങളും നമ്മുടേതു കൂടിയായി.

പുരുഷവിദ്വേഷികളാണ് സ്ത്രീവാദികൾ. പുരുഷൻ നൽകിയ കയ്പേറിയ അനുഭവങ്ങൾ കൊണ്ട് അവരെ വെറുത്തവർ. നല്ല കുടുംബജീവിതം കിട്ടാത്തതിന്റെ ഫ്രസ്ട്രേഷൻ കൊണ്ട് ആണുങ്ങളെ തെറി വിളിക്കുന്നവർ, കുടുംബത്തിൽ പിറക്കാത്തവർ, അഴിഞ്ഞാടി നടക്കുന്നവർ.പിന്നീടങ്ങനെ പലപ്പോഴായി കേട്ട വിലയിരുത്തലുകൾ...

അതുവരെ പരിചിതമായ മണ്ണിൽ നിന്ന് വേരറ്റ് പുതിയ മണ്ണിൽ പിടിച്ചുനിൽക്കാനുള്ള തീവ്രശ്രമങ്ങളാണ് പി. ജി. ക്ലാസിൽ കേട്ട 'പേർസണൽ ഈസ് പൊളിറ്റിക്കൽ' എന്ന ഒറ്റ



വാചകത്തെ അതിന്റെ ആഴത്തിൽ  മനസിലാക്കാൻ സഹായിച്ചത്.

സ്വന്തം ശരീരത്തിൽ, മനസ്സിൽ, സമയത്തിൽ, എഴുത്തിൽ, വായനയിൽ, സഞ്ചാര – ആവിഷ്കാര -ഭക്ഷണ സ്വാതന്ത്ര്യങ്ങളിൽ കടന്നുകയറാൻ വേറെ ഒരാളെ അധികാരപ്പെടുത്തുന്ന,  ആ അധികാരത്തെ തെറ്റായി കാണുന്നതിനു പകരം പ്രിവിലേജ് ആയി കാണുന്ന ഒരു ചുറ്റുപാടിൽ നിന്നപ്പോഴാണ് ചുറ്റുവട്ടത്തെ സ്ത്രീജീവിതങ്ങൾ സങ്കടങ്ങളായി പെയ്യാൻ തുടങ്ങിയത്. ഉറക്കം പോലും വേറെ ഒരു വ്യക്തിയുടെ ദയവിനു കാത്തു നിൽക്കേണ്ട അവസ്ഥയാണ് എന്നിലെ സ്ത്രീവാദിയെ രൂപപ്പെടുത്തിയതെന്നു പറയാം.

സാഹചര്യങ്ങളോട് മല്ലിട്ട് വീണ്ടും ക്യാമ്പസ്സിൽ എത്തിയപ്പോൾ അനുഭവങ്ങൾ കൊണ്ട് പരുവപ്പെട്ടവളുടെ വാക്കുകളിൽ സ്ത്രീജീവിതങ്ങളുടെ പൊള്ളലുകളും വേവുകളും നിറഞ്ഞു തുളുമ്പിയത് കൊണ്ടാകാം 'അവളൊരു ഫെമിനിസ്റ്റ് ആണെ'ന്ന് വീണ്ടും കേട്ടത്. പെൺകുട്ടികൾ ഉൾകൊള്ളുന്ന പോലെ ആശയങ്ങളെ ഉൾകൊള്ളാനാകാതെ രോഷം കൊള്ളുന്ന ആൺകുട്ടികൾ സന്തോഷമുളവാക്കിയ കാഴ്ചയായിരുന്നു. വിമൺസ് സെൽ ആക്ടിവിറ്റീസ് ബഹിഷ്ക്കരണം എന്ന കലാപരിപാടി അവർ സ്ഥിരമാക്കിയതും ഫെമിനിസം എന്നത് തലത്തിരിഞ്ഞവരുടെ പരിപാടിയായി മനസ്സിൽ കുടിയിരുത്തിയതുകൊണ്ടാകാം.  കളിയാക്കിയും തിരുത്തിയും കാലം കടന്നുപോയപ്പോൾ താല്പര്യത്തോടെ സ്ത്രീകൾക്ക് വേണ്ടി സംസാരിക്കുന്ന ആൺകുട്ടികളെക്കുറിച്ച് ആലോചിച്ച് അഭിമാനപുളകിതയായി ഇരിക്കുമ്പോളാണ് പി.ജി. കഴിഞ്ഞു പോകുന്ന കോളേജ് യൂണിയൻ ചെയർമാന്റെ വെളിപ്പെടുത്തൽ. 'ഞാൻ മിസ്സിന്റെ ആദ്യത്തെ ക്ലാസ്സിൽ മാത്രമേ ഇരുന്നിട്ടുള്ളൂ. പിന്നെ ആ വഴിക്കെ വന്നിട്ടില്ല." 'ശ്ശൊ ! ഞാൻ ഇത്രേം മോശം ടീച്ചർ ആയിരുന്നോ?ഇവൻ ഇപ്പറഞ്ഞത് ആരെങ്കിലും കേട്ടോ എന്നൊക്കെ ആലോചിച്ച് ചുറ്റും ഒന്ന് നോക്കിയപ്പോളാണ് അടുത്ത ഡയലോഗ്.മിസ്സ് ഫെമിനിസ്റ്റ് ആയതോണ്ടാ ഞാൻ ക്ലാസ്സിൽ കയറാഞ്ഞേ. എനിക്ക് ഇഷ്ടമല്ല പെൺകുട്ടികളുടെ അവകാശത്തെക്കുറിച്ചു പറയുന്നത്. ആണ് ഇത്തിരി മുന്നിൽ തന്നെയാണ് ടീച്ചറെ.ഇവിടെ തന്നെ നോക്ക്. പത്തു ശതമാനം ഉള്ള ഞങ്ങളാണ് ഇവിടത്തെ കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ' 'സഖാവേ' എന്ന് വിളിച്ചു പരിചയിച്ചതുകൊണ്ട് ഒന്നൂടെ നീട്ടി വിളിച്ചു പോയി.പുരോഗമന പ്രസ്ഥാനത്തിന്റെ കാവൽഭടൻ നടത്തിയ പ്രഖ്യാപനം തെല്ലു ഞെട്ടിച്ചെങ്കിലും പിന്നീട് ആലോചിച്ചു.ചുറ്റും കാണുന്ന എത്രയോ പേരിൽ നിന്ന് കൂടിയും കുറഞ്ഞും ഇത് കേട്ടിരിക്കുന്നു. സ്ത്രീകളുടെ അവകാശത്തെ, അവളുടെ ഇടങ്ങളെക്കുറിച്ച് സംസാരിക്കുകയും രാത്രിയിൽ പച്ച ലൈറ്റ് ഫേസ്ബുക്കിൽ തെളിയുന്ന വേളയിൽ നമ്മുടെ സ്ത്രീവാദങ്ങൾ ഫ്രീസെക ്സിനു താല്പര്യം ഉണ്ടെന്ന് തെറ്റിദ്ധരിച്ചതാണെന്ന രീതിയിൽ ഇടപെടുന്നവർ.

ലൈംഗികസ്വാതന്ത്ര്യത്തിലേക്കുള്ള  പടികളായി മാത്രം സ്ത്രീവാദത്തെ ചുരുക്കി ചിന്തിക്കുന്നവർ. 'ഫെമിനിസ്റ്റ് ആണ്, കയ്യകലത്തിൽ നിർത്തിക്കോ' എന്ന് പറയുന്ന ആൺസഹപ്രവർത്തകർ.അതിനെ ചിരിച്ചുപ്രോത്സാഹിപ്പിക്കുന്ന പെൺസഹപ്രവർത്തകർ.


ഫെമിനിസ്റ്റ് ഭാര്യയെ ഓർത്തു ഭർത്താവിനോട് സഹതപിക്കുന്ന കൂട്ടുകാർ, നാട്ടുകാർ.

നിന്നെപ്പോലെ മോളെയും തല തിരിഞ്ഞവൾ ആക്കേണ്ട എന്ന് പറയുന്ന ബന്ധുക്കൾ.നമ്മൾ ചിന്തിക്കുന്നത് ശരിയായ ദിശയിലാണെന്നു തിരിച്ചറിയാൻ സഹായിച്ചതിൽ അവരുടെ പങ്ക് ചെറുതല്ല. അതെ, പല പല സമ്മതപത്രങ്ങൾക്കുള്ള കാത്തിരിപ്പുകൾക്കൊടുവിൽ തന്നെയാണ് ഞാൻ സ്ത്രീവാദിയായി  രൂപപ്പെട്ടത്.



വഴിത്താരകൾ

ജാനകി
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക




# ഇടിമുഴക്കങ്ങളും മിന്നൽപ്പിണരുകളും

കുറച്ചു വർഷങ്ങൾക്കുമുൻപു നിന്നൊരു ഓർമ്മയാണ്.സ്ത്രീ രചനാപാരമ്പര്യങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്യുമ്പോൾ ഒരാൺകുട്ടി വളരെ ശക്തമായ സ്വരത്തിൽ തന്റെ അഭിപ്രായം രേഖപ്പെടുത്തി. “സ്ത്രീപുരുഷ സമത്വം ഒരു മിഥ്യയാണ്.പുരുഷൻ ചെയ്യുന്ന എല്ലാ ജോലികളും സ്ത്രീയ്ക്കു ചെയ്യാനാവില്ല.” അത് എങ്ങിനെയാണിത്ര ആധികാരികമായി പറയുന്നത് എന്ന ചോദ്യത്തിന് ഉത്തരം വളരെ ലളിതമായിരുന്നു. ‘കണ്ടാൽ അറിഞ്ഞു കൂടെ?’ അതെ, നമ്മൾ കാണുന്നത് തന്നെയാണ് നമ്മുടെ ബോദ്ധ്യം. എന്താണ് കാണുന്നത് എന്നു ചോദിക്കേണ്ടി വരുന്നതും അതുകൊണ്ടു തന്നെയാണ് . നമ്മുടെ കാഴ്ചകളെയും അവയെ നാം കാണുന്ന രീതികളെയും ഒന്ന് മാറ്റുക തന്നെയാണ് ഡോക്യുമെന്ററി എന്ന ചലച്ചിത്ര ശാഖ ഉദ്ദേശിക്കുന്നതും. മാത്രമല്ല കണ്ണിനു നേരെ മുന്നിലുള്ളത് പോലും തിമിരം ബാധിച്ച മനസ്സുകൾ കാരണം നാം കണ്ടില്ലെന്നു വരാം. ഇരുളിന്റെ പാട മാറ്റുന്ന ഈ പ്രക്രിയയിൽ പങ്കെടുക്കുന്ന ഒരു കൂട്ടം സിനിമാപ്രവർത്തകരുണ്ടിന്ന്. അവരുടെയിടയിൽ രാജേഷ് ജയിംസ് എന്ന ഒരു


അമ്മിണിഅമ്മ


സെലിൻ


സീന


രാജേഷ് ജയിംസ്

ചെറുപ്പക്കാരൻ, കാണാതെ പോകുന്ന സ്ത്രീ ജീവിതങ്ങളെ പകർത്തുന്നതിലൂടെ, അവയെ രേഖപ്പെടുത്തുന്നതിലൂടെ ഡോക്യുമെന്ററികളുടെ വ്യാകരണത്തെ തന്നെ മാറ്റുവാൻ ശ്രമിക്കുന്നു. 'സീബ്രാ ലൈൻസ് ' (Zebra Lines-2014),'നേക്കഡ് വീൽസ് ' (Naked Wheels-2016) എന്ന ചിത്രങ്ങളിൽ തുടങ്ങി 'In Thunder,Lightning or Rain' (2017)എന്ന ആഹ്ളാദകരമായ ചിത്രത്തിലേക്ക് എത്തുമ്പോഴേക്കും ഈ പരീക്ഷണോന്മുഖത ഡോക്യുമെന്ററിയുടെ ദൃശ്യസാദ്ധ്യതകളെ ഒന്നുകൂടി വിപുലമാക്കുന്നു.

സീന എന്ന ഇന്ത്യൻ ഫുട്ബോൾ കോച്ചും, അമ്മിണിഅമ്മ എന്ന മുക്കുവത്തിയായ നാടൻ പാട്ടുകാരിയും, മൂവായിരത്തോളം മൃതദേഹങ്ങൾ ദഹിപ്പിക്കുന്ന, അത്ര സുഖകരമല്ലാത്ത തൊഴിൽ അന്തസ്സോടെ ചെയ്ത് സ്വന്തം കാലിൽ നിൽക്കുന്ന സെലിനും, കൊച്ചിക്കാരികളാണെന്നത് ഒഴിച്ച് നിർത്തിയാൽ അവർക്കു മറ്റെന്തു സമാനതകളാണുള്ളത്? ജിബിൻ ജോസിന്റെ സിനിമാട്ടോഗ്രഫിയിലൂടെ നാടും, കായലും, കരയും, ഭാഷയും ചേർന്നുള്ള ഒരു സവിശേഷ വ്യക്തിത്വം ഈ സ്ത്രീകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. തൊഴിൽ ചെയ്യുന്ന, അധ്വാനിക്കുന്ന സ്ത്രീശരീരങ്ങളെയാണ് സംവിധായകനായ രാജേഷ് പകർത്തുന്നത്. വീട്ടു ജോലികളിൽ മാത്രം വ്യാപൃതരായിട്ടല്ല ഇവർ നമുക്കു മുന്നിലെത്തുന്നത്. പൊതു സ്ഥലത്ത് തുച്ഛമായ വേതനത്തിനായി കായികാധ്വാനം ചെയ്ത് ജീവിക്കുന്നവരാണവർ. ഈ സ്ത്രീകൾക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. മൂവരും പുരുഷന്റെ സംരക്ഷണത്തിലോ,നിയന്ത്രണത്തിലോ കഴിയുന്നവരല്ല. സീന വിവാഹം കഴിച്ചിട്ടില്ല. അമ്മിണിയമ്മയുടെ ഭർത്താവ് മരിച്ചു പോയിരിക്കുന്നു. സെലിനാകട്ടെ ദേഹോപദ്രവം സഹിക്കാനാവാതെ ഭർത്താവിനെ ഉപേക്ഷിച്ച് ഒറ്റയ്ക്ക് ജീവിക്കുന്നു . തൊഴിലിടങ്ങളിലൂടെ യാണവർ തങ്ങളെത്തന്നെ നിർവചിക്കുന്നത്. സീനക്ക് ഫുട്ബോൾ കേവലം ഒരു തൊഴിലല്ല —നിയോഗം തന്നെയാണ്. ആവേശവും. സ്ത്രീ ലോകത്തെക്കുറിച്ചും, അവരുടെ കെൽപിനെയും, കായികബലത്തെയും കുറിച്ചും പലർക്കുമുള്ള മുൻവിധികൾ ഇവിടെ കീഴ്മേൽ മറിയുന്നു. ഇരകളാവാൻ വിസമ്മതിക്കുന്ന വ്യക്തികളാണിവർ.ചിരിച്ചു കൊണ്ട് ആത്മധൈര്യത്തോടെ പോരാടുകയാണ്. പതറാതെ. തകരാതെ.

ദൃശ്യമാധ്യമങ്ങൾ ദിനംപ്രതി കേരളത്തിലെ മധ്യവർഗ്ഗത്തിന്റെ ഭയാനകമായ മാനസികാവസ്ഥയെ വെളിപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. നാണക്കേട് കൊണ്ട് കേരളം തല കുനിക്കുന്ന കാഴ്ചകൾ സുലഭമാണ്. വിശപ്പ് സഹിക്കാൻ വയ്യാതെ തകർന്ന ഒരു ജനതയെ തല്ലിക്കൊല്ലുക, രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളെ ആയുധങ്ങൾ കൊണ്ട് നേരിടുക , ഇവയൊക്കെ സെൽഫിയെടുത്തു ആഘോഷമാക്കി മാറ്റി മേനി നടിക്കുക -ഇതെല്ലം കേരളത്തിന്റെ തനതു സംസ്കാരമായി മാറിക്കഴിഞ്ഞിരിക്കുന്നു. പ്രബുദ്ധകേരളം എന്ന പൊങ്ങച്ചത്തിന് ഒരു സാംഗത്യവും ഇല്ലാതിരിക്കുമ്പോഴും പ്രത്യാശയുടെയും, പ്രതീക്ഷയുടെയും തുടിപ്പുകൾ നമ്മൾ കാണാതിരിക്കരുത് എന്ന് വിശ്വസിക്കുന്നത് കൊണ്ടാണ്, 38 മിനിറ്റു മാത്രം ദൈർഘ്യമുള്ള ഈ ചെറു സിനിമയെക്കുറിച്ച് എഴുതുന്നത്. എറണാകുളത്തെ സേക്രഡ് ഹാർട്സ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകനായ രാജേഷ് ജയിംസിന്റെ In Thunder Lightning And Rain എന്ന ചിത്രം ഇതിനകം തന്നെ മാധ്യമശ്രദ്ധ നേടിയിട്ടുള്ളതാണ്. പക്ഷെ മാർച്ച് മാസം അന്തർദേശിയ വനിതാദിന ഉത്സവങ്ങളാൽ മുഖരിതമാവുന്ന സമയത്ത്, ഈ ചിത്രം അനാവരണം ചെയ്യുന്ന മൂന്നു സ്ത്രീകളെ, ഇവരെ പ്പോലുള്ള അനേകം സ്ത്രീകളെ, അവരുടെ കർമ്മമണ്ഡലങ്ങളെ നമ്മൾ എന്തുകൊണ്ട് ഇതു വരെ ശ്രദ്ധിച്ചില്ല എന്ന് നമ്മൾ സ്വയം ചോദിക്കേണ്ടതുണ്ട്. കാരണം ഈ കാഴ്ചകൾക്ക് ദൈനംദിന മാദ്ധ്യമങ്ങളിൽ ഒരിടം കിട്ടിയിരുന്നെങ്കിൽ, പെണ്ണുങ്ങൾ തങ്ങളുടേതായ ഇടങ്ങൾ ഉണ്ടാക്കിയെടുക്കുന്നതും വീണ്ടെടുക്കുന്നതും എങ്ങിനെയെന്നൊക്കെ നാം അറിയുമായിരുന്നു.എന്റെ പഴയ വിദ്യാർത്ഥി ആ ചോദ്യം ചോദിക്കുമായിരുന്നില്ല.

ഷേക്സ്പിയറിന്റെ പ്രശസ്തമായ മാക്ബെത് എന്ന ദുരന്തനാടകവുമായി ചെറിയൊരു പരിചയമുള്ള ആർക്കും ഈ സിനിമയുടെ ശീർഷകത്തിലെ പൊരുൾ ഉൾക്കൊള്ളാനാകും .മദ്ധ്യകാലഘട്ടങ്ങളിൽ യൂറോപ്പിൽ ചുട്ടു കൊല്ലപ്പെട്ടവരാണ് മന്ത്രവാദിനികൾ. രോഗങ്ങളെ ശമിപ്പിക്കാൻ പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന ചികിത്സാരീതികൾ കണ്ടെത്തിയ അനുഗ്രഹീത ഭിഷഗ്വരരായിരുന്നു അവർ. ആ മന്ത്രവാദിനികളെയാണ് ആധുനികതയുടെ തുടക്കത്തിൽ രചിച്ച ഈ നാടകത്തിൽ വളരെ ഭാവനാത്കമായി, തീക്ഷണമായി, പ്രവചന ശക്തിയുള്ള ഊർജ്ജ സ്രോതസ്സുകളായി നാടകകൃത്ത് വിഭാവനം ചെയ്തത്. സീനയിലൂടെയും അമ്മിണി അമ്മയിലൂടെയും, സെലിനിലൂടെയും പ്രസരിക്കുന്ന മാന്ത്രികത പരോക്ഷമായെങ്കിലും ശീർഷകത്തിലൂടെ സൂചിപ്പിക്കപ്പെടുന്നുണ്ട് .

ബോട്ടും, കായലും ,മഴയും ,തെരുവും, ബസ്സും പച്ചപ്പും ,തീയും, ചൂടും എല്ലാം ഇഴുകിച്ചേരുന്ന പൊതുവായ പെണ്ണിടങ്ങളെയാണ് ,തൊഴിലിടങ്ങളെയാണ് ക്യാമറ പിന്തുടരുന്നത്.

ദൈനംദിന ജീവിതത്തിന്റെ കയ്പ്പും മധുരവുമെല്ലാം ഒരു ചിരിയിൽ കടിച്ചമർത്തി അവരെ കൊച്ചിൻ കാർണിവലിന്റെ പുരുഷാരത്തിൻ നടുവിൽ എത്തിക്കുന്ന രാജേഷ് വ്യക്തമായും ഡോക്യുമെന്ററി കാഴ്ചകൾക്ക് നവ രൂപവും ഭാവവും തേടുകയാണ്. ഷോട്ടുകളും, ആങ്കിളുകളും, പ്രകാശമാനമായ നിറങ്ങളും സംഗീതവും, പ്രതീക്ഷകളെയും സംതൃപ്തിയെയുമാണ് ധ്വനിപ്പിക്കുന്നത് എന്നത് , പതിവു രീതികളിൽ നിന്നും പ്രകടമായ വ്യത്യാസങ്ങളാണ്.

ബാല്യകാലത്തിലേറ്റ മുറിവുകൾ,അമ്മമാർ അനുഭവിച്ച യാതനകൾ, ചെറുപ്പത്തിലേ അനുഭവിച്ച അനാഥത്വങ്ങൾ നമുക്ക് പുത്തരിയല്ല. പക്ഷെ അവർ ആ അനുഭവങ്ങളെ തങ്ങളുടെ ആന്തരിക ചൈതന്യത്തെ തളർത്താൻ അനുവദിക്കാതെ നടത്തിയ പോരാട്ടമാണ് പ്രിയാ നായരും കെ.സി.അഹബഹാമും ചേർന്ന് നിർമ്മിച്ച ഈ ചിത്രത്തിലൂടെ രാജേഷ് നമുക്ക് മുന്നിൽ അവതരിപ്പിക്കുന്നത്.

തിരിഞ്ഞു നോക്കുമ്പോൾ ഞാൻ തന്നെയാണോ ഇതെല്ലാം അനുഭവിച്ചത് എന്ന് തന്റെ ഭൂതകാലത്തേയ്ക്കു നോക്കി പകച്ചു നിൽക്കുന്ന, വിതുമ്പുന്ന , സീന എന്ന ഫുട്ബോൾ കോച്ച് നമ്മെ അദ്ഭുതപ്പെടുത്തും. പെൺകുട്ടികൾ കളിക്കാൻ വരുമ്പോൾ, അവരെ തളർത്തുന്ന പിന്തിരിപ്പിക്കുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ ക്കുറിച്ച് അവർ പറയുമ്പോൾ, സ്ത്രീശാക്തീകരണം ഈ കേരളത്തിൽ എത്ര വിദൂരസ്വപ്നമാണെന്ന് നമുക്ക് ഒന്നുകൂടി ദുഖത്തോടെ മനസ്സിലാകും. കായികരംഗത്ത് പെൺകുട്ടികൾ മുന്നിൽ എത്താത്തതിൽ വലിയ രഹസ്യങ്ങളൊന്നും ഇല്ല എന്നും നമുക്ക് ബോധ്യപ്പെടും.എഴുത്തും വായനയും അറിയാത്ത അമ്മിണിഅമ്മ വാമൊഴി പാരമ്പര്യത്തിന്റെ ശക്തിയുടെ സമകാലീന പ്രതീകമാണ്.പുലരിയോടൊത്തു മീൻകൊട്ടയുമായി, ഉറപ്പുള്ള ചുവടുകളോടെ നാട്ടുവഴികളിലൂടെ ഓരോ ദിവസത്തിലേക്കും നടന്നു കേറുന്ന ദൃശ്യങ്ങൾ,തൻറെ വഞ്ചിയിൽ പാട്ടും പാടി ആമ്പൽപ്പൂക്കൾക്കിടയിലൂടെ തുഴഞ്ഞു പോകുന്ന ചിത്രങ്ങൾ - എല്ലാം അമ്മിണിഅമ്മയുടെ സഹജമായ പ്രസരിപ്പിന്റെ സൂചനകളാണ് .

വിശാലമായ കായൽപ്പരപ്പിൽ, അരക്കൊപ്പം വെള്ളത്തിൽ നിന്നു കൊണ്ട് ,ആഴങ്ങളിലേക്ക് കൈയിട്ടു മീനുകളെ വാരിയെടുക്കുന്ന കണ്ണഞ്ചിപ്പിക്കുന്ന ഷോട്ടുകൾ, എഡിറ്റിങ്ങ് ടേബിളിൽ ലയിച്ചു ചേരുന്നത് അമ്മിണിഅമ്മക്കു പറയാനുള്ള ഒരുപാട് കറുത്തകഥകളിലാണ്. ഹിംസയുടെയും, ചൂഷണത്തിന്റെയും ചരിത്രം പാട്ടുകളായും കഥയായും അവരിലൂടെ കുതിച്ചൊഴുകുന്നു. വാമൊഴിയുടെ ചടുലതയും നർമ്മവും അനൗപചാരികതയും ഈ സ്ത്രീകളുടെ പറച്ചിലുകൾക്ക് അനന്യമായ ഒരു ഒഴുക്ക് പകരുന്നു.കന്നുകാലികൾ ഇല്ലാത്തതു കൊണ്ട് തന്നെയും സഹോദരിയെയും നുകത്തിൽ കെട്ടി നിലം ഉഴുത സംഭവം വിവരിക്കുമ്പോൾ നമ്മൾ തരിച്ചിരുന്നു പോകും . മാഞ്ഞു കൊണ്ടിരിക്കുന്ന സംസ്കാരങ്ങളെ രേഖപ്പെടുത്തുക എന്ന ദൗത്യമാണ് ഡോകുമെന്ററികളുടേതെന്നു രാജേഷ് ഉറപ്പിച്ചു പറയുന്നു. കുടുംബ ഫോട്ടോകൾ ഇല്ലാത്ത കുടുംബങ്ങളെ പ്പോലെയാണ് ഡോക്യുമെന്ററികൾ ഇല്ലാത്ത സമൂഹങ്ങൾ എന്ന പട്രീഷ്യോ ഗസ്മാൻടെ നിരീക്ഷണം രാജേഷ് അടിവരയിടുന്നു. അന്തർദ്ദേശീയത്തലത്തിൽത്തന്നെ അംഗീകാരങ്ങളും അവാർഡുകളും കരസ്ഥമാക്കി ക്കഴിഞ്ഞ ഈ സിനിമകളോടുള്ള പ്രതികരണങ്ങളിലും സംവിധായകന് സ്ത്രീ-പുരുഷ വ്യത്യാസം അനുഭവപ്പെട്ടിട്ടുണ്ട്.

സ്ത്രീകൾ വൈകാരികമായാണ് പ്രതികരിക്കുക.പുരുഷന്മാർ യുക്തി കൊണ്ടും. തന്നോട് തന്നെയുള്ള കലഹങ്ങളാണ് തന്റെ സിനിമകൾ. തന്റെ ഉള്ളിൽ അടിഞ്ഞു കൂടിയിട്ടുള്ള ആണധികാര ധാർഷ്ട്യങ്ങളെ താൻ ഈ സ്ത്രീകളിലൂടെ കുടിയൊഴിപ്പിക്കുകയാണ്. ഭർത്താവിന്റെ മർദ്ദനമേറ്റ് നടുവൊടിഞ്ഞും പല്ലു കൊഴിഞ്ഞും തകർന്ന സെലിൻ ഉയിർത്തെഴുന്നേൽക്കുന്നത് ശവശരീരങ്ങളെ ദഹിപ്പിച്ചു കൊണ്ടാണ്. തന്റെ ദുരിതങ്ങളെ ഒരു ചെറു ചിരിയിലൊതുക്കി മരിച്ചവരെക്കാൾ തനിക്കു പേടി രണ്ടു കാലിൽ നടക്കുന്ന ജീവികളെയാണെന്നു പറയുമ്പോൾ മനുഷ്യരാശിക്ക് മേൽ അതേൽപിക്കുന്ന പ്രഹരം

ചെറുതല്ല. വികാരതീവ്രമാണീ ചിത്രം.രാജേഷ് തന്റെ നിലപാട് വ്യക്തമാക്കുന്നു.വികാരങ്ങളാണ് വൻ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. ബുദ്ധിശക്തിയ്ക്ക് വ്യവസ്ഥയെ മാറ്റാനാവില്ല. ഡോക്യുമെന്ററി എന്ന ചലച്ചിത്ര രൂപത്തിന് തന്നെ നവവ്യാഖ്യാനങ്ങളെ സാധ്യമാക്കുന്ന, വിഭിന്നങ്ങളായ ലിംഗ സ്വത്വ നിർമ്മിതികളിലേക്കു നമ്മെ ഉണർത്തുന്ന ഈ മുൻകൈയ്യുകളെ നമുക്ക് സ്വാഗതം ചെയ്യാം. ടെലിവിഷനിലും നവ മാധ്യമങ്ങളിലും കുമിഞ്ഞുകൂടുന്ന വിവരങ്ങളിൽ ,ആരവങ്ങളിൽ ഹനിക്കപ്പെടുന്ന സൂക്ഷ്മതകളെ നമുക്ക് ഒന്നുകൂടി തിരിച്ചുപിടിക്കാം. ഇടിമുഴക്കങ്ങൾക്ക് കാതോർക്കാം. മിന്നല്പിണരുകൾ കണ്ടുകൊണ്ടുണരാം




**ചർച്ചാവിഷയം**

**അലിഷാ അംജദ്**

ഷൊർണ്ണൂർ കാർമൽ സിഎംഐ സ്കൂളിൽ ഏഴാം ക്ളാസ് വിദ്യാർത്ഥിനി


# ഒരു ഏഴാം ക്ലാസുകാരി പറയുന്നു; ഞാനും ഒരു കൊച്ചു ഫെമിനിസ്റ്റ!



ഞാൻ അലിഷാ അംജദ്. ഷൊർണ്ണൂർ കാർമൽ സിഎംഐ സ്കൂളിൽ ഏഴാം ക്ളാസ് വിദ്യാർത്ഥിനി ആണ്. ഞാൻ ഫെമിനിസ്റ്റ് എന്ന വാക്കു ആദ്യം കേൾക്കുന്നത് എന്റെ വീട്ടിൽ നിന്ന് തന്നെ ആണ്. വാപ്പയും മാമമാരും എല്ലാം എന്റെ ഉമ്മാനെ ഫെമിനിസ്റ്റ് എന്ന് പറഞ്ഞു കളിയാക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.എന്നാൽ അതിന്റെ അർത്ഥം ഒന്നും എനിക്ക് അറിയില്ലായിരുന്നു. എന്റെ ഉമ്മ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ ആണ്. ഉമ്മ കോളേജിലെ കുട്ടികളുടെ കൂടെ പരിപാടികൾ നടത്തുകയും സംസാരിക്കുകയും ഒക്കെ ചെയ്യുന്നത് കണ്ടാണ് അവർ ഉമ്മാനെ കളിയാക്കിയിരുന്നത്. പിന്നെ പിന്നെ ഉമ്മാടെ കോളേജിലെ സെമിനാർ ഒക്കെ ആയി ഉമ്മ എപ്പോഴും ഫെമിനിസം, ദളിത്, ട്രാൻസ്ജൻഡർ എന്നൊക്കെ ഫോണിലൂടെ പറയണത് കേട്ട് എന്താന്നു ചോദിച്ചപ്പോഴാണ് ഉമ്മ എനിക്ക് അതൊക്കെ വിശദമായി പറഞ്ഞു തന്നത്.

ഇനി എന്റെ വല്യ ഫെമിനിസ്റ്റ് ഉമ്മ ഉണ്ട്. അപ്പുറത്തെ കടേൽ ഞാൻ പോട്ടെ എന്ന് ചോദിച്ചാൽ പോണ്ടാന്ന് പറയും. അടുത്ത വീട്ടിൽ കളിക്കാൻ പോട്ടെ എന്ന് ചോദിച്ചാൽ കണ്ണുരുട്ടും. ഒരു ദിവസം ഞാൻ പറഞ്ഞു, ഞാൻ എല്ലാരോടും പറയും ഉമ്മ തട്ടിപ്പാണെന്ന്. തുല്യത എന്നൊക്കെ വെറുതെ പറയാണെന്ന്. അപ്പോൾ ഉമ്മാക്ക് സങ്കടമായി.

എന്നെ കെട്ടിപിടിച്ചിട്ട് എന്നോട് പറഞ്ഞു, എനിക്ക് ആഗ്രഹമുണ്ട് നിന്നെ വിടാൻ. പക്ഷെ നമ്മൾ ഫെമിനിസ്റ്റ് ആയതു കൊണ്ട് മാത്രം കാര്യമില്ലല്ലോ. ചുറ്റും ഉള്ളവർ കൂടെ മാറേണ്ടേ. എല്ലാരും മാറാൻ വേണ്ടിയാണ് പറയുന്നത്. പക്ഷെ ലോകം മാറിയില്ല എന്ന് അറിയുന്നത് കൊണ്ട് എന്റെ മോളെ കുറിച്ചു എനിക്ക് പേടിയുണ്ട്. എന്നാലും കുറെ ആളുകൾ ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ കുറെ കാലം കഴിഞ്ഞാൽ കുറച്ചൂടെ മാറ്റം വരും. അപ്പോൾ നിന്റെ മക്കൾക്ക് ഇതുപോലെ തല്ലുകൂടേണ്ടി വരില്ല എന്ന്.

ഇനി ഞാൻ ഫെമിനിസ്റ്റ് ആണെന്ന് എന്റെ വാപ്പ ഡിക്ലയർ ചെയ്ത സംഭവം പറയാം. ഒരുദിവസം ഞാൻ സ്കൂൾ അസംബ്ലിയിൽ പറയാനുള്ള മെസ്സേജിന് വേണ്ടി ഉമ്മാനോട്, ചൈൽഡ് ഹുഡിനെ കുറിച്ചു ഒരു കോട് വേണം എന്ന് പറഞ്ഞു. ഉമ്മ ഉടനെ രണ്ടെണ്ണം  പറഞ്ഞു. 1 – ദി ചൈൽഡ്  ഈസ് ദി ഫാദർ ഓഫ് മാൻ. 2– .ചൈൽഡ്ഹുഡ് ഷോസ് ദി മാൻ ആസ് മോർണിംഗ് ഷോസ് ദി ഡേ എന്ന്. ഉടനെ ഞാൻ പറഞ്ഞു ദിസ് ഈസ് ഡിസ്ക്രിമിനേഷൻ. ഉമ്മ വല്യ ഇക്വാലിറ്റി പറഞ്ഞിട്ട് ഉമ്മ തന്നെ ഇങ്ങനെയുള്ള കോട് പറയരുതെന്ന്.. അത് കേട്ട ഉടനെ വാപ്പ പറഞ്ഞു, ഇനി രണ്ട് ഫെമിനിസ്റ്റുകളെ ഞാൻ ഇവിടെ സഹിക്കണമല്ലോ എന്ന്.

അങ്ങിനെ ആണ് ഞാൻ എന്റെ വീട്ടിലെ ഒഫീഷ്യൽ ഫെമിനിസ്റ്റ് നമ്പർ 2 ആയത്. ഫെമിനിസ്റ്റ് എന്നും ഫെമിനിച്ചി എന്നും ഒക്കെ ചേട്ടന്മാർ പെണ്ണുങ്ങളെ ഫേസ്ബുക്കിൽ കളിയാക്കുന്നത് ഞാൻ കാണാറുണ്ട്.  എത്ര കളിയാക്കിയാലും സാരമില്ല, ഞാനും പറയും ഞാനും ഒരു കൊച്ചു ഫെമിനിച്ചി ആണെന്ന്.

*കടപ്പാട് : ഏഷ്യാനെറ്റ് ന്യൂസ്.കോം*





## ചർച്ചാവിഷയം

**ആർ.ഷർമിള**
കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ ഫിലോസഫി വിഭാഗം അദ്ധ്യാപിക

# ചില ചെറുനീരസങ്ങൾ

**ചെ**റുപ്പകാലത്ത് തന്നെ, സ്ത്രീവാദമെന്ന് പിന്നീട് മനസ്സിലാക്കിയ കാര്യങ്ങൾ നാമ്പിട്ടുണ്ടാകാം. രണ്ട് സഹോദരന്മാർക്കൊപ്പമുള്ള ബാല്യകാലം. ടീ എസ്റ്റേറ്റിലായിരുന്നു അച്ഛന് ജോലി. വയനാട്ടിൽ ചെമ്പ്രമലയുടെ താഴ്വാരത്തിൽ ചിലവഴിച്ച കുട്ടിക്കാലം. വീട്ടിനടുത്തുള്ള ഫുട്ട്ബോൾ മൈതാനത്തിലേക്ക് താഴെ പുഴയിൽ നിന്നും മഴക്കാലത്ത് വെള്ളം കേറുക പതിവായിരുന്നു. അതിലൂടെ ഒഴുകിയെത്തുന്ന വാലിൽ ചൊട്ട കുത്തിയ പരൽമീനുകൾ. രാവിലെ മുതൽ അവറ്റയെ പിടിക്കാൻ മൈതാനത്തിലേക്ക് പിന്നെയൊരു പാച്ചിലാണ്. മീനിന്റെ പിറകെ അതിൽ ആൺപെൺ വ്യത്യാസങ്ങളില്ല. പിന്നെ കുറേകൂടി മുതിർന്നപ്പോഴാണ് വിലക്കുകൾ വന്നു തുടങ്ങിയത്. ഏലക്കാട്ടിൽ പോവാനൊ പോത്തിൻകുളത്തിൽപോയി ചാടാനൊ ഒന്നും അനുവാദമില്ല. ഏട്ടന്മാർ പോവുന്നുണ്ടല്ലൊ, ഞാനും പോവട്ടെ എന്നു ചോദിച്ചാൽ അവർ ആൺ കുട്ടികളല്ലേ; അവർ പോട്ടെ നീ പോണ്ട' എന്ന മറുപടി കുറച്ചൊന്നുമല്ല സങ്കപ്പെടുത്തിയിട്ടുള്ളത്. പക്ഷെ വിട്ടുകൊടുക്കാൻ തയ്യാറല്ലായിരുന്നു. വീട്ടിൻ മുറ്റത്തുള്ള വലിയ ചാമ്പമരത്തിന്റെ ചില്ലകൾ മുഴുവൻ കീഴടക്കി ഏറ്റവും മുകളിലത്തെ ചില്ലയിലൂടെ ഓട്ടിന് പുറത്ത് കേറി മലർന്ന് കിടന്ന്, രണ്ട് മൂന്ന് മുഴുത്ത പനിനീർചാമ്പക്ക തിന്നപ്പോഴാണ് വാസ്തവത്തിൽ ഒരു പകരംവീട്ടൽ സുഖം അറിഞ്ഞത്. ഞാനും പ്രിയയും എന്റെ അടുത്ത കൂട്ടുകാരി. ഞങ്ങൾ ഒപ്പിച്ചിട്ടുള്ള വികൃതികൾക്ക് കൈയ്യും കണക്കുമില്ല.

സ്കൂളിൽ നിന്ന് വിനോദയാത്രയ്ക്ക് പോയതാണ് രസകരമായ ഒരു സംഭവം. പ്രിയയാണ് സമയം വൈകിച്ചത്. നേരത്തെ റെഡിയായി നിന്ന എന്നെനോക്കി കണ്ണിറുക്കിച്ചുകൊണ്ട് അവൾ കുളിക്കാൻ പോയി. എന്തുചെയ്യാം. എല്ലാം കഴിഞ്ഞ് സ്കൂളിലെത്തിയപ്പോൾ ഞങ്ങളെ കൂട്ടാതെ ബസ് പോയ് കഴിഞ്ഞിരിക്കുന്നു. കരച്ചിലിന്റെ വക്കത്തെത്തിയ ഞങ്ങൾ പെട്ടെന്ന് സമനില വീണ്ടെടുത്തു. അങ്ങിനെ പറ്റില്ലല്ലൊ. നമുക്ക് ബസിനെ പിന്തുടരാം ആദ്യം പോവുക കണ്ണടി അമ്പലത്തില്ക്കാണെന്ന് ക്ലാസ്ടീച്ചർ പറഞ്ഞതോർമ്മവന്നു. ഞങ്ങളുടെ സ്കൂളിൽ നിന്ന് ഒരു എട്ട് കി.മീ. ദൂരം വരും. (ദൂരത്തിന്റെ കണക്കൊക്കെ മുതിർന്നപ്പോൾ കണ്ടു പിടിച്ചതാണ്) എത്രയും പെട്ടെന്ന് അവരുടെ കൂടെ എത്തുക. അതുമാത്രമായിരുന്നു ലക്ഷ്യം. ദൃഢനിശ്ചയത്തോടെ ഏഴാം ക്ലാസിൽ പഠിക്കുന്ന രണ്ട് പെൺകുട്ടികൾ കൈകോർത്ത് പിടിച്ച്, തേയിലക്കാടുകൾകിടയിലുള്ള റോഡിലൂടെ വെച്ചു പിടിച്ചു. ഏകദേശം വഴി അങ്ങോട്ടേക്കാണെന്ന് മാത്രമറിയാം. വിജനമായ റോഡുകളിൽ പോത്തിൻ കൂട്ടങ്ങൾ മാത്രം അലഞ്ഞ് നടന്നു. കൊളുന്ത് ചാക്കുകൾ നിറച്ച ട്രാങ്കുകൾ മാത്രം കിതച്ച് കിതച്ച് കടന്നുപോയി. ഉള്ളിലെ പേടി പുറത്ത് കാണിക്കാതെ കാലുകൾ കുഴയും വരെ നടന്നു. അവസാനം കണ്ണാടി അമ്പലത്തിന് പുറത്ത് ഞങ്ങളുടെ ബസ് നിർത്തിയിട്ടിരിക്കുന്നത് കണ്ടപ്പോഴുണ്ടായ ആശ്വാസം പറയാൻ പറ്റില്ല. കൂട്ടുകാരൊക്കെ ഓടിച്ചാടി നടക്കുന്നു. ക്ഷീണിച്ചവശരായി അവിടെയെത്തിയ ഞങ്ങളെ കണ്ട് ക്ലാസ് ടീച്ചർ സിസ്റ്റർ ഏഞ്ചലീന അന്ധാളിച്ചു. ഞങ്ങൾ നടന്നാണ് അവിടെ എത്തിയതെന്നറിഞ്ഞപ്പോൾ സിസ്റ്റർ പറഞ്ഞത്; 'ഹെന്റെ ഈശോയെ ആൺപിള്ളേർ



**ഗവേഷണത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കഴിയും കാലം. ഹോസ്റ്റൽ സെക്രട്ടറിയായിരുന്നു. ഏകദേശം നാനൂറ്റമ്പതോളം കുട്ടികൾ ഹോസ്റ്റലിൽ ഉണ്ട്. വളരെ ഊർജ്ജസ്വലതയുള്ള കാലം. കുട്ടികൾ നേരിട്ടു നടത്തുന്ന മെസ്സും മെസ് ജീവനക്കാർ പത്ത് പന്ത്രണ്ട് പെൺകുട്ടികൾ. കളിചിരികളൊക്കെയായി എല്ലാ വിദ്യാർത്ഥികളുമായി വളരെ നല്ല സൗഹൃദം പുലർത്തിയിരുന്നു ഇവർ.**

പോലും ചെയ്യാൻ മടിക്കുന്ന കാര്യമാ ഈ പെൺപിള്ളേര് ചെയ്തേക്കുന്നത്. എന്ത് ധൈര്യമാടി കൊച്ചുങ്ങളേ" എന്നായിരുന്നു ഞാനും പ്രിയയും കൈകോർത്ത് പരസ്പരം വിരലുകൾ അമർത്തി അതൊരു തുടക്കമായിരുന്നു. ഇങ്ങിനെ എണ്ണിപറഞ്ഞാൽ തീരാത്ത നിരവധി അനുഭവങ്ങൾ.

ഗവേഷണത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കഴിയും കാലം. ഹോസ്റ്റൽ സെക്രട്ടറിയായിരുന്നു. ഏകദേശം നാനൂറ്റമ്പതോളം കുട്ടികൾ ഹോസ്റ്റലിൽ ഉണ്ട്. വളരെ ഊർജ്ജസ്വലതയുള്ള കാലം. കുട്ടികൾ നേരിട്ടു നടത്തുന്ന മെസ്സും മെസ് ജീവനക്കാർ പത്ത് പന്ത്രണ്ട് പെൺകുട്ടികൾ. കളിചിരികളൊക്കെയായി എല്ലാ വിദ്യാർത്ഥികളുമായി വളരെ നല്ല സൗഹൃദം പുലർത്തിയിരുന്നു ഇവർ. വർഷങ്ങളായി കുറഞ്ഞ വേതനത്തിന് അധികജോലിയെടുക്കുന്ന കോൺട്രാക്റ്റ് ജീവനക്കാർ. സ്ഥിരപ്പെടുത്തണമെന്ന് ഇവരുടെ ആവശ്യം ലേബർ കോടതിയിലും. ഇതിനിടെയാണ് ഒരു രാത്രി അടിയന്തിരമീറ്റിംഗ് വിളിക്കുന്നത്. ഇവരെ ജോലിയിൽ നിന്ന് പിരിച്ചുവിടണം. സ്ഥിരജോലിക്കാരാക്കിയാൽ യൂണിവേഴ്സ്റ്റിക്ക് അധികബാധ്യതയാവും. വി.സി. യുടെ നിർദ്ദേശമാണ്. അനുസരിച്ചേ പറ്റു എന്ന്. ആദ്യത്തെ സ്തംഭനാവസ്ഥ ഒന്ന് മാറിയപ്പോൾ ഞാൻ ശക്തിയായി എതിർത്തു. ഒരു നോട്ടീസും കൊടുക്കാതെ ഇത്രവർഷം ജോലി ചെയ്യുന്ന ഇവരെ പിരിച്ചുവിടുക സാധ്യമല്ലെന്ന് തീർത്തു പറഞ്ഞു. പക്ഷെ വാർഡൻ ഉറച്ചുനിന്നു. നിങ്ങൾ വിദ്യാർത്ഥികൾ, തൊഴിലാളികളുടെ കാര്യത്തിൽ ഇടപെടേണ്ട എന്നും നിങ്ങൾക്ക് ഇതിനേക്കാൾ നല്ല മെസ്സ് ഒരുക്കിത്തരുമെന്നും ഉള്ള വാഗ്ദാനങ്ങൾ. കമ്മിറ്റിയിലെ മറ്റെല്ലാ അംഗങ്ങളെയും വിശ്വസിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. ഒടുവിൽ എന്റെ എല്ലാ എതിർപ്പുകളെയും അവഗണിച്ച് മറ്റെല്ലാ അംഗങ്ങളിൽ നിന്നും അവർ, മെസ്ജീവനക്കാരെ പിരിച്ചുവിടാനുള്ള പ്രമേയത്തിൽ ഒപ്പുവാങ്ങിച്ചു. ഞാൻ മാത്രം ഒപ്പിട്ടില്ല. കഠിനമായ ഹൃദയവേദനയോടെ, അവരുടെയൊക്കെ വീടുകളിലെ ദയനീയാവസ്ഥയോർത്ത് സങ്കടപ്പെട്ട് പാതിരാത്രിക്ക് മുറിയിലെത്തിയെങ്കിലും ഉറങ്ങാൻ കഴിഞ്ഞില്ല. ഈ അനീതി എതിർക്കപ്പെടണമെന്ന് മനസ്സ് പറഞ്ഞു

കൊണ്ടിരുന്നു. എന്റെ അടുത്ത കൂട്ടുകാരി മോളി (റീന രാമകൃഷ്ണൻ) മുറിയിലെത്തി എന്റെ അവസ്ഥ അവളുമായി പങ്കുവെച്ചു. എന്തെങ്കിലും ചെയ്തേ പറ്റു അതും ഉടനടി. പാതിരാത്രിക്ക് എന്തുചെയ്യാൻ. മുറിയിലൂടെ കണ്ണോടിച്ചപ്പോൾ ഞങ്ങൾക്ക് മുമ്പേ താമസിച്ച ബോട്ടണിക്കാർ ഉപേക്ഷിച്ചുപോയ ഒരുകെട്ട് തടിയൻ പേപ്പറുകളിൽ കണ്ണ് ഇടക്കി. അവർ ചെടികൾ ഒട്ടിച്ചുവെച്ച തടിയൻ പോസ്റ്റർ കടലാസുകൾ കണ്ടപ്പോൾ ഒരു ഉത്സാഹം മനസ്സിൽ ഒഴുകിയെത്തി. മതി, ഇതുമതി. പോസ്റ്ററെഴുതണം മുറിയിൽ ഒരു സ്കെച്ച് പെന്നോ പെയിന്റോ ബ്രഷോ ഒന്നുമില്ല. പെന്ന് വാങ്ങാൻ മനസ്സ് വന്നില്ല. വീണ്ടും പരതിയപ്പോൾ അതാ ഇരിക്കുന്നു. ഉജാല. മതി, ഇവൻ മതി. ഒരുപശ്ശെടുത്ത് അതിൽ ഒഴിച്ച് പാകത്തിന് വെള്ളവും ചേർത്ത് വച്ചു. ഇനി ബ്രഷ് വേണം. കുറച്ച് പഞ്ഞി കിട്ടി. അത് കട്ടിയിൽ തെരുത്ത് പെൻസിലിന്റെ അറ്റത്ത് ചുരുട്ടിവെച്ചു. അത് ഉജാലയിൽ മുക്കി പോസ്റ്ററെഴുതി തുടങ്ങി. 'സ്ത്രീജീവനക്കാരെ അന്യായമായി പുറത്താക്കിയതിൽ പ്രതിഷേധിക്കുക' – 'അനീതി ചെറുക്കപ്പെടണം' എന്നിങ്ങനെ അമ്പതോളം പോസ്റ്ററുകൾ. ഒട്ടും പ്രൊഫണൽ ഭംഗിയില്ലാത്ത അലുക്കുലുത്തായ ഒരു എഴുത്ത്. വായിക്കാൻ പറ്റും. പക്ഷെ സാധാരണകാണുന്ന പോസ്റ്ററിന്റെ ഭംഗിയില്ല. സാരില്ല. ആളുകൾ കാണണം. അതാണ് പ്രധാനം. ഇതൊക്കെ കഴിയുമ്പോഴേക്ക് നേരം വെളുക്കാറായി. ഇനി ക്യാമ്പസ് മുഴുവൻ ഒട്ടിക്കലാണ്. ആളുകൾ എത്തും മുമ്പ് വേണം. ഓടി അടുക്കളയിലേക്ക്. കുറേ മൈദമാവ് കലക്കി ചെറിയ ബക്കറ്റിലാക്കി ആറുമണിയാവുമ്പോഴേക്ക് പുറത്ത് കടന്നു. ഞാനും മോളിയും ആവുന്നത്ര പോസ്റ്ററുകൾ ഒട്ടിച്ചു. കാന്റീനിൽ, പരീക്ഷാഭവന്റെ ചുമര് ഹാളിൽ പാതയോരത്തെ പനകളിൽ, ലൈബ്രറിയിൽ എന്നു വേണ്ട സകലയിടത്തും. ഇതുവരെ കണ്ടില്ലാത്ത തരത്തിലുള്ള പോസ്റ്ററുകൾ കണ്ടമാനം ആളുകൾ നിന്ന് വായിക്കുന്നത് ഞങ്ങൾ ഒരുതരം ഗൂഢാനന്ദത്തോടെ നോക്കിനിന്നു. വളരെപെട്ടെന്ന് ഈ പ്രതിഷേധാഗ്നി പകർന്നുപിടിച്ചു. മെസ്സ് ജീവനക്കാരുടെ യൂണിയൻ സമരവുമായി രംഗത്ത് വന്നു. ഞങ്ങൾ വിദ്യാർത്ഥികളുടെ കൂട്ടായ്മ ശാന്തമായി രംഗത്ത് വന്നു. പിന്നീട് സാധാരണ എല്ലാ സമരത്തിനും സംഭവിക്കുന്നതുപോലെ പലവിധ രാഷ്ട്രീയങ്ങളും, പലവിധ താൽപര്യങ്ങളും ഈ സമരത്തിനുമുണ്ടായി. പക്ഷെ എല്ലാം അതിജീവിച്ച് ഇവരെ തിരിച്ചെടുക്കുവരെ സമരം എന്ന നിലയിൽ ഉറച്ചുനിന്നു. ഹോസ്റ്റൽ തൊഴിലാളിസമരം ചാനുകളുടെയും പത്രങ്ങളുടെയും ശ്രദ്ധ നേടി. പല പ്രമുഖരും സമരത്തിൽ സജീവപങ്കാളിത്തം നൽകി. ഒന്നരക്കൊല്ലത്തോളം സമരം നീണ്ടുനിന്നു. പലർ പാതിവഴിയിൽ ഉപേക്ഷിച്ചു. പലർ ഇടയ്ക്ക് കൂടി. ആത്മാർത്ഥതയുള്ള ധാരാളം പേർ ഉറച്ചുനിന്നു. കുട്ടികൾക്കായി കോൺട്രാക്ട് മെസ്സ് ഏർപ്പെടുത്തിയിരുന്നു. അവിടുന്ന് കഴിക്കില്ല പ്രതിജ്ഞയെടുത്തതിനാൽ ഞങ്ങൾ കുറച്ച് സുഹൃത്തുക്കൾ സ്വയം പാചകം ചെയ്തായിരുന്നു ഭക്ഷണം കഴിച്ചത്. ഗവേഷണക്കെ ഏകദേശം നിലച്ചമട്ടായി. കൈവിട്ടുപോകും എന്ന് തോന്നിയ കുറേ അവസരങ്ങൾ പക്ഷെ ആത്മാർത്ഥ സുഹൃത്തുക്കൾ (എഴുതിയാൽ അപൂർണമാകുമോ എന്ന ഭയത്താൽ ആരുടെയും പേരുകൾ പരാമർശിക്കുന്നില്ല) അവസാനം വരെ നീണ്ടുനിന്നു. ജീവനക്കാരുടെ യൂണിയൻ നേതാവായ ഗ്രോവാസു നിരാഹാരം കിടന്നു. ഒടുവിൽ അന്നത്തെ മുഖ്യമന്ത്രി നായനാർ ഇടപെട്ട് സമരം ഒത്തുതീർപ്പാക്കി. പിരിച്ചുവിട്ടവരെ തിരിച്ചെടുത്തു. ഇത്രയേറെ ആഹ്ലാദം തോന്നിയ നിമിഷം ജീവിതത്തിൽ അധികമുണ്ടായിട്ടില്ല. തിരിച്ചെടുക്കപ്പെട്ടവർ സ്നേഹത്തോടെ വിളമ്പിത്തന്ന... കണ്ണ് നിറഞ്ഞു. അതിനിടയിൽ സംഭവിച്ചു വ്യക്തിപരമായ നഷ്ടങ്ങൾക്കൊന്നും ആ നിമിഷത്തിൽ പ്രസക്തിയിൽ ഹോസ്റ്റൽ തൊഴിലാളിസമരത്തിൽ പങ്കെടുത്ത ഓരോരുത്തർക്കും അവരുടെ കഥകൾ പറയാനുണ്ടാവും. അത് വിജയിപ്പിക്കാനായി ഓരോരുത്തരും ആത്മാർത്ഥതയോടെ, അവിരാമം പ്രവർത്തിച്ചിരുന്നു. അവർക്കോരോരുത്തർക്കും ഹൃദയത്തിൽ തൊട്ട് സ്നേഹാഭിവാദ്യങ്ങൾ.

ഈ ഭൂമിയും അതിലെ ഓരോ ഇടവും ഞങ്ങളുടേത് കൂടിയാണെന്ന് ഓരോ സ്ത്രീയും മനസ്സിലാക്കുമ്പോഴേ, പരസ്പര സഹകരണത്തിനായി കൈകളിങ്ങനെ കോർത്തുപിടിക്കാൻ പറ്റു. ഒരിക്കലും മുറിയാതെ എല്ലാവരും ഒപ്പമെത്തുംവരെ നമുക്കിതിങ്ങനെ കോർത്തുപിടിക്കാം....

**'സ്ത്രീജീവനക്കാരെ അന്യായമായി പുറത്താക്കിയതിൽ പ്രതിഷേധിക്കുക' – 'അനീതി ചെറുക്കപ്പെടണം' എന്നിങ്ങനെ അമ്പതോളം പോസ്റ്ററുകൾ. ഒട്ടും പ്രൊഫണൽ ഭംഗിയില്ലാത്ത അലുക്കുലുത്തായ ഒരു എഴുത്ത്. വായിക്കാൻ പറ്റും. പക്ഷെ സാധാരണകാണുന്ന പോസ്റ്ററിന്റെ ഭംഗിയില്ല. സാരില്ല.**



കഥ


**നിർമ്മല**
കാനഡയിൽ ഉദ്യോഗസ്ഥ, എഴുത്തുകാരി


# വെണ്ടയ്ക്കാത്തോരൻ

ഡിയർ മമ്മി,

പുതിയ സ്ഥലത്തെ താമസം ഉറച്ചുവരുന്നു. അടുത്തുള്ള കുറച്ചു മലയാളികളൊക്കെ പരിചയപ്പെട്ടു. ബെന്നി ഇന്നലെ ഒരു ഇന്ത്യൻ കട കണ്ടുപിടിച്ച് കുറേയധികം നാടൻ പച്ചക്കറികളും പലചരക്കും വാങ്ങിയിട്ടുണ്ട്. ബെന്നിക്ക് ഒരുപാടിഷ്ടമാണ് വെണ്ടക്കാത്തോരൻ അതെങ്ങനെയാണ് ഉണ്ടാക്കേണ്ടതെന്ന് എനിക്കറിയില്ല.

വെണ്ടയ്ക്ക നീളത്തിൽ വളരെ കനം കുറച്ചരിഞ്ഞ് പാത്രത്തിലിരിക്കുന്നത് ഓർമ്മയുണ്ട്. പിന്നെയത് എനിക്ക് തീരെ ഇഷ്ടമില്ലാത്ത ഒരു കറിയായി മേശപ്പുറത്ത് വരുന്നതേ ഓർക്കാൻ പറ്റുന്നുള്ളൂ. വായിൽ വെക്കുമ്പോൾ ഇളം വഴുവഴുപ്പോടെ ഓക്കാനിപ്പിക്കുന്ന ഒരു ഓർമ്മ. കഴിക്കാതിരുന്നാൽ പപ്പ വല്ലാതെ വഴക്കു പറയും. മേശപ്പുറത്ത് നിരന്നതെല്ലാം കഴിക്കണമെന്നായിരുന്നല്ലോ. പപ്പയുടെ കഠിനനിയമം. അപ്പോൾ ഹോസ്റ്റലിലേക്ക് മടങ്ങിപ്പോകാൻ ആഗ്രഹം തോന്നും. ഹോസ്റ്റലിലെ കോവക്കക്കൂട്ടാൻ തീരെ രുചിയില്ലാത്തതാണെങ്കിലും അത് കഴിക്കണമെന്ന് നിർബന്ധമില്ല. സ്വന്തം വീടിനേക്കാൾ ഹോസ്റ്റൽ ഇഷ്ടപ്പെടുന്നത് പാപമാണെന്നറിയാഞ്ഞിട്ടല്ല. ഇഷ്ടാനിഷ്ടങ്ങൾ തീവ്രമായിപ്പോയെന്ന പാപത്തിന് എന്തു പരിഹാരമാണുള്ളത്? ഒരുപക്ഷേ, തീരാത്തിരക്കിൽപ്പെട്ട് തേഞ്ഞുതീരുന്ന എന്റെ ജീവിതം ആ പാപപരിഹാരമായിരിക്കാം. കുട്ടികളുടെ ഗൃഹപാഠത്തിനും മുഷിഞ്ഞ തുണിക്കൂമ്പാരത്തിനും നീണ്ട സാമ്പാറിനും കുഴഞ്ഞ അവിയലിനും ഇടയിലായി എന്റെ ജീവിതം കുറുകുന്നു.

ബെന്നിക്കാണെങ്കിൽ നിന്റെ മോഹങ്ങളൊക്കെ എന്റെ അനുമതിയോടെ മാത്രം എന്നൊരു ആൺസ്നേഹമാണ്. എന്റെ ഇഷ്ടങ്ങളെയൊക്കെ നീ ഇഷ്ടപ്പെട്ടേ തീരു. പക്ഷേ നിന്റെ ഇഷ്ടങ്ങളൊന്നും എനിക്കറിയുകയേ വേണ്ടെന്നൊരു പരിഹാസ്യമായ ഭാരതീയപൗരുഷം.

ദുരിതത്തിലേക്കാണ് ഞാൻ വലതുകാൽ വെച്ച് കയറിയത് എന്നുപറയുമ്പോൾ മമ്മി അമ്പരന്നേക്കാം. നീ എന്റേതാവണമെന്ന സ്നേഹത്തിന് നിന്റെ ഇഷ്ടങ്ങളും മോഹങ്ങളും എനിക്ക് വളച്ചൊടിക്കാമെന്നൊരു അവകാശവും കൂടിയുള്ള ബന്ധനമാണത്.

എന്റെ ക്രിക്കറ്റിന്റേയും ടെന്നീസിന്റേയും ഇഷ്ടങ്ങൾ അപഹാസ്യമാണെന്നറിയാം. ടെന്നീസ് കളിക്കുന്നത് അത്ര വല്യ കാര്യമല്ലെന്ന് മാത്രമല്ല, ഭാര്യമാർക്ക് ചേരുന്ന പണിയുമല്ല. പന്തലിലേക്ക് ഇറങ്ങുന്നതിന് മുമ്പ് മമ്മി എന്റെ ചെവിയിലോതിയ പശുഗായത്രിയും 'അവൻ പറയുന്നതൊക്കെ കേട്ട് ജീവിക്കണം' എന്നായിരുന്നല്ലോ.

ഇതൊക്കെ ഇട്ടെറിഞ്ഞ് എനിക്കെന്റെ വഴി തേടാമെന്നൊരു സ്വാതന്ത്ര്യം ഈ കാലഘട്ടത്തിനുണ്ടെന്ന് അറിയായ്കയല്ല.

മോളെ, നിന്റെ ജീവിതം ഇല്ലാതാക്കരുതെന്ന് മമ്മി ഓർമ്മിപ്പിച്ചേക്കാം.

എത്രയും പെട്ടെന്ന് തീർന്നു പോയിരുന്നെങ്കിലെന്ന് ആഗ്രഹിക്കുന്ന ദിവസങ്ങളിലേക്ക് എന്നും കാലത്തെ ഉണരുന്നതാണോ മമ്മീ ജീവിതം?

എന്റെ ജീവിതം എനിക്കുള്ളതാണ്, അത് ഒരുത്തന് ചോറും കറിയും നിഷ്ഠയോടെ വിളമ്പാനായി തീറെഴുതിക്കൊടുക്കുന്നത് എനിക്ക് മരണമാണെന്ന് പറഞ്ഞ് ഡൽഹിയുടെ ചൂടിലേക്ക് പറന്നുപോയ എന്റെ കൂട്ടുകാരി നിത്യയെ ഞാൻ ബഹുമാനത്തോടെ ഓർക്കുന്നു. പക്ഷേ, മമ്മിയുടെ കണ്ണീരും പപ്പയുടെ കൊളസ്ട്രോളു തടയുന്ന ഹൃദയവും കവച്ചുവെക്കാനുള്ള കരുത്ത് എനിക്കില്ലാതെ പോയല്ലോ.

ഹരിദാസിന്റെ ക്രിക്കറ്റ് മാച്ചല്ല ജീവിതം എന്നെനിക്ക് നിങ്ങൾ പറഞ്ഞു തരുമ്പോൾ ബെന്നിയുടെ എഞ്ചിനീയറിംഗ് ഡിഗ്രിയും വിസയുമാണ് സാമ്പത്തികഭദ്രത എന്ന് ഞാൻ അറിയുന്നു. അച്ഛനമ്മമാരുടെ ആഗ്രഹക്കെട്ട് ചുമലിലേക്കുന്നതല്ലേ നല്ല മക

ളാകാനുള്ള യോഗ്യത.

ചൂടും തണുപ്പും അധികമായിപ്പോകാതെ, ക്ലേശങ്ങൾ അടുത്തുപോലുമെത്താതെ പൊത്തിപ്പിടിച്ച് വളർത്തുകയാണ് ഞാനും എന്റെ മക്കളെ. പതുപതുത്ത കാർപ്പെറ്റും ആധുനിക കളിപ്പാട്ടങ്ങളും രുചിയുള്ള ഭക്ഷണവുമാണവരുടെ ലോകം തന്നെത്താൻ അറിയാവുന്ന പ്രായത്തിൽ എന്റെ സ്വപ്നങ്ങളെല്ലാം ഭാണ്ഡക്കെട്ടാക്കി ഞാനവരുടെ തലയിൽ വെച്ചു കെട്ടാം. എന്നിട്ട് ആടിക്കളിക്കെടാ, ചാടിക്കളിക്കെടാ എന്ന് വാശിയോടെ വടി ചുഴറ്റിപ്പറഞ്ഞ് എന്റെ സ്നേഹിതർക്കിടയിൽ ഞാൻ നേട്ടക്കാരിയാകട്ടെ.

ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന ഒരഗ്നി പർവ്വതം പോലെ ബെന്നി. അത് പൊട്ടിത്തെറിക്കാതെ കാക്കേണ്ടതും എന്റെ കടമകളിൽപ്പെട്ടതല്ലേ. കാര്യകാരണങ്ങളില്ലാതെ പൊട്ടിപ്പുറപ്പെടുന്നൊരു അതികോപം. കോപത്തിളപ്പിൽ എല്ലാം മറക്കാമെന്ന പുരുഷാവകാശം. മറ്റുള്ളവർക്കു മുന്നിൽ അതിമര്യാദയും സ്വന്തം വീടിനുള്ളിൽ കാടത്തവുമായുള്ള മലയാളി കള്ളത്തരം.

കരുതലും സ്നേഹവും നാട്ടുകാർക്ക് മുഴുവനായി വീതിച്ചു കഴിയുമ്പോൾ എനിക്കൊന്നും ബാക്കിയില്ലാതെയായിപ്പോകുന്നു. എന്റെ മനസ്സു മാത്രം ബെന്നിയുടെ വലിയ ലോകത്തിനു പുറത്തായി പോകുന്നു.

പകൽ മുഴുവൻ ശത്രുവിനെപ്പോലെ വേട്ടയാടി വേദനിപ്പിക്കുവാനാണയാൾക്ക് തൃഷ്ണ. ആൾക്കൂട്ടത്തിനിടയിൽ വെച്ച് വിലകെട്ട വാക്കുകൾ കൊണ്ട് അമ്പെയ്ത് ജേതാവാകാനാണ് ബെന്നി ശ്രമിക്കുന്നത്. എന്നിട്ട് പിന്നെ പാതിരാത്രിയിൽ ഉറക്കത്തിനു നടുവിൽ സ്നേഹം ഒഴുകി വരണമെന്നാവശ്യപ്പെട്ടാൽ എങ്ങനെ സാധിക്കാനാണ്? പുറമെ ചിരിയും സൗന്ദര്യവുമായി വെള്ളതേച്ച ശവക്കല്ലറ പോലൊരു കുടുംബജീവിതം.

ബോർഡിംഗിൽ വെച്ചെഴുതിയ അയക്കാൻ അവകാശമില്ലാത്ത പല കത്തുകൾ പോലെയാണിതെന്ന് എനിക്കറിയാം. മമ്മി അയക്കുന്ന കത്തും മമ്മിക്ക് അയക്കുന്ന കത്തും സിസ്റ്റർ കാതറൈൻ വായിച്ച് അംഗീകരിച്ചതിന് ശേഷം മാത്രമേ നമുക്ക് കിട്ടിയിരുന്നുള്ളു. അതുകൊണ്ട് അതിലെല്ലാം എന്നെ ഈ നരകത്തിൽ നിന്ന് രക്ഷിക്കണമെന്ന് പറയുന്നതിന് പകരം എനിക്ക് സുഖം തന്നെ എന്ന് എഴുതിയിരുന്നു. പക്ഷേ, സിസ്റ്ററിന്റെ കണ്ണിൽപ്പെടാതെ മമ്മിക്ക് ഞാൻ എത്ര കത്തുകളെഴുതി കീറി കളഞ്ഞിട്ടുണ്ടെന്നോ! ഇതും കീറിക്കളഞ്ഞിട്ട് പതിവുപോലെ അടുത്ത തവണ ഫോൺ വിളിക്കുമ്പോൾ കത്തെഴുതാൻ സമയം കിട്ടാത്തതിനെപ്പറ്റി പരാതി പറയാം. അപ്പോൾ വെണ്ടയ്ക്കത്തോരൻ വെക്കുന്നതെങ്ങനെയെന്ന് ചോദിക്കുമ്പോൾ പതിവു പോലെ ബെന്നി പരിഹസിച്ച് ചിരിക്കും.


കഞ്ഞിയും കൂട്ടാനും വെക്കാൻ ഇപ്പോഴും അറിയില്ല!

ഇഷ്ടമുള്ള ഭക്ഷണസാധനങ്ങളുടെയെല്ലാം പേരറിയാമെന്നതിലും വലിയൊരറിവ് പുരുഷനാവശ്യമില്ലാത്ത അറിവാണല്ലോ!

എന്നാലും സ്നേഹത്തോടെ മകൾ എന്നൊരു കള്ളവാക്യം ചേർക്കാതെതന്നെ ഈ കത്തവസാനിപ്പിക്കാമെന്നൊരു സൗകര്യമുണ്ടെനിക്ക്!

*കടപ്പാട് : കലാകൗമുദി - 2014*


# അഭിനന്ദനങ്ങൾ






ചർച്ചാവിഷയം

**മായാപ്രമോദ്**
ഇരിങ്ങാലക്കുട ക്രൈസ്റ്റ്
കോളേജിൽ ഗവേഷക




# അമ്മയെന്ന സ്ത്രീവാദി

ഞാൻ കണ്ട ആദ്യ സ്ത്രീവാദി എന്റെ അമ്മയായിരുന്നു. സ്വന്തം ജീവിതത്തോട് മാത്രമല്ല, ചുറ്റിനുമുള്ള സമൂഹത്തോടുമായിരുന്നു അവരുടെ അതിജീവനം ,ഭർത്താവ് ഉപേക്ഷിച്ചു നാലു പെൺകുഞ്ഞുങ്ങളുമായുള്ള അതീജീവനം, പ്രത്യേകിച്ചും അതിൽ ഒരു ചെറിയ മകൾ സാക്ഷാൽ ഈ ഞാൻ, ജന്മനാൽ പ്രശ്നങ്ങളുമായി ആണ് ജനിക്കുന്നത്, ഒരു വൃക്കയിൽ ട്യൂമർ, മറ്റൊന്ന് നട്ടെല്ലു വളയുന്ന സ്ക്കോളിയോസിസ്. ആ കാലത്ത് ജനിച്ച് 5മാസം തൊട്ട് 6 വയസ്സു വരെ ട്യൂമർവൃക്ക നീക്കം ചെയ്യൽതൊട്ട് അതിന്റെ തുടർച്ചയായുള്ള കീമോ, റേഡിയേഷൻ തുടങ്ങി ആശുപത്രി വാസത്തിന്റ ഒരു ഘോഷയാത്ര തന്നെയായിരുന്നു. അമ്മയോടൊപ്പം തന്നെ മറക്കാൻ കഴിയില്ലാത്ത ഒരു മുഖം കൂടിയുണ്ട് അച്ഛന്റെ അമ്മ, സ്നേഹം മാത്രം പകർന്നു നൽകിയ ആ മനസ്സ് മകന്റ ചെയ്തികളെ ഒരു പരിധിവരെ പ്രകൃതിയുടെ സന്നിധിയിൽ തുലനം ചെയ്തു, എന്നാലും പറയണമല്ലോ ഈ കാലയളവിൽ ഒന്നും തന്നെയും അച്ഛൻ എന്നയാൾ ഉണ്ടോ എന്നറിഞ്ഞിട്ടില്ലായിരുന്നു, (ഇപ്പോഴും ഈ 30 വർഷങ്ങൾക്കിപ്പുറവും അത് മാറ്റമില്ലാതെ തുടരുന്നു). ഒരു വയസ്സു മുതൽ പി ജി പഠനം വരെയും താമസം വാടക വീടുകളിൽ തന്നെയായിരുന്നു, ആദ്യത്തെ വാടക വീടു 250 രൂപയുടെ നാലു ഭാഗം നിലത്തുന്നുള്ള തറയാൽ ബലം കൊടുത്ത ഒരു ഒറ്റമുറി ഓലപ്പുരയായിരുന്നു, വൈദ്യുതിയുടെ ചുവട്ടിൽ പഠിക്കാൻ തുടങ്ങുന്നത് 8ാം ക്ലാസ്സിൽ ആയിരുന്നു. ഈ വാടകവീടു ജീവിതകാലം എന്നതു എന്റെ അമ്മക്ക് ഭർത്താവില്ലാത്ത, നാലു പെൺമക്കളുമായി കിടക്കപ്പായയുടെ താഴെ വെട്ടുകത്തിയുമായി വേണമായിരുന്നു ഉറങ്ങാൻ, അവിടുന്നാണ് സദാചാരപഠനം ഞാൻ അറിയുന്നത്, നിന്റെ അമ്മയുണ്ടല്ലോ തന്റേടിയും, അഹങ്കാരിയുമാണന്ന, വാക്കുകൾ സ്ത്രീകളായാൽ ഒതുങ്ങി ജീവിക്കണം എന്ന് കൂട്ടി ചേർക്കാനും മറക്കില്ലായിരുന്നു ഇവർ. എന്റെ സ്കൂൾ കാലഘട്ടം തുടങ്ങുന്നത് NSS ന്റെ സ്ക്കൂളിൽ നിന്നായിരുന്നു, ആവറേജിൽ താഴേ പഠിക്കുന്ന ഒരാൾ, സ്കൂൾ കാലഘട്ടത്തിൽ തിരിച്ചറിഞ്ഞ, അനുഭവിച്ചറിഞ്ഞ, പല കാര്യങ്ങളും കണ്ണീരോടെ പറയുമ്പോൾ, എന്നും അമ്മ പറയുന്ന കാഠിന്യത്തോടെയുള്ള വാക്കുകൾ നമ്മളെ എല്ലാരും കൈവിട്ടതാ, നിന്റെ ചേച്ചിമാർ പഠിച്ചില്ലങ്കിലും, ജീവിതത്തിൽ അവർ തോല്ക്കില്ല, നീ അങ്ങിനെയല്ല, പഠിക്കണം, പഠിച്ചേ തീരു, പഠിച്ചില്ലെങ്കിൽ, നിനക്ക് ഒന്നുമില്ല എന്നതായിരുന്നു. ആ ധൈര്യത്തിന്റെയും വിശ്വാസത്തിന്റെയും ബലത്തിൽ ആണ് 10, +2 ക്ലാസ്സ്, ആവറേജ് മാർക്കോടെ ജയിച്ചു കയറുന്നത്, ഡിഗ്രി തിരഞ്ഞടുക്കുമ്പോൾ, ആണ് മനസിലാക്കുന്നത് യുണിഫോം ഇനി ഇല്ല, ധരിക്കാൻ കളർ വസ്ത്രങ്ങൾ വേണമെന്നത്. അവിടെയും എന്റെ അമ്മയുടെ പരിഹാരം, പലയിടങ്ങളിൽ നിന്നും കിട്ടുന്ന സാരികളിൽ കൂടി തയ്യൽ പടിക്കാത്ത ഞാൻ, ഗവൺമെന്റ് തന്ന കോളനി വികസന ഘടകമായ തയ്യൽ മെഷിൻ വഴി പട്ടു പാവാടകളും, ബ്ലൗസുകളും ഉണ്ടാക്കിയെടുത്തു. അങ്ങിനെ ആ കാലഘട്ടവും, നിറങ്ങൾടേതായി അമ്മ മാറ്റി. അവർക്കായി ആയിരുന്നു PG, MPhil, Ph.D എന്നിവ ചെയ്യുന്നത്. ഈ കാലത്തൊക്കെയും, ചുറ്റിനുമുള്ളവർക്കും ബന്ധുക്കൾക്കും അമ്മ സ്ത്രീവാദിയായിരുന്നു, അവരുടെ കണ്ണിൽ ആ വാക്കിനർത്ഥം, സമൂഹത്തെ വെല്ലുവിളിച്ച് ഒറ്റക്കു താമസിക്കുന്ന അല്പം പ്രശ്നമുള്ള സ്ത്രീയെന്നായിരുന്നു, എനിക്കു തോന്നുന്നു. ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുന്ന ഒരോ സ്ത്രീയും, തങ്ങളുടെ പെൺമക്കളും അവരുടെ താമസസ്ഥലമായ, ഒറ്റമുറി വീടോ പുറമ്പോക്കോ ഒക്കെ അവരെ സൃഷ്ടിക്കുക, ശക്തയായ ഒരു സ്ത്രീവാദിയായി തന്നെയാണ് ആ സ്ത്രീവാദിയെ നിർമ്മിക്കാൻ എടുക്കുന്നത് ഒരു സാധാരണ സ്ത്രീക്ക് അവരുടെ ജീവിതാനുഭവങ്ങളാകുമ്പോൾ, സമൂഹത്തിൽ അറിയപ്പെടുന്ന ഒരു സ്ത്രീ ഒരു സ്ത്രീവാദിയാകുന്നത്, ജീവിതാനുഭവങ്ങളും, വിദ്യാഭാസവും, വായനയും, സമൂഹത്തിന്റെ സാമൂഹിക രീതിയും കാരണമാകുന്നു, അങ്ങനെ നോക്കിയാൽ ആദരിക്കപ്പെടെണ്ടത് എന്റെ അമ്മയേപ്പോലുള്ള അസാധാരണ ജീവിതങ്ങൾ തന്നെയാണ്.



# വാസ്തവം



ഡോ.ജാൻസി ജോസ്

നമ്മുടെ കാമ്പസുകൾ എത്ര സജീവമാണ്. എന്നും അതായിരുന്നു താനും. ആൺ പെൺ ഭേദമില്ലാതെ ചിരിച്ചും കളിച്ചും ഒരുമിച്ചു മുന്നേറിയ എത്രയോ കൂട്ടുകാർ. അവിടെ രാഷ്ട്രീയ സംഘടനകൾ വളരെ ഉഷാറോടെ മുന്നേറുന്നത് സന്തോഷത്തോടെ മാത്രം നോക്കിക്കണ്ടിരുന്ന ആളാണ് ഞാൻ. S.F.1യിലും K.S.Uവിലുമൊക്കെ ആൺകുട്ടികളും പെൺകുട്ടികളും എത്ര തകർപ്പൻ പ്രകടനങ്ങളാണ് കാഴ്ചവെച്ചിരുന്നത്. ആൺ പെൺ ഭേദമില്ലാതെ രാഷ്ട്രീയ പ്രവർത്തനത്തിലും പഠനത്തിലും കളി ചിരിയിലും മുഴുകി സൗഹൃദത്തിലും പ്രണയത്തിലും ആറാടി വ്യക്ഷച്ചുവടുകളും വള്ളിക്കുടിലുകളും സ്വപ്ന സഞ്ചാര പദങ്ങളാക്കിയ എത്രയോ ജോഡികൾ അവിടങ്ങളിലുണ്ടായിട്ടുണ്ട്. കാമ്പസ്സുകളിൽ മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ച, പാർട്ടി പ്രവർത്തനങ്ങളിൽ നേതൃത്വം നല്കിയ ആ പെൺകിടാങ്ങൾ ഇന്നെവിടെ?

എത്ര പേർ വീടിനുള്ളിൽ അടയ്ക്കപ്പെട്ടു? എത്ര പേർ സ്വതന്ത്രതയുടെ വിഹായസ്സിലേക്ക് പറന്നുയർന്നു?എന്റെ അന്വേഷണം പ്രണയം പൂത്ത നാളുകളിൽ ഒരേ സംഘടനകളിൽ എവർത്തിച്ചു വന്നവരിൽ പെൺകിളി എവിടെ എന്നതാണ്. ചിന്തയിലും പ്രവർത്തനത്തിലും ഒന്നിച്ചായിരുന്നിട്ടും ,പ്രണയിച്ചിട്ടും വിവാഹപ്രായ മെത്തുമ്പോൾ മറ്റൊരു പെൺകുട്ടിയെ വിവാഹം കഴിക്കാനേ ‘ആൺകുട്ടികൾക്കു മനസ്സു വരുന്നുള്ളൂ. അധികം പെൺകുട്ടികളും അഗാധ പ്രണയത്തിലായിരുന്നിട്ടും ആ ബന്ധം എന്തുകൊണ്ട് വിവാഹത്തിലെത്തുന്നില്ലാ. ഇന്ന് കാലം മാറി. കഥകളും മാറി. എങ്കിലും പ്രസരിപ്പോടെ ഓടിച്ചാടി നടന്ന പല പെൺകുട്ടികളും മാടപ്രാവിനേപ്പോലെ ശാന്തയായി കുടുംബ ജീവിതം നയിക്കുകയാണ്. ഒരു തൊഴിൽ നേടാനോ തന്റെ ആദർശങ്ങളിൽ ഉറച്ചു നില്ക്കാനോ രാഷ്ട്രീയ പ്രവർത്തനം തുടരാൻ പോലുമോ പെൺകുട്ടികൾക്ക് സാധിക്കാതെ പോകുന്നു. പ്രസരിപ്പും ചടുലതയും വാക് സാമർഥ്യവും രാഷ്ട്രീയ ബോധവുമൊക്കെ. ചങ്ങാത്തം കൂടുമ്പോൾ മാത്രം മതി എന്ന് പലരും തീരുമാനിക്കുന്നുണ്ട്. വിവാഹിതയാകുന്ന പുരുഷനോ പെണ്ണിനോ ഇന്റലക്ച്ചലായ പെണ്ണിന്റെയോ പുരുഷന്റെയോ സാമീപ്യം കുടിയേ തീരു. അതായത് ബുജി ഭാഷയിൽ പറഞ്ഞാൽ ശരീരത്തിന്റെയും മനസ്സിന്റെയും വിശപ്പ് അടങ്ങണം. അതു കൊണ്ടു തന്നെ വീട്ടിൽ ഭാര്യയും പുറത്ത് സു ഹൃത്തും കൂടിയേ തീരൂ. നാളിതുവരെ പുരുഷന്മാർക്കൊക്കെ ഇന്റലക്ച്ചൽ ടോക്കിന് വീടിന് പുറത്ത് പെണ്ണിനെ കണ്ടെത്താൻ യാതൊരു വിഷമവുമില്ല.എന്നാൽ ചുണക്കുട്ടികളായ പെൺകുട്ടികൾ വീടിന്റെ ഏതെങ്കിലും മൂലയിൽ അടങ്ങിയൊതുങ്ങി കഴിയുന്നതു കാണാം. ക്യാമ്പസുകളിൽ ,രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ തീപ്പൊരിയായി നടന്ന പെൺകിടാങ്ങളെവിടെ? അവൾക്ക് എത്ര മാത്രം ബാഹ്യസൗഹൃദങ്ങൾ സ്ഥാപിക്കാൻ കഴിയുന്നു? ബുദ്ധിയുടെയും രാഷ്ട്രീയത്തിന്റേയും മണ്ഡലങ്ങൾ തുടർന്നു പോവാൻ എത്ര പെൺകുട്ടികൾക്കാവുന്നുണ്ട്. നാളിതുവരെയായിട്ടും പെണ്ണിന്റെ അവസ്ഥയ്ക്ക് എന്തു മാറ്റം വന്നിരിക്കുന്നു എന്ന് തിരിഞ്ഞു നോക്കാതെ വയ്യ.

ഇന്ന് പെൺകുട്ടികൾക്ക് തങ്ങളുടെ ക ഴിവ് പ്രകടിപ്പിക്കാൻ അവസരങ്ങളേറെയാണ്. എന്നാൽ സ്ത്രീ സ്വത്വത്തിലെ കാഴ്ചാ വൈകല്യങ്ങളാൽ തമസക്കരിക്കപ്പെട്ടു പോകുന്നതായാണ് ഇന്ന് കണ്ടു വരുന്നത്.ആരെങ്കിലും നിർവചിക്കുന്ന സ്വത്വമാവരുത് പെണ്ണിന്റേത്. അവനവൻ സംശീകരിച്ചെടുത്ത കാഴ്ചപ്പാടിന്റെ സ്വത്വമായിരിക്കണം അത്. എങ്കിൽ പിന്നോട്ടു നില്ക്കേക്കേണ്ടി വരില്ല. തീർച്ച.



ശാസ്ത്രം

സീമ ശ്രീലയം
പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ഹെൻറീത്ത സ്വാൻ ലെവിറ്റ് നക്ഷത്രങ്ങളുടെ കൂട്ടുകാരി

നക്ഷത്രങ്ങളുടെ കൂട്ടുകാരി. ആകാശ വിസ്മയങ്ങളിലേക്ക് മിഴി നട്ട് നക്ഷത്ര രഹസ്യങ്ങൾ ചുരുൾ നിവർത്താൻ ജീവിതം ഉഴിഞ്ഞുവച്ച ആ വനിത ഹെൻറീത്ത സ്വാൻ ലെവിറ്റ് തന്നെ. താരത്തിളക്കത്തിലേക്ക് മിഴി പായിച്ച് സുപ്രധാനമായ പല നേട്ടങ്ങളും കൈവരിക്കുകയും പുതിയ കണ്ടുപിടിത്തങ്ങളിലേക്കു നീളുന്ന സാധ്യതകളിലേക്ക് വിരൽ ചൂണ്ടുകയും ചെയ്തെങ്കിലും ജീവിച്ചിരിക്കുന്ന കാലത്ത് അർഹിക്കുന്ന അംഗീകാരത്തിന്റെ തിളക്കം ഈ വനിതയെ തേടിയെത്തിയില്ല. ഹെൻറീത്തയുടെ നൂറ്റി അൻപതാം ജന്മവാർഷികമാണ് ഈ വർഷം.

1868 ജൂലൈ 4 ന് മസ്സാച്ചൂസെറ്റ്സിൽ ജോർജ് റോസ്വെൽ ലെവിറ്റിന്റെയും ഹെൻറീത്ത കെൻഡ്രിക്കിന്റെയും മകളായാണ് ഹെൻറീത്ത സ്വാൻ ലെവിറ്റിന്റെ ജനനം. ഏഴു മക്കളുള്ള കുടുംബത്തിൽ അന്നത്തെക്കാലത്ത് പെൺകുട്ടികൾക്കും മികച്ച വിദ്യാഭ്യാസം നൽകാൻ ആ മാതാപിതാക്കൾ ശ്രദ്ധിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഓബർലിൻ കോളേജ്, റാഡ്ക്ലിഫ് കോളേജ്, എന്നിവിടങ്ങളിൽ പഠനം തുടർന്ന ഹെൻറീത്ത 1892 ൽ ബിരുദ പഠനം പൂർത്തിയാക്കി. പഠനകാലത്തിനൊടുവിൽ കുറച്ചുകാലം ജ്യോതിശാസ്ത്രം പഠിക്കാൻ അവസരം ലഭിച്ചതോടെ താല്പര്യം മുഴുവൻ അതിലായി. ജ്യോതിശാസ്ത്രത്തെയും യാത്രകളെയും സ്നേഹിച്ച ആ പെൺകുട്ടി അമേരിക്കയിലെയും യൂറോപ്പിലെയും ഒട്ടേറെ സ്ഥലങ്ങൾ സന്ദർശിക്കാനും സമയം കണ്ടെത്തി. അതിനിടയിൽ രോഗബാധിതയായ ഹെൻറീത്തയുടെ കേൾവി ശക്തി നഷ്ടപ്പെട്ടു. എന്നാൽ ഇതൊന്നും അവളുടെ ഗവേഷണ മോഹത്തെ തളർത്തിയില്ല. സ്ത്രീകൾക്ക് ഗവേഷണ സ്ഥാപനങ്ങളിൽ സുപ്രധാന സ്ഥാനങ്ങൾ ലഭിക്കുന്നത് പോയിട്ട് ചെറിയൊരു ജോലി ലഭിക്കുന്നതു പോലും ശ്രമകരമായിരുന്ന അക്കാലത്ത് ഹെൻറീത്ത ഗവേഷണത്തിനുള്ള അവസരങ്ങൾ തേടിക്കൊണ്ടേയിരുന്നു. ഒടുവിൽ ഹാർവാഡ് ഒബ്സർവേറ്ററിയിൽ ഒരവസരം ലഭിച്ചു. ഹാർവാഡ് ഒബ്സർവേറ്ററിയിലെ ജോലി ഹെന്രീത്തയ്ക്ക് മുന്നിൽ തുറന്നിട്ടത് ആകാശവിസ്മയങ്ങൾ കൈയെത്തിപ്പിടിക്കാനുള്ള സാധ്യതകളായിരുന്നു. എന്നാൽ അവിടെയും കാത്തിരിപ്പുണ്ടായിരുന്നു വിവേചനത്തിന്റെയും അവഗണനയുടെയും കയ്പു നിറഞ്ഞ അനുഭവങ്ങൾ. ടെലിസ്കോപ്പ് ഉപയോഗിക്കുന്നതിനു പോലും സ്ത്രീകൾക്ക് നിയന്ത്രണങ്ങളും വിലക്കുകളും!

ഫോട്ടോഗ്രാഫിക്, സ്പെക്ട്രോസ്കോപ്പിക് മാർഗ്ഗങ്ങളിലൂടെ വിവിധ നക്ഷത്രങ്ങളുടെ സ്ഥാനം നിർണ്ണയിച്ച് നക്ഷത്ര മാപ്പ് തയ്യാറാക്കുന്ന അനേകം പേരിൽ ഒരാൾ എന്ന സ്ഥാനം മാത്രമാണ് ഒബ്സർവേറ്ററി ഡയറക്റ്ററായിരുന്ന എഡ്വേഡ് പിക്കറിങ് ഹെൻറീത്തയ്ക്ക് നൽകിയത്. എന്നിട്ടും അന്ന് സുപ്രധാന സ്ഥാനങ്ങൾ വഹിച്ചിരുന്ന പല ഗവേഷകർക്കും കണ്ടെത്താൻ കഴിയാതിരുന്ന നേട്ടം ആ വനിത കൈപ്പിടിയിലൊതുക്കി. ചരനക്ഷത്രങ്ങളെ നിരീക്ഷിക്കുന്നതിനിടയിലാണ് അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടത്. സെഫീഡുകൾ എന്നു വിളിക്കുന്ന ചരനക്ഷത്രങ്ങളുടെ തിളക്കം കുറഞ്ഞു കുറഞ്ഞു വരുന്നതും ക്രമേണ തിളക്കം കൂടിക്കൂടി പൂർവ്വാവസ്ഥയിൽ എത്തുന്നതും ആ ശാസ്ത്രജ്ഞ തിരിച്ചറിഞ്ഞു. ഈ സമയവും നക്ഷത്രങ്ങളുടെ പ്രകാശതീവ്രതയും തമ്മിൽ ഒരു ബന്ധമുണ്ടെന്നും കണ്ടെത്തി. 1908 ൽ തന്റെ കണ്ടെത്തലുകൾ ഹെൻറീത്ത പ്രസിദ്ധീകരിച്ചു. പിൽക്കാലത്ത് എഡ്വിൻ പി.ഹബ്ബിളിനെപ്പോലുള്ള ശാസ്ത്രജ്ഞരുടെ കണ്ടെത്തലുകൾക്ക് അടിത്തറ പാകിയ നേട്ടമായിരുന്നു അത് !ആദ്യമൊക്കെ

ശമ്പളമില്ലാതെയാണ് ഹെൻറീത്ത ജോലി ചെയ്തിരുന്നത്. പിന്നീട് ജോലി ചെയ്യുന്ന മണിക്കൂറുകൾ കണക്കാക്കി മാത്രം തുച്ഛമായ ശമ്പളമാണ് ആ സ്ഥാപനത്തിൽ നിന്നു ലഭിച്ചത്. സ്ത്രീകൾക്ക് സ്ഥിരനിയമനം നൽകാൻ ഗവേഷണ സ്ഥാപനങ്ങൾ തയ്യാറായിരുന്നില്ല. ജ്യോതിശാസ്ത്രത്തിൽ വഴിത്തിരിവാകുന്ന കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടും ഏറെ വൈകി 1921 ൽ മാത്രമാണ് ഒബ്സർവേറ്ററിയിലെ സ്റ്റെല്ലാർ ഫോട്ടോമെട്രി മേധാവി എന്ന സ്ഥാനം ഹെൻറീത്തയ്ക്ക് ലഭിച്ചത്. എന്നാൽ ആ സ്ഥാനത്തിരുന്നു കൊണ്ട് ഗവേഷണങ്ങൾ ഊർജിതമാക്കാനുള്ള ശ്രമങ്ങൾക്കിടെയാണ് ആരോഗ്യപ്രശ്നങ്ങൾ അലട്ടാൻ തുടങ്ങിയത്. അർബ്ബുദം ആ ശാസ്ത്രജ്ഞയുടെ ആരോഗ്യത്തെ കാർന്നു തിന്നാൻ തുടങ്ങി. ഒടുവിൽ 1921 ഡിസംബർ 12 ന് നക്ഷത്രങ്ങളുടെ ആ കൂട്ടുകാരി

അവതരിപ്പിക്കാനിരുന്ന paper തയ്യാറാക്കാൻ ഞാൻ സഹായിക്കുകയും ചെയ്തു. Beijing നു ശേഷം National Alliance of Wom-ens Organization (NAWO) ഇന്ത്യയിൽ രൂപീകരിച്ചപ്പോൾ National Federation of Dalit Womenന്റെ കൺവീനർ ആയിരുന്ന Ruth Manorama യായിരുന്നു അതിന്റെ ആദ്യത്തെ പ്രസിഡണ്ട്. ഇത് വനിതാപ്രസ്ഥാനത്തിൽ ദളിത് വനിതകളുടെ പ്രശ്നങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് വന്നതിനെ എടുത്തുകാണിക്കുന്നതായി. ഇതിനുശേഷം ഭരണകൂടവും പൊതുസ്വകാര്യ ഇടങ്ങളുമായുള്ള സംവാദങ്ങൾക്ക് സാധ്യതയേറി. ഇത് സ്ത്രീപ്രസ്ഥാനങ്ങളും ദളിത് സ്ത്രീപ്രസ്ഥാനങ്ങളും തമ്മിലുള്ള കൂടിച്ചേരലുകൾക്ക് വഴിയൊരുക്കി. 1995–2000 കാലഘട്ടത്തിൽ ദളിത് പ്രസ്ഥാനത്തിന്റെ പ്രധാനശ്രദ്ധ, ജാതി പ്രശ്നങ്ങളെ അന്താരാഷ്ട്രതലത്തിൽ എത്തിക്കുന്നതിലും വികസനത്തെക്കുറിച്ചുള്ള സംവാദങ്ങളിൽ ജാതിയുടെ മാനങ്ങൾ കൊണ്ടുവരുന്നതിലുമായിരുന്നു. അന്താരാഷ്ട്രരംഗത്ത് അരികുവത്ക്കരിക്കപ്പെട്ടവരുടെ കൂട്ടായ്മകൊണ്ടുവന്നു ദളിത് പ്രസ്ഥാനം. ഒരു പുതിയ ചരിത്രബോധം തന്നെയായിത്. ഇതിന്റെ സ്വാധീനം സ്റ്റേറ്റ് പോളിസിയിലും പ്ലാനിങ്ങിലും മാത്രമല്ല ഇടതുപക്ഷപ്രസ്ഥാനത്തിലും  ഉണ്ടായി. ഞാൻ തുടക്കം മുതൽ ഭാഗമായിരുന്ന National Federation of Dalit Women (NFDW) താഴെ പറയുന്ന കാര്യങ്ങളിൽ ഉറച്ചു നിന്നിരുന്നായിരുന്നു പ്രവർത്തനം.

1) സവർണ്ണസ്ത്രീവാദത്തിൻറെയും മുന്നേറ്റത്തിന്റെയും വിമർശനം.

2) ദളിത് പുരുഷമേധാവിത്വത്തിന്റെയും  പ്രസ്ഥാനങ്ങളുടെ പുരുഷാധിപത്യപ്രവണതയുടെയും വിമർശനം.

3) ഭരണകൂടനയങ്ങളുടെ വിമർശനം.

4) ദളിത് സ്ത്രീകൾ ഒരു ഒറ്റവിഭാഗമല്ല എന്ന തിരിച്ചറിവ്.

1990കൾ മുതൽ ദളിത് അവകാശങ്ങളുടെ ദിശ ആത്മാഭിനം, ജാതിസ്വത്വം, വിഭവങ്ങളുടെ മേലുള്ള അവകാശം, ഭൂമി, ജലം, വിദ്യാഭ്യാസം തുടങ്ങിയ മേഖലയിലേക്ക് വികസിപ്പിച്ചു. ജാതി സംസാരിച്ചു തുടങ്ങിയപ്പോൾ അത് സർക്കാർ നയകളുമായി സംവാദത്തിന് വഴിയൊരുക്കി. ഏറ്റവും നല്ല ചില ദിനങ്ങളായിരുന്നു അവ. എൻറെ തന്നെ ഗ്രൂപ്പുകൾക്കിടയിൽ ഞാൻ വളരെയധികം സ്വസ്ഥത കണ്ടെത്തി. ദളിത് എന്ന പൊതുസത്വം ഉണ്ടായിരിക്കെ തന്നെ അതിനുള്ളിലെ ചെറിയ ജാതിവിഭാഗങ്ങളുടെ സാംസ്കാരികമായ വൈവിധ്യങ്ങളെയും രാഷ്ട്രീയാഭിമുഖ്യത്തെയും ഞങ്ങൾ തിരിച്ചറിഞ്ഞു. എന്നിരുന്നാലും ഫെഡറേഷന്റെ രാഷ്ട്രീയത്തിൽ ഏറ്റവും മൗലികമായത് പൗരാവകാശങ്ങളെക്കുറിച്ചുള്ള ധാരണയായിരുന്നു. അതാണ് ദളിത് മുന്നേറ്റങ്ങളുടെ മുഖമുദ്രയായത്. അതുവരെ ജാതി, വർഗ്ഗ ലിംഗഭേദങ്ങളുടെ വ്യത്യസ്തമായ അടിച്ചമർത്തലുകളുടെ രാഷ്ട്രീയമായിരുന്നു സംസാരിച്ചതെങ്കിൽ ഇതോടുകൂടി എല്ലാ സത്യങ്ങളും കൂടിച്ചേരുന്ന ഇടങ്ങളെക്കുറിച്ചുള്ള (intersection) രാഷ്ട്രീയം സംസാരിച്ചു തുടങ്ങി. National Federation of Dalit Womenലായിരുന്നു പ്രധാനപ്രവർത്തനങ്ങളെല്ലാം എന്നിരുന്നാലും ഞാൻ ന്യൂയോർക്കിൽ വെച്ച് Minneosta Universtiy വിമൻസ് സ്റ്റഡീസ് സെൻറർ നടത്തിയ ഒരു കോഴ്സിൽ പങ്കെടുത്തു. അതെനിക്ക് CEDA-W lobbying processe നെക്കുറിച്ച് ബോധ്യമുണ്ടാക്കി. 1998 ൽ ഞാൻ Rutgens Universtiy യിലെ G-lobal Womens Leadership Training Institute ൽ പങ്കെടുത്തു. അങ്ങനെ ആദ്യമായി അന്താരാഷ്ട്രരംഗത്ത് സ്ത്രീപ്രശ്നങ്ങളുടെ ഭാഗമായി പങ്കെടുക്കാൻ കഴിഞ്ഞു. UN ന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും അതിൽപ്പെടും. ഫെമിനിസ്റ്റ് വിചാരധാരയിലെ പ്രധാനാശയങ്ങളിൽ പുതിയ നിർവചനങ്ങൾ തീർക്കാൻ ദളിത് സ്ത്രീ മുന്നേറ്റങ്ങളുടെ സാന്നിദ്ധ്യത്തിന് സാധിച്ചു. ധരിച്ചുവെച്ചിരുന്ന പല അറിവുകളുടെയും വിജ്ഞാനശാഖകളുടെയും അടിത്തട്ടിൽ സാമൂഹിക-സ്ഥാപനവത്കൃത അറിവുകളെല്ലാം പെടും. CERD  Convention Against  Elimination of Racial Discrimination ഒരു പ്രധാനകാൽവെപ്പ് ആയിരുന്നു. ഉനയിലെ ദളിത് പ്രക്ഷോപങ്ങൾക്കു ശേഷം പുതിയ പ്രതീക്ഷയിലും ഊർജ്ജത്തിലുമാണ് ഞാൻ.

***വിവർത്തനം : ശ്രീജിത***

# കാർട്ടൂൺ

**കടപ്പാട് : ഇന്റർനെറ്റ്**

***ഫെമിനിസം എന്നാൽ** ***സമൂഹം ഫെമിനിസം എന്ന് കരുതുന്നത്**






Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# പുള്ളിക്കാരി ഫെമിനിസ്റ്റാ!





ആയിശ മെഹമ്മൂദ്

കാലാകാലങ്ങളായി 'സ്ത്രീകളുടെ ഉത്തമ വിനോദമായി' സ്ഥാനം കല്പിച്ചു കൊടുത്ത ഒന്നാണ് എംബ്രോയിഡറി/തുന്നൽ പണികൾ. പെയിന്റിങ്ങും ശിൽപകലയും കൊത്തുപണിയു*മൊ*ക്കെ പോലെയുള്ള 'ഉന്നത'കലകൾ സമൂഹത്തിൽ കാമ്യമാവുകയും ആഗ്രഹിക്കപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്യപെടു*മ്പോൾ* നിറ്റിങ്, ക്രോഷെ, കൈതുന്നൽ, ലേസ് മേക്കിങ് എന്നിങ്ങനെയുള്ള കലകൾക്ക് മൂല്യമോ സാമൂഹ്യസ്ഥാനമോ കൊടുക്കാറേയില്ല. 1970കൾ മുതലേ സ്ത്രീകൾ നൂൽ വിപ്ലവങ്ങൾ അമേരിക്കയിലും ആസ്ത്രേലിയയിലും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും ആരംഭിച്ചിരുന്നു. എന്റെ ഫെമിനിസ്റ്റ് ആർട്ട് എന്ന ആശയത്തിന്റെ തുടക്കവും ഇത്തരം വിപ്ലവങ്ങളെ ക്കുറിച്ച് വായിച്ചപ്പോളാണ്. നിരുപദ്രവകരമായി, അടങ്ങി ഒതുങ്ങി ഇരുന്ന് കുലീനകൾ ചെയ്യുന്ന പ്രവർത്തിയാണ് നൂല് കൊണ്ടുള്ള ചിത്രവേല– ആ ഒരു സ്റ്റീരിയോടൈപ്പിംഗ് സൂചി കൊണ്ട് നൈസായി കാറ്റഴിച്ച് വിടുക എന്ന് മാത്രമായിരുന്നു ഉദ്ദേശ്യം.



ടോംസ് അദ്ദേഹത്തിന്റെ വരയിലൂടെ നൽകിയ ഓരോ സ്ത്രീ കഥാപാത്രവും ശക്തരായിരുന്നു. ബോൾഡ് ആയിരുന്നു, ഉച്ചത്തിൽ സംസാരിക്കുന്നവർ ആയിരുന്നു, കയ്യില്ലാത്ത ബ്ലൗസും, കറുത്ത കണ്ണടയും, ലിപസ്റ്റിക്കും ധരിക്കുന്ന, മാറ് നിവർത്തി നടക്കുന്നവരും ആയിരുന്നു. യാതൊരു വിധത്തിലും അടിയറവു പറയാത്ത, തോൽക്കാൻ വിസമ്മതിച്ച വായ പടച്ചികൾ! മോളിയാവട്ടെ ഒരു തലമുറയുടെ കുട്ടിക്കാലം ആയിരുന്നു. ഇന്ന് പെൺകുഞ്ഞുങ്ങളെ അടുത്ത വീട്ടിൽ പോലും കളിക്കാൻ വിടാൻ പേടിക്കുന്ന ഇന്നത്തെ  കാലഘട്ടത്തെ അപേക്ഷിച്ച്; നാട് മുഴുവൻ നടന്ന് ബോബനു ഒപ്പത്തിനൊപ്പം മരം കേറിയ, തല്ലു വാങ്ങിയ, ക്രിക്കറ്റ് കളിച്ച, കാളയുടെ പുറത്ത് കയറിയ ഫെമിനിച്ചി മോളി.





കാരണം, 'നോ, എനിക്കിപ്പോ സൗകര്യമില്ല!' 'ഇല്ല, എനിക്കിപ്പോ ചായ ഉണ്ടാക്കാൻ വയ്യ' 'ഇല്ല, ഇയാളോട് എനിക്ക് ഒരു പ്രണയവും തോന്നുന്നില്ല.' 'നോ, എനിക്ക് പറ്റില്ല.' എന്നുള്ളതാണ് സ്ത്രീകൾക്ക് പറയാൻ ഏറ്റവും പ്രയാസമേറിയതും, പറയാൻ പാടില്ല എന്ന് പഠിപ്പിച്ചതും; അവരിൽ നിന്നും പുരുഷന്മാർക്ക് കേൾക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ളതും ആയ വാക്ക്. സ്ത്രീപക്ഷ വാദത്തിന്റെ ആണിക്കല്ല് തന്നെ അവളുടെ 'നോ/ഇല്ല' എന്ന് പറയാനുള്ള കഴിവാണ്.




സ്ത്രീകൾ ഉപയോഗിക്കാവുന്നതും അല്ലാത്തതും ആയ ഭാഷാ പ്രയോഗങ്ങൾ എന്നുള്ള വാർപ്പിൽ നിന്നും അടർത്തി മാറ്റാൻ ആയിരുന്നു OMKV.  വളരെ സ്ത്രൈണമായ നെയിൽ പോളിഷ് ഇട്ട നഖങ്ങളും, കഫ് സ്ലീവുമുള്ള ഒരു കൈകളുടെ ഉടമ, അധികാരത്തിന്റെ പ്രയോഗമായ ചൂണ്ടു വിരലും, ഭാഷയും ഉപയോഗിക്കുന്നതാണ് ഇതിന്റെ ഭംഗി.

മാർജാനെ സത്രാപിയുടെ പെർസെപ്പൊളിസ് എന്ന പുസ്തകം ഇറാനിയൻ കലാപത്തിന്റെ പശ്ചാലത്തിൽ വളർന്നു വരുന്ന പെൺകുട്ടിക്ക് നേരിടേണ്ടി വരുന്ന അസമത്വത്തെക്കുറിച്ചുള്ള അനുഭവകഥകളാണ് മുഴുവനും. അഃിലെ വളരെ ചിന്തോദ്ദീപകമായ ഒരു സ്ട്രിപ്പ് ആണ് ഇത്...



പൂതപ്പാട്ട് രണ്ടു സ്ത്രീകളുടെ ലോകങ്ങൾ കൂട്ടി മുട്ടുന്നതാണ്. അതിൽ ഒരു സ്ത്രീയെ വർണ്ണിക്കുമ്പോൾ അതിലെ സവർണ്ണത തുടിച്ചു നിൽക്കുന്ന നങ്ങേലിയമ്മയും– അവരുടെ ഉത്തമമായ മാതൃത്വഭാവങ്ങളും സമ്പന്നതയുടെ അടയാളങ്ങൾ പേറുന്ന കെട്ടിലമ്മ. പൂതമാവട്ടെ കുന്നിൻ ചെരിവിലെ ഗുഹയിൽ കഴിയുന്ന, കലപില കല്ലുമാലകളും, ചെമ്പൻ മുടിയും, കണ്ണഞ്ചുന്ന നിറങ്ങൾ ധരിക്കുന്ന, മുലകൾ കാണുന്ന ഒരു ദ്രാവിഡ പൂതം. പൂതത്തിന്റെ സ്വഭാവ ദൂഷ്യങ്ങൾ കളവും വ്യഭിചാരവുമാണ്. അവസാനം അമ്മ തന്റെ കണ്ണ് തന്നെ ഉണ്ണിക്ക് വേണ്ടി കൊടുക്കുമ്പോൾ, പൂതം തെച്ചി പോലും ചുകപ്പിക്കുന്ന തന്റെ ചങ്കിലെ ചോര തന്നെയാണ് നൽകുന്നത്. ഇന്നും 'മതിന്റെ മിടിക്കും കരളിൻ താളക്കുത്തിനു തുടികൊട്ടുന്നൂ തേങ്ങലിനൊത്തക്കുഴൽവിളി കേൾപ്പൂ.'

എന്റെയും നിന്റെയും എല്ലാവരുടെയും ലോകം. സമസ്ത സുന്ദര ലോകം.







'ലോകം മുഴുവനും നിശബ്ദമായിരിക്കുമ്പോൾ, ഒരു ശബ്ദം മാത്രമേ ഉയരുന്നുള്ളൂ എങ്കിൽ, അതായിരിക്കും ഏറ്റവും ശബ്ദമേറിയത്.' മലാല യൂസുഫ്സായി.

PARAGON
SINCE 1939
RESTAURANT & CATERING

Kannur Road, Calicut.
Ph: 0495 761020, 276720
Lulu Mall
Edappally, Ernakulam
Ph: 0484 4011000

Salkara
Paragon Group
A unit of Paragon Restaurant Catering
West Nadakavu, Calicut, Ph: 0495 405 44 44
East nadakavu Calicut, Ph: 0495 2760062, 2760063
Railway Station Calicut, Ph: 0495 2300042
Hi Lite Mall, Thondayad Bypass, Calicut

Paragon Group
M GRILL
GRILLS & MULTICUSINE
3rd Floor, Focus Mall, Rajaji Road, Calicut-4
PH: 0495 4140000

PARAGON'S™
brown town
Vellayil, Calicut
Ph: 0495 2365020
E-mail : paragonsbrowntown@gmail.com

Calicut | Sharjah | Dubai | Cochin